# വയലാർ ഗ്രാമപഞ്ചായത്ത്



OFFICE OF THE VAYALAR GRAMA PANCHAYAT * VAYALAR P.O.

## ജനകീയാസൂത്രണം











Office of the Vayalar Grama Panchayat
VAYALAR.P.O.

## കരട്
# വികസന രേഖ

# VAYALAR GRAMA PANCHAYATH

Office of the vayalar Grama Panchayat
vayalar p.o




| INDEX | | |
|---|---|---|
| | N.H. 47 | AREA |
| | TAR ROAD | |
| | GR. ROAD | |
| | TEMPLE | |
| | CHURCH | |
| | L.P. SCHOOL | |
| | U.P. S | |
| | H. S | |
| | BRIDGE | |

| INDEX | | |
|---|---|---|
| | PANCHAYATH OFFICE | SCALE |
| | P.H. CENTRE | |
| | S.C. SOCIETY | |
| | POST OFFICE | |
| | HOSPITAL | |
| | FAMILY W. CENTRE | |
| | LAKE | |
| | CANAL | |

36-2



ഒരു ധനവാനു ലഭിക്കുന്ന എല്ലാ സുഖസൗകര്യങ്ങളും
ദരിദ്രനായ നിങ്ങൾക്കും ലഭിക്കണം.
അത് ലഭിക്കാത്തിടത്തോളം കാലം
എന്റെ സ്വപ്നത്തിലുള്ള സ്വരാജ് പൂർണ്ണമാകയില്ല.

ഗാന്ധിജി.

# മുൻ പ്രസിഡൻറുമാർ



*പാറേഴത്ത് പരമേശ്വര കുറുപ്പ്*



*വി.എൻ. ഗോപാലകൃഷ്ണൻ*



*ജി.പി. ശ്രീധരൻ വൈദ്യൻ*

## മുൻ കമ്മറ്റി അംഗങ്ങൾ

*കമ്മറ്റി അംഗങ്ങൾ*

ശ്രീ ജേക്കബ് പഞ്ഞിക്കാരൻ
" എം. അബുബക്കർ
" വി.കെ. ഗോപാലമേനോൻ
" എസ്. പത്മനാഭൻ
" ദേവസ്വംചിറ കെ. രാമൻ
" പി. കെ. രവീന്ദ്രൻ
" സി.കെ. ഭാസ്കരൻ
" വി.കെ. തേവൻ
" എ.കെ. പരമൻ
" ജി. കരുണാകരൻ
" എ.ആർ. കൃഷ്ണൻകുട്ടി
" എം.കെ. പത്മനാഭൻ
" വി.കരുണാകരൻ
" കെ.ജി. പ്രഭാകരൻ

ശ്രീമതി സി. നാരായണി അമ്മ
ശ്രീ. കെ. എസ്സ്. ശ്രീധരൻ
" കെ. ഗോപാലക്കുറുപ്പ്
" പി.കെ. രാമചന്ദ്രൻ
" എൻ.കെ. ഗംഗാധരൻ
" വി.എ. തോമസ്
" എസ്.കെ. ശങ്കർ
" ബാബു കോയിക്കൽ
" ദേവസ്യമാത്തൻ
" കെ.ഡി. പ്രഭാകരൻ
" എം.കെ. കൃഷ്ണൻ
" എൻ.ജെ. സേവ്യർ
ശ്രീമതി എൻ.പി. കനകമ്മ
" കെ.കെ. കമലാക്ഷി

# വയലാർ പഞ്ചായത്ത് സാരഥികൾ

പ്രസിഡൻറ്



സിന്ധു വാവക്കാട്

വൈസ് പ്രസിഡൻറ്



കെ.പി. ഭാസി

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



കെ.എൻ. രവീന്ദ്രൻ

**മെമ്പർമാർ**



ലാലി സരസ്വതി



കെ. മാധവൻ



വി.കെ. സുകുമാരൻകുട്ടി



തിലകമ്മ ഷാജി



അബ്ദുൾ ലത്തീഫ്



കെ. സച്ച്



വത്സലാ തമ്പി

# INDEX


| Sl. No. | | Page No. |
|---|---|---|
| 1. ആമുഖം, ചരിത്രം | – | |
| 2. വനിതാക്ഷേമം | – | 55 |
| 3. കൃഷി, ജലസേചനം | – | 17 |
| 4. മത്സ്യബന്ധനം, മൃഗപരിപാലനം | – | 66 |
| 5. വ്യവസായം | – | 40 |
| 6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | – | 43 |
| 7. വിദ്യാഭ്യാസം | – | 30 |
| 8. സംസ്കാരം | – | 81 |
| 9. കുടിവെള്ളം | – | 10 |
| 10. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം | – | 59 |
| 11. പാർപ്പിടം, സാമൂഹികക്ഷേമം | – | 23 |
| 12. സഹകരണം | – | 74 |
| 13. വിഭവസമാഹരണം | – | 37 |
| 14. ഉപസംഹാരം | – | 91 |

# ജനകീയാസൂത്രണ പരിപാടി വയലാർ പഞ്ചായത്ത്



എ. കാർത്ത്യായനി
(സെക്രട്ടറി ഗ്രാമപഞ്ചായത്ത് വയലാർ)

പഞ്ചായത്ത്തല കൺവീനർ



കരുത്തല ദിവാകരൻ നായർ
(ജില്ലാ റിസോഴ്സ് പേഴ്സൺ)

## K.R.P. മാർ

1. സർവ്വശ്രീ സിറിയക് എബ്രഹാം
2. സർവ്വശ്രീ റ്റി.എൻ. രാമകൃഷ്ണൻ നായർ

## ജില്ലാ റിസോഴ്സ് പേഴ്സൺ (D.R.P. മാർ)

1. സർവ്വശ്രീ ജോണി തച്ചാറ
2. " സി.ആർ. ബാനർജി
3. " അബുബക്കർ
4. " പി.കെ. നാരായണൻ
5. " റ്റി. വിജയപ്പൻ
6. " പി.വി. പൊന്നപ്പൻ
7. " ധർമ്മരാജൻ
8. " ശിവപ്രസാദ്
9. " എം.ബി. ബിജു
10. സർവ്വശ്രീ ഡി. പ്രകാശൻ
11. " ജി. ബാഹുലേയൻ
12. " ജി. മണിയപ്പൻ
13. " അജയകുമാർ
14. " ഗോപിനാഥൻ നായർ
15. " ബിജിമോൻ
16. " രമേശൻ
17. " മധുസൂദനൻ

## അസോസിയേറ്റ്സ്

കരുത്തല ദിവാകരൻ നായർ
സി.ആർ. ബാനർജി
റ്റി. വിജയപ്പൻ
പി.സി. കുട്ടപ്പൻ
എൻ.ഒ. ഔസേഫ്
പി. എൻ. ബാഹുലേയൻ
എസ്. ഗോപിനാഥൻ
എം.വി. തങ്കച്ചൻ
രാധമ്മ
പുഷ്കരൻ
രാമകൃഷ്ണക്കുറുപ്പ്

## പഞ്ചായത്ത് ജീവനക്കാർ

1. ജെ. ചന്ദ്രമതിഅമ്മ (ഹെഡ് ക്ലാർക്ക്)
2. സി.കെ.കമലാക്ഷി (യു.ഡി. ക്ലാർക്ക്)
3. എസ്.പി. ഭവാനി (യു.ഡി. ക്ലാർക്ക്)
4. എൻ.കെ. സുശീലൻ (എൽ.ഡി. ക്ലാർക്ക്)
5. വി.റ്റി. സുരക്ഷിത (എൽ.ഡി. ക്ലാർക്ക്)
6. സി.വി.പൊന്നപ്പൻ (പ്യൂൺ)
7. കെ. വേലായുധൻ (P.T.L.)
8. പി. തമ്പി (P.T.S.)

# സമർപ്പണം

*വയലാർ ഗ്രാമപഞ്ചായത്തിന്റെ വികസന രേഖ ഞങ്ങൾ വിനയപൂർവ്വം സമർപ്പിക്കുകയാണ്. കുറ്റമറ്റതല്ലാത്ത ഈ രേഖ ആത്യന്തികവുമല്ല. ഭേദഗതികളും കൂടുതൽ നിർദ്ദേശങ്ങളും ആദരണീയരായ നിങ്ങൾക്കുള്ളതാണ്. ഞങ്ങളത് എളിമയോടെ സ്വാഗതം ചെയ്യുന്നു. വയലാറിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ചു കാലയവനികക്കുള്ളിൽ മറഞ്ഞ മഹത് വ്യക്തികളുടെ പാവന സ്മരണക്കുമുന്നിൽ, പഞ്ചായത്തിന്റെ ഉന്നതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സകലമാന പേരുടേയും മുന്നിൽ ഞങ്ങൾ ഈ ഉപഹാരം തൊഴുകൈകളോടെ കാഴ്ചവയ്ക്കുന്നു.*

കരുത്തല ദിവാകരൻ നായർ

കൺവീനർ ജനകീയാസൂത്രണ സമിതി

# ആമുഖം

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ സ്വപ്നമായിരുന്നു ഗ്രാമസ്വരാജ്. സ്വാതന്ത്ര്യത്തിൻെറ അരനൂറ്റാണ്ട് പിന്നിടുമ്പോഴും ഈ ലക്ഷ്യം കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്ന സത്യം നിലനിൽക്കുന്നു. ഭാരതത്തിൻെറ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കാർഷിക മേഖലക്കും ഖന വ്യവസായത്തിനും, പൊതുമേഖലക്കും, കൃഷിക്കും വലിയ പ്രാധാന്യം നൽകി ഭാരതത്തിൻെറ നല്ല നാളേക്കുവേണ്ടി അടിത്തറ രൂപകല്പന ചെയ്തു. ഇന്ത്യയിലെ 7 ലക്ഷം ഗ്രാമങ്ങളെക്കുറിച്ച് സമഗ്രമായി പഠിക്കുവാനും പരിശോധിക്കുവാനും എന്തുകൊണ്ടോ ഭരണാധികാരികൾ മിനക്കെട്ടില്ല. പഞ്ചവത്സര പദ്ധതികളിലൂടെ ചിലവഴിച്ച കോടിക്കണക്കിനു രൂപ നമ്മുടെ ജനതയുടെ ജീവിതത്തിൽ പ്രതിഫലിച്ചുവോ എന്ന അന്വേഷണം ചെന്നെത്തിയത് ചുരുക്കം ചില കുടുംബങ്ങളിലാണ്.

അന്തരിച്ച നമ്മുടെ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി ഈ ദുസ്ഥിതിക്ക് പരിഹാരം എന്ന നിലക്കാണ് ത്രിതലപഞ്ചായത്തിന് രൂപം നൽകിയത്. അധികാരം താഴെ തട്ടിലേക്ക്, ജനങ്ങളിലേക്ക് എത്തിയാൽ മാത്രമേ ഗ്രാമീണജനതയുടെ ജീവിതം തെല്ലെങ്കിലും മെച്ചപ്പെടുത്തുവാൻ കഴിയു എന്ന യാഥാർത്ഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു എന്നുമാത്രമല്ല വികസനപ്രവർത്തനങ്ങൾക്ക് നാം ചിലവഴിച്ച തുകയുടെ 15% മാത്രമേ ഗുണഭോക്താവിന് കിട്ടുന്നുള്ളൂ. കേന്ദ്ര സംസ്ഥാന സർക്കാരുകളും ഒരുപറ്റം ഉദ്യോഗസ്ഥൻമാരും ചേർന്നു നടത്തുന്ന തലതിരിഞ്ഞ ആസൂത്രണത്തിൻെറ വികലതയാണ് ആസൂത്രണത്തിലൂടെ ഇടനിലക്കാർ തട്ടിയെടുക്കുന്ന 85% തുക. നമ്മുടെ നാടിൻെറ വികസനത്തിന് ഈ തുക തിരിച്ചുവിടാൻ കഴിയുമെങ്കിൽ അവിടെയാണ് മഹാത്മജിയുടെ സ്വപ്നമായിരുന്ന ഗ്രാമസ്വരാജ് പൂർണ്ണമാകുന്നത്.

ആലപ്പുഴ ജില്ലയുടെ വടക്കുഭാഗത്ത് 47 ാം നമ്പർ ദേശീയ പാതക്ക് കിഴക്കുവശത്തായി സ്ഥിതി ചെയ്യുന്ന 14.5 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പഞ്ചായത്താണ് വയലാർ. പല കാരണങ്ങളാലും ലോക ഭൂപടത്തിൽ അറിയപ്പെടുന്ന ഒരു സ്ഥലമാണ്. ലോകജനതയിൽ കവിതയുടെ കല്ലോലങ്ങളാൽ പുളകിതമാക്കിയ അനശ്വര കവി ശ്രീ വയലാർ രാമവർമ്മയുടെ ജനനം കൊണ്ട് അനുഗ്രഹീതമാണ് വയലാർ പഞ്ചായത്ത്. അമേരിക്കൻ മോഡൽ അറബി കടലിൽ എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് സ്വതന്ത്രതിരുവിതാംകൂർ പ്രഖ്യാപനത്തിനെതിരെയും, പ്രായപൂർത്തിവോട്ടവകാശത്തിനുവേണ്ടിയും ജന്മ നാട്ടിലെ അനീതിക്കെതിരെ തൊഴിലാളി വർഗ്ഗം നയിച്ച ഐതിഹാസികമായ വയലാർ സമരം നടന്നത് ശ്രീ. സി.കെ. കുമാരപ്പണിക്കരുടെ നേതൃത്വത്തിൽ ഈ പഞ്ചായത്തിലാണ്.

തിരുവിതാംകൂറിൽ ഇദംപ്രഥമമായി ഒരു തൊഴിലാളി വർഗ്ഗപ്രസ്ഥാനം ഉടലെടുത്തതും വയലാറിലാണ്.

അക്കാലത്ത് ചേർത്തലയും, വയലാറും, "കുറിയമുട്ടം കായലിനാൽ" വേർപെട്ട ഒരു ഉപദ്വീപായിരുന്നു. ഇവയെ ഒരുപാലംകൊണ്ട് ചേർത്തല ടൗണുമായി ബന്ധിപ്പിക്കാൻ കഴിഞ്ഞത്, അന്തരിച്ച ശ്രീമതി ദേവകി കൃഷ്ണൻെറ അശ്രാന്തപരിശ്രമഫലമായിട്ടാണ് ഇന്ന് നാം കാണുന്ന വയലാർ-കുറിയമുട്ടം പാലം. അതിനുമുൻപ് കടത്ത് വള്ളമായിരുന്നു ചേർത്തലയും വയലാറുമായി ബന്ധപ്പെടുത്തിയിരുന്നത്.

ഉത്തരവാദഭരണത്തിനായുള്ള പ്രക്ഷോഭ കാലത്ത് സർ. സി.പി. രാമസ്വാമി അയ്യരെ സന്ദർശിക്കാൻ വന്ന ബ്രിട്ടീഷ് വൈസ്രോയിയെ കരിങ്കൊടി കാണിച്ച് ഗോ ബാക്ക് വിളിച്ച സംഭവത്തിൽ പ്രതികളായ സ്വാതന്ത്ര്യ സമര സേനാനികൾ കളവംകോടം ചൂഴാറ്റ് വീട്ടിൽ സി.കെ. രാഘവൻ, ശ്രീ. കെ.ഡി. പ്രഭാകരൻ [ഇരുവരും അന്തരിച്ചു]. മറ്റനവധി സ്വാതന്ത്ര്യസമര സേനാനികളെയും ആദരപൂർവ്വം ഓർമ്മിക്കുകയാണ്.

ശ്രീനാരായണ ഗുരുസ്വാമികളുടെ പാദസ്പർശം കൊണ്ട് പുളകിതമായ വയലാറിലെ കളവംകോടം ശക്തീശ്വരം ക്ഷേത്രത്തിലെ കണ്ണാടി പ്രതിഷ്ഠ, തിരുവിതാംകൂറിൽ പ്രാചീനകാലത്തുടലെടുത്ത കേരളാദിത്യപുരം ക്ഷേത്രം, കേരളത്തിൽ അറിയപ്പെടുന്ന പ്രമുഖ നാഗാരാധനാ ക്ഷേത്രമായ തിരുനാഗംകുളങ്ങര മറ്റുപലക്ഷേത്രങ്ങളും 6 ക്രിസ്ത്യൻ പള്ളി, 3 മുസ്ളിംപള്ളി ഇവയെല്ലാം തന്നെ സർവ്വ മത സാഹോദര്യത്തോടെ ജീവിക്കുന്ന ഗ്രാമീണരുടെ ആദ്ധ്യാത്മിക സാംസ്കാരിക നിലവാരത്തെ പരിപോഷിപ്പിക്കുന്നു.

സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ കാര്യത്തിലും വയലാർ പഞ്ചായത്ത് ഒട്ടും പിന്നിലല്ല. ഈ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ആളുകൾ നിരവധിയാണ്.തൊട്ടുകൂടായ്മയും, തീണ്ടിക്കൂടായ്മയും നിലനിന്നിരുന്ന കാലത്ത് ഈഴവരാദി പിന്നോക്കക്കാരെ സംഘടിപ്പിച്ച് പന്തിഭോജനം നടത്തിയതിന് സ്വന്തം വീട്ടിൽ നിന്നും പുറത്താക്കപ്പെട്ട മുക്കുവൻപറമ്പിൽ ശ്രീ. എം. കെ. കൃഷ്ണൻ [ശ്രീ. വയലാർ രവി എം.പി. യുടെ പിതാവ്]. ഇവിടുത്തെ ജനഹൃദയങ്ങളിൽ മായാത്ത വ്യക്തിയാണ്. പ്രഗത്ഭ പാർലമെൻറംഗമായ ശ്രീ. വയലാർ രവി, ശ്രീ. സി.കെ. ചന്ദ്രപ്പൻ Ex. M.P. എന്നിവർ ഈ നാടിൻെറ അഭിമാനമാണ്.

1948 - ൽ വില്ലേജ് യൂണിയനായി പ്രവർത്തനമാരംഭിച്ച നമ്മുടെ പഞ്ചായത്തിൻെറ ആദ്യകാലപ്രസിഡൻറ് ശ്രീ. പാറേഴത്ത് പരമേശ്വരകുറുപ്പായിരുന്നു. അദ്ദേഹത്തിൻെറ നേതൃത്തത്തിൽ ദീർഘകാലം പഞ്ചായത്ത് ഭരണം തുടർന്നു. പാറേഴൻെറ മരണശേഷം ശ്രീ. ശ്രീധരൻവൈദ്യർ പ്രസിഡൻറായി അവരോധിക്കപ്പെട്ടു. 1979 ലെ തെരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ. വി.എൻ. ഗോപാലകൃഷ്ണൻ പ്രസിഡൻറും, ശ്രീ. എം.കെ. കൃഷ്ണൻ വൈസ്പ്രസിഡൻറുമായുള്ള ഭരണസമിതിയാണ് നിലവിൽ വന്നത്. പിന്നീട് നടന്ന തെരഞ്ഞെടുപ്പിലും വി.എൻ. ഗോപാലകൃഷ്ണൻ പ്രസിഡൻറും ശ്രീമതി എം.പി. കനകമ്മ വൈസ് പ്രസിഡൻറുമായുള്ള ഭരണസമിതിയാണ് അധികാരമേറ്റത്. 1996 ൽ നടന്ന ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഇപ്പോൾ ശ്രീമതി സിന്ധുവാവക്കാട് പ്രസിഡൻറും, ശ്രീ. കെ.പി. ഭാസി വൈസ് പ്രസിഡൻറും, ശ്രീ. കെ. എൻ. രവീന്ദ്രൻ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനുമായുള്ള 10 അംഗ ഗ്രാമപഞ്ചായത്ത് ഭരണസമിതിയിൽ സർവ്വശ്രീ ലാലീസരസ്വതി, കെ. മാധവൻ, V.K. സുകുമാരൻകുട്ടി, തിലകമ്മഷാജി, വയലാർ ലത്തീഫ്, കെ. സച്ച്, വത്സലാ തമ്പി എന്നിവർ ഇപ്പോൾ ഭരണം നടത്തിവരുന്നു.

വയലാർ പഞ്ചായത്ത് ഇന്നും മറ്റു പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കാര്യമായ വികസനം എത്തി നോക്കാത്ത പ്രദേശമായി അവശേഷിക്കുന്നു. പഞ്ചായത്തിൻെറ സർവ്വതോന്മുഖമായ വികസനത്തിന് നമുക്ക് കൂട്ടായി യത്നിക്കാം. അതിനായി ജനകീയാസൂത്രണ പ്രക്രിയയിലൂടെ നവോന്മേഷം കൈക്കൊണ്ട് സമസ്ത ജനങ്ങളും സഹകരിച്ച് ദേശിയബോധത്തോടെ കടമകളും കർത്തവ്യങ്ങളും മനസ്സിലാക്കി പ്രവർത്തിച്ചാൽ ആസന്നഭാവിയിൽത്തന്നെ പുരോഗതിയുടെ പൊൻവെളിച്ചം ദൃശ്യമാകുമെന്ന് നമുക്കാശിക്കാം.

## പഞ്ചായത്തിൻെറ പൊതുവിവരങ്ങൾ

| | |
|---|---|
| സംസ്ഥാനം | കേരളം |
| ജില്ല | ആലപ്പുഴ |
| താലൂക്ക് | ചേർത്തല |
| പഞ്ചായത്ത് | വയലാർ |
| പാർലമെൻറ് നിയോജകമണ്ഡലം | ആലപ്പുഴ |
| അസംബ്ലി നിയോജക മണ്ഡലം | അരൂർ |
| ബ്ലോക്ക്<br>VEO ആഫീസുകൾ | പട്ടണക്കാട്<br>2 എണ്ണം |
| വില്ലേജ്<br>വില്ലേജ് ആഫീസ് | വയലാർ കിഴക്ക്<br>1 |
| വിസ്തൃതി | 14.5 ചതുരശ്ര കിലോമീറ്റർ |
| ജനസംഖ്യ | 22384 ഇതിൽ വനിതകൾ 11451 |
| സാക്ഷരത | 96% |
| സ്കൂളുകൾ | 5 |
| പ്രൈമറി ഹെൽത്തു സെൻറർ | 1 |
| പഞ്ചായത്ത് പ്രസിഡൻറ് | ശ്രീമതി സിന്ധു വാവക്കാട് Ward VI |
| ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് | അഡ്വ. ശ്രീ. എം.കെ. ജിനദേവ് |
| എം.എൽ.എ. | ശ്രീമതി. കെ.ആർ. ഗൗരിയമ്മ |
| എം.പി. | ശ്രീ. വി.എൻ. സുധീരൻ |
| പഞ്ചായത്ത് ഓഫീസ് | വയലാർ - നാഗംകുളങ്ങര |
| വൈസ് പ്രസിഡൻറ് | ശ്രീ കെ.പി. ഭാസി Ward III |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ. കെ.എൻ. രവീന്ദ്രൻ Ward IX |

### പഞ്ചായത്ത് അംഗങ്ങൾ

| | |
|---|---|
| ശ്രീ. കെ. മാധവൻ | Ward II |
| ശ്രീമതി തിലകമ്മ ഷാജി | Ward V |
| ശ്രീ. കെ. സച്ച് | Ward VIII |
| ശ്രീമതി ലാലി സരസ്വതി | Ward I |
| ശ്രീ. സുകുമാരൻ കുട്ടി | Ward IV |
| ശ്രീ. വയലാർ ലത്തീഫ് | Ward VII |
| ശ്രീമതി വത്സലാ തമ്പി | Ward X |

# കുടിവെള്ളം

വയലാർ പഞ്ചായത്തിൻെറ മൂന്നു വശവും ഓരുജലം കയറുവാൻ വഴിയുള്ള കായലുകളാലും തോടുകളാലും ചുറ്റപ്പെട്ടു കിടക്കുന്നതിനാൽ പൊതുവെ കുടിവെള്ളത്തിനായി ശുദ്ധജലത്തിൻെറ ലഭ്യത കുറവാണ്. പൊതു കിണറുകളും, സ്വകാര്യ കിണറുകളും 800 -ലേറെയുണ്ടെങ്കിലും, 80 ശതമാനവും ഉപയോഗശൂന്യമാണ്. പണ്ടുകാലം മുതൽ കുടിവെള്ളത്തിനായി കുളങ്ങൾ ഉപയോഗിച്ചിരുന്നുവെങ്കിലും ഇന്നിത് ഇവിടെ പഴയ കടംകഥ മാത്രമായി അവശേഷിക്കുന്നു. ഇതിനൊക്കെ കാരണം ഇവിടുത്തെ ഭൂമിയിൽ നിന്നും ലഭിക്കുന്ന വെള്ളത്തിൻെറ ഗുണക്കുറവ് തന്നെ. പഞ്ചായത്തിൽ മിക്ക വാർഡുകളിലും വാട്ടർ അതോറിറ്റിയുടെ ജലവിതരണം നടക്കുന്നുണ്ടെങ്കിലും ജനസംഖ്യയിൽ 10 ശതമാനത്തിനു പോലും ഇതുകൊണ്ടുള്ള ഗുണം ലഭിക്കുന്നില്ല. താരതമ്യേനന ശുദ്ധജലത്തിൻെറ ലഭ്യത കുറവുള്ള കായലോര പ്രദേശം, ചതുപ്പുപ്രദേശം എന്നിവിടങ്ങളിലേക്ക് പൈപ്പുജലം എത്തിക്കേണ്ടതാണ്. ഇപ്പോൾ പഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുടെ ഒരു ടാങ്കിൽ നിന്നും സപ്ലൈ ചെയ്യുന്ന വെള്ളം മാത്രമാണ് ഏക ആശ്രയം. കുടിവെള്ളത്തിൻെറ ഈ പ്രതിസന്ധിക്ക് എത്രയും വേഗം മൂവാറ്റുപുഴ പദ്ധതി പൂർത്തീകരിച്ച് പ്രശ്നം പരിഹരിക്കുവാൻ പഞ്ചായത്തും ഗവൺമെൻറും ജാഗ്രത പുലർത്തേണ്ടതാണ്. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങൾ പഞ്ചായത്തിലെ കിഴക്കൻ ഭാഗങ്ങളാണ്. ഉയർന്ന പ്രദേശമായ നാഷണൽ ഹൈവേയോടു ചേർന്നുള്ള പടിഞ്ഞാറു ഭാഗവും രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ്.

നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ 24.5 കി.മീ. പൈപ്പുലൈനും, 263 ടാപ്പുകളും, 97 ഗാർഹിക കണക്ഷനുകളുമുണ്ട്. പരിമിതമായ ഈ സൗകര്യംപോലും ഡിപ്പാർട്ടുമെൻറിൻെറ അശ്രദ്ധമൂലം പൂർണമായി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. പലയിടങ്ങളിലും ടാപ്പുകൾ കേടാവുകയും, ലൈനിൽത്തന്നെ തകരാറുകൾ ഉണ്ടാവുകയും ചെയ്യുന്നതുകൊണ്ട് ജലം പാഴായി പോകുന്നുണ്ട്. കൃത്യസമയത്ത് ഈ തകരാറുകൾ കണ്ടെത്താനും, ആവശ്യമായ റിപ്പയർ ജോലികൾ ചെയ്യാനും കഴിയുന്നില്ല.

ഇപ്പോഴത്തെ പുതിയ പഞ്ചായത്ത് സമിതി വന്നശേഷം 80 ശതമാനം വാട്ടർ കണക്ഷൻേറയും ശോചനീയാവസ്ഥ തൽസമയംതന്നെ അതോറിറ്റിയെ അറിയിച്ച് ചെയ്യുന്നു എന്നതും വിസ്മരിക്കുന്നില്ല.

പൊതുവെ ഇന്നത്തെ സാഹചര്യത്തിൽ കുടിവെള്ളത്തിനായി പഴയ കുളങ്ങളേയും, കിണറുകളേയും മാത്രം ആശ്രയിക്കാൻ കഴിയുന്നില്ല. നിലവിലുള്ള ഒരു വാട്ടർ ടാങ്കിന് പഞ്ചായത്തിലെ മൊത്തം ജനങ്ങളുടേയും ശുദ്ധജല ആവശ്യം നിറവേറ്റാനാവില്ല. അതുകൊണ്ട് ഇന്നു നിലവിലുള്ള വാട്ടർടാങ്ക് 6 മുതൽ 10 വരെയുള്ള കിഴക്കൻ വാർഡുകൾക്കായി പരിമിതപ്പെടുത്തുകയും, 1 – മുതൽ 5 വരെയുള്ള വാർഡുകൾക്കായി 2 -ാം വാർഡിലോ 3 -ാം വാർഡിലോ പുതുതായി ഒരു വാട്ടർ ടാങ്ക് നിർമ്മിക്കുകയും, കുറ്റമറ്റ വിതരണ സമ്പ്രദായം നടപ്പാക്കുകയും വേണം. ഭാവിയിൽ മൂവാറ്റുപുഴ പദ്ധതി നടപ്പിൽവരുമ്പോൾ ഈ രണ്ടു ടാങ്കുകളും ആ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതുമാണ്. ശുദ്ധജലം പാഴാക്കികളയുന്നത് തെറ്റാണെന്ന ബോധം ജനങ്ങളിലും, വകുപ്പുദ്യോഗസ്ഥന്മാരിലും ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഇന്ന് നിലവിലുള്ളതിനു പുറമെ എല്ലാ വാർഡുകളിലുമായി പുതിയ 20 കിലോമീറ്റർ ലൈനും, 750 ടാപ്പുകളും അടിയന്തിരമായി നിർമ്മിക്കണം. വാട്ടർലൈനുകളിലും ടാപ്പുകളിലുമുണ്ടാകുന്ന ലീക്കുകൾ അപ്പപ്പോൾ തന്നെ പരിഹരിക്കുകയും, കുടിവെള്ളം ദുരുപയോഗം ചെയ്യുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും വേണം. ശുദ്ധജലം കിട്ടുമെന്നുറപ്പുള്ള പ്രദേശങ്ങളിൽ കൂടുതൽ പൊതുകിണറുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും, ഇന്ന് നിലവിലുള്ള കമ്മ്യൂണിറ്റി ഇറിഗേഷൻ മാതൃകയിൽ സാമൂഹിക കുടിവെള്ളപദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കാവുന്നതാണ്. ഭൂഗർഭജലം പരമാവധി കണ്ടെത്തുകയും, ആവശ്യാനുസരണം ട്യൂബ്വെല്ലുകൾ സ്ഥാപിക്കുകയും വേണം.

ഈ സംവിധാനങ്ങൾക്കായി പരിശ്രമിക്കുന്നതോടൊപ്പം തന്നെ മൂവാറ്റുപുഴ പദ്ധതിയുടെ നടത്തിപ്പിന് ഉണ്ടാകുന്ന കാലാതാമസം ഒഴിവാക്കുന്നതിനും ഏറ്റവും വേഗം പഞ്ചായത്തിൽ രോഗഭീതിയുളവാക്കാത്ത പരമാവധി ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പരിശ്രമങ്ങൾക്ക് അടിയന്തിര ശ്രദ്ധ പതിപ്പിക്കണം.

## വയലാർ പഞ്ചായത്തിലെ കേരള വാട്ടർ അതോറിറ്റി ജലവിതരണ കണക്കുകൾ

| | |
|---|---|
| സ്കീം കമ്മീഷൻ ചെയ്തത് | 13-9-1975 |
| ടാങ്കിൻെറ കപ്പാസിറ്റി | 67,500 ലിറ്റർ |
| കഴിഞ്ഞവർഷം വരെ ഇട്ടിരിക്കുന്ന പൈപ്പിൻെറ നീളം | 24,500 മീറ്റർ |
| ആകെ ടാപ്പുകളുടെ എണ്ണം | 263 |
| ഗാർഹിക കണക്ഷനുകൾ | 97 |
| കഴിഞ്ഞ മാർച്ചുവരെ (31-3-1996) ചെലവാക്കിയ ആകെ തുക | രൂ. 3,72,000 |
| ആകെ ഗുണഭോക്താക്കൾ | 10,000 |

## 1996 ൽ നടപ്പാക്കിയ പദ്ധതികൾ/ എസ്റ്റിമേറ്റായ പദ്ധതികൾ

| പദ്ധതികൾ | ദൈർഘ്യം | തുക |
|---|---|---|
| ഒളതല ഹരിജൻ കോളനി എസ്റ്റിമേറ്റായ പദ്ധതികൾ | 1000 മീ. | 1,27,000/-രൂ. |
| ചിറയകത്ത് ഹരിജൻ കോളനി | 3000 മീ. | 4,00,000/-രൂ. |
| എസ്റ്റിമേറ്റായ പദ്ധതികൾ കളവംകോടം ഹരിജൻ കോളനി | 1000 മീ. | 1,30,000/-രൂ. |
| നികർത്തിൽ പുതുവൽ ഹരിജൻ കോളനി | 1000 മീ. | 1,30,000/-രൂ. |
| തോലിയാഴത്ത് ഹരിജൻ കോളനി | 2000 മീ. | 2,70,000/-രൂ. |
| കഴുനാരം ഹരിജൻ കോളനി | 100 മീ. | 11,500/- രൂ. |
| പനക്കിപുരയിടം എസ്റ്റിമേറ്റ് അയച്ച പദ്ധതി | 300 മീ. | 38,000/- രൂ. |
| പനമ്പാറ്റ് കോളനി എസ്റ്റിമേറ്റ് അയച്ച പദ്ധതികൾ | 400 മീ. | 69,000/- രൂ. |
| 1, 2, 3, 4, 8, 9 വാർഡുകളിലേക്കുള്ള ഹ്രസ്വകാല ആക്ഷൻ പ്ലാൻ | 1000 മീ. | 1,20,000/-രൂ. |
| ആകെ | 9800 മീ. | 12,95,500/-രൂ. |

# പൊതുജനാരോഗ്യം

ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ആരോഗ്യപരിപാലന രംഗത്ത് അഭൂതപൂർവ്വമായ പുരോഗതി പല രംഗങ്ങളിലും കൈവരിച്ചിട്ടുണ്ട്. പല പകർച്ചവ്യാധികളെയും, നാം സംസ്ഥാനത്തുനിന്ന് ഉഛാടനം ചെയ്തു. ആയുർദൈർഘ്യം വർധിപ്പിക്കുകയും മരണനിരക്ക് കുറച്ചുകൊണ്ടു വരുകയും ചെയ്തിട്ടുണ്ട്. കുടുംബാസൂത്രണ രംഗത്തും, മാതൃശിശു സംരക്ഷണരംഗത്തും മറ്റുമുള്ള നമ്മുടെ പുരോഗതി ഇതര സംസ്ഥാനങ്ങൾക്കെന്നല്ലാ ലോകരാജ്യങ്ങൾക്കുതന്നെ മാതൃകയാണ്. വളരെയധികം പുരോഗതി നമുക്ക് നേടുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ആരോഗ്യരക്ഷാ രംഗത്ത് വേണ്ടത്ര ശ്രദ്ധ കടന്നുചെല്ലാത്ത പല കാര്യങ്ങളും ഇനിയും ശേഷിക്കുന്നു. വ്യക്തി ശുചിത്വ രംഗത്ത് വേണ്ടത്ര ശുഷ്കാന്തി നമ്മുടെ സമൂഹത്തിനില്ല. ശിശു പരിചരണം, പോഷകാഹാരത്തിൻെറ ആവശ്യം, മലമൂത്ര വിസർജന സങ്കേതങ്ങൾ, രോഗികളുടെ പരിചരണം, അടുക്കളയും അനുബന്ധ കാര്യങ്ങളും, പുകയില്ലാത്ത അടുപ്പ്, വസ്ത്രധാരണം, പല്ലും നഖവും ശുചീകരിക്കൽ, ശുദ്ധജലത്തിൻെറ അത്യാവശ്യകത എന്നിങ്ങനെയുള്ള അനേകകാര്യങ്ങളിൽ നമുക്കുള്ള ശുഷ്കാന്തിക്കുറവുപോലെതന്നെ ഈച്ച, കൊതുക് തുടങ്ങിയ ക്ഷുദ്രജീവികളെ അകറ്റി നിർത്തുക, ശുദ്ധിയും വെടിപ്പുമുള്ള പാത്രങ്ങളും, പദാർത്ഥങ്ങളും ഉപയോഗിക്കുക എന്നിങ്ങനെയുള്ള വിവിധ കാര്യങ്ങളിലും നമ്മുടെ ഗ്രാമീണർ വേണ്ടത്ര ശുഷ്കാന്തി കാണിക്കാറില്ല. പൊതുനിരത്തിൽ നടക്കുമ്പോഴും, ഹോട്ടലുകൾ, ചായക്കടകൾ, ലഘുഭക്ഷണശാലകൾ തുടങ്ങിയവയിലിരുന്നാഹാരം കഴിക്കുമ്പോഴും, പൊതുസ്ഥലങ്ങളിൽ പെരുമാറുമ്പോഴും വ്യക്തികൾ അനുഷ്ഠിക്കേണ്ട സാമാന്യമര്യാദകൾ നാം പലപ്പോഴും വിസ്മരിച്ചുപോകുന്നു.

അവരവരുടെ സൗകര്യത്തിനാണെങ്കിൽപോലും കുടിവെള്ളമെടുക്കുന്ന കിണറിനരുകിൽ അടുത്ത പുരയിടക്കാരൻ കക്കൂസ് വയ്ക്കുന്നതിനോ, പലവിധ ആവശ്യത്തിന് ജലം ഉപയോഗിക്കുന്ന ജലാശയത്തിലേക്ക് നമ്മുടെ വീട്ടിലെ മലിനവസ്തുക്കൾ വലിച്ചെറിയുന്നതിനോ പലർക്കും മടിയില്ല. ശുദ്ധജല സ്രോതസുകൾക്ക് മാലിന്യം വരത്തക്കരീതിയിൽ എന്തു ചെയ്യുവാനും മടിയില്ലാത്ത ഒരു വിഭാഗം നമുക്കുണ്ട്. ചന്തകൾ, ഇറച്ചിക്കടകൾ തുടങ്ങിയവ ഇത് നടത്തുന്നതിനുള്ള പ്രാഥമിക നിയന്ത്രണങ്ങൾപോലും പരിപാലിക്കാതെ നടത്തുന്നതിനാൽ സമൂഹത്തിലെ ആരോഗ്യരക്ഷാ സംവിധാനങ്ങൾ തകിടം മറിയുന്നു.

ഓരോരുത്തരും പരമാവധി ശ്രദ്ധിക്കുകയും, മറ്റുള്ളവർക്ക് ദോഷം വരുവാൻ സാധ്യതയില്ലാത്ത രീതിയിൽ പ്രവർത്തിച്ചെങ്കിലും മാത്രമേ ആരോഗ്യമുള്ള ഒരു സമൂഹത്തെ കെട്ടിപ്പടുക്കാനാകൂ. 'അവനവനാത്മസുഖത്തിനാചരിക്കുന്നവ, അപരന് സുഖത്തിനായ് വരേണം' എന്ന ഗുരുദേവവചനം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്നതായാൽ ആഴ്ചകൾക്കുള്ളിൽ ആരോഗ്യസംപുഷ്ടമായ ഒരു വയലാറിനെ നമുക്ക് കെട്ടിപ്പടുക്കാനാകും.

## പൊതുജനാരോഗ്യം: പോരായ്മകൾ

1. വ്യക്തിശുചിത്വവും പരിസര ശുചീകരണവും പാലിക്കുന്നില്ല.
2. കക്കൂസിൻെറ ഉപയോഗവും, ആവശ്യകതയും.
3. ശുദ്ധജല സ്രോതസുകളുടെ മലിനീകരണവും, ദുരുപയോഗവും.
4. ആരോഗ്യപരമായ അടുക്കള.
5. അനാരോഗ്യകരമായ ചുറ്റുപാടുകളിൽ പ്രവർത്തിക്കുന്ന മൽസ്യചന്തകളും, കശാപ്പുശാലകളും, ഹോട്ടൽ, ചായക്കട, മറ്റു ലഘുഭക്ഷണശാലകൾ എന്നിവ.
6. മദ്യപാനം, പുകവലി, മുറുക്കാൻ (പാൻ) കേന്ദ്രങ്ങൾ.
7. രോഗപ്രതിരോധ പ്രവർത്തനങ്ങളിലെ പോരായ്മകൾ.
8. പോഷകാഹാരവും, സമീകൃതാഹാരവും ലഭിക്കായ്ക.

9. മരുന്നുകളുടേയും, സൗന്ദര്യവസ്തുക്കളുടേയും അനാവശ്യമായ ഉപയോഗം.
10. ഫിസിക്കൽ റിക്രിയേഷൻ സൗകര്യങ്ങളുടെ കുറവ്.
11. അഗതികളേയും, വൃദ്ധന്മാരേയും സഹായിക്കുന്ന പരിപാടികളുടെ അഭാവം.
12. ഭവന സന്ദർശനത്തിൻെറ പോരായ്മ.
13. പൊതുവിദ്യാഭ്യാസത്തിൽ ആരോഗ്യരക്ഷ ഒഴിവാക്കി.

## പരിഹാര നിർദ്ദേശങ്ങൾ

1. ഓരോ വ്യക്തിയും ശുചിത്വം പാലിക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും, പരിസര ശുചീകരണത്തിൻെറ ആവശ്യകതയെപ്പറ്റി വിപുലമായ ബോധവൽക്കരണം നടത്തുകയും ചെയ്യണം.
2. നമ്മുടെ പഞ്ചായത്തിലെ 55 ശതമാനം കുടുംബങ്ങളും കക്കൂസില്ലാത്തവരാണ്. ഇല്ലായ്മക്കുകാരണം സാമ്പത്തികം മാത്രമല്ല; ആവശ്യബോധമില്ലായ്മയുമാണ്. ഉള്ളവർതന്നെ അശാസ്ത്രീയമായ രീതിയിൽ ഉപയോഗിക്കുകയും ചെയ്യുന്നു. ഇതിനെതിരെ ബോധവൽക്കരണം നടത്തുന്നതിനോടൊപ്പം, വീടുകൾ രജിസ്റ്റർ ചെയ്യുമ്പോൾ അതിനോടൊപ്പം ഒരു കക്കൂസും വേണമെന്ന നിബന്ധന കർശനമായും പഞ്ചായത്തുകൾ വയ്ക്കണം.
3. കായൽ, തോടുകൾ എന്നിവയുടെ പരിസരത്ത് ചകിരി അലിക്കുന്ന മില്ലുകൾ സ്ഥാപിക്കാതിരിക്കുക. ഇവിടെ കെട്ടിയിടുന്ന ചകിരിക്കെട്ടുകൾ മാറ്റുകയും, കക്കൂസിൻേറയും മറ്റും ഔട്ട്ലെറ്റ് നീക്കം ചെയ്യുകയും പൊതു കിണറിൻേറയും വാട്ടർടാപ്പിൻേറയും പരിസരത്തുള്ള കുളി, തുണിയലക്ക്, വെള്ളം തുറന്നുവെച്ചിട്ട് ടാപ്പ് അടക്കാതെ പോകുക – ഇവ കർശനമായി തടയേണ്ടതാണ്.
4. എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കുവാനായി സാമ്പത്തിക സഹായം നൽകുക.
5. നമ്മുടെ മൽസ്യമാർക്കറ്റുകളൊന്നും തന്നെ ആരോഗ്യനിയമങ്ങൾ പാലിക്കുന്നില്ല. ഈച്ചവളർത്തൽ കേന്ദ്രങ്ങളായി മാറിയിരിക്കുന്ന നമ്മുടെ മൽസ്യമാർക്കറ്റുകൾ പഞ്ചായത്തും ശ്രദ്ധിക്കുന്നില്ല. ചീഞ്ഞതും അഴുകിയതുമായ മൽസ്യം ഇവിടെ വിറ്റഴിക്കുന്നു. എല്ലാ വാർഡിലും വ്യാപിച്ചുകൊണ്ടിരിക്കുന്ന കശാപ്പുശാലകൾ നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. രോഗികളായ മൃഗങ്ങളെപോലും ക്രൂരമായി കൊന്ന് അഴുക്കുവെള്ളത്തിൽ മുക്കി വിൽക്കുന്നതും പഞ്ചായത്ത് കണ്ടില്ലെന്നു നടിക്കുന്നത് അതി ക്രൂരതയല്ലേയെന്നു സംശയിക്കുന്നു. ഹോട്ടലുകൾ, ചായക്കടകൾ, ലഘുഭക്ഷണശാലകൾ എന്നിവ ആരോഗ്യരംഗത്തെ മിനിമം നിയമങ്ങളെങ്കിലും പാലിക്കുന്നുണ്ടോ എന്ന് അധികൃതർ ഉറപ്പുവരുത്തണം. ഇതിന് പൊതുജന സഹായം ആവശ്യമാണ്.
6. ഇതിനെതിരെ വ്യാപകമായ പ്രചരണങ്ങൾ നടത്തുകയും, കള്ളവാറ്റും, വിൽപനയും ഗ്രാമീണർ പഞ്ചായത്തിനെ അറിയിക്കുകയും വേണം.
7. ഗർഭിണികൾക്കും, കുഞ്ഞുങ്ങൾക്കും, അമ്മമാർക്കും ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുള്ള വിധത്തിലുള്ള ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾ ശുഷ്കാന്തിയോടെ നടപ്പാക്കുക.
8. ലഭ്യതകൾക്കനുസൃതമായി സമീകൃതവും പോഷകപ്രധാനവുമായ ആഹാരം നിർമ്മിക്കുവാനും ഉള്ള ബോധവൽക്കരണവും ഡമോൺസ്ട്രേഷനും നടത്തുക.
9. അത്യാവശ്യഘട്ടങ്ങളിൽ മരുന്നുകൾ വിദഗ്ദ്ധ ഡോക്ടർമാരുടെ നിർദ്ദേശത്തോടുകൂടിമാത്രം ഉപയോഗിക്കുക.
10. പി ആർ സി, യംഗ് ചലഞ്ചേഴ്സ് തുടങ്ങിയ പ്രസ്ഥാനങ്ങളുടെ സഹായത്തോടെ പഞ്ചായത്തു തലത്തിൽ കായികപരിശീലനം യോഗാഭ്യാസം, കരാട്ടേ എന്നിവ പഠിപ്പിക്കുക.

11. അഗതികൾക്കും വൃദ്ധന്മാർക്കും അഭയസങ്കേതങ്ങൾ ഉണ്ടാക്കുക. പെൻഷനുകൾ, ഹെൽത്ത് കാർഡ് എന്നിവ വിതരണം ചെയ്യുക.

12. അംഗൻവാടി ആസ്ഥാനമാക്കി ആരോഗ്യപ്രവർത്തകർ വീട് സന്ദർശിച്ച് രോഗബാധിതരെ കണ്ടുപിടിക്കുകയും, ചികിൽസയ്ക്കുള്ള മാർഗനിർദേശങ്ങൾ നൽകുകയും വേണം.

13. സ്കൂളുകളിൽ ആരോഗ്യം ഒരു വിഷയമായി പഠിപ്പിക്കുക.

14. പഞ്ചായത്തു പ്രവർത്തന മേഖലയിൽ കാണുന്ന മൃഗങ്ങളുടെ ശവശരീരം മറവുചെയ്യുന്നതിന് തുക അനുവദിക്കുകയും, അതുടൻ നൽകുകയും ചെയ്യുക.

15. പൊതുശ്മശാനം സ്ഥാപിക്കുക.

16. എല്ലാ വീടുകളോടനുബന്ധിച്ചും കക്കൂസ് നിർബന്ധമാക്കുക.

17. ഉൽസവം, പള്ളിപ്പെരുന്നാളുകൾ, കലോൽസവങ്ങൾ എന്നിവ നടക്കുന്നിടങ്ങളിലും, ചന്തകൾ പോലുള്ളിടത്തും മൂത്രപ്പുരകൾ നിർമ്മിക്കുകയും, പ്രധാന ജങ്ഷനുകളിൽ മൂത്രപ്പുരകൾ നിർമ്മിക്കുകയും, അവ ഇടയ്ക്കിടെ ബ്ലീച്ചിങ് പൗഡറിട്ട് ശുദ്ധീകരിക്കുകയും ചെയ്യുക.

18. ജലം ശുദ്ധീകരിക്കുന്നതിനുള്ള ഔഷധങ്ങൾ സൗജന്യമായി സന്നദ്ധ സംഘടനകളുടെ സഹായത്തോടെ എല്ലാ വീട്ടുകാർക്കും നൽകുക.

19. ഹോട്ടലുകൾ, റസ്റ്റോറൻറുകൾ, മറ്റു ലഘുഭക്ഷണശാലകൾ എന്നിവ ഇടയ്ക്കിടെ പഞ്ചായത്തധികൃതർ പരിശോധിച്ച് ശുചിത്വം ഉറപ്പുവരുത്തുക.

20. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം പൂർണമായും പഞ്ചായത്തിനെ ഏൽപ്പിക്കുക.

## വാർഡുകളിൽ പുതുതായി സ്ഥാപിക്കേണ്ട പൈപ്പുകളുടെ വിശദവിവരം

| വാർഡ് | നം. | പൈപ്പുകളുടെ വിശദവിവരം | ദൂരം | ടാപ്പ് എണ്ണം |
|---|---|---|---|---|
| VIII | 1 | ചാത്തൻചിറ മുതൽ കോടാരത്തിൽ പറമ്പുവരെ | 200 മീ. | 6 എണ്ണം |
| | 2 | കോടാരത്തിൽ നിന്നും കൊച്ചുചിറ പാലം വരെ | 150 മീ. | 5 എണ്ണം |
| | 3 | ഹരിജൻ സൊസൈറ്റിയിൽ നിന്നും മൂക്കുചിറ വരെ | 1250 മീ. | 10 എണ്ണം |
| | 4 | കേരളാദിത്യപുരം മുതൽ പുത്തൻതറ വരെ | 500 മീ. | 5 എണ്ണം |
| | 5 | കൊല്ലാപറമ്പിൽ നിന്നും വടകരശ്ശേരി കോളനി വഴി മാമ്പൂത്തറ വരെ | 1500 മീ. | 15 എണ്ണം |
| | 6 | SCB 1428 ന്റെ വടക്കുവശത്തുകൂടി പടിഞ്ഞാറോട്ട് പനക്കിക്കനി വരെ | 250 മീ. | 5 എണ്ണം |
| | 7 | കോയിക്കൽ ക്ഷേത്രത്തിന്റെ പടിഞ്ഞാറുവശത്തുകൂടി കൊച്ചുകരി വരെ | 600 മീ. | 8 എണ്ണം |
| | 8 | സതീഷ്നഗർ റോഡിൽ നിന്നും പടിഞ്ഞാറോട്ട് കരിപ്പറമ്പുവരെ | 1000 മീ. | 7 എണ്ണം |
| | 9 | ചെറിയകുന്നേൽ പുരയിടത്തിൽ നിന്ന് കണ്ണേകാട് വരെയും അവിടെനിന്നും പുതുവൽനികർത്തുവരെ | 1,200 മീ. | 12 എണ്ണം |
| | 10 | കരിപ്പറമ്പിൽ നിന്നും കാക്കത്തുരുത്തു വരെ | 800 മീ. | 5 എണ്ണം |
| V | 1 | പാലങ്ങമുറി-മനേക്കടവ് | 300 മീ. | 3 എണ്ണം |
| | 2 | പ്ലാശേരി നിന്നും വടക്കോട്ട് കരിക്കളം വരെ | 300 മീ. | 1 എണ്ണം |
| | 3 | കാവിൽപ്പള്ളി - പാലങ്ങമുറി | 400 മീ. | 3 എണ്ണം |
| X | 1 | ഗൗരിഗാർഡൻസിൽ നിന്നും കിഴക്കോട്ട് കായൽ വരെ | 500 മീ. | 4 എണ്ണം |
| | 2 | ജോയ്ഭവൻ കോളനിയിൽ നിന്നും തെക്കോട്ട് കായൽവരെ | 300 മീ. | 2 എണ്ണം |
| | 3 | പാണ്ടിക്കരി - കുണ്ടത്തിക്കടവ് | 500 മീ. | 2 എണ്ണം |
| | 4 | വെട്ടു കടവു നിന്നും കായൽ വരെ | 500 മീ. | 2 എണ്ണം |
| | 5 | ഗൗരിഗാർഡൻസിൽ നിന്നും വടക്കോട്ട് കല്ലുകടവു വരെ | 1 കി.മീ. | 5 എണ്ണം |
| | 6 | ബാറ്ററി ജങ്ഷനിൽ നിന്നും വടക്കോട്ട് കരയോഗം വരെ | 1 1/2 കി.മീ. | 5 എണ്ണം |
| IV | 1 | നീലിമംഗലം - കാവിൽപ്പള്ളി | 2 1/2 മീ. | 25 എണ്ണം |
| | 2 | ഹെൽത്തുസെൻറർ - പണ്ടാരപ്പാട്ടത്തിൽ | 1 1/2കി.മീ. | 10 എണ്ണം |
| | 3 | പട്ടണക്കാട് - കൊറ്റനാട്ടു കവല | 1 1/2കി.മീ. | 10 എണ്ണം |
| | 4 | കാവിൽപ്പള്ളി - പത്മാക്ഷി കവല | 1 കി.മീ. | 5 എണ്ണം |
| | 5 | മുക്കണ്ണൻ കവല - വെള്ളാഴത്തു കവല | 3 കി.മീ. | 30 എണ്ണം |
| IX | 1 | കുണ്ടത്തിക്കടവ് - കുറവുരു കടവ് | 800 മീ. | 3 എണ്ണം |
| | 2 | V.R.V.M.H.S മുതൽ ഹോസ്പിറ്റൽ വരെ | 700 മീ. | 2 എണ്ണം |
| | 3 | തോലിയാഴത്ത് SC കോളനി | 800 മീ. | 3 എണ്ണം |
| | 4 | തോലിയാഴത്ത് -ലക്ഷംവീട് കോളനി | 700 മീ. | 2 എണ്ണം |
| | 5 | കുമ്പളംപറമ്പ് - പൂതംവേലി പുരയിടം | 900 മീ. | 4 എണ്ണം |
| | 6 | വല്ലത്തുരുത്ത് - നെടുംപുരയ്ക്കൽ | 800 മീ. | 3 എണ്ണം |
| II | 1 | ഉഴുവപ്പള്ളി - പുല്ലൻചിറ | 100 മീ. | 1 എണ്ണം |
| | 2 | കുഴിപ്പള്ളി - മണങ്ങശേരി | 300 മീ. | 2 എണ്ണം |
| | 3 | ഉഴുവപ്പള്ളി - സി. എം. എസ്. | 600 മീ. | 3 എണ്ണം |
| | 4 | വേലപ്പൻതോടിനു തെക്കുനിന്നും മുന്നതു പുരയിടം പടിഞ്ഞാറോട്ട് സി.എം.എസ്. | 500 മീ. | 4 എണ്ണം |
| | 5 | 16 -ാം മൈലിൽനിന്നും കിഴക്കോട്ട് കുന്നത്തറ വഴി ശക്തീശ്വരം | 500 മീ. | 4 എണ്ണം |
| | 6 | ശക്തീശ്വരം - സി.എം.എസ്. | 1 കി.മീ. | 5 എണ്ണം |
| | 7 | ഉഴുവപ്പള്ളി - കീറ്റുപറമ്പ് - ഗിരിജൻ കോളനി | 600 മീ | 4 എണ്ണം |

## വാർഡുകളിൽ പുതുതായി സ്ഥാപിക്കേണ്ട വാട്ടർ പൈപ്പുലൈനിന്റെ വിശദവിവരം

| വാർഡ് | | വാർഡുകളിൽ പുതുതായി സ്ഥാപിക്കേണ്ട പൈപ്പുലൈനിന്റെ വിശദവിവരം |
|---|---|---|
| I | 1 | കോൺഗ്രസ് ഹൗസിനു വാതുക്കൽ നിന്നും കിഴക്കോട്ട് ചക്കാലിക്കറി വരെ 250 മീ. |
| | 2 | മഞ്ചാടിത്തറ വന്നു നിൽക്കുന്ന പൈപ്പിൽനിന്ന് കിഴക്കോട്ട് പുതുവൽനികർത്ത് വരെ 300 മീ. |
| | 3 | ശക്തീശ്വരം ക്ഷേത്രത്തിൽ നിന്നും കിഴക്കോട്ട് ചക്കാലയ്ക്കൽ പുരയിടംവരെ 300 മീ. |
| | 4 | കോൺഗ്രസ് ഹൗസ്- തങ്കി കവല റോഡിൽ ഒരു കിലോമീറ്റർ നീളത്തിൽ പൈപ്പ് കണക്ഷൻ |
| | 5 | തങ്കികവല മുതൽ മനപ്പള്ളി ലക്ഷം വീടുവരെ 400 മീ. |
| III | 1 | മാപ്പറമ്പിൽ നിന്നും പുതുവൽ നികർത്തവരെ 350 മീ. |
| | 2 | മാപ്പറമ്പിൽ നിന്നും വടക്കോട്ട് ചാത്തൻചിറ വരെ 500 മീ. |
| | 3 | പുതിയകാവ് - കൊല്ലപ്പള്ളി റോഡിൽ 1 കിലോമീറ്റർ. |
| | 4 | യക്ഷിക്കൽ പിണ്ടനിമുറ്റം റോഡിൽ 300 മീ. |
| | 5 | പട്ടശ്ശേരി പുത്തൻവെളി 500 മീ. |
| | 6 | കരുവേലി - തണ്ണിപ്പംതറ 1 കിലോമീറ്റർ |
| VI | 1 | ചാത്തൻചിറ മുതൽ പ്ലാശേരിൽ തീരദേശ പൈപ്പ് 500 മീ. |
| | 2 | പ്ലാശേരിൽ മുതൽ 6 -ാം വാർഡിന്റെ വടക്കേ അറ്റം അറേഴത്തു വരെ 300 മീ. |
| | 3 | എടുപുരയ്ക്കൽ കിഴക്ക്പ്രദേശം 150 മീ. |
| | 4 | പുത്തൻവെളി ചിറയകം കോളനി 150 മീ. |
| | 5 | മേക്കടയിൽ നിന്നും മഠത്തിപ്പറമ്പു വഴി വേലമഠത്തിൽ പുരയിടം 150 മീ. |
| VII | 1 | നാഗംകുളങ്ങരക്കടവു മുതൽ കേളമംഗലം കടവുവരെ തീരദേശ പൈപ്പ് 1500 മീ. |
| | 2 | മാനപ്പള്ളി മുതൽ ഹരിജൻ കോളനി വരെ 250 മീ. |
| | 3 | പോഞ്ഞനാട്ടു നിന്നും മുസ്ലീംപള്ളി വരെ 250 മീ. |
| | 4 | കേളമംഗലം കടവുമുതൽ തട്ടാചിറ വരെ തീരദേശ പൈപ്പുലൈൻ 1500 മീ. |

# കൃഷി, ജലസേചനം

ഭാരതം ഒരു കാർഷിക രാജ്യമാണ്. നമ്മുടെ രാജ്യത്തെ ഏറിയപങ്കു ജനങ്ങളും കൃഷിയെ ആശ്രയിച്ചുകഴിയുന്നവരാണ്. അതുകൊണ്ടുതന്നെ രാഷ്ട്രശില്പിയും നമ്മുടെ പ്രധാനമന്ത്രി യുമായിരുന്ന ജവഹർലാൽ നെഹ്റു ഒന്നാം പഞ്ചവത്സരപദ്ധതിയിൽ കൃഷിക്ക് ഗണ്യമായ സ്ഥാനം കൊടുത്തു കൊണ്ട് പദ്ധതിക്ക് തുടക്കമിട്ടത്. അതിൻെറ ചുവടു പിടിച്ചുകൊണ്ട് നമ്മുടെ കൊച്ചുകേരളത്തിലും കൃഷിക്കു കൂടുതൽ പ്രാധാന്യം നൽകികൊണ്ട് പദ്ധതി നടപ്പിലാക്കുവാൻ മാറിമാറിവന്ന ഗവൺ മെൻറുകൾ ശ്രമിച്ചിരുന്നു എന്നുള്ളത് സ്മരിക്കാതെ കടന്നുപോകുന്നത് ഉചിതമല്ല. അതുപോലെ വയലാർ ഗ്രാമപഞ്ചായത്തിൻെറ കൃഷിസാദ്ധ്യത കളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും ഒരു എത്തിനോട്ടം നടത്താൻ ശ്രമിക്കുകയാണ്.

കിഴക്ക് വയലാർ കായലും, തെക്കു കുറിയമുട്ടം കായലും അതിനോടു ചേർന്നുള്ള വെളുത്തേടത്തുതോടും പടിഞ്ഞാറു നാഷണൽ ഹൈവേയും, വടക്ക് കാവിൽ പള്ളിത്തോടും ചേർന്നപ്രദേശം അതിരിടുന്നതാണ് വയലാർ ഗ്രാമപഞ്ചായത്ത്. 1591 ഹെക്ടർ വിസ്തൃതിയാണ് ഈ പഞ്ചായത്തിന്. നിലം, പുരയിടം, പുറംപോക്ക്, കൃഷിയോഗ്യമായത്, യോഗ്യമല്ലാത്തത്, കായൽ, തോട്, ഉൾപ്പെടുന്ന ഭാഗമാണ്. നെല്ല്, തെങ്ങ്, പച്ചക്കറികൾ, മരച്ചീനി, കുരുമുളക്, വാഴ, മാവ്, പ്ലാവ്, കശുമാവ്, കമുക്, എന്നീ കരകൃഷിയും, ചെമ്മീൻ മറ്റു മത്സ്യങ്ങൾ എന്നീ കായൽ കൃഷിയും സമ്മിശ്രമാണ് പഞ്ചായത്തിലേത്.

ഏതാണ്ട് ഒരേനിരപ്പുള്ള ഭൂമിയാണ് ഇവിടെ. പൊതുവേ മണൽ മണ്ണിനാൽ ആവരണം ചെയ്യപ്പെട്ടതാണ്. എന്നാൽ ചാത്തൻചിറ, പുല്ലൻചിറ, പ്ലാശ്ശേരിച്ചിറ, കുണ്ടത്തിക്കടവ്, നാഗംകുളങ്ങര, കേളമംഗലം, എട്ടുപുര, കുട്ടംചാൽ മുതലായ കായലോരപ്രദേശങ്ങൾ ഭാഗീകമായി ചെളിമയമുള്ള മണൽമണ്ണ് കാണുന്നു. ജലാശയങ്ങളുമായി കൂടുതൽ ബന്ധമില്ലാത്ത പഞ്ചായത്തിൻെറ തെക്ക് പടിഞ്ഞാറ് ഭാഗം പൊതുവേ ഫലഭൂയിഷ്ഠമല്ലാത്ത മണൽ മണ്ണ് നിറഞ്ഞതാണ്. നീർവാഴ്ച കിഴക്കൻ ഭാഗങ്ങളെക്കാൾ വളരെ കൂടുതലാണിവിടെ. വയലാർ കായലുമായി ബന്ധപ്പെട്ടു കിഴക്കുപടിഞ്ഞാറ് ഒഴുകുന്ന വെളുത്തേടത്തു തോട്, പുത്തൻതോട്. വേലപ്പൻതോട് എന്നിവയും തെക്ക് വടക്കായി പുല്ലൻചിറ, ചാത്തൻചിറ, പ്ലാശ്ശേരിച്ചിറ തോടും, കണ്ണേകാട്ട് തോടും ഒഴുകുന്നു.

പഞ്ചായത്തിൻെറ വടക്കുപടിഞ്ഞാറൻ മേഖലകളെ ചുറ്റി "പൊന്നാംവെളി", കുട്ടംചാൽ, മാലിത്തോട്, ഇവകൾ ഒഴുകുന്നു. പ്രസ്തുത തോടുകളെല്ലാം കായലും കടലുമായി ബന്ധപ്പെട്ടുകിടക്കുന്നതിനാൽ വേലിയേറ്റവും വേലിയിറക്കവും ഉണ്ടാകുന്നു. തന്മൂലം ഉപ്പുനിറഞ്ഞതാണ് അവിടത്തെ ജലം. നവംബർ മുതൽ ജൂൺവരെ തോടുകളുമായി ബന്ധപ്പെട്ട എല്ലാ സ്ഥലത്തും ഉപ്പു കലർന്ന വെള്ളമേ ലഭിക്കുകയുള്ളു. ഓരുകയറ്റം നിയന്ത്രിക്കു ന്നതിനായി പുല്ലൻചിറയിലും താല്കാലിക സംവിധാനം ഇന്നു നിലവിലുണ്ട്. 10 സെൻറിനുമേൽ വരുന്ന 15 കുളങ്ങളും 5 സെൻറിനും 10 സെൻറിനും ഇടക്കുവരുന്ന 246 കുളങ്ങളും ഉണ്ട്. എന്നാൽ 12 സെൻറു മുതൽ 5 സെൻറുവരെയുള്ള 1246 കുളങ്ങളുണ്ടിവിടെ.

നമ്മുടെ പഞ്ചായത്തിലെ പ്രധാന കൃഷികൾ തെങ്ങും നെല്ലും ആയിരുന്നു. എന്നാൽ പലവിധ കാരണങ്ങളാൽ തെങ്ങ് കൃഷി അപ്രത്യക്ഷമായിരിക്കുന്നു. 163 ഹെക്ടർ നിലമുണ്ടായിരുന്ന ഇവിടെ ഇന്നു 10 ഹെക്ടറിനു താഴെയായി കൃഷി ചുരുങ്ങിയിരിക്കുന്നു. നമ്മുടെ നെൽവയലുകളെ ഇരുപ്പൂ കൃഷിയിറക്കുന്ന കരപ്പാടങ്ങളെന്നും കരിനിലങ്ങളെന്നും രണ്ടായി തരം തിരിക്കാം. കായൽജലവുമായി സമ്പർക്കമില്ലാത്ത കരപ്പാടങ്ങൾ പ്രകൃതിയെമാത്രം ആശ്രയിച്ചു വിരിപ്പും മുണ്ടകനും കൂട്ടി വിതച്ചു കൃഷിയിറക്കിയിരുന്നു. എന്നാൽ കരിനിലങ്ങളിൽ ചെറിയ തുണ്ടങ്ങൾ ഉണ്ടാക്കി അതിൽ മുളപ്പിച്ച

ചെട്ടിവിരിപ്പു, മുണ്ടകൻ, കുളപ്പാല, അഴകിരാശി തുടങ്ങിയ വിത്തിനങ്ങൾ ഒരുപ്പു കൃഷിചെയ്തിരുന്നു. കരപ്പാടങ്ങളിൽ പത്തുമുതൽ പതിനഞ്ചുമേനി വരെ വിളവു കിട്ടിയപ്പോൾ കരിനിലങ്ങളിൽ 20 മുതൽ 30 മേനി വിളഞ്ഞിരുന്നു. ഉപ്പുവെള്ളം കയറി നിറഞ്ഞുകിടക്കുന്ന കരിനിലങ്ങളിൽ മകരം മുതൽ മീനം വരെയുള്ള മാസങ്ങളിൽ ചെളിമണ്ണ് ഉണങ്ങുമ്പോൾ പ്രകൃതിയുടെ സഹായത്താൽ കൃഷി ചെയ്തിരുന്നു. ചെളിമണ്ണ് വെട്ടികൂട്ടി ചെറിയ തുണ്ടങ്ങളാക്കി മേടം 10 നു ശേഷം തുടങ്ങുന്ന കാലവർഷത്തിൽ ഈ തുണ്ടങ്ങൾ നനഞ്ഞു ഉപ്പു രസം വാർന്നു പോകുകയും ഇടവ മാസത്തിൽ തുണ്ടങ്ങൾ വെട്ടിയുടച്ച് അതിൽ മുളപ്പിച്ച നെൽവിത്ത് വിതക്കുകയാണ് പതിവ്. 28, 30 ദിവസങ്ങൾ കഴിഞ്ഞു ചെറിയ തൂമ്പ കൊണ്ട് ചുവടെ വെട്ടി തുല്യ അകലങ്ങളിൽ നട്ടുപിടിപ്പിക്കുകയാണ് കൃഷി സമ്പ്രദായം. ഇതിനു പ്രത്യേകിച്ചു വളപ്രയോഗവുമില്ല.

ഏകദേശം 825 നു മേൽ ഹെക്ടർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന തെങ്ങു കൃഷി ഏതാണ്ട് നശിച്ചുതുടങ്ങിയിരിക്കുന്നു. വിവിധരോഗങ്ങൾ, കാർഷികപ്രവർത്തികളുടെ അഭാവം, ജലസേചന സൗകര്യം ഇല്ലായ്മ, തൊഴിലാളികളുടെ ലഭ്യതകുറവ്, വർദ്ധിച്ചുവരുന്ന കൂലിനിരക്ക്, വളങ്ങളുടെ വില വർദ്ധനവ്, നാളികേരത്തിൻെറ വിലയിടിവ് തുടങ്ങി പലവിധത്തിൽ തെങ്ങുകൃഷി നശിക്കുവാൻ കാരണമായിതീർന്നിട്ടുണ്ട്.

പച്ചക്കറിയും കപ്പയുമാണ്. മൂന്നാം സ്ഥാനത്തു നിന്നിരുന്നത്. ഇന്നിവയും നാശത്തിൻെറ വക്കിൽ എത്തിനിൽക്കുകയാണ്. ഇടവിളയായി പയർ, കുരുമുളക്, കമുക്, പപ്പായ, വാഴ മുതലായവ അപൂർവ്വം കൃഷിചെയ്യുന്നു. കപ്പ കാച്ചിൽ വിവധയിനം കിഴങ്ങുവർഗ്ഗങ്ങൾ, വെള്ളരി, മത്തൻ, ഇളവൻ, പാവൽ, പടവലം, ചീര, തുടങ്ങിയ എല്ലായിനം പച്ചക്കറികളും സമൃദ്ധിയായി വിളഞ്ഞിരുന്ന ഒരു നല്ല കാലം ഉണ്ടായിരുന്നു. കരപ്പുറം വഴുതിന എന്ന ഒരു വഴുതിന ഇവിടെ പ്രസിദ്ധിയാർജ്ജിച്ചിരുന്നു. ഇതെല്ലാം ഇന്നു നാമാവശേഷം ആയിരിക്കുന്നു.

രാജ്യത്ത് എല്ലായിടത്തും വൻപുരോഗതി നേടിയപ്പോൾ നമ്മുടെ പഞ്ചായത്ത് കാർഷിക മേഖലയിലെ തളർച്ചയുടെ നിദാനമായി നിലകൊള്ളുന്നു. കാർഷിക മേഖലയിൽ ഉദയം ചെയ്ത പുഷ്പ കൃഷി, മൾബറി കൃഷി മുതലായവയും കാര്യമായ ചലനം ഉണ്ടാക്കിയില്ല. ഇതുകൊണ്ടുമാത്രമല്ല കാർഷിക മേഖലയോടു കൃഷിവലൻമാർ യാത്രപറയുവാൻ തല്പരരായത്. ചകിരി, കയർ, മത്സ്യവ്യവസായ മേഖല ഇവയുമായി ബന്ധപ്പെട്ടു ഇവരുടെ അദ്ധ്വാനമേഖല തിരിഞ്ഞുപോകുന്നു എന്നുള്ളതാണ് മറ്റൊരുകാരണം. കുറഞ്ഞ അദ്ധ്വാനത്തിൽ മെച്ചപ്പെട്ട വേതനം കിട്ടുന്നതുകൊണ്ടാണ്. എന്നാൽ ഈ മേഖലയിൽ ഉണ്ടായ സ്തംഭനം വയലാറിലെ ജനങ്ങളെ ഒരു പരിധിവരെ പട്ടിണിയിലാക്കി കൊണ്ടിരിക്കുകയാണ്.

കൃഷിഭവനുകളുടെ പ്രവർത്തനം പൊതുവേ ആശാവഹമല്ല. ഇവിടുത്തെ മണ്ണിൽ യോജിച്ച കൃഷി സമ്പ്രദായത്തെപ്പറ്റി ബോധവൽക്കരണം ഉണ്ടാകുന്നില്ല. കാലാകാലങ്ങളിൽ കുറെ വിത്തിനങ്ങൾ, പമ്പ് സെറ്റുകൾ, കിണറുകൾ കൃഷിഭവനുമായി അടുപ്പമുള്ളവർക്ക് സബ്സിഡിയിനത്തൽ വിതരണം ചെയ്യുന്ന ഒരു സർക്കാർ ഏജൻസിയായി ചുരുങ്ങിയിരിക്കുകയാണ്. കൂട്ടായ്മയോടെ കൃഷി നടത്തുവാനുള്ള ബോധവൽക്കരണം, എലിനശീകരണം, തോടുകൾ, കുളങ്ങൾ വെട്ടി സംരക്ഷിക്കുക, തെങ്ങുരോഗത്തിനും മറ്റുകൃഷികൾക്കും കൃഷിഭവൻെറ ആഭിമുഖ്യത്തിൽ കീടനാശിനികൾ തളിപ്പിക്കുക, നല്ല കർഷകരെ അവാർഡു നൽകി പ്രോത്സാഹിപ്പിക്കുക, വിത്തും വളങ്ങളും സബ്സിഡി നിരക്കിൽ നൽകുക മുതലായ പ്രധാന കാര്യങ്ങളിൽ കൃഷി ഉദ്യോഗസ്ഥൻമാരുടെ ശ്രദ്ധപതിയുന്നില്ല.

കൂടാതെ പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ കാർഷികാവശ്യത്തിനു ഉതകുമാറുള്ള വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്താറില്ല. കാർഷിക വായ്പക്കായി സംഘങ്ങൾക്ക് മേൽ ബാങ്കുകൾ

അലോട്ടുചെയ്യുന്ന തുകകൾ വൻകിട കൃഷിക്കാർ കൈയ്യടക്കി ദുരുപയോഗം ചെയ്യുന്ന രീതിയും കുറവല്ല. കാർഷികാവശ്യത്തിന് വാങ്ങുന്ന പണം പല കർഷകരും മറ്റ് ആവശ്യങ്ങൾക്ക് ദുർവിനിയോഗം ചെയ്യുന്നു എന്നതും സ്മരിക്കുകയാണ്. ഇതും കാർഷിക മേഖലയുടെ തളർച്ചക്കു കാരണമാണ്.

1970 മുതൽ കുടികിടപ്പവകാശം കിട്ടിയിട്ടുള്ള 10 സെൻറു ഭൂമിയിൽ ആണ്ടിൽ 10, 000 രൂപവരെ കാർഷിക വൃത്തിയുടെ ആദായം ഉണ്ടാക്കുന്നവരും, മറ്റൊരുവിഭാഗം തൻെറ പത്തുസെൻറിൽ കേവലം ഒരുവാഴ പോലും വച്ചുപിടിപ്പിക്കാതെ കാർഷികോത്പന്നങ്ങളുടെ വിലവർദ്ധനവിനെ വിമർശിക്കുന്നവനും ഇല്ലാതില്ല. എന്നാൽ കൃഷി ഉദ്ധ്യോഗസ്ഥരുടെ ഉത്സാഹത്തോടുകൂടി പഞ്ചായത്തിൻെറ മുക്കിലും മൂലയിലും ജനങ്ങളെ ബോധവത്കരിക്കേണ്ട ധാരാളം കാര്യങ്ങൾ അവശേഷിക്കുന്നു. വിവിധയിനം മണ്ണ്, മണ്ണിൻെറ ഗുണദോഷവശം ഇവക്കുള്ള വളപ്രയോഗം, ഏതെല്ലാം കൃഷിക്ക് യോജ്യമാണ്, ഇതെപ്പറ്റിയൊക്കെ കൃഷി ഉദ്യോഗസ്ഥർ മറ്റ് ഗവൺമെൻറ് ഏജൻസികളുമായി യോജിച്ച് കർഷകരെ സഹായിക്കേണ്ടതാണ്. നമ്മുടെ ഗ്രാമങ്ങളിൽ പച്ചക്കറി കൃഷി നടത്തുന്നതിനായി നമ്മുടെ സംസ്ഥാന വിഹിതം 9 കോടിയാണ് എന്നതു പലരും അറിയുന്നില്ല. ഇതിൻെറ വിഹിതം വേണ്ടവിധം നമ്മുടെ പഞ്ചായത്തിൽ വിനിയോഗിക്കുന്നില്ല എന്നതും ഗൗരവമായി എടുക്കേണ്ടതാണ്.

## ജലസേചനം

നമ്മുടെ പഞ്ചായത്തിൽ ഉപ്പു വെള്ളം കയറുന്ന സ്ഥലങ്ങളും ധാരാളമുണ്ട്. ഈ പ്രദേശങ്ങളിൽ തെങ്ങു കൃഷി ഒഴികെ മറ്റൊന്നിനും സാധ്യമല്ലെങ്കിലും മണ്ണിട്ട് ഉയർത്താൻ സർക്കാർ തലത്തിൽ ധാരാളം പദ്ധതികളുണ്ട് മണ്ണു സംരക്ഷണ വകുപ്പു മുഖാന്തിരം മേൽപറഞ്ഞ പ്രദേശം ഉയർത്തി എല്ലാ കൃഷിക്കും യോഗ്യമാക്കിയെടുക്കുന്നതിന് കോടിക്കണക്കിന് രൂപ നമ്മുടെ സംസ്ഥാനത്തിന് വിഹിതമായുണ്ട്. ഇതിലൂടെ ഓരുജലപ്രദേശം എല്ലാകൃഷിക്കും ഉപയുക്തമാക്കാമെന്നു തെളിയിക്കുവാനുള്ള ബോധവൽക്കരണം കൃഷി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകണം.

ഗ്രാമീണജലസേചനപദ്ധതിക്കായി സർക്കാർ തലത്തിൽ 85% സഹായത്തോടുകൂടി ഗ്രാമങ്ങളിലെ കൃഷിയാവശ്യത്തിനും വെള്ളത്തിൻെറ അഭാവം അസ്ഥാനത്താക്കി കൊണ്ട്, ഗ്രൂപ്പടിസ്ഥാനത്തിൽ ബോർവെൽ താഴ്ത്തി അതിലൂടെ കിട്ടുന്ന വെള്ളം നിശ്ചിത സമയത്ത് ഗ്രൂപ്പായി തിരിച്ച് കർഷകർക്ക് എത്തിച്ചുകൊടുത്തുകൊണ്ട് എല്ലാ കൃഷിയും നടത്തുവാൻ കഴിയുമെന്നതാണ് ഗ്രാമീണ ജലസേചന പദ്ധതിയുടെ ഉദ്ദ്യേശവും ലക്ഷ്യവും.

ജില്ലാ ഗ്രൗണ്ടു വാട്ടർ അതോറിട്ടി മുഖാന്തിരം കുഴൽ കിണർ അത്യാവശ്യമുള്ള സ്ഥലത്ത് സ്ഥാപിക്കുവാൻ സംവിധാനമുണ്ട്. കുടിവെള്ള ക്ഷാമം നിലനിൽക്കുന്ന സ്ഥലത്ത് ഇതു വേണ്ടവിധം ഉപയോഗിക്കാവുന്നതാണ്. കർഷക സംഘങ്ങൾ മുഖേന 90% വും സർക്കാർ വിഹിതത്തോടുകൂടി നടപ്പിലാക്കാവുന്ന ജലസേചന പദ്ധതിയും നിലവിലുണ്ട്. ഇതിൻെറ സംസ്ഥാന വിഹിതമായ 100 കോടി രൂപ സ്വാധിനമുള്ള ജനപ്രധിനിധികൾ തൻെറ മണ്ഡലത്തിൻെറ വികസനത്തിനു തിരിച്ചുകൊണ്ടുപോകുമ്പോൾ ബോധവൽകരണത്തിൻെറ കുറവുമൂലം നമ്മുടെ പഞ്ചായത്തിൽ കിട്ടേണ്ട വിഹിതം വിനിയോഗിക്കുവാൻ ജനപ്രതിനിധികൾ മുൻകൈ എടുക്കേണ്ടതാണ്.

MLA മുഖാന്തിരം ഒരു ജനകീയ കമ്മറ്റിക്ക് ഏറ്റെടുത്തു നടപ്പാക്കാവുന്ന മറ്റൊരു പ്രധാന പദ്ധതിയാണ് ഗ്രാമീണ ജലധാര പദ്ധതി. 70% സർക്കാർ വിഹിതവും 30% ജനപങ്കാളിത്തവുമാണ് ഇതിന്, മേൽ പദ്ധതിക്കായി നമ്മുടെ സംസ്ഥാനത്തിനു കിട്ടുന്ന വിഹിതം 400 ലക്ഷം രൂപയാണ്. ഈ വക കാര്യങ്ങൾ ജനങ്ങളെ പങ്കെടുപ്പിച്ചു ബോധവൽക്കരിക്കുവാനും മേൽപറഞ്ഞ പദ്ധതി ഗ്രാമങ്ങളിൽ നടപ്പിലാക്കുവാനും വിവിധ വകുപ്പു ഉദ്യോഗസ്ഥരും, പഞ്ചായത്തും നിരന്തരം ശ്രമിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. ഗ്രാമത്തിൽ ആവശ്യമുള്ള പച്ചക്കറികളും പഴവർഗ്ഗങ്ങളും ലഭ്യമല്ല. ആയതിനാൽ പോഷകാഹാരക്കുറവ് ഉണ്ടാകുന്നു.
2. പച്ചമരുന്നുകൾ ലഭ്യമല്ലാത്തതിനാൽ ആയുർവേദം പോലുള്ള ചികിത്സാ സമ്പ്രദായം ഇല്ലാതാകുന്നു.
3. കർഷകത്തൊഴിലാളികൾ, തെങ്ങുകയറ്റത്തൊഴിലാളികൾ എന്നിവരെ ലഭ്യമല്ല.
4. വർദ്ധിച്ച കൂലിനിരക്ക്.
5. ഉത്പാദനവും അസ്ഥിരമായ വിലയും.
6. മാർക്കറ്റുകളുടെ കുറവ്.
7. വളം, കീടനാശിനികൾ എന്നിവകളുടെ വിലവർദ്ധനവ്.
8. താഴ്ന്ന പ്രദേശങ്ങളും വെള്ളക്കെട്ടുകളും.
9. ഉൾനാടൻ ജലസ്രോതസുകളുടെ നശീകരണം.
10. തോടുകളും, നീർച്ചാലുകളും നികത്തൽ.
11. പുറം പോക്കുകളിലെ, പ്രത്യേകിച്ചും തീരപ്രദേശങ്ങളിലെ ഭൂമി കൈയ്യേറ്റം.
12. ഭൂഗർഭ ജലത്തിൻെറ അമിതമായ ഉപയോഗം.
13. പൊതു തോടുകളുടെ സംരക്ഷണക്കുറവ്.
14. ഗ്രാമീണറോഡുകൾ നെൽപ്പാടങ്ങ ളിലൂടെയും തോടുകൾക്ക് കുറുകയും കടന്നു പോകുമ്പോൾ സ്ഥലം നികത്തുന്നതിനാൽ ഉണ്ടാകുന്ന വെള്ളക്കെട്ടുകൾ.
15. എലിശല്യം.
16. കൂട്ടുകൃഷി സമ്പ്രദായങ്ങളുടെ കുറവ്. ഉള്ളതിൻെറ പരാജയം.
17. അഞ്ചു സെൻറു മുതലുള്ള വീടുകൾക്ക് കൃഷിക്കും കുടിവെള്ളത്തിനും കൃഷി ഭവൻെറ സബ്സിഡിയോടുകൂടിയുള്ള പമ്പ് സെറ്റ് നല്കാതിരിക്കുക.
18. ജലസേചന സൗകര്യങ്ങളുടെ ലഭ്യതക്കുറവ്.
19. ഓരുവെള്ളത്തിൻെറ ആധിക്യം.
20. നല്ല വിത്തുകളുടേയും നടീൽ വസ്തുക്കളുടേയും ലഭ്യതകുറവ്.
22. വിതരണ രംഗത്തു ഇടത്തട്ടുകാരുടെ ചൂഷണം.
23. വൈദ്യുതി കണക്ഷൻ കിട്ടുന്നതിനുള്ള ബുദ്ധിമുട്ട്.

## പരിഹാര നിർദ്ദേശങ്ങൾ

1. ഒരു വാർഡിൽ ഒരേക്കർ വീതം വിസ്തൃതിയുള്ള 30 പച്ചക്കറി വിത്തുത്പാദന കേന്ദ്രങ്ങൾ പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ആരംഭിക്കുക. ഇവിടെനിന്ന് പച്ചക്കറികളും പച്ചക്കറി വിത്തുകളും വില കുറച്ചു വില്പന നടത്തുക.
2. അത്യാവശ്യമുള്ളതും, അപൂർവ്വ മായതുമായ പച്ചമരുന്നുകൾ കൃഷി ചെയ്യുന്ന 10 തോട്ടങ്ങൾ വാർഡിൽ ഒന്നു എന്ന തോതിൽ ഒരേക്കർ മുതൽ രണ്ടേക്കർ വരെ പഞ്ചായത്തിൻെറ സഹായത്തോടെ ആരംഭിക്കുക.
3. ചെറുപ്പക്കാരെ കാർഷിക മേഖലാ തൊഴിലുകളിലേക്കു ആകർഷിക്കുന്ന തരത്തിൽ ആവശ്യമായ പരിശീലനവും, ആനുകൂല്യങ്ങളും നൽകുകയും പഞ്ചായത്തിൽ മൊത്തം ഏകീകൃത കൂലി സമ്പ്രദായം നടപ്പിലാക്കുകയും ചെയ്യുക.
4. ജോലിക്കനുസൃതമായി സ്ത്രീക്കും, പുരുഷനും, തുല്യ കൂലി നൽകുക.
5. കൃഷി ശാസ്ത്രീയമാക്കുകയും, ഉല്പന്നങ്ങൾക്ക് വില സാമാന്യരീതിയിൽ ഏകീകരിക്കുവാൻ ശ്രമം നടത്തുക.
6. പഞ്ചായത്തിൽ ഒരു പഴം പച്ചക്കറി മാർക്കറ്റ് ഉണ്ടാക്കുകയും ആഴ്ച ചന്തകൾ നടത്തുകയും ഉല്പാദകർ ഈ മാർക്കറ്റിലൂടെ മാത്രം ഉല്പന്നങ്ങൾ വില്ക്കുകയും ചെയ്യുക. പഴം , പച്ചക്കറി കൃഷി സഹകരണാടിസ്ഥാനത്തിൽ ആക്കുക.
7. രാസ ജൈവവളങ്ങൾക്കും കീടനാശി നികൾക്കും കൂടുതൽ സൗജന്യങ്ങൾ അനുവദിക്കുകയും ഇവ മാർക്കറ്റിൽ സുലഭമാക്കുകയും ചെയ്യുക.
8. വെള്ളക്കെട്ട് ഉണ്ടാകുന്ന താഴ്ന്ന പ്രദേശങ്ങൾ മണ്ണിട്ടുയർത്തുവാൻ സാമ്പത്തിക സഹായം നൽകുക. അതുപോലെ തന്നെ ജലനിർഗമന സൗകര്യങ്ങൾക്കും സഹായം നൽകുക.
9. ഓരോ വാർഡിലും, പുരയിടങ്ങളിലുള്ള സ്വകാര്യ കുളങ്ങളും ചെറിയ, ചെറിയ കൈത്തോടുകളുമൊക്കെ നികത്തിപുരയിടങ്ങൾ ആക്കുന്നത് നിയമം മൂലം, കർശനമായി നിരോധിക്കേണ്ടതും, അയൽപുരയിടക്കാരൻ, ഗവൺമെൻറു പുറംപോക്കുകൾ കൈയ്യേറുന്നതും, തോടുകൾ കൈയ്യേറി നികത്തുന്നതും കർശനമായി നിരോധിക്കേണ്ടതാണ്. ഇപ്പോഴുള്ള അത്തരം കൈയ്യറ്റങ്ങൾ ഒഴിപ്പിച്ച് അവശരെ പുനരധിവസിപ്പിക്കണം.
10. നിലവിലുള്ള വെളുത്തേടത്തു തോട്, പുത്തൻ തോടും, വേലപ്പൻ തോട്, കാവിൽ തോട്, വെള്ളാഴത്തു തോട്, പുല്ലൻചിറമുതൽ വടക്കോട്ട്, പ്ലാശ്ശേരിചിറവരെ വരുന്ന തോട് എന്നിവക്ക് ആഴം കൂട്ടി, സൈഡുകൾ കരിങ്കൽ കെട്ടി ആവശ്യമുള്ളിടത്ത് ചീപ്പുകൾ കെട്ടി സംരക്ഷിക്കേണ്ടതാണ്. കൂടാതെ 1 മുതൽ 10 വരെ വാർഡുകളിൽ ഉള്ള 45 കി.മീ. നീളം വരുന്ന വിവിധ ചെറിയ തോടുകൾ ആഴം കൂട്ടി സൈഡു കരിങ്കൽ കെട്ടി സംരക്ഷിക്കണം. കൂടാതെ പഞ്ചായത്തിൻെറ വടക്കും കിഴക്കും തെക്കും അതിരുഭാഗം മുഴുവൻ കായലിനാൽ ചുറ്റപ്പെട്ടതായതിനാൽ ഇതു മുഴുവൻ കരിങ്കൽ കെട്ടി തീരദേശം സംരക്ഷിക്കേണ്ടതാണ്.
11. അനിയന്ത്രിതമായി വളർന്നു കൊണ്ടിരിക്കുന്ന കുഴൽ കിണർ നിർമ്മാണം ഭൂഗർഭ ജലത്തെ പെട്ടന്നു വറ്റിക്കുന്നു. മാത്രമല്ല, കുഴൽ കിണർ ഉണ്ടാകുന്നതോടുകൂടി കുളം, കിണർ എന്നിവ നാം ശ്രദ്ധിക്കാതെ വരികയും അവ ഉപയോഗ ശൂന്യമാവുകയും ചെയ്യുന്നു. ഇതു തടയേണ്ടതാണ്.
12. സ്പ്രിംഗ്ലർ-–ഇറിഗേഷൻ, ട്രിപ്പ് ഇറിഗേഷൻ തുടങ്ങിയ എറ്റവും കുറവു ജലം ഉപയോഗിക്കുന്ന ജലസേചന സാധനങ്ങൾക്ക് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകി വികസിപ്പിക്കുക.

13. 5 സെൻറ് മുതലുള്ള എല്ലാ വിഭാഗം വീട്ടുകാർക്കും, കുടി വെള്ളത്തിനായും പ്രസ്തുത ഭൂമിയിലെ ചെയ്യാവുന്ന കൃഷിക്കായി ജലസേചന സൗകര്യത്തിനും, കൃഷിഭവൻ വഴിയുള്ള പമ്പ് സെറ്റ് സബ്സിഡി അനുവദിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇന്നു നിലവിൽ 30 സെൻറിനുമേൽ ഭൂമി ഉള്ളവർക്കായി നിജപ്പെടുത്തിയിട്ടുള്ള പമ്പ് സെറ്റ് സബ്സിഡി, മേൽപറഞ്ഞ 5 സെൻറ്കാരൻ മുതൽ മേലോട്ടുള്ളവർക്ക് അടിയന്തിരമായി ഇളവുകൾ അനുവദിക്കേണ്ടതാണ്.

14. കുളങ്ങളും ചതുപ്പുകളും തോടുകളും നികത്തിയുള്ള റോഡു നിർമ്മാണം പ്രോത്സാഹിപ്പിക്കാതിരിക്കുകയും അവ അത്യാവശ്യമായിവരികയാണെങ്കിൽ അവിടെ കലിങ്കുകൾ കെട്ടുകയും ചെയ്യുക.

15. എലി നശീകരണ കാമ്പയിനുകൾ സംഘടിപ്പിക്കുക.

16. കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുകയും ഇത്തരം പരാജയപ്പെട്ട സംരംഭങ്ങളെ അപഗ്രഥിക്കുകയും ചെയ്യുക.

17. ഓരു വെള്ളം യഥാസമയം മുട്ടിട്ടു തടയുകയും അതു പഞ്ചായത്ത് പരിശോധിച്ചു ഉറപ്പു വരുത്തുകയും ചെയ്യുക.

18. കാർഷിക രംഗത്ത് ട്രില്ലർ, ട്രാക്ടർ, മൈക്രോണൈസർ, സ്പ്രേയർ, വിതയന്ത്രം, തെങ്ങുകയറ്റയന്ത്രം തുടങ്ങിയ ഉപകരണങ്ങൾ പ്രചരിപ്പിക്കുക.

19. അത്യുത്പാദനശേഷിയുള്ള നടീൽ വസ്തുക്കളും വിത്തുകളും വിതരണം ചെയ്യുകയും ഇവയുടെ വിതരണത്തിന് വിപുലമായ പ്രചരണം നടത്തുകയും ചെയ്യുക.

20. പയറുവർഗ്ഗങ്ങളുടെ കൃഷി വികസിപ്പിക്കുകയും ചണമ്പു, കൊളിഞ്ചി, പ്യൂറേറിയ, കലപ്പഗോണിയം, തുടങ്ങിയ പച്ചില വർഗ്ഗ കൃഷി പ്രചരിപ്പിക്കുക.

21. മണ്ണ് പരിശോധന സാർവ്വത്രികമാക്കുക.

22. പഞ്ചായത്തിലെ കൃഷിഭവനുകളിലൂടെ നടക്കുന്ന പ്രവർത്തനങ്ങളെ ജനസമൂഹത്തിനു മുഴുവൻ അറിയുവാൻ തക്കവണ്ണമുള്ള വിപുലമായ പ്രചരണം നടത്തുക.

23. കാർഷിക വായ്പ കിട്ടുവാനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുക. 25,000 രൂപ വരെയുള്ള കാർഷിക വായ്പകൾ പലിശ കുറച്ചു നാമമാത്രമായ ജാമ്യത്തിൽ നൽകുക, സഹകരണ പ്രസ്ഥാനങ്ങളുടെ ഈ രംഗത്തെ നിസ്സംഗത പരിഹരിക്കണം പഞ്ചായത്തിലെ ഏക ബാങ്കായ കോർപ്പറേഷൻ ബാങ്കിൻെറ പ്രവർത്തനം കുറെക്കൂടി ക്രിയാത്മക മാക്കണം.

24. പഞ്ചായത്തിൽ ദേശസാത്കൃതബാങ്കിൻെറ മറ്റൊരു ശാഖ കൂടി അനുവദിക്കുക.

25. പഞ്ചായത്തിൽ എല്ലാവിധ കൃഷികൾക്കും, കൃഷിക്കാർക്ക് മത്സരങ്ങളും അവാർഡുകളും ഏർപ്പെടുത്തുകയും, അവാർഡു ജേതാക്കളായ കൃഷിക്കാരുടെ മക്കൾക്ക് കോളേജ് അഡ്മിഷൻ, പൊതുമേഖല പി.എസ്.സി. നിയമനങ്ങൾക്ക് നിശ്ചിത ശതമാനം മുൻഗണന നൽകണം.

26. എൽ.പി., യു.പി. ഹൈസ്കൂൾ നിലവാരങ്ങളിൽ ആഴ്ചയിൽ 2 പിരിയഡ് എങ്കിലും കൃഷി വിഷയമായി പഠിപ്പിക്കുക.

27. വൈദ്യുത കണക്ഷനുകൾ കിട്ടുവാനുള്ള അപേക്ഷകൾക്ക് മിനിമം ഗാരണ്ടി പോലുള്ള തടസ്സങ്ങൾ ലഘൂകരിക്കുകയും കൺസൻറ് കിട്ടുവാനുള്ള സ്ഥലങ്ങൾ എ.ഈ.ഈ. യുടെ അഭിപ്രായത്തിനു വിട്ടുകൊണ്ട് തർക്കമുള്ള സ്ഥലങ്ങളിൽ താല്കാലിക കണക്ഷനുകൾ നൽകുകയും ചെയ്യുക. കൈവയർ കണക്ഷനുകൾ ഒരാഴ്ചക്കകം നൽകുക.

28. ഓരോ പ്രദേശത്തിനും അനുയോജ്യമായ കൃഷി രീതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുകയും സ്കെയിൽ ഓഫ് ഫൈനാൻസ് പ്രാദേശികമായി നിജപ്പെടുത്തുകയും ചെയ്യുക.

29. ജല മലിനീകരണം നടത്തുന്ന വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കുമെതിരെ കർശന നടപടികളെടുക്കുക.

30. കൂൺ, ഓർക്കിഡ്പൂ കൃഷികൾ വികസിപ്പിക്കുക. പപ്പായ കൃഷി പ്രചരിപ്പിക്കുക.

31. തരിശു ഭൂമി കൃഷി ചെയ്യിക്കാനുതകുന്ന പരിപാടികൾ ആവിഷ്കരിക്കുക.

# വികസന റിപ്പോർട്ട് - പാർപ്പിടം സാമൂഹിക ക്ഷേമം

കിഴക്കിൻെറ വെനീസ്സ് എന്നറിയപ്പെട്ടിരുന്ന ആലപ്പുഴ ഒരു പിന്നോക്ക ജില്ലയാണ്. പ്രസ്തുത ജില്ലയിലെ വളരെ പിന്നോക്കം നില്ക്കുന്ന ഒരു പഞ്ചായത്താണ് വയലാർ ഗ്രാമപഞ്ചായത്ത്. ഇന്ത്യൻ രാഷ്ട്രീയത്തിലും കാവ്യലോകത്തും തിളങ്ങിയിട്ടുള്ള ഇന്നും തിളങ്ങി നില്കുന്ന അനേകം പ്രതിഭകൾക്ക് ജന്മം നൽകിയിട്ടുള്ള പാരമ്പര്യമുള്ള മണ്ണാണ് വയലാർ എങ്കിലും ഈ പഞ്ചായത്തിലെ ജനങ്ങളുടെ പാർപ്പിടപ്രശ്നം ദയനീയമാണെന്നാമുഖമായി പ്രസ്ഥാവിച്ചുകൊണ്ട്, പഞ്ചായത്തിൻെറ ചരിത്രപശ്ചാത്തലത്തിലേക്ക് വിരൽ ചൂണ്ടുകയാണ്.

വർഷങ്ങൾക്കുമുമ്പ് ഈ പഞ്ചായത്തിലെ ജനങ്ങളുടെ വീടുകൾ ആറുകാലിൽ മടൽചാരി കെട്ടി അറുകാൽപുരയിൽ താമസിക്കുന്ന സമ്പ്രദായമായിരുന്നു. എന്നാൽ ചുരുക്കം ചിലമേൽത്തട്ടുകാർ അറയും പുരയും തടികൊണ്ട് നിർമ്മിച്ച വീടുകളിൽ താമസിച്ചിരുന്നതായി കാണാം. കാലക്രമേണ ഇങ്ങനെയുള്ള വീടുകൾ മാറി, അല്പം കൂടി മെച്ചപ്പെട്ട രീതിയിൽ ഉയരത്തിൽ ഓലമേഞ്ഞും, ഓടുമേഞ്ഞും പുരോഗതിയുടെ പാതയിലേക്ക് കടന്നുവന്നു. എന്നാൽ ഇന്നും അമ്പതു ശതമാനത്തിലധികം ചെറിയ വീടുകളാണ്. അപൂർവ്വം കോൺക്രീറ്റ് വീടുകളും ഇല്ലാതില്ല. പ്രധാനമായും ഇന്നാട്ടിലെ വീടുനിർമ്മാണത്തിനുപയോഗിക്കുന്നത് തടി, കല്ല്, ചുടുകട്ട, ഓട് മുതലായവയാണ്. അനേകം കിലോമീറ്ററുകൾ അകലെ നിന്നും ഈ സാമഗ്രികൾ വരുമ്പോൾ ഉണ്ടാകുന്ന കൂലിച്ചെലവ്, വീട് നിർമ്മാണത്തിന് ഒരു വെല്ലുവിളിയായി നില്ക്കുകയാണ്.

എന്നാൽ പാർപ്പിട പ്രശ്നങ്ങൾക്ക് ഇതുപോലുള്ള പോരായ്മകൾ സംഭവിക്കുന്നത് പ്രധാനമായും, ഇന്നാട്ടിലെ ജനങ്ങളുടെ തൊഴിലില്ലായ്മയും അതുമൂലമുള്ള സാമ്പത്തിക പരാധീനതയുമാണ്. സാധാരണക്കാരന് വീട് നിർമ്മികുന്നതിന് സർക്കാരിൻെറ വിവിധ ഏജൻസികൾ നല്കുന്ന സാമ്പത്തിക സഹായം തുലോം കുറവാണെന്നു പറയാതിരിക്കാൻ വയ്യ. പ്രസ്തുത തുക കൊണ്ട് വീടുനിർമ്മാണം പ്ലാൻ അനുസരിച്ച് തീരാതെവരുമ്പോൾ മനസ്സിൽ തോന്നുന്ന രീതിയിൽ കൊണ്ടെത്തിച്ച് അവസാനിപ്പിക്കുക. അല്ലെങ്കിൽ വീട് പൂർണ്ണമാകാതെ പകുതി ഓടും, കുറെ ഓലമേഞ്ഞും നിർത്തുക. ഇതുപോലെ സംഭവിക്കുവാനുള്ള കാരണം മേൽപറഞ്ഞ ഗവൺമെൻറ് ഏജൻസികളിലെ ഉദ്യോഗസ്ഥരുടെ കണക്കിലെ പിഴവുകൾ തന്നെയാണ്.

ഇക്കാരണത്താലാണ്
~~ഇത്തരത്തിലാണ്~~. ഗ്രാമങ്ങളിലെ ഏതുനിർമ്മാണപ്രവർത്തനത്തിനും ജനകീയ ആസൂത്രണത്തിൻെറ പ്രസക്തി ദൃശ്യമാകുന്നത്. കൂടാതെ ഈ ഗ്രാമപഞ്ചായത്തിലെ കാലാവസ്ഥക്കനുസരിച്ച് വീടുനിർമ്മിക്കുവാനുള്ള സാമഗ്രികളുടെ ഗുണനിലവാരം പഠിച്ച ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് ഓരോതരം വീടുകളുടേയും, നിർമ്മാണത്തിന് വരുന്ന മതിപ്പുതുക കണ്ടുപിടിച്ചും ഗുണഭോക്താവിന്, ഗുണകരമായിരിക്കും വിധമുള്ള സംവിധാനത്തോടുകൂടിയതുമായ ഒരു ഭവനനിർമ്മാണ സഹകരണ സംഘം പഞ്ചായത്തിലാകമാനം സഹായഹസ്തം എത്തിക്കുവാൻ ഉടലെടുക്കേണ്ടതാണ്.

പഞ്ചായത്തിലെ പലവീടുകളും അടിത്തറമുതൽ ദ്രവിച്ചുവരുന്നത് സർവ്വസാധാരണമാണ്. കാരണം ഈ പുരയിടങ്ങളിൽ ഉപ്പുവെള്ളം കയറുന്നതിനാലാണ്. ഇതിൽ നിന്നു മുക്തി നേടുന്നതിന് കരിങ്കൽ കെട്ടി വീടിൻെറ അടിസ്ഥാനം നിർമ്മിക്കുകയും സ്ഥലം മണ്ണിട്ട് ഉയർത്തുകയുമാണ് വേണ്ടത്. കൂടാതെ ഓരോ വീട്ടുകാരുടേയും ആരോഗ്യകരമായ ജീവിതത്തിന് കക്കുസ്, അത്യാവശ്യമാണ്. എന്നാലിന്നും

പഞ്ചായത്തിലെ പലയിടങ്ങളിലും ജനങ്ങൾ പറമ്പിൽ തന്നെ കുഴിയെടുത്തും അടുത്ത തോട്ടിൽ കക്കൂസ് കെട്ടിയും ഉപയോഗിക്കാറുണ്ട്. കുടിവെള്ളത്തിലൂടെയും മറ്റ് ജലാശയത്തിലൂടെയും ഇതുമൂലം ഉണ്ടാകുന്ന ഭവിഷ്യത്ത് വലുതാണെന്ന് പലരും മനസ്സിലാക്കുന്നില്ല. ഇതിനായി സർക്കാർ ഏജൻസികളേയും, ബ്ലോക്ക്, പഞ്ചായത്ത് എന്നിവർ ഒരുമിച്ച് എല്ലാവീടുകൾക്കും സേഫ്റ്റിക് ടാങ്ക് ഉൾപ്പെടെയുള്ള സാനിട്ടറി സംവിധാനം ഉണ്ടാക്കേണ്ടതാണ്.

കോളനികളെ സംബന്ധിച്ച് പൊതു കക്കൂസുകൾ ഒഴിച്ചുകൂടാനാവാത്ത ഘടകമാണ്. ഇവിടെ വൃക്ഷലതാദികൾ തുലോം കുറവാണ്. 90% ൽ അധികം ആളുകളും പാചകത്തിനായി വിറകുഅടുപ്പുകൾ ആണ് ഉപയോഗിക്കുന്നത്. ഇതുമൂലം വിറക് ക്ഷാമം, പുകയിൽ നിന്ന് ഉണ്ടാകുന്ന മാരകരോഗം ഇവകൾക്ക് മാറ്റം വരണമെങ്കിൽ ഇന്നത്തെ സംവിധാനം മാറ്റി പുകയില്ലാത്ത അടുപ്പുകളുടെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്.

കൂട്ടുകുടുംബ സമ്പ്രദായം ഇവിടെ നിന്ന് മാറിയ സാഹചര്യത്തിൽ വീടില്ലാത്തവരുടെ എണ്ണം ഏറിവരികയാണ്. ഇവരിൽ നല്ലൊരു ശതമാനം പേരും ചെറിയ വീടുകൾ നിർമ്മിച്ച് താമസിക്കുകയാണ്. ഇതിന് പ്രധാനകാരണം ഭവനനിർമ്മാണ സാമഗ്രികളുടെ ഇവിടുത്തെ ലഭ്യതകുറവ് തന്നെയാണ്.

തെങ്ങിൻ തടിയെ ആശ്രയിച്ചാണ് കട്ടിള, ജനൽ, മേൽക്കൂര എന്നിവയുടെ നിർമ്മാണം. ഇന്ന് തെങ്ങ് രോഗത്തിൻെറ പിടിയിലകപ്പെട്ട ഇവിടെ, തെങ്ങിൻെറ ലഭ്യത വളരെ കുറഞ്ഞു. ഇതിനായി ബലംകുറഞ്ഞ തടികൾ ഡീസണ്‍ ചെയ്ത് വീട് നിർമ്മാണത്തിന് ഉപയോഗിക്കുന്നതിനാവശ്യമായ വുഡ്സീസണിങ്ങ് യൂണിറ്റ് നമ്മുടെ പഞ്ചായത്തിൽ അത്യന്താപേക്ഷിതമാണ്. കൂടാതെ കട്ടിള, ജനൽ എന്നിവക്കായി കോൺക്രീറ്റ് നിർമ്മിത ഉത്പന്നങ്ങൾ ഉപയോഗിക്കാവുന്നതാണ്. വീട് നിർമ്മിക്കുന്നതിന് നൂറുകണക്കിന് കിലോമീറ്റർ അകലെ നിന്ന് കൂടിയ വിലക്ക് ചുടുകട്ടയും മറ്റും കൊണ്ടുവരുന്ന സാഹചര്യം ഇന്ന് നിലവിലുണ്ട്. എന്നാൽ നമ്മുടെ പറമ്പിലെ മണൽ ഉപയോഗിച്ച് കോൺക്രീറ്റ് കട്ട ലാഭകരമായും ഉറപ്പായും അവരവരുടെ വീട്ടുമുറ്റത്ത് ഉത്പാദിപ്പിച്ച് വീട് നിർമ്മിക്കുന്നത് ലാഭകരമാണെന്നുള്ളത് ജനങ്ങളെ ബോധവത്കരിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ 20 ൽ ഏറെ കോളനികൾ സ്ഥിതി ചെയ്യുന്നു. കോളനി നിവാസികൾക്ക് നാലു സെൻറ് ഭൂമിവീതം പതിച്ചുകൊടുത്ത് ഇതിലോരോരുത്തരും ചെറിയ കുടിൽ, കക്കൂസ്, കുടിവെള്ളം ഇവകൾക്കായി സ്ഥലം കണ്ടെത്തുന്നു. ഇതുമൂലം ഇവർക്ക് ജീവിത സൗകര്യത്തിലും ആരോഗ്യപ്രശ്നത്തിലും, കുട്ടികളുടെ വളർച്ചയിലും ഉണ്ടാകുന്ന പ്രശ്നങ്ങൾ അവർണ്ണനീയമാണ്. എന്നാലിവിടെ ഒന്നിലധികം നിലകളുള്ള വീടുകൾ നിർമ്മിച്ച് സ്ഥലം ലാഭപ്പെടുത്തി ഒഴിഞ്ഞ സ്ഥലങ്ങളിൽ കക്കൂസ്, കുളിമുറി, കുടിവെള്ളം, വായനശാല, കുട്ടികൾക്കുള്ള കളിസ്ഥലം എന്നിവ കണ്ടെത്തുവാൻ നിഷ്പ്രയാസമാണ്. എന്നാൽ ഇതിൻെറ പൂർത്തീകരണത്തിനായി സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സാമ്പത്തികമായി സഹായിച്ചാൽ മാത്രമേ ഇത് സാധിക്കുകയുള്ളു. പഞ്ചായത്തിൽ കായലോരങ്ങളിലും പുറമ്പോക്ക് ഭൂമിയിലും നികർത്തിയും കൈയ്യേറിയും താമസിക്കുന്നവർക്ക് രേഖകൾ ഇല്ലാത്തതിൻെറ പേരിൽ വീട് നിർമ്മിക്കുന്നതിനും സർക്കാരിൻെറ സൗജന്യ വീടുകൾ ലഭിക്കുന്നതിനുമുള്ള അവസരം നിഷേധിക്കപ്പെടുന്നു. ഇതിനൊരു മാററം വരുത്തുവാൻ അർഹതയുള്ളവരെ പട്ടയം നൽകി സഹായിക്കാവുന്നതാണ്. ഇതിനുള്ള സത്വര നടപടികൾ സർക്കാരിൻെറ ഭാഗത്തുനിന്നും പഞ്ചായത്തിൻെറ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

അവശവിഭാഗത്തിനായി സർക്കാർ നടപ്പിലാക്കുന്ന ഭവനനിർമ്മാണ സഹായം യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കാതെ അനർഹർ തട്ടിയെടുക്കുന്നത് തടയുവാനായി ഈ അധികാരം പഞ്ചായത്തുതല ഭരണസമിതിക്ക് നൽകേണ്ടതാണ്. കൂടാതെ ഈ ഭവന നിർമ്മാണ വ്യവസ്ഥകൾ ജനോപകാരപ്രദമായി ലഘൂകരിക്കേണ്ടതാണ്.

വയലാർ പഞ്ചായത്തിൽ സുരക്ഷിതമായ വീടില്ലാത്തവരായി ഏതാണ്ട് 1500 ലധികം കുടുംബങ്ങൾ ഉള്ളതായി കണക്കാക്കുന്നു. സ്ഥിതിവിവരകണക്കനുസരിച്ച് 6930 വീടുകളാണ് നിലവിലുള്ളത്. ഇതിൽ 28 എണ്ണം ഒന്നിലധികം നിലകളുള്ളതും, 590 എണ്ണം കോൺക്രീറ്റ് ചെയ്തതും, 2043 എണ്ണം ഓലമേഞ്ഞതും, 132 അറു [illegible] പുരകളും സർവ്വസാധാരണം എന്നു പറയാവുന്ന ഓടുമേഞ്ഞ വീടുകൾ 4137 എണ്ണവും നിലവിലുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും പഞ്ചായത്തിൽ വൃദ്ധമന്ദിരത്തിൻെറ ആവശ്യകത ചില പ്രദേശങ്ങളിലെങ്കിലും നിലനിൽക്കുന്നു.

## പ്രശ്നങ്ങൾ

1. ഭവനനിർമാണ വസ്തുക്കൾ എത്തിക്കുന്നതിനുള്ള കൂലി ചെലവ് വളരെ കൂടുതലാണ്.
2. കൃത്യമായി തൊഴിൽ ഇല്ലാത്ത ഗ്രാമീണരുടെ പ്രതിശീർഷ വരുമാനം ദേശീയ നിലവാരത്തേക്കാൾ വളരെ താഴ്ന്നതാണ്.
3. ഭവന നിർമാണത്തിനായി സർക്കാർ നൽകുന്ന ധനസഹായം വളരെ പരിമിതമാണ്.
4. കൈവശഭൂമിയ്ക്ക് പട്ടയം ലഭിക്കാത്തതുകൊണ്ട് ഭവന നിർമാണ വായ്പകൾക്ക് അപേക്ഷ സമർപ്പിക്കാൻപോലും പലർക്കും കഴിയുന്നില്ല.
5. മണ്ണിൻെറ ഘടനാപരമായ തകരാറുമൂലം പല പ്രദേശങ്ങളും ഭവനനിർമാണത്തിന് അനുയോജ്യമല്ല.
6. ഓരുവെള്ളത്തിൻെറ സാന്നിധ്യം മൂലം വീടുകളുടെ ചെങ്കൽ ഭിത്തിയും, ചുടുകട്ട ഭിത്തിയും ദ്രവിച്ചുപോകുന്നു.
7. കോളനികളിലെ ഒറ്റപ്പുര എന്ന നിലവിലുള്ള വ്യവസ്ഥിതി.

## പരിഹാരങ്ങൾ

1. പുതിയ റോഡുകൾ തീർത്തുകൊണ്ട് ഗതാഗത സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുക. അതുപോലെ ജലഗതാഗതവം മെച്ചപ്പെടുത്തുക.
2. പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും, അതുവഴി ജനങ്ങളുടെ സാമ്പത്തിക വരുമാനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.
3. സർക്കാർ ഭവനനിർമാണ വായ്പകളുടെ പരിധി ഉയർത്തുകയും, വ്യവസ്ഥകൾ ഉദാരമാക്കുകയും ചെയ്യേണ്ടതാണ്. പഞ്ചായത്തിൽ ഭവനനിർമാണ സഹകരണ സംഘത്തിന് രൂപം നൽകണം.
4. ഇപ്പോൾ ജില്ലാതലത്തിൽ മാത്രമുള്ള നിർമിതി കേന്ദ്രങ്ങൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുന്നതിനും പ്രാദേശികമായി ലഭ്യമാകുന്ന കെട്ടിട നിർമാണ സാമഗ്രികൾ കണ്ടെത്തി പ്രയോജനപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകേണ്ടതാണ്.
5. കൈവശഭൂമിക്ക് പട്ടയം കിട്ടുന്നതിനുള്ള തടസങ്ങളും, പോക്കുവരവ് സംബന്ധിച്ച തർക്കങ്ങളും കാലതാമസം കൂടാതെ പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ റവന്യൂ ഡിപ്പാർട്ടുമെൻറിൽ നിന്നുമുണ്ടാകണം.
6. താഴ്ന്ന പ്രദേശങ്ങൾ മണ്ണിട്ട് ഉയർത്തുന്നതിനും, കായലോര പ്രദേശങ്ങൾ കരിങ്കല്ല് കെട്ടി സംരക്ഷികുന്നതിനുമുള്ള പദ്ധതികൾ മണ്ണുസംരക്ഷണ വകുപ്പിൻേറയും ജലസേചന വകുപ്പിൻേറയും സഹകരണത്തോടെ നടപ്പാക്കണം.
7. ആവശ്യമായ സ്ഥലങ്ങളിലെല്ലാം ഓരുമുട്ടുകൾ നിർമിക്കുകയും, വീടുകളുടെ അടിത്തറ പൂർണമായും കരിങ്കൽ കെട്ടിയും ഭിത്തി കോൺക്രീറ്റ് ബ്ലോക്കുകൾകൊണ്ടും

നിർമ്മിക്കുകയും, പൂർണമായി സിമൻറ് പ്ലാസ്റ്ററിങ്ങ് നടത്തുകയും വേണം. ഫൗണ്ടേഷൻ റീ കൺട്രീഷൻ ചെയ്യുന്നതിനുള്ള ധനസഹായം നൽകുക. (താഴ്ന്ന വരുമാനക്കാർക്ക്).

8. ഭവന നിർമാണ സാമഗ്രികൾ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കണം.

9. കോളനികളിൽ ഒറ്റപ്പുരകൾക്ക് പകരം ഫ്ളാറ്റ് സമ്പ്രദായം സ്വീകരിക്കേണ്ടതാണ്.

10. ഒരു വുഡ് സീസണിങ്ങ് യൂണിറ്റ് ആരംഭിക്കുക.

11. സിമൻറ് സാൻറ് ബ്രിക്സ് നിർമാണ യൂണിറ്റ് ആരംഭിക്കുക.

12. താഴ്ന്ന വരുമാനക്കാർക്ക് മുഴുവൻ ഭവന നിർമാണത്തിന് ധനസഹായം നൽകുക. (ദാരിദ്രരേഖക്ക് താഴെയുള്ളവർക്ക്).

13. കെട്ടിടങ്ങളുടെ റിപ്പയറിങ്ങിന് താഴ്ന്നവരുമാനക്കാർക്ക് സാമ്പത്തിക സഹായം അനുവദിക്കുക.

14. പുറംപോക്കു കയ്യേറ്റങ്ങൾ തടയുകയും, പുറംപോക്കു കായൽ, തോട് ഇവയിലുള്ള കൈകടത്തലുകൾ തടയുകയും ചെയ്യുക.

# സാമൂഹ്യക്ഷേമം

ഈ പഞ്ചായത്തിൽ നൂറുകണക്കിന് ആളുകൾ വിവിധയിനം പെൻഷൻ വാങ്ങുന്നവരാണ്. വിധവ, വികലാംഗ, കയർത്തൊഴിലാളി, കർഷകത്തൊഴിലാളി, അവശകലാകാരന്മാർ, ക്ഷയരോഗികൾ, കുഷ്ടരോഗികൾ തുടങ്ങിയവരും തൊഴിലില്ലായ്മ വേതനം വാങ്ങുന്ന ആളുകളും പഞ്ചായത്തിൽ വിരളമല്ല. എന്നാൽ ഉദ്യോഗസ്ഥന്മാരുടേയും വീഴ്ചകൾ എടുത്തുപറയാതിരിക്കാൻ നിവർത്തിയില്ല. അനർഹരെ ഒഴിവാക്കിയും അർഹരെ കണ്ടെത്തിയും യഥാകാലം അർഹർക്ക് പെൻഷൻ കൊടുക്കുന്നതിനും, കാലതാമസം നീങ്ങിയേ പറ്റൂ. ഇതിനായി സർക്കാർ മെഷീനറി വേണ്ടരീതിയിൽ ധൃതഗതിയിൽ ചലിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ തൊഴിൽ രഹിതവേതനം പറ്റുന്ന നൂറുകണക്കിന് തൊഴിൽ രഹിതർ നമുക്കുണ്ട്. ഇവരെ ഷെയർ ഹോൾഡർന്മാരാക്കി ഒരു വ്യവസായ സഹകരണ സംഘം രൂപീകരിച്ച് അതുവഴി സ്വന്തമായി തൊഴിൽ ചെയ്യുവാൻ ഉൽസുഖരാക്കുകയും, അതുമൂലം ഇവർക്ക് നാലക്ക വേതനം കിട്ടുവാനുള്ള സാധ്യത തെളിയുകയും ചെയ്താൽ, ഇന്നു നമ്മുടെ നാട്ടലെ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ എന്ന തീരാശാപം എന്നേയ്ക്കുമായി നിർമാർജനം ചെയ്യുവാൻ ഒരളവുവരെ സാധിക്കുന്നതാണ്. ഒരിക്കലും ഒരു രാജ്യത്തും യാതൊരു സർക്കാരിനും, മേൽപ്പറഞ്ഞവരുടെ തൊഴിൽപ്രശ്നം പരിഹരിക്കുവാൻ പറ്റില്ലായെന്നുള്ള യാഥാർത്ഥ്യം സ്വയം വിലയിരുത്താൻ തക്കവണ്ണം പഞ്ചായത്തുതല പ്രവർത്തനം കാഴ്ച്ചവയ്ക്കേണ്ടതാണ്.

പഞ്ചായത്തിലെ അംഗൻവാടികളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമല്ല. I C D S ഉദ്യോഗസ്ഥരുടെ അനാസ്ഥ ഒരു വശത്ത്, ജീവനക്കാരുടെ അനാസ്ഥ മറ്റൊരു കാരണവുമാകുന്നു. കൂണുകൾ പോലെ മുളയ്ക്കുന്ന സ്വകാര്യ നേഴ്സറിസ്കൂളുകളുടെ ജനനം, മറ്റൊന്ന് വർത്തമാനകാലത്ത് നമ്മുടെ പഞ്ചായത്തിൽ 21 അംഗൻവാടി പ്രവർത്തിക്കുന്നു. രണ്ടെണ്ണം പ്രവർത്തന സജ്ജമാകുന്നു. എങ്കിലും സ്വന്തം ആസ്ഥാനമുള്ളത് വെറും 13 എണ്ണം മാത്രമാണ്. നാലു സെൻററുകളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. എട്ടെണ്ണം ഇന്നും വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. അംഗൻവാടികളുടെ സുഗമമായ നടത്തിപ്പിന് പരിസരവാസികളുടെ ബെറ്റർമെൻറ് കമ്മിറ്റി പ്രദേശികമായി എല്ലാ സ്ഥലത്തും ഉണ്ടെങ്കിലും ഇവയൊന്നും സെൻററുകളുടെ നല്ല നടത്തിപ്പിനു ഗുണകരമായി ഭവിക്കുന്നില്ല. കൊച്ചുകുട്ടികളുടെ മാതാപിതാക്കൾ ചെയ്യേണ്ട ഭാരിച്ച ഉത്തരവാദിത്വങ്ങൾ, ഏറ്റെടുക്കുന്ന ഇവർക്ക് കൊടുക്കുന്ന വേതനം തുലോം കുറവെന്നതും, അതിനുത്തരവാദിത്വം കേന്ദ്ര, സംസ്ഥാന ഗവൺമെൻറുകൾക്ക് കൂട്ടായ അവകാശത്തിലായതിനാൽ ഇവരുടെ പ്രശ്നങ്ങൾ ഇന്നും വഴിമുട്ടി നിൽക്കുകയാണ്. 500 രൂപയും, അതിൽ താഴെയും വേതനംപറ്റി അർപ്പണ മനോഭാവത്തോടുകൂടി പണിയെടുക്കുന്ന ഏക വിഭാഗമാണിവർ എന്നത് പലരും സൗകര്യപൂർവം മറന്നുപോകുന്നു. ഇവരുടെ പ്രശ്നത്തിനായി പഞ്ചായത്ത് വേണ്ട ശുഷ്കാന്തി കാണിക്കുന്നതോടൊപ്പം അംഗൻവടികളിലെ പ്രവർത്തനവും ഇവർ അവരവരുടെ സെൻററുകളിൽ നല്ലതുപോലെ പ്രവർത്തിക്കുന്നു എന്നുറപ്പു വരുത്തുവാൻ പ്രത്യേക സംവിധാനവും അനിവാര്യമാണ്.

മുല ഊട്ടുന്ന അമ്മമാരുടെ, ഗർഭിണികളുടെ, ഗർഭകാലത്തെ ആരോഗ്യപരിപാലനം, വീട്, പരിസരശുചീകരണം, കുട്ടികളുടെ സ്വഭാവ രൂപീകരണം, ഗ്രാമങ്ങളിലെ സാനട്ടറി സംവിധാനങ്ങളുടെ പോരായ്മകൾ ഇവകൾക്കെല്ലാം പരിഹാരം കാണാൻ അംഗൻവാടികളുടെയും അതിലെ പ്രവർത്തകരുടേയും നിസ്തുലമായ സേവനം വളരെ വലുതാണ്. അതിനായി മേൽപ്പറഞ്ഞവരെ പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ I C D S ഉദ്യോഗസ്ഥന്മാർ ബോധവൽക്കരണം നടത്തുകയും ഇവർ മുഖാന്തിരം ഗ്രാമീണ ജനതയേയും ബോധവൽക്കരണം നടത്തുക വഴി നമ്മുടെ ഗ്രാമം ഒരു പരിധിവരെ ശുദ്ധീകരിക്കുവാൻ സാധിക്കുന്നതാണ്.

അംഗൻവാടികൾ കേന്ദ്രീകരിച്ച് തൊഴിൽ രഹിതരായ അമ്മമാരെ പങ്കെടുപ്പിച്ച് മഹി ളാ സമാജങ്ങൾ രൂപീകരിക്കുകയും, പ്രവർത്തനരഹിതമായി കിടക്കുന്നവ പുനരുജീവിപ്പി ക്കുകയും ചെയ്താൽ ഈ വിഭാഗത്തിൽപ്പെട്ട ആളുകളുടെ ഒഴിവുസമയം, ചെറിയ, ചെറിയ കൈത്തൊഴിലുകൾ ചെയ്യുവാനുള്ള സംവിധാനം നമ്മുടെ പഞ്ചായത്തിൻെറ മേൽ നോട്ടത്തിൽ ചെയ്തുകൊടുത്താൽ അതും നമ്മുടെ പഞ്ചായത്തിനെ വെളിച്ചത്തിൻെറ പാത യിലേക്ക് നയിക്കുമെന്നുള്ളത് തർക്കമറ്റ കാര്യമാണ്.

അതുപോലെതന്നെ വിവിധ ക്ലബുകൾ, സന്നദ്ധസംഘടനകൾ, അംഗൻവാടികൾ എന്നീ സാമൂഹ്യസംഘടനകളുടെ സേവനം വളരെ വലുതാണ്. സാമൂഹ്യജീവിതത്തിലുണ്ടാകു ന്ന, വിവിധ തർക്കങ്ങൾ, പിണക്കങ്ങൾ, പാരമ്പര്യമായി നിൽക്കുന്ന കുടിപ്പക എന്നിവയ് ക്ക് ഒത്തുതീർപ്പുണ്ടാക്കുവാനും, പരിഹാരം കാണുവാനും കഴിയുകവഴി നമ്മുടെ സമൂഹ ത്തിലെ പോരായ്മകൾ പരിഹരിക്കുവാൻ ഇവരുടെ സേവനം അനിവാര്യമാണെന്നുള്ളത് നാം വിസ്മരിച്ചുകൂടാ. ഇതൊക്കെ പ്രാവർത്തികമാകണമെങ്കിൽ പരസ്പര വിശ്വാസവും സ്നേഹബഹുമാനാദികളും നമ്മളിലും ഗ്രാമങ്ങളിലും ഉണ്ടാകേണ്ടതാണ്.

## പ്രശ്നങ്ങൾ

1. വിധവ, വികലാംഗ, കയർ, കർഷക, ക്ഷയം, കുഷ്ഠം, ക്യാൻസർ എന്നീ വിവിധയിനം പെൻഷനുകൾ യഥാകാലം വിതരണം ചെയ്യുന്നില്ല.
2. തൊഴിൽരഹിതരുടെ വേതനം അനർഹർ പറ്റുന്നു. യഥാസമയം ഇത് വിതരണം ചെയ്യുന്നില്ല.
3. തൊഴിൽ രഹിതവേതനം പറ്റുന്നവരെ സംഘടിപ്പിച്ചു തൊഴിൽ സാധ്യതയ്ക്കുള്ള മേഖലകൾ കണ്ടെത്തുന്നില്ല.
4. അംഗൻവാടികളുടെ പ്രവർത്തനം പുനക്രമീകരിക്കുന്നില്ല.
5. വീടുകളുടേയും മറ്റും സാനിട്ടറി പ്രശ്നങ്ങൾ.
6. ട്രൈസം പദ്ധതി പ്രകാരം പരിശീലനം ലഭിച്ചവരുടെ തൊഴിലില്ലായ്മ.
7. D W C R A യുടെ പ്രവർത്തനക്ഷമതയില്ലായ്മ.
8. SC/ST കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ എന്നിവകളുടെ സഹായ ധനം യഥാകാലം അർഹർക്ക് കിട്ടായ്ക.
9. കയർ, കാർഷിക, മൽസ്യ, നിർമാണ തൊഴിലാളികളുടെ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം.
10. I R D P സ്കീം നടപ്പിലാക്കുന്നതിലുള്ള അപാകത.

## പരിഹാരങ്ങൾ

1. വിധവകൾക്കും മറ്റ് വിവിധതരം പെൻഷനുകൾ സർക്കാർ നൽകുന്നത് വിശേഷനാളുകൾ നോക്കിയാണ്. അപ്പോഴും ഇത് പൂർണമായി നൽകാറില്ല. ഇതിനായി കാത്തിരിക്കുന്ന പാവങ്ങൾക്ക് തുക മാസംതോറും വിതരണം ചെയ്യുവാനുള്ള നടപടിക്രമം പ്രാവർത്തികമാക്കുകയും, അതെപ്പറ്റി പഞ്ചായത്തു ഭരണസമിതി ഉറപ്പുവരുത്തുകയും വേണം.
2. തൊഴിൽ രഹിതർക്കായി നൽകുന്ന വേതന പദ്ധതി നവീകരിച്ചു അവരുടെ കൂട്ടായ്മയോടെ സഹകരണാടിസ്ഥാനത്തിൽ രണ്ടോ, മൂന്നോ ഗ്രൂപ്പായി തിരിച്ച് അവരുടെ അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ സംരംഭം കണ്ടെത്തി എല്ലാ തൊഴിൽ രഹിതർക്കും ജീവിതത്തിനുതകുമാറുള്ള പദ്ധതി ആക്കുന്നതിന് ശ്രമിക്കേണ്ടതാണ്.
3. അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും അതിലൂടെ അതാത് സെൻററിൻെറ പരിധിയിലുള്ള സ്ത്രീകളെ പങ്കെടുപ്പിച്ച് ജീവിതക്ലേശവും, തൊഴിലില്ലായ്മയും പരിഹരിക്കുന്നതിനായുള്ള കൈത്തൊഴിൽ കുടിൽവ്യവസായമായി നടത്തുന്നതിനും, വീട്, പരിസര ശുചീകരണം, കുടുംബത്തിൻെറ ആരോഗ്യപരിപാലനം എന്നീ വിഷയങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തണം.

1. അംഗൻവാടിക്കാവശ്യമായ ഫർണിച്ചറും, കളിക്കോപ്പുകളും വാങ്ങി കൊടുക്കണം.

2. കെട്ടിടം റിപ്പയറുകൾ ചെയ്യിച്ചും, കുടിവെള്ളം, ടോയ്‌ലറ്റ് സൗകര്യം എന്നിവ ഉണ്ടാക്കി കൊടുക്കുക.

3. പോഷകപ്രധാനമായ സമീകൃതാഹാരം നൽകുക.

4. ട്രൈസം പദ്ധതി പ്രകാരം പരിശീലനം സിദ്ധിച്ചവർ അനേകംപേർ പഞ്ചായത്തിലുണ്ടെങ്കിലും ഇതിൻെറ അടിസ്ഥാനത്തിൽ തൊഴിൽ പദ്ധതികൾ ഏർപ്പെടുത്താൻ മുൻകൈ എടുക്കാറില്ല. ഇവരെ സംഘടിപ്പിച്ച് തൊഴിൽ പദ്ധതി ആരംഭിക്കണം.

5. D W C R A പ്രകാരമുള്ള യൂണിറ്റുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഇതിലൂടെ നടത്താവുന്ന ധാരാളം തൊഴിൽ മേഖലകൾ ഉണ്ടെങ്കിലും, ഇക്കാര്യത്തിലെ അറിവില്ലായ്മ ദൂരികരിച്ച് തൊഴിൽ പദ്ധതി നടപ്പിലാക്കി ഈ വിഭാഗത്തെ പഞ്ചായത്തിലാകമാനം പരിപോഷിപ്പിക്കുവാൻ മുൻകൈ എടുക്കണം.

6. SC / ST വനിതാ കോർപ്പറേഷൻ എന്നിവയിലൂടെ സർക്കാർ പദ്ധതിപ്രകാരം നൽകുന്ന തൊഴിൽ സാമ്പത്തിക സഹായത്തിന് അർഹരെ തിരഞ്ഞെടുക്കുന്നതിലും, ഈടായി സർക്കാർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും, ഇതിനായി സംസ്ഥാന വിഹിതം കൂട്ടുവാനും നമ്മുടെ പഞ്ചായത്തിലെ മുഴുവൻ അർഹർക്കും ഇവ എത്തിച്ചുകൊടുത്തുകൊണ്ട് ഗ്രാമത്തിൻെറ തൊഴിൽപരമായ സ്വയംപര്യാപ്തത കൈവരിക്കുവാൻ താമസംവിനാ നടപടികൾ കൈക്കൊള്ളണം.

7. കയർതൊഴിലാളി, കർഷക തൊഴിലാളി, മൽസ്യതൊഴിലാളി, നിർമാണ തൊഴിലാളി എന്നീ വിഭാഗക്കാരുടെ ക്ഷേമനിധി സഹായം അർഹർക്ക് എല്ലാം പൂർണമായി കിട്ടുവാനും, കിട്ടുന്നു എന്ന് ഉറപ്പുവരുത്തുവാനുമുള്ള നടപടി കൈക്കൊള്ളണം.

8. I R D P സ്കീം പാവപ്പെട്ടവരുടെ ഉന്നമനം ലാക്കാക്കി ഇന്ത്യാ ഗവൺമെൻറ് വളരെ വർഷങ്ങൾക്കുമുമ്പ് നടപ്പാക്കിയെങ്കിലും, ഗ്രാമങ്ങളിലെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലുള്ള നൂലാമാലകൾ ഇനിയും ബാക്കിയാണ്. വരുമാനപരിധി എന്ന കടമ്പ കടക്കാതെ ഐ. ആർ. ഡി. പി ലിസ്റ്റിൽ കടന്നുകൂടുവാൻ പറ്റില്ല. ഇങ്ങനെ ലിസ്റ്റിൽപ്പെട്ടവർ അവരവരുടെ സ്വയംതൊഴിൽ മേഖലകൾ കണ്ടെത്തി അതിനായി ആവശ്യമുള്ള എല്ലാ റിക്കാർഡുകളും ഹാജരാക്കി ബാങ്കിനെ സമീപിക്കുമ്പോൾ വയലാർ പഞ്ചായത്തിലെ ഏക ദേശവൽകൃത ബാങ്കായ് കോർപ്പറേഷൻ ബാങ്ക് സഹായം നൽകുവാൻ വിമുഖത കാട്ടുന്നു.

9. ദേശസാൽകൃത ബാങ്കിൻെറ ഒരു ബ്രാഞ്ച് കൂടി പത്ത് വാർഡുകൾ ഉള്ള ഈ പഞ്ചായത്തിൽ അനുവദിക്കുകയും, സ്കീമുകളുമായി എത്തുന്ന ഗുണഭോക്താക്കളെ, സഹായഹസ്തം നീട്ടി സ്വീകരിക്കുവാനും ബാങ്ക് അധികൃതർക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. തിരിച്ചടവിൻെറ കാര്യത്തിൽ ഗുണഭോക്താക്കൾ അതീവജാഗ്രത കാണിച്ചേ പറ്റൂ. പഞ്ചായത്തിൽ മുഴുവൻ പ്രദേശത്തേയ്ക്ക് രണ്ട് ഗ്രാമസേവക ഓഫീസ് ആണുള്ളത്. ഇവിടുത്തെ അയ്യായിരത്തിനു താഴെ വീടുകളുടെ ഐ.ആർ.ഡി.പി സർവ്വേ സംബന്ധിച്ച എല്ലാ വിവരങ്ങളും ഈ രണ്ട് ഓഫീസിൽ നിന്നാണ് കിട്ടേണ്ടത്. എന്നാലിപ്പോൾ രണ്ട് ഓഫീസുകളുടെ ജോലി നിർവഹിക്കുന്നത് ഒരു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറാണ്. ഈ ഉദ്യോഗസ്ഥനെ ഗുണഭോക്താക്കൾ പല കാര്യത്തിനും കുറ്റപ്പെടുത്താറുണ്ടെങ്കിലും, മേൽപറഞ്ഞ വീടുകളുടെ എണ്ണത്തിനനുസൃതമായി രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം പഞ്ചായത്ത് കമ്മിറ്റി ബന്ധപ്പെട്ടവരെ അറിയിക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ ഈ തൊഴിൽസംരംഭങ്ങളുടെ ദുർവിനിയോഗം പഞ്ചായത്ത്തല സമിതികൾ തടയേണ്ടതുമാണ്.

# വിദ്യാഭ്യാസം വികസന റിപ്പോർട്ട്

നമ്മുടെ പൂർവ്വികൻമാർ വിദ്യാഭ്യാസത്തിന് ആശാൻ കളരിയെ ആശ്രയിച്ചിരുന്നു. അവിടെ വച്ച് അക്ഷരങ്ങളുമക്കങ്ങളും, നിലത്തും, എഴുത്തോലകളിൽ എഴുതി യും ചൊല്ലിയും സ്ഫുടമായി പഠിച്ചിരുന്നു. അനേക നൂറ്റാണ്ടുകാലത്തെ പഴക്കവും കേരളതനിമയുള്ള വിദ്യാഭ്യാസ സമ്പ്രദായത്തെ പിൽക്കാലത്ത് പുഷ്ടിപ്പെടുത്തി പു രോഗമിപ്പിച്ചതിന് ക്രിസ്ത്യൻ മിഷണറിമാർക്കുള്ള പങ്ക് ചെറുതല്ല. കുടാതെ ക്ഷേത്രസ ങ്കേതങ്ങൾ വിദ്യാഭ്യാസ അഭിവൃദ്ധിക്കും, കലാപരമായ ഉന്നതിക്കും ഊന്നൽ നൽകി യിരുന്നു. ഇതോടൊപ്പം കളരികളിൽ കച്ചകെട്ടി ആയോധന വിദ്യാ അഭ്യസിച്ചിരു ന്നതും ചില സമ്പന്ന കുടുംബങ്ങളിലെ നാലുകെട്ടുകളിൽ കഥകളി പഠിപ്പിച്ചിരുന്നതും സ്മരിക്കേണ്ടതുണ്ട്.

വയലാർ പഞ്ചായത്തിൽ ആദ്യമായി ഒരു സ്കൂൾ ആരംഭിച്ചത് 1919-ൽ ആയി രുന്നു പിന്നിട് 1923-ൽ കാവിൽപ്പള്ളിയോടനുബന്ധിച്ച് സെൻറ് മൈക്കിൾസ് സ്ക്കൂളും, ഈ സ്ക്കൂൾ പിന്നിട് യു.പി സ്ക്കൂളാകുകയും, പിൽക്കാലത്ത് യൂ.പി വിഭാഗം ഇല്ലാതാകുകയും ചെയ്തു. 1924-ൽ കളവങ്കോടത്തെ കരിപ്പുറം മിഷൻ സ്ക്കൂളും, 1929-ൽ വയലാർ കിഴക്കേപള്ളിയങ്കണത്തിൽ ലിറ്റിൽ ഫ്ളവർ സ്ക്കൂളും പിൽക്കാലത്ത് വയലാർ വടക്കും ഭാഗത്തുള്ള വിദ്യാലയവും സ്ഥാപിതമായി. അങ്ങിനെ അഞ്ചു സ്ക്കൂളുകളുള്ള നമ്മുടെ പഞ്ചായത്തിൽ ഇതര വിദ്യാഭ്യാസനിലവാരം പുലർത്തുന്ന രണ്ട് നേഴ്സറി സ്ക്കൂളുകളുണ്ട്. കുടാതെ മന്ദബുദ്ധികളുടെ വിദ്യാഭ്യാസ പുരോഗതിയെ ലാക്കാക്കി പ്രവർത്തിക്കുന്ന സിനായ് സ്ക്കൂളും, ശ്രിവിദ്യാ പീഠം എന്ന മറ്റൊരു പാഠശാലയും പ്രാബല്യത്തിലുണ്ട്, ഇതിനു പുറമെ ഇരുപത്തിമൂന്നു അംഗൻവാടികളും പഴമ യെ കൈവിടാതെ സൂക്ഷിക്കുന്ന ആശാൻ കളരികളും ഊർജ്ജിതമായി പ്രവർത്തിക്കു ന്നു .

ഇന്ന് വയലാർ രാമവർമ്മ മെമ്മോറിയൽ ഹൈസ്ക്കൂൾ എന്ന പേരിലറിയപ്പെടുന്ന വിദ്യാലയം ശ്രീകാലാലിൻ കൊച്ചുണ്ണി കുറുപ്പ് സൗജന്യമായി കൊടുത്ത സ്ഥലത്ത് 1919-ൽ തുടങ്ങിയത് വെറും മൂന്ന് ക്ലാസ്സുകൾ മാത്രമായിട്ടായിരുന്നു. പിന്നെ ഇരുപത്തി യേഴു വർഷങ്ങൾക്കു ശേഷം 1946-ലാണ് ഇത് അഞ്ചാം ക്ലാസ്സുവരെയുള്ള സ്ക്കുളായി ഉയർന്നത്. വീണ്ടും പതിനാലു വർഷത്തെ ഇടവേളയ്ക്കു ശേഷം 1960-ൽ അപ്പർ പ്രൈമറി വിദ്യാലയമായും, പിന്നെയും പത്തൊമ്പത് വർഷം പിന്നിട്ട് 1979-ൽ ആണ് ഇതൊരു ഹൈസ്ക്കുളിൻെറ പദവിയിലേയ്ക്ക് ഉയർന്നത് . ചുരുക്കത്തിൽ 1979നു മുൻമ്പ് ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാനാഗ്രഹിച്ച വയലാറിലെ വിദ്യാർത്ഥി കൾക്ക് ചേർത്തലയോ, തുറവൂരോ, ഇതരസ്ഥലങ്ങളിലോ, ഉള്ള വിദ്യാലയങ്ങളെ ആശ്രയിക്കേണ്ടിയിരുന്നു. അതിനൊരു മാറ്റമുണ്ടാക്കാനുള്ള ശ്രമം ഒറ്റയ്ക്കും കൂട്ടായും വയലാറിൽ നടന്നതിൻെറ ഫലമായി 1976-മാർച്ച് 26-ാം തിയതി വയലാർ സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യിക്കാനുള്ള ഒരു കമ്മിറ്റി രുപം കൊണ്ടു. വമ്പിച്ച ജനപങ്കാളിത്തത്തോടെ കമ്മിറ്റി ഉർജ്ജിതമായി പ്രവർത്തിച്ചു. 1979-ൽ K.E.R വ്യവസ്ഥയ്ക്ക് വിധേയമായി ഹൈസ്ക്കുളിനു വേണ്ട കെട്ടിടം നിർമ്മിച്ചു തരുന്നതിനായി അപ് ഗ്രേഡിങ്ങ് കമ്മിറ്റി ഇരുപത്തയ്യായിരം രൂപാ സർക്കാറിൽ കെട്ടിവച്ചു. അങ്ങിനെ ഹൈസ്ക്കൂൾ അനു വദിച്ചു അന്തരിച്ച സുപ്രസിദ്ധ കവി വയലാർ രാമവർമ്മയുടെ നാമധേയവും സ്ക്കുളിന് നല്കി. പക്ഷേ പത്തൊൻപത് വർഷം കഴിഞ്ഞിട്ടും ഒരു ഹൈസ്ക്കുളിന് വേണ്ട സൗകര്യങ്ങൾ ഇവിടെ ഉണ്ടായിട്ടില്ല മുമ്പ് അപ്പർ പ്രൈമറി വിദ്യാലയമായി പ്രവർത്തിച്ചിരു ന്ന കാലത്തെ കെട്ടിട സൗകര്യങ്ങൾ മാത്രമാണ് ഇപ്പോഴും ഇവിടെയുള്ളത് എന്നർത്ഥം അടുത്ത കാലത്ത് ബഹുമാനപ്പെട്ട ശ്രീ. എ.കെ. ആൻറണി M.P ആയിരുന്നപ്പോൾ അദ്ദേഹത്തിൻെറ ഫണ്ടിൽ നിന്നും അനുവദിച്ച 4 ലക്ഷം രൂപ മുടക്കി പണി കഴിപ്പിച്ച കെട്ടിടമാണ് ഏറ്റവും പുതിയത്. ഈ കെട്ടിടത്തിൽ പഠനം ആരംഭിച്ചുവെങ്കിലും ഔദ്യോഗികമായി ഉദ്ഘാടനം കഴിഞ്ഞിട്ടുമില്ല. എന്നിട്ടും ഈ വിദ്യാലയത്തിൽ ഷിഫ്റ്റ് സിസ്റ്റം നിർബന്ധമായി. രാവിലെ ഹൈസ്ക്കുൾ വിഭാഗത്തിലെ വിദ്യാർത്ഥികളും അദ്ധ്യാപകരുമെത്തുന്നു, അദ്ധ്യായനം നടക്കുന്നു. ഉച്ചയോടെ അവർ മടങ്ങുമ്പോൾ പ്രൈമറി വിഭാഗത്തിൽ പഠനം ആരംഭിക്കുന്നു ഇത് ഈ വിദ്യാലയത്തിലെ രണ്ടു വിഭാഗങ്ങളിലുംപെട്ട വിദ്യാർത്ഥികളും അദ്ധ്യാപകരും തമ്മിലുള്ള സമ്പർക്കം പരിമിതപ്പെടുത്തുന്നു. V.R.V.M.G.H.Sനു ശേഷം നമ്മുടെ പഞ്ചായത്തിൽ രണ്ടാമതായി സ്ഥാപിതമായ വിദ്യാലയമാണ് കാവിൽ സെൻറ് മൈക്കിൾസ് സ്ക്കുൾ. 1923-ൽ വെറും മൂന്നു ക്ലാസ്സുകൾ മാത്രമായിട്ടാണ് ഈ സ്ക്കുൾ ആരംഭിച്ചത്. ഒരു വ്യാഴവട്ടകാലത്തി നുശേഷം 1935-ൽ ഇവിടെ നാലാം ക്ലാസ്സ് തുടങ്ങി. 1947-ൽ അഞ്ചാം ക്ലാസ്സ് ആരംഭി ക്കുന്നതുവരെ ഈ അവസ്ഥ തുടർന്നു. പിന്നീട് 1964-ൽ അപ്പർ പ്രൈമറി സ്ക്കുളാ യി ഉയർത്തുകയും വീണ്ടും പത്തൊൻപത് വർഷങ്ങൾക്കു ശേഷം 1983-ൽ ഇതൊരു ഹൈസ്ക്കുൾ എന്ന പദവി നേടുകയും ചെയ്തു.

കാവിൽ സ്ക്കുളിൻെറ പ്രവർത്തനം തുടങ്ങി ഒരു വർഷത്തിനുശേഷം 1924-ൽ കളവങ്കോടത്തെ കരപ്പുറം മിഷൻ വിദ്യാലയം ആരംഭിച്ചു. തുടക്കം കുടിപ്പള്ളിക്കൂടമാ യിട്ടായിരുന്നു. ഒരു വ്യാഴവട്ട കാലം ആ അവസ്ഥ തുടർന്നു. 1937-ൽ ആണ് ഇവിടെ ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുകൾ ആരംഭിച്ചത്. പിന്നീട് 1952-ൽ ഈ സ്ക്കുൾ അപ്പർ പ്രൈമറി വിദ്യാലയമായി ഉയർന്നു.

എന്നാൽ 1958-ൽ സ്ഥാപിതമായ വയലാർ വടക്കും ഭാഗത്തെ ലോവർ പ്രൈമറി സ്ക്കുളിൻെറ ചരിത്ര പശ്ചാത്തലം മറ്റൊന്നായിരുന്നു വയലാർ പഞ്ചായത്തിൻെറ ആദ്യകാല പ്രസിഡൻറായിരുന്ന അന്തരിച്ച ശ്രീ. പാറേഴത്ത് പരമേശ്വരകുറുപ്പ് ആ സ്ക്കുളിനു വേണ്ട ഭൂമി ദാനം ചെയ്തു. ആ സ്ഥലത്ത് വമ്പിച്ച ജനപങ്കാളിത്തത്തോ ടെ സമാഹരിച്ച രൂപയും മറ്റുല്പന്നങ്ങളുമുപയോഗിച്ച് സ്ക്കുൾ നിർമ്മിച്ചു. ആ കാലം മുതൽ വയലാർ നോർത്ത് ലോവർ പ്രൈമറി സ്ക്കളായി അത് പ്രവർത്തിച്ചു വരുന്നു.

## സ്ക്കുളുകളുടെ വിവരം ഒറ്റനോട്ടത്തിൽ; പട്ടിക 1

| നമ്പർ | സ്ക്കൂളിൻെറ പേര് | സ്ക്കുൾ ഇനം തിരിച്ച് | | | ആകെ വിദ്യാർത്ഥികൾ | | ആകെ | അദ്ധ്യാപകർ |
|---|---|---|---|---|---|---|---|---|
| | | L.P | UP | HS | ആൺ | പെൺ | | |
| 1 | VRVMGHS | | | One to 10th | 626 | 531 | 1157 | 43 |
| 2 | സെൻറ് മൈക്കിൾസ് കാവിൽ | | | One to 10th | 605 | 578 | 1183 | 42 |
| 3 | കരപ്പുറം മിഷൻ കളവങ്കോടം | | One to 7th | | 288 | 227 | 515 | 13 |
| 4 | ലിറ്റിൽ ഫ്ളവർ | One to 4th | | | 63 | 67 | 130 | 5 |
| 5 | വയലാർ നോർത്ത് | One to 4th | | | 73 | 88 | 161 | 5 |

സ്ക്കൂളിൽ പഠിച്ചുകൊണ്ടിരിക്കുന്ന പിന്നോക്ക വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികളെ കുറിച്ചുള്ള വിവരം; **പട്ടിക 2.**

| നമ്പർ | സ്ക്കൂളിൻെറ പേര് | പിന്നോക്ക വിഭാഗത്തിൽ പെട്ട ആകെ കുട്ടികൾ | | |
|---|---|---|---|---|
| | | ആൺ | പെൺ | ആകെ |
| 1 | VRVMGHS, വയലാർ | 79 | 74 | 153 |
| 2 | സെൻറ് മൈക്കിൾസ്, കാവിൽ | 86 | 88 | 174 |
| 3 | കരപ്പുറം മിഷൻ, കളവങ്കോടം | 15 | 7 | 22 |
| 4 | ലിറ്റിൽ ഫ്ളവർ, വയലാർ | 10 | 4 | 14 |
| 5 | വയലാർ നോർത്ത് | 12 | 14 | 26 |

വയലാർ പഞ്ചായത്തിലെ ഏക ഗവൺമെൻറ് ഹൈസ്ക്കളാണ് VRVMGHS ഇവിടെ അനശ്വര കവി വയലാർ രാമവർമ്മ (ജി. രാമവർമ്മ തിരുമുൽ പ്പാട് എന്ന പേരിൽ) വിദ്യാഭ്യാസം ചെയ്തിരുന്നു. മുൻ മന്ത്രിയും ഇപ്പോഴത്തെ KPCC പ്രസിഡൻറുമായ ശ്രീ. വയലാർ രവി ഈ സ്കൂളിലെ വിദ്യാർത്ഥിയായി രുന്നു. അതിനും പുറമെ, കലാരംഗത്തും സാമൂഹ്യരാഷ്ട്രീയ വേദികളിലും ഔദ്യോഗികരംഗത്തു വ്യക്തിമുദ്രപതിപ്പിച്ചിട്ടുള്ള നിരവധി പൂർവ്വ വിദ്യാർത്ഥികൾ ഈ വിദ്യാലയ മുത്തശ്ശിക്കുണ്ട്. എങ്കിലും ഇല്ലായ്മയുടെയും പോരായ്മയുടെയും ഒരു നീണ്ടകുറിപ്പടി യാണ് ഇപ്പോഴും ഈ വിദ്യാലയത്തിനു നിരത്താനുള്ളത്.

ഒരു ഹൈസ്ക്കൂളിനു വേണ്ട തായ കെട്ടിട സൗകര്യങ്ങൾ ഇവിടെ ഇല്ലെന്നുള്ളതാണ് മുഖ്യം. പകുതിയിലധികം ക്ലാ സുകളും ഉറപ്പും ഭദ്രതയും ഇല്ലാത്ത താൽകാലിക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. എങ്കിൽ പോലും അവിടെ ആവശ്യത്തിനുവേണ്ട ഇരിപ്പട സൗകര്യങ്ങളില്ല. പരീക്ഷണശാലയുടെ കാര്യമാകട്ടെ വെറും നാമമാത്രം. അതിനും പുറമേ ഈ സ്കൂളിനൊരു കളിസ്ഥലമില്ലെന്നുള്ളതും ആഡിറ്റോറിയത്തിൻെറ അഭാവവും എടുത്തുപറയേണ്ടതാ ണ് . മാത്രമല്ല ? അഞ്ഞൂറിലേറെ പെൺകുട്ടികളും അതിലേറെ ആൺകുട്ടികളും വി ദ്യാഭ്യാസം ചെയ്യുന്ന ഈ വിദ്യാലയത്തിൽ വേണ്ട ടോയ്ലറ്റ് സൗകര്യങ്ങളില്ലെന്നുള്ളത് പരിതാപകരമാണ്. അദ്ധ്യയന വർഷാരംഭം മുതലേ വേണ്ടത്ര അദ്ധ്യാപകർ ഉണ്ടാ കാത്ത അവസ്ഥ ഈ സ്കൂളിനെ സംബന്ധിച്ചിടത്തോളം ഒരു തുടർക്കഥ പോലെ തുടരുന്നതാണ്. എങ്കിലും ഈ സ്കൂളിലെ വിജയശതമാനം സാമാന്യം തൃപ്തികരം തന്നെയാണ്.

വയലാർ നോർത്ത് L.P സ്കൂൾ ഈ പഞ്ചായത്തിലെ ഗവൺമെൻറ് ഉടമയിലുള്ള മറ്റൊരു വിദ്യാലയമാണ് ! വെറും 161 വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കുന്നത്. ഇവരിൽ ഏറിയപങ്കുകുട്ടികളും പാവപ്പെട്ട കുടുംബങ്ങളെ പ്രതിനിധീകരിക്കുന്നു. അംഗസംഖ്യ കുറവുള്ള ഈ വിദ്യാലയത്തിലെ ഇരിപ്പിട സൗകര്യങ്ങളുടെ കുറവും പഠനോപകരണങ്ങളുടെ അപര്യാപ്തതയും പരിഹരിക്കേണ്ടതാണ്. കൂടാതെ ഈ വിദ്യാലയത്തിന് ഒരു ചുറ്റു മതിൽ അത്യാവശ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന മൂന്നു സ്കൂ ളുകളുണ്ട്. അവയ്ക്ക് സ്ഥല പരിമിതി ഉണ്ടെങ്കിലും മെച്ചപ്പെട്ട സാഹചര്യങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കന്നു. ഇവിടെയുള്ളസർക്കാർ സ്കൂളുകളുടെ ഇല്ലായ്മയുടെ വെളിച്ചത്തിൽ സ്വാകാര്യ സ്കൂളുകൾക്ക് മിഴിവ് ഏകുന്നുണ്ടെന്നുള്ളത് വിസ്മരിച്ചു കൂടാ.

വയലാർ പഞ്ചായത്തിലുള്ള വിദ്യാലയങ്ങളുടെ വിദ്യാഭ്യാസ നിലവാരം പുഷ്ടിപ്പെടു ത്തേണ്ടത് അത്യന്താപേക്ഷിതമാണ്. അതിന് പഞ്ചായത്ത് മുൻകൈ യെടുത്ത് ഇവിടെയുള്ള സ്കൂളു കളിലെ അദ്ധ്യാപകരെ മുഴുവൻ പങ്കെടുപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ പുന:രുദ്ധാരണ കർമ്മപരിപാടിക്ക് രൂപം നൽകേണ്ടതുണ്ട്. സ്കൂൾ വർ ഷം തുടങ്ങുന്നതോടൊപ്പം ഈ പരിപാടി പ്രാവർത്തികമാക്കുന്നത് ഉചിതമായിരിക്കും സിലബസ്, പാഠ്യേതര വിഷയങ്ങൾ, കുട്ടികളുടെ നിലവാരം, സാദ്ധ്യായ ദിനങ്ങളുടെ പരിമിതി, സമാധാനപരമായ സ്കൂൾ അന്തരീക്ഷം, അദ്ധ്യാപകരുടെയും വിദ്ധ്യാർത്ഥി കളുടെയും പൊതുപെരുമാറ്റച്ചട്ടം, യൂണീഫോം, സഹകരണ മനോഭാവം, സമ്പാദ്യ മന:സ്ഥിതി, പൈതൃകമായ സംസ്കാരങ്ങൾ, കാർഷിക മേഘല, സാമൂഹ്യനവോദ്ധാനം, കടമങ്ങളും, കർത്തവ്യങ്ങളും തുടങ്ങിയുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് ഒരു ധാ രണയിലെത്തേണ്ടതാണ്. എല്ലാ സ്കൂളുകളിലും എല്ലാവർക്കും ഉച്ച ഭക്ഷണം കൊടു ക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ അഞ്ചു സ്കൂളുകളിലും അദ്ധ്യാപക രക്ഷകർത്തൃ സം ഘടനകൾ (PTA) പ്രാബല്യത്തിലുണ്ട്. അവയുടെ പ്രവർത്തനം തൃപ്തികരമെന്നുറപ്പി ച്ച് പറയാനാവില്ല. തന്മൂലം PTA ക്രിയാ ത്മകമായി പുന: സംഘടിപ്പിക്കേണ്ടതും അതിൽ രക്ഷകർത്താകൾക്ക് പ്രാമുഖ്യം നൽകേണ്ടതുമാണ്. PTA യിൽ സ്കൂൾ ലീഡറിനെക്കൂ ടി ഉൾപ്പെടുത്തുകയും PTA പ്രസിഡൻറിന് അംഗീകൃത ആസ്ഥാനം സ്ക്കൂളിൽ ഉണ്ടാ യിരിക്കേണ്ടതുമാണ്. ഇതിന് പുറമേ ഗ്രാമപഞ്ചായത്തിൽ സ്കൂൾ സംബന്ധമായ പ്രശ്നങ്ങൾ അവതരിപ്പിക്കുവാനുള്ള അനുവാദം PTA പ്രസിഡൻറിന് നൽകണം.

വയലാർ പഞ്ചായത്തിലുള്ള ഇരുപത്തിമൂന്നു അംഗൻവാടികളും, അതിൻെറ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണതയിൽ എത്തിക്കുന്നുണ്ടെന്ന് ഉറപ്പിച്ച് പറയാനാവില്ല. വനിതാ, ശിശു വികസനരംഗം, ആരോഗ്യപരിപാലനം തുടങ്ങിയുള്ള മേഖലകളിൽ കു റെയൊക്കെ നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല. കാർഷിക- സാമൂഹിക-സാംസ്ക്കാരിക മണ്ഡലങ്ങളിൽ ഈ പ്രസ്താനം ആഴത്തിൽ ഇറങ്ങിയിട്ടുണ്ടോ എന്നുള്ളത് വിലയിരുത്തേണ്ടതാണ്. ഇത് അടച്ചു കുറ്റപ്പെടുത്തുകയല്ല സാമൂ ഹ്യമണ്ഡലത്തിൽ ലക്ഷ്യാധിഷ്ഠിത പുരോഗതി നേടിയെടുക്കാൻ അംഗൻവാടികളും, സഹസംഘടനയായ മഹിളാസ്വസ്ത്സം

ഹ്ലും കുടുതൽ ഉൻമേഷത്തോടെ ഊർജ്ജി തമായി പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു

അംഗൻവാടികളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| ബ്ലോക്കിൻെറ പേര് | : | പട്ടണക്കാട് |
| പ്രോജക്ടിൻെറ പേര് | : | ICDS പട്ടണക്കാട് |
| പഞ്ചായത്തിൻെറ പേര് | : | വയലാർ |
| നിലവിലുള്ള അംഗൻവാടികൾ | : | 21 |
| കൂടുതലായി അനുവദിച്ച അംഗൻവാടികൾ | : | 2 |
| ആകെ അംഗൻവാടികൾ | : | 23 |
| സ്ഥിരം കെട്ടിടമുള്ളവ | : | 13 |
| വാടക കെട്ടിടത്തിലുള്ളവ | : | 8 |
| കെട്ടിടം പണിയുന്നവ | : | 4 |

അംഗൻവാടികളുടെ നിർമ്മാണ പ്രക്രിയകളിൽ സാമ്പത്തികമായും ശ്രമദാനമായും ജനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന സഹായം അത്യാവശ്യമാണ്. ഈ തുറയിലെ സർവ്വതോന്മുഖമായ വികസനത്തിന് ഗ്രാമീണരുടെ കൂട്ടായ പ്രവർത്തനം ഒരു മുതൽ കൂട്ടാക്കണം അംഗൻവാടികൾ ശിശുക്കളുടെയും അമ്മമാരുടെയും ആശാകേന്ദ്രവും അഭയകേന്ദ്രവുമായി മാറ്റണം ഇതിനനുയോജ്യമായ കർമ്മപരിപാടികൾ പ്രാദേശികമായി തദ്ദേശിയർ ആവിഷ്ക്കരിച്ചു നടപ്പിലാക്കണം

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള ആശാൻ കളരികൾക്ക് ആവശ്യമായ എല്ലാവിധ സഹായങ്ങളും ചെയ്തു കൊടുക്കേണ്ടതാണ്. കൂടുതൽ ആശാൻ കളരി കൾ ഉണ്ടാകുന്നത് സ്വാഗതാർഹമാണ് ഇവിടെ ലഘുഭക്ഷണം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

മുമ്പ് വയലാർ പഞ്ചായത്തിൽ നാലു ഗ്രന്ഥശാലകൾ സജീവമായി പ്രവർത്തി ച്ചിരുന്നു. കളവങ്കോടം സൊസൈറ്റി ഗ്രന്ഥശാല, വയലാർ പഞ്ചായത്ത് ലൈബ്രറി, 1428 സൊസൈറ്റിയോട് അനുബന്ധിച്ചുള്ള ഗ്രന്ഥശാല, ഉഴുവ ശ്രീചിത്രാ റീഡിംഗ് റൂം എന്നിവയാണ്. പിന്നിട് വയലാർ മുക്കണ്ണൻ കവല കേന്ദ്രമായി A.K.G. മെമ്മോറിയൽ ഗ്രന്ഥശാല നിലവിൽ വന്നു. ഇതിൽ വയലാർ പഞ്ചായത്ത് ലൈബ്രറി ഒഴിച്ച് മറ്റ് നാലു ഗ്രന്ഥശാലകളും നിർജ്ജിവാവസ്ഥയിലാണ് ഈ അവസ്ഥ മാറ്റി എല്ലാ ഗ്രന്ഥശാ ലകളും ഊർജ്ജിതമായി പ്രവർത്തിക്കുവാനുതകുന്ന സാഹചര്യങ്ങളുണ്ടാക്കേണ്ടതാ ണ്.

## പ്രശ്നങ്ങളും, പ്രശ്ന പരിഹാരങ്ങളും

''പ്രശ്നങ്ങൾ''

1. യാത്രാ സൗകര്യത്തിൻെറ അപര്യാപ്തത
2. രക്ഷകർത്താക്കളുടെ അജ്ഞത
3. ഒരു പരിധിവരെ ചെറിയ കുടുംബം എന്ന സങ്കല്പം
4. ദാരിദ്ര്യം
5. സ്കൂളിലെ സിലബസും പരീക്ഷയും
6. വിദ്യാഭ്യാസരംഗത്തെ അനാകർഷത്വം
7. കുളുകളിലെ അസൗകര്യം
8. താത്പര്യമുള്ള വിഷയങ്ങൾ പഠിപ്പിക്കാൻ പറ്റാത്ത അവസ്ഥ
   (സർഗ്ഗവാസന വികസിപ്പിക്കാൻ പറ്റാത്ത അവസ്ഥ എന്നർത്ഥം)
9. ഷിഫ്റ്റ് സമ്പ്രദായം
10. യഥാസമയം പാഠപുസ്തകങ്ങൾ ലഭ്യമല്ലാത്ത സാഹചര്യം
11. വിദഗ്ധ അദ്ധ്യാപകരുടെ അപര്യാപ്തത
12. വിദ്യാലയങ്ങളിലെ സമരം
13. അദ്ധ്യാപകരെ മറ്റു ഡ്യൂട്ടികളിലേക്ക് മാറ്റുന്ന സാഹചര്യം
14. അദ്ധ്യാപക പുന:പരിശീലനത്തിൻെറ കുറവ്
15. പരീക്ഷണശാലകളുടെയും, പഠനോപകരണങ്ങളുടെയും കുറവ്
16. ദുർബലമായ PTA
17. കൂടിയ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

### പരിഹാരമാർഗ്ഗങ്ങൾ

1. ചേർത്തലനിന്നും വയലാർ വഴി കടന്നു പൊകുന്ന ബസ്സുകളിൽ രണ്ടെണ്ണമെങ്കിലും ഇന്ദിരാ ജംഗ്ഷൻ വഴി കിഴക്കോട്ട് തിരിഞ്ഞ് വടക്കോട്ട് വന്ന് പഞ്ചായത്താഫീസ് പരിസരം വഴി പടിഞ്ഞാറോട്ട് പോകേണ്ടതും, അതുപോലെ ടി ബസ്സുകൾ ചേർത്തലയ്ക്ക് മടങ്ങി പോകേണ്ടതുമാണ് നാഗംകുളങ്ങര കവലയിൽ നിന്നും വടക്കോട്ട് മുമ്പുണ്ടായുരുന്ന എട്ടുപുരയ്ക്കൽ സർവ്വീസ് പുനരാരംഭിക്കണം. മുക്കണ്ണൻ കവലയിൽ നിന്ന് വടക്കോട്ട് കാവിൽ സ്കൂൾ പരിസരം വരെ ബസ്സ് സർവ്വീസ് നീട്ടുക. ചേർത്തലയിൽ നിന്ന് വയലാർ വഴി കടന്നു പോകുകയും, മടങ്ങി വരുകയും ചെയ്യുന്ന എല്ലാ ലിമിറ്റഡഡ് സ്റ്റോപ്പ് ബസ്സു കൾക്കും വയലാർ രാമവർമ്മ സ്കൂളിനു സമീപം സ്റ്റോപ്പ് അനുവദിക്കുക
2. PTA -യുടെ പ്രതിമാസ യോഗങ്ങൾ സ്കൂളുകളിൽ വിളിക്കുക
3. അഞ്ചു വയസ്സിനു താഴെയുള്ള ശിശുക്കളെ നിർബന്ധമായും അംഗൻവാടികളിലോ, ആശാൻ കളരികളിലോ അയക്കുക.
4. സ്കൂളുകളിൽ എല്ലാ കുട്ടികൾക്കും ഉച്ച ഭക്ഷണ പരിപാടി നടപ്പിലാക്കുക
5. അടുപ്പിച്ചടുപ്പിച്ച് സിലബസ് പരിഷ്ക്കരിക്കുന്ന രിതി അവസാനിപ്പിക്കുകയും മിനിമം പത്തു വർഷത്തേക്കെങ്കിലും ഒരു സിലബസ് നിലനിർത്തുകയും ചെയ്യുക.

6. സ്കൂൾ വിദ്യാഭ്യാസത്തിൽ വിവിധ വിഷയങ്ങൾ പഠിപ്പിക്കുന്ന അതേ പരിഗണന നല്കി കലാകായിക സാംസ്ക്കാരിക ക്ലാസ്സുകളും നടത്തുക. അതോടൊപ്പം പരിക്ഷണശാലാ സംവിധാനവും, വായനശാലയും വിപുലപ്പെടുത്തുക

7. എല്ലാ സ്കൂളുകൾക്കും ആവശ്യത്തിന് കെട്ടിടങ്ങളും ഉപകരണങ്ങളും ഉണ്ടാക്കുകയും, കളിസ്ഥലം, ഓപ്പൺ എയർ ഓഡിറ്റോറിയം എന്നിവ നിർമ്മിക്കുകയും ചെയ്യുക.

8. എല്ലാ സ്കൂളുകളിലും നാലോ അഞ്ചോ ഇനം തൊഴിലുകൾ(പരമ്പരാഗത തൊഴിലുകൾ) പഠിപ്പിക്കുന്നതിനുതകുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തുക.

9. ഷിഫ്റ്റ് സമ്പ്രദായം ഉപേക്ഷിക്കുക

10. പാഠപുസ്തകങ്ങൾ സ്കൂൾ തുറക്കുന്നതിനു മുമ്പായി നിർബന്ധമായും എല്ലാ വിദ്യാലയങ്ങളിലും എത്തിക്കുക.

11. വിദഗ്ധ അദ്ധ്യാപകരുടെ അപര്യാപ്തത പൂർണമായി അവസാനിപ്പിക്കുക.

12. വിദ്യാലയാന്തരീക്ഷത്തിൽ നിന്ന് എല്ലാവിധ സമരങ്ങളും ഒഴിവാക്കുകയും PTA ഇടപെട്ട് ശാന്തമായ അന്തരീക്ഷം ഉറപ്പ് വരുത്തുകയും ചെയ്യുക. കൂടാതെ അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ കർക്കശമായി നേരിടുകയും ചെയ്യുക.

13. വിവധ സർവ്വേകൾ, പരിശീലനങ്ങൾ, സ്ഥലം മാറ്റങ്ങൾ എന്നിവ വെക്കേഷൻ കാലത്തു മാത്രം നടത്തുകയും സാദ്ധ്യായ ദിവസങ്ങൾ ഇക്കാരണങ്ങളാൽ നഷ്ടപ്പെടുത്താതിരിക്കുകയും ചെയ്യുക.

14. അദ്ധ്യാപകർക്ക് ചുരുങ്ങിയത് മൂന്നു വർഷത്തിലൊരിക്കലെങ്കിലും വിഷയാധിഷ്ഠിതമായ ഓറിയന്റേഷൻ ട്രയിനിംഗ് വെക്കേഷൻകാലത്ത് നല്കുക.

15. ലബോറട്ടറി സംവിധാനം വിപുലീകരിക്കുകയും, മാപ്പ്, ഗ്ലോബ്, ചാർട്ട്, സ്പെസിമൻ സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക

16. സ്കൂളിനോടനുബന്ധമായി രുപീകരിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപക-രക്ഷകർത്ത സംഘടന മാതൃകാപരവും, ക്രിയാത്മകമായും പ്രവർത്തിപ്പിക്കുക.

17. ക്ലാസ്സുകളിൽ വിദ്യാർത്ഥികളുടെ എണ്ണം ഇരുപത്തഞ്ചോ, മുപ്പതോ ആയി ക്രമീകരിക്കുക.

18. ക്ലാസ്സുകളിൽ "പാരൻറ്സ് ഡസ്ക്" സമ്പ്രദായം ഏർപ്പെടുത്തുക

19. കളവങ്കോടത്തെ യു.പി സ്കൂളും, വയലാർ നോർത്ത് എൽ.പി സ്കൂളും അപ്ഗ്രേഡ് ചെയ്യുക.

20. വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂൾ ആരംഭിക്കുക.

21. അദ്ധ്യായനത്തിൽ ദൃശ്യാ ശ്രാവീയ ഉപകരണങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുക.

22. രാമവർമ്മ സ്കൂളിൽ എട്ട് ക്ലാസ്സ് റൂമുകൾ കൂടി നിർമ്മിക്കുക.

23. VRVMHS- ൽ രണ്ടു ടോയിലറ്റുകളും, ഒരു പാചകശാലയും നിർമ്മിക്കുക

24. പഞ്ചായത്ത് സ്കൂളിനു സൗജന്യമായി നൽകിയ 50 സെൻറ് കുളം (ഇരവിക്കുളം) നികത്തി കളിസ്ഥലം നിർമ്മിക്കുക.

## വയലാർ പഞ്ചായത്ത്-വയലാർ രാമവർമ്മ മെമ്മോറിയൽ ഹൈസ്ക്കുൾ 97-98 വർഷം മുതൽ നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച ആക്ഷൻ പ്ലാൻ

| വർഷം | നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതി കളെ സംബന്ധിച്ച വിവരങ്ങൾ | പൂർത്തിയായോ, ഇല്ലയോ | പ്രായോഗിക വൈഷമ്യങ്ങൾ | നടപ്പാക്കാവുന്ന പദ്ധതികൾ | ആവശ്യം വരുന്ന തുക | പുതിയ നിർദ്ദേശങ്ങൾ | അഭിപ്രായകുറിപ്പ് |
|---|---|---|---|---|---|---|---|
| 1997–98 A | ഇരവിക്കുളം നികത്തി കളിസ്ഥലമാക്കുന്ന ഒന്നാം ഘട്ടം | - | സാമ്പത്തിക ബുദ്ധിമുട്ട് | 5 വർഷ പദ്ധതിയായി നടപ്പാക്കും | ആദ്യഘട്ടം Rs.50,000/- | ഭാഗികമായ ശ്രമദാനം നടത്തണം | വളരെ പ്രധാനപ്പെട്ടത് |
| B | വോളി ബാളിനും, ബാസ്ക്കറ്റ് ബാളിനും കോർട്ടുകൾ നിർമ്മിക്കുക | - | " | ഒരു വർ ഷം സ്കീമിൽ ഉൾപ്പെടുത്തണം | 50,000/- | " | സ്പോർസ് കൗൺസിലിൽ നിന്നും തുക അനുവദിക്കണം |
| C | മൂന്ന് ക്ലാസ്സ്റൂമുകളിലെ ഫർണിച്ചർ നിർമ്മിക്കു ന്ന ജോലികൾ | - | " | 5-വർഷ പദ്ധതി ആദ്യഘട്ടം | 45,000/- | സെഷണൽ സമ്പ്രദായം നിർത്തുന്നതിന് | - |
| D | അടുക്കള നിർമ്മാണം | - | " | ഒരു വർഷ പദ്ധതി | 40,000/- | പൊതുജനങ്ങളിൽ നിന്ന് ഭാഗികമായ വിഭവസമാഹരണം | കുട്ടികൾക്ക് ഉച്ചക്കഞ്ഞി വിതരണത്തിന് |
| 1998-99 | ഇരവിക്കുളം നികത്തി കളിസ്ഥലമാക്കുന്ന പദ്ധതി | - | " | 5-വർഷം 2-ാം ഘട്ടം | 50,000/- | ഭാഗികമായ ശ്രമദാനം | വളരെ പ്രധാനം |
| | 3-ക്ലാസ്സ് മുറികളിലേക്കു ള്ള പുതിയ ഫർണിച്ചർ | - | " | 5-വർഷം 2-ാം ഘട്ടം | 45,000/- | ഷിഫ്റ്റ് നിർത്തുവാൻ | " |
| | കുട്ടികൾക്ക് ഒരു വായനശാലാ കെട്ടിടവും ഫർണിച്ചറും | - | " | ഒരു വർഷം-പ്രഥമ വർഷം | 50,000/- | വായനാശീലം വളർത്തുക. | " |
| 1999 - 2000 | ഇരവിക്കുളം നികത്തു ന്ന മൂന്നാമതുഘട്ടം | - | " | സാമ്പത്തികം അഞ്ചു വർഷം കൊണ്ടു നടപ്പാക്കുന്ന സ്കീം- മൂന്നാമതു ഘട്ടം | 50,000/- | ഭാഗികമായ ശ്രമദാ നം | വളരെ പ്രധാനം |
| | ക്ലാസ്സ് മുറികളിലേക്ക് ഫർണിച്ചർ വാങ്ങുക | - | " | " | 45,000/- | ഷിഫ്ട് നിർത്തുവാൻ | " |
| | ഓപ്പൺ എയർ ആഡിറ്റോറിയം നിർമ്മിക്കാൻ | - | " | ഏകവർഷ പദ്ധതി | 75,000/- | ഫിസിക്കൽ റിക്രിയേഷൻ | " |
| 2000 - 2001 | ഇരവിക്കുളം നി കത്തൽ 4-ാം ഘട്ടം | - | സാമ്പത്തികം | അഞ്ചു വർഷ പദ്ധതി | 50,000/- | ശ്രമദാനം ഭാഗികമായി | " |
| | ഫർണിച്ചറുകൾ | - | | " | 45,000/- | ഷിഫ്ട് നിർത്തുവാൻ | " |
| | കമ്പ്യൂട്ടർ പരിശീ ലനത്തന് കെട്ടിടവും ഉപകരണവും | - | " | ഒരു വർഷ പദ്ധതി | 150,000/- | വിദ്യാഭ്യാസ മേഖല വിപുലീ കരിക്കുക. | " |

# വിഭവ സമാഹരണം

രണ്ടുമൂന്നു ദശാബ്ദങ്ങൾക്കപ്പുറം വരെ നമ്മുടെ നാട്ടിൽ ദൃശ്യമായിരുന്ന കൂട്ടായ്മ അന്നത്തെ ചുറ്റുപാടിൽ ഏറ്റവും വലിയ വിഭവസമാഹരണമായിരുന്നു. കുളങ്ങൾ വെട്ടുക, പുരകെട്ടിമേയുക, അടിയന്തിരാദികൾക്ക് ആവശ്യമുള്ള സാധനങ്ങൾ സംഭാവനയായി നൽകുക, അദ്ധ്വാനം സേവനമായി നൽകുക എന്നിങ്ങനെ മാതൃകാപരമായി മനുഷ്യർ സംഘടിച്ചിരുന്നു. എന്നാൽ അറുപതുകൾക്കുശേഷം ഈ സഹകരണ മനോഭാവത്തിനു കോട്ടം തട്ടി. ജന്മിമാരും കുടിയാന്മാരും ഇല്ലാതെ വന്നതും ജനങ്ങളെ ഒരു പരിധിവരെ അകറ്റിയോ എന്നു സംശയിക്കാം. എന്തായാലും നമ്മുടെ ഹൃദയവിശാലത സങ്കുചിതമായിക്കൊണ്ടിരിക്കുന്നു എന്ന സത്യം മറച്ചുവയ്ക്കാവുന്നതല്ല. എല്ലാവരും അവനവനിലേക്ക് ഒതുങ്ങിക്കൊണ്ടിരിക്കുന്നു എന്ന വസ്തുത ഭാവിയെ സംബന്ധിച്ചിടത്തോളം ആശാവഹമല്ല. രാഷ്ട്രീയമായ അതിപ്രസരവും സമുദായ സംഘടനകളുടെ ചില കർക്കശ നിയമങ്ങളും ഈ ഒറ്റപ്പെടലിന് ഒരു കാരണമല്ലേ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

അയൽക്കാർ തമ്മിലുള്ള സൗഹൃദവും, സഹിക്കാനും പൊറുക്കാനുമുള്ള ഹൃദയവിശാലതയും നമ്മുടെ മനുഷ്യസമൂഹത്തിൻെറ വലിയ ഒരു വിഭവമാകുന്നു. നമ്മുടെ നാട്ടിലെ കർമ്മശേഷിയുള്ള ജനം തന്നെയാണ് നമ്മുടെ ഏറ്റവും വലിയ വിഭവം. സന്നദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനുതകും വിധം രാഷ്ട്രീയ സാമുദായിക സംഘടനകളുടെ നിർലോഭമായ സഹകരണം ഈ മേഖലയിൽ അനിവാര്യമാണ്. അനിയന്ത്രിതവും ആശാവഹവുമല്ലാത്ത സംഘടനാബലം നാട്ടിലെ വിഭവസമാഹരണ ശേഷിയെ പരിപോഷിപ്പിക്കുകയല്ല മറിച്ച് അധ:പ്പതിപ്പിക്കുകയാണെന്ന സത്യം ജനതയെ ബോധ്യപ്പെടുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

പൊതുമേഖലയിൽ നടക്കുന്നതെല്ലാം സർക്കാരിൻെറ പ്രവൃത്തിയാണെന്നും അതിലെന്തും ചെയ്യാമെന്നും, അവിടെ കൈകടത്തരുതെന്നും ധരിച്ചുവച്ചിരിക്കുന്ന വിഭാഗം സർക്കാർ മുതലുകൾ നശിപ്പിക്കുകയും, സ്വകാര്യ സംരംഭങ്ങളെ വെറുതെ വിടുകയും ചെയ്യുന്ന അനുഭവം ഇന്നും നാം എപ്പോഴും കാണുന്ന ഒന്നാണല്ലോ?

നമ്മുടെ നാട്ടിൽ പൊതുവായി കാണുന്ന വിഭവദാരിദ്ര്യം ഏകദേശം താഴെപ്പറയുന്നവയാണ്.

1. കാർഷിക മേഖല തളരുന്നു.
2. കർഷക തൊഴിലാളികളുടേയും സ്കിൽഡ് വർക്കേഴ്സിൻെറയും കുറവ്.
3. ഊർജ്ജപ്രതിസന്ധി.
4. കുതിച്ചുയരുന്ന ജീവിതച്ചെലവ്.
5. വൈറ്റ് കോളർ ജോലിയോടുള്ള അഭിവാഞ്ജ.
6. അഭ്യസ്ഥ വിദ്യർ മറ്റ് തൊഴിലുകൾ ചെയ്യായ്ക.
7. തൊഴിൽപരമായ ദുരഭിമാനം.
8. ലഭ്യമായ തൊഴിൽ ചെയ്യാത്ത യുവജനത.
9. അറിവും പരിചയവുമില്ലാത്ത തൊഴിൽ സംരഭങ്ങൾ.
10. അപര്യാപ്തവും അശാസ്ത്രിയവുമായ സാമ്പത്തിക സഹായങ്ങൾ.
11. ഔദ്യോഗിക നടപടികളുടെ നൂലാമാലകൾ.
12. പല രംഗങ്ങളിലുമുള്ള വ്യക്തി താല്പര്യങ്ങൾ.

13. ലാഭകരമല്ലാത്ത ആസ്തികൾ.
14. ഭൂമിയുടെ ദുരുപയോഗങ്ങൾ.
15. സാങ്കേതിക പരിജ്ഞാനത്തിൻെറ ലഭ്യതകുറവ്.

എന്നിങ്ങനെ ധാരാളം കാര്യങ്ങൾ എടുത്തു കാണിക്കാൻ കഴിയും. ഗ്രാമസഭകളും പഞ്ചായത്തുസെമിനാറും ഇപ്രകാരമുള്ള കാര്യങ്ങൾ വിശദമായി പഠിപ്പിക്കുകയും പ്രശ്നങ്ങൾ എടുത്തു കാട്ടുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും വേണം. പഞ്ചായത്ത് സമിതി അത് വിശകലനം ചെയ്ത് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്തെങ്കിൽ മാത്രമേ സ്വയം നിലനില്പില്ലാത്ത ഈ പഞ്ചായത്തിനെ നല്ല പഞ്ചായത്താക്കിമാറ്റുവാൻ കഴിയൂ. ഇന്നലെ വരെ ഉണ്ടായിരുന്ന പഞ്ചായത്തല്ല. ഇന്നത്തെ പഞ്ചായത്ത്. കേവലം കെട്ടിടനികുതി പിരിക്കലും തെരുവു വിളക്കു കത്തിക്കലും മാത്രമല്ല പഞ്ചായത്തിൻെറ ജോലി. വിപുലമായ ഉത്തരവാദിത്വങ്ങൾ നിഷിപ്തമായിട്ടുള്ള ഇന്നത്തെ ഗ്രാമപഞ്ചായത്ത് ജനങ്ങളുടെ ആശയാഭിലാഷങ്ങൾ നിറവേറ്റണമെങ്കിൽ കൂടുതൽ സാമ്പത്തിക നേട്ടം കൈവരിച്ചേ പറ്റൂ. താഴെപ്പറയുന്ന കാര്യങ്ങൾ മറ്റുള്ളവയ്ക്കൊപ്പം പരിഗണിക്കേണ്ടതാണ്.

1. ആശാരിപ്പണി, കൊല്ലപ്പണി, മേസൺറി വർക്സ്, വർക്ക് ഷോപ്പുകൾ എന്നിവയ്ക്കും, വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വാർഷിക നികുതി ഏർപ്പെടുത്തുക.

2. കള്ളു ഷാപ്പുകൾക്കും, ചെത്തു തൊഴിലാളികൾക്കും നികുതി ഏർപ്പെടുത്തുക.

3. കയറ്റിറക്ക് നിർമ്മാണ തൊഴിലാളികളുടെ യുണിറ്റുകൾ ഐഡൻറിഫൈ ചെയ്യുകയും, ഇവർക്കൊരു ടാക്സ് അസ്സസു ചെയ്യുകയും ചെയ്യുക.

4. വീട്ടിലുള്ളവരല്ലാതെ മറ്റൊരാളെങ്കിലും ജോലിചെയ്യുന്ന എല്ലാവിധ വ്യവസായ, ഉല്പാദന യൂണിറ്റുകളേയും ഐഡൻറിഫൈ' ചെയ്യുകയും അവർക്ക് നികുതി ഏർപ്പെടുത്തുകയും ചെയ്യുക.

5. വള്ളം, ഉന്തുവണ്ടി, ഓട്ടോ, കാർ, ജീപ്പ്, ലോറി, വാൻ, ബസ്സ് തുടങ്ങി പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ വാഹനങ്ങൾക്കും ടാക്സ് ഏർപ്പെടുത്തുക.

6. മൈക്ക് സെററുകൾ എന്നിവയ്ക്ക് നികുതി ഏർപ്പെടുത്തുക.

7. JRY - IAY തുടങ്ങിയ സ്കീമുകളിൽക്കൂടി പണിയുന്ന SC-ST വീടുകൾ ഇന്നും വീട്ടുനികുതിയിൽ നിന്നും ഒഴിവാക്കിക്കൊടുക്കുന്നുണ്ട്. ആ സംവിധാനം മാറ്റി അസ്സസു ചെയ്യുന്ന തുകയുടെ 25% തുകയെങ്കിലും അവരിൽ നിന്നും ഈടാക്കണം.

8. പല തുറകളിലും ഇന്ന് ധാരാളം ദല്ലാളൻമാർ ഉണ്ട്. ഇവരെ പഞ്ചാത്ത് തലത്തിൽ ഐഡൻറിഫൈ ചെയ്യുകയും അവർക്ക് ഒരു നികുതി ഏർപ്പെടുത്തുകയും വേണം.

9. പെയിൻേറഴ്സ്, പ്ലംബേഴ്സ്, ഇലക്ട്രീഷ്യൻ, വാഹന ഏജൻസികൾക്കും നികുതി ഏർപ്പെടുത്തുക.

10. വിനോദ നികുതി കൂടിയ നിരക്കിൽ പിരിക്കുകയും കർക്കശമായ പരിശോധന നടത്തുകയും ചെയ്യുന്നതോടൊപ്പം ടാക്സ് ഒഴിവാക്കി കൊടുക്കുന്ന കേസുകളിൽ 10% തുകയെങ്കിലും ഈടാക്കുകയും ചെയ്യുക.

11. മുകളിൽ വിശദീകരിച്ചിട്ടില്ലാത്തതും. രജിസ്ട്രേഷനും, അല്ലാത്തതുമായ പഞ്ചായത്ത് പ്രദേശത്ത് ഉണ്ടാവുന്ന എല്ലാവിധ കച്ചവട, വ്യവസായ, ഉല്പാദന, വിപണന വികസന യൂണിറ്റുകൾക്കും നികുതി നിർദ്ദേശിക്കുക.

12. കത്താത്ത തെരുവു വിളക്കുകൾക്ക് കറൻറ് ചാർജ് അടക്കുന്ന രീതി ഇല്ലാതാക്കുകയും ഉപയോഗിക്കുന്ന കറൻറിനുമാത്രം ചാർജ് ഈടാക്കുന്ന സംവിധാനം ഉണ്ടാക്കുക.

13. കുറഞ്ഞ വോൾട്ടേജിൽ കൂടുതൽ വെളിച്ചം തരുന്ന ബൾബുകൾ തെരുവു വിളക്കുകൾക്കായി ഉപയോഗിക്കുക.

14. റവന്യു ടാക്സ് ഇനത്തിലും, രജിസ്ട്രേഷൻ, ദേശീയ സമ്പാദ്യം തുടങ്ങിയ വിവിധ ഇനങ്ങളിൽ പഞ്ചായത്തിനു കിട്ടേണ്ടുന്ന വിഹിതം യഥാസമയം വസൂൽ ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

15. ദേശിയ സമ്പാദ്യപദ്ധതി നിക്ഷേപത്തിൻെറ 20% തുക പഞ്ചായത്തിനു കിട്ടുമെന്നതിനാൽ ഏജൻറുമാരുമായി സഹകരിച്ച് പരമാവധി നിക്ഷേപം സമാഹരിക്കുക.

16. പഞ്ചായത്തിനുള്ള പുറമ്പോക്കുകൾ അളന്നു തിരിക്കുകയും അനധികൃത കയ്യേറ്റങ്ങൾ ആവശ്യമെങ്കിൽ ഒഴിപ്പിക്കുകയും കൈവശക്കാരനു തന്നെ കൊടുക്കാവുന്ന ഇടങ്ങളിൽ മാർക്കറ്റ് വില ഈടാക്കിക്കൊണ്ട് അയാൾക്ക് തന്നെ നൽകുകയും ചെയ്യുക. ഒഴിപ്പിക്കുന്നവരെ പുനരധിവസിക്കുക, ലീസ് നിരക്ക് പുതുക്കി നിശ്ചയിക്കുകയും പിരിക്കുകയും ചെയ്യുക.

17. കൃഷിക്കുപയുക്തമായിട്ടുള്ള പുറമ്പോക്കു ഭൂമികൾ സംഘടനകൾക്ക് പാട്ടത്തിനു നല്കുക.

18. ബ്ലേഡ് കമ്പനികളുടേയും, ബ്ലേഡ് കമ്പനി നടത്തുന്ന വ്യക്തികളുടേയും വളർച്ച നിയന്ത്രിക്കുവാനായി വാർഡുകളിൽ ചെറിയ ചെറിയ പരസ്പര സഹായ ഫണ്ടുകൾ രൂപികരിക്കുകയും പഞ്ചായത്ത് മേൽനോട്ടം വഹിക്കുകയും ചെയ്യുക.

19. വിവാഹത്തിന് രജിസ്ട്രേഷൻ ഫീസ് ഈടാക്കുക.

20. സമ്പൂർണ്ണ മദ്യനിരോധനത്തിന് ശ്രമിക്കുകയും തദ്വാര വ്യക്തികൾക്ക് ഉണ്ടാകുന്ന സാമ്പത്തിക നേട്ടം അനേകം കുടുംബങ്ങളുടെ പ്രതിശീർഷ വരുമാനം ഉയരുന്നതിനും കാരണമായി തീരുകയും ചെയ്യും.

21. പന്തചിട്ടികൾക്ക് നികുതി ഏർപ്പെടുത്തുക.

22. ദേശസാൽകൃതബാങ്കിൻെറ ഒരു ശാഖ കൂടി വയലാർ പഞ്ചായത്തിൽ അനുവദിക്കുക.

23. നാളികേരം, കറുത്തകക്ക, ചകിരി, കയർ അധിഷ്ഠിതമായ വ്യവസായങ്ങൾ സ്ഥാപിക്കുക.

24. നിർമ്മാണ രംഗത്ത് യുവാക്കളുടെ കർമ്മശേഷി പരമാവധി പ്രയോജനപ്പെടുത്തുക.

25. കാർഷിക മേഖല പുനരുജ്ജീവിപ്പിക്കുക.

# വ്യാവസായിക വികസനം

വയാലാർ പഞ്ചായത്ത് വ്യാവസായികമായി വളരെ പിന്നിലാണ്. എന്നിരുന്നാലും ചിലമേഖലകളിൽ വിജയകരമായി നമുക്ക് കടന്നുചെല്ലുവാൻ കഴിഞ്ഞിട്ടുണ്ട്. ചേർത്തല താലൂക്കിൽ പ്രത്യേകിച്ച് വയലാർ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ ഒരു വൻകിട കയർഫാക്ടറി ആദ്യമായി സ്ഥാപിക്കുവാൻ കഴിഞ്ഞത് കളവം കോടത്ത് ദേവസ്വം ചിറയിൽ ശ്രീരാമൻ മുതലാളിക്കായിരുന്നു. പിൽക്കാലത്ത് മറ്റൊരു വൻകിടകയർഫാക്ടറി സ്ഥാപിക്കുവാൻ കഴിഞ്ഞത് ശ്രീ. മാധവൻ മാനേജരുടെ ഉടമസ്ഥതയിലായിരുന്നു. എന്നാൽ പ്രസ്തുത ഫാക്ടറികൾ രണ്ടും ഇന്ന് സഹകരണമേഖലയിൽ വളരെ വിജയകരമായി പ്രവർത്തിച്ചു വരുന്നത് നമുക്ക് കാണുവാൻ കഴിയും. ഇതോടൊപ്പം ഇടത്തരം, ചെറുകിട കയർഫാക്ടറികൾ നമ്മുടെ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലും പ്രവർത്തിക്കുന്നു. എന്നാൽ ആധുനിക രീതിയിലുള്ള ഒരു വ്യവസായങ്ങളും നമ്മുടെ പഞ്ചായത്തിൽ ഇല്ല.

നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് 478 ചെറുകിട ഇടത്തരം കയർ ഫാക്ടറികൾ പ്രവർത്തിച്ചുവരുന്നു. ഏകദേശം 25% ആളുകൾ ഈ മേഖലയിൽ പണിയെടുക്കുന്നതായി കാണാം. അതുപോലെതന്നെ സ്ത്രീകൾ കയർപിരി മേഖലയിലും പണിയെടുക്കുന്നു. കയറ്റുപായ്, തടുക്ക് ഇവകൾ ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറികൾ മിക്കപ്രദേശങ്ങളിലുമുണ്ട്. പഴയ ഉൽപ്പാദനപ്രക്രിയകൾ തന്നെയാണ് ഇന്നും തുടർന്നു വരുന്നത്. ഈ രംഗത്ത് ആധുനീക യന്ത്ര സാമഗ്രികൾ ഉപയോഗിക്കുവാൻ കഴിഞ്ഞാൽ കൂടുതൽ മെച്ചപ്പെട്ട ഇൽപ്പന്നങ്ങൾ നിർമ്മിക്കുവാൻ നമുക്കു കഴിയും. നമ്മുടെ കയർ മേഖലയാകെ വികേന്ദ്രീകരിച്ച് കിടക്കുന്നതിനാൽ സംഘടിത സ്വഭാവം നഷ്ടമാവുകയും ഇടത്തട്ടുകാരും കയറ്റുമതിക്കാരും ഈ മേഖലയെ വമ്പിച്ച ചൂഷണത്തിന് വിധേയമാക്കുകയും ചെയ്യുന്നു. ചൂഷണത്തിൽ നിന്ന് വിമുക്തരാകുവാൻ ചെറുകിട ഉൽപ്പാദകരെ സഹകരണമേഖലയിൽ കൊണ്ടുവരേണ്ടതാണ്. അതിലൂടെ ഇവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുവാൻ അവസരം സൃഷ്ടിക്കാവുന്നതാണ്.

കൂടാതെ സഹകരണമേഖലയിൽ ഒരു കൈത്തറി യൂണിറ്റും, രണ്ടു വനിതാ ഗാർമെൻറ് മേക്കിംഗ് യൂണിറ്റും, ഒരു വനിതാവ്യവസായ യൂണിറ്റും, ഒരു വനിതാ കെൽട്രോൺ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. സ്വകാര്യ മേഖലയിൽ ഒരു വെളിച്ചണ്ണ ഉൽപ്പാദന കേന്ദ്രവും (RD Oil Production) ചിരട്ട ഉപയോഗിച്ച് നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിറ്റും ഇവിടെ പ്രവർത്തിക്കുന്നു. ഇതോടൊപ്പം ഖാദി വ്യവസായ യൂണിറ്റും നിലവിലുണ്ട്. ചിരട്ട ഉൽപ്പന്നങ്ങൾക്ക് വിദേശ മാർക്കറ്റിൽ പ്രിയമേറിവരുന്ന സാഹചര്യത്തിൽ സ്ത്രീകളുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാൻ മറ്റു വാർഡുകളിലേയ്ക്കു കൂടി ഇത് വ്യാപിപ്പിക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടിയിരിക്കുന്നു. ഖാദിയൂണിറ്റൊഴിച്ചാൽ മറ്റു സഹകരണമേഖലയിലുള്ളള സ്ഥാപനങ്ങളെല്ലാംതന്നെ പ്രവർത്തന രഹിതമോ നിർജ്ജീവമോ ആണ്. നമ്മുടെ പഞ്ചായത്തിലെ വനിതാ ഗാർമെൻറ് യൂണിറ്റ് പഞ്ചായത്ത് കമ്മറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തനക്ഷമമാക്കിയാൽ വലിയ വ്യവസായ സാധ്യതകൾ ഉണ്ട്.

മറ്റു ജനവിഭാഗങ്ങൾ കൃഷിയേയും, ഇടത്തരം കച്ചവടങ്ങളേയും ആശ്രയിച്ച് ഉപജീവനം നടത്തുന്നവരാണ്. തെങ്ങിനുണ്ടാവുന്ന രോഗങ്ങളും കൃഷിനാശവും മൂലം കയർ മേഖലയിലേക്കുകടന്നു വരുവാൻ ജനങ്ങൾ നിർബ്ബന്ധിതരാകുന്നു. തൻമൂലം നമ്മുടെ പഞ്ചായത്തിൽ കൂണുകൾ പോലെ ചെറുകിട ഇടത്തരം കയർ ഫാക്ടറികൾ ഉയർന്നു വരുന്നതായി കാണാം. അതുപോലെ കയർ ബ്ലീച്ചിങ്ങ് വ്യവസായം നമ്മുടെ പഞ്ചായത്തിലെ ഒന്നുമുതൽ അഞ്ചുവരെയുള്ള വാർഡുകളിൽ വളരെ സജീവമായി പ്രവർത്തിക്കുന്നു. ഈ കേന്ദ്രങ്ങളിൽ നിന്നു വിടുന്ന മലിന ജലം കുടിവെള്ള സ്റോതസ്സുകളെ മലിനപ്പെടുത്തുന്നു. അതുകൊണ്ട് ഈ മലിനജലത്തെ ശുദ്ധീകരിച്ച് പുറത്തുകളയുവാൻ വേണ്ട സംവിധാനം ഉണ്ടാകേണ്ടതാണ്.

ആയുർവേദ മരുന്നുകൾ നിർമ്മിക്കുന്ന ഒരു സ്ഥാപനം നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

## പ്രശ്നങ്ങൾ

1. ഇടനിലക്കാരുടേയും കയറ്റുമതിക്കാരുടേയും ചൂഷണം.
2. അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്
3. കയർ വ്യവസായത്തിൽ നിലനിൽക്കുന്ന സ്ത്രീവിവേചനം.
4. വ്യവസായത്തിലെ പഴഞ്ചൻ സാങ്കേതികത്വം.
5. വിപണന പ്രശ്നങ്ങൾ
6. ബ്ലീച്ചിങ്ങ് കേന്ദ്രങ്ങൾ ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ.
7. ആഭ്യന്തരമാർക്കറ്റിൻെറ കുറവ്
8. പൊതുമേഖലാ സ്ഥാപനങ്ങളുടെ അയഞ്ഞ സമീപനം.
9. സ്വകാര്യ മേഖലയുടെ മത്സരം
10. തൊഴിലാളികളുടെ പ്രതിബദ്ധതക്കുറവ്
11. അദ്ധ്വാനത്തിൻെറ കാഠിന്യം.
12. യന്ത്രവൽക്കരണത്തിൻെറ അപര്യാപ്തത
13. വൈദ്യുതിയുടെ കുറവ്.

## പരിഹാരങ്ങൾ

1. കയർ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന വിപണന പ്രക്രിയകളിൽ ഗവൺമെൻറ് നേരിട്ട് ഇടപെടുവാനുള്ള സംവിധാനം ഉണ്ടാകണം. ഇടനിലക്കാർ വഴിയാണ് ചെറുകിട ഉൽപ്പാദകർക്ക് ഓർഡറുകളും, അസംസ്കൃത സാധനങ്ങളും ലഭിക്കുന്നത്. ഇതിന് മാറ്റം അനിവാര്യമാണ്.
2. കയർ ബോർഡ്, കയർ കോർപ്പറേഷൻ, കയർ ഫെഡ് മുതലായ സ്ഥാപനങ്ങളിൽ നിന്ന് ചെറുകിട ഉൽപ്പാദകർക്ക് സാങ്കേതിക സഹായങ്ങൾ, അസംസ്കൃത സാധനങ്ങൾ, വിപണന സൗകര്യം എന്നിവ ലഭ്യമാക്കണം.
3. ഒരേ ജോലി ചെയ്യുന്ന സ്ത്രീക്കും പുരുഷനും ഒരേ കൂലി കൊടുക്കണം.
4. വിദേശനാണ്യം നേടിത്തരുന്ന ഈ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പാക്കണം. ഇത് ക്വാളിറ്റിയുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാൻ സഹായിക്കും.
5. ചെറുകിട ഉൽപ്പാദകന് ഓർഡർ നേരിട്ട് നൽകുവാനും ഉൽപ്പന്നം ഗവൺമെൻറ് ഏജൻസി റൊക്ക വിലയ്ക്ക് എടുക്കുവാനുമുള്ള സംവിധാനം ഉണ്ടാക്കണം.
6. കയറും മറ്റും ബ്ലീച്ചുചെയ്യുന്ന ആസിഡുകൾ ഒഴുക്കിവിടാതെ ശാസ്ത്രീയമായി നിർവ്വീര്യമാക്കി നീക്കംചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കണം.
7. ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കണം.
8. കയർബോർഡ്, കയർ കോർപ്പറേഷൻ കയർഫെഡ് തുടങ്ങി ഇതുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളും വൻവ്യവസായ സംരംഭകരേക്കാൾ ഉപരിചെറുകിട നാമമാത്ര ഉൽപ്പാദകരെ നേരിട്ട് സഹായിക്കുവാൻ കഴിയണം. ഇവർക്ക് ഓർഡറുകളും, അസംസ്കൃതസാധനങ്ങളും നേരിട്ട് കൊടുക്കുകയും റൊക്കവിലയ്ക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ടെടുക്കുവാൻ സംവിധാനം ഉണ്ടാകണം.

9. കയർ വ്യവസായത്തിനു വേണ്ടി സ്ഥാപിതമായിട്ടുള്ള ഗവണമെൻറ് ഏജൻസികൾ എല്ലാ യൂണിറ്റുകൾക്കും ആവശ്യമായിട്ടുള്ള മെറ്റീരിയൽസ് സംഭരിച്ച് വിതരണം ചെയ്യണം. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം നിലനിർത്തണം.

10. കയർമേഖലയിൽ തൊഴിൽ ചെയ്യുന്ന കുറച്ചുപേരെങ്കിലും സമയബന്ധിതമായും, ഗുണമേന്മയുള്ളതുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിൽ ശ്രദ്ധിക്കാറില്ല. ഇത് ഉൽപ്പന്നങ്ങൾ എടുക്കാതിരിക്കുവാനും തിരിവ് ഉണ്ടാക്കുകയും ചെയ്യും.

11. പവർകട്ട് ഒഴിവാക്കണം.

12. വ്യവസായങ്ങളുടെ പുരോഗതി ലക്ഷ്യമാക്കി ട്രേഡ് യൂണിയനുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കണം. വിട്ടുവീഴ്ചകൾക്ക് തയ്യാറാകണം.

13. നിലവിലുള്ള തൊഴിൽ ശാലകളിൽ തൊഴിലാളിക്ഷേമകരമായ സംവിധാനങ്ങളുടെ കുറവ് പരിഹരിക്കണം.

14. ഗ്രാമീണമേഖലാ വ്യവസായങ്ങളുടെ പരിപോഷണത്തിന് ആവശ്യമുള്ളത്ര ഊന്നൽ ഗവൺമെൻറ് നൽകുന്നില്ല.

15. കൈത്തറി, അവൽ നിർമ്മാണം, കൈത്തറി നെയ്ത്ത് തുടങ്ങിയ ഗ്രാമീണ വ്യവസായങ്ങളും കരകൗശല വസ്തുക്കളുടെ നിർമ്മാണവും പരിപോഷിപ്പിക്കുക.

16. കുപ്പിവള, കക്ക ഉപയോഗിച്ചുള്ള ഫാൻസി സാധനങ്ങളുടെ നിർമ്മാണം, കുമ്മായ നിർമ്മാണം, മുത്തുമാല നിർമ്മാണം തുടങ്ങിയ വ്യവസായ യൂണിറ്റുകൾ തുടങ്ങണം.

17. ചകിരിച്ചോർ അസംസ്കൃത സാധനമാക്കികൊണ്ട് ജൈവവള നിർമ്മാണയൂണിറ്റ് സ്ഥാപിക്കുക. പുതിയ വ്യവസായം വികസിപ്പിച്ചെടുക്കാമോയെന്ന് പരിശോധിക്കണം.

18. സിമൻറ് സാൻറ് ബ്രിക്സ് നിർമ്മിക്കുന്ന വ്യവസായം തുടങ്ങണം.

19. കായൽ ചെളിയും വിവധയിനം പായലുകളും ഉപയോഗിച്ചുള്ള ജൈവവളനിർമ്മാണം പരീക്ഷിക്കുക. കൊതുകുനശീകരണവും സാധിക്കും.

20. തേങ്ങയും, പച്ചതൊണ്ടും പ്രധാന അസംസ്കൃത വസ്തുക്കളായുപയോഗിച്ചുകൊണ്ടുള്ള ഒരു വ്യവസായ ശൃംഘല ആരംഭിക്കുക. തേങ്ങയിൽ നിന്ന് പാൽ, പാൽപ്പൊടി, വെളിച്ചെണ്ണ തുടങ്ങിയവയും, തൊണ്ടിൽ നിന്ന് ചകിരി, കയർ, തടുക്ക്, പായ്നെയ്ത്തു യൂണിറ്റുകൾ തുടങ്ങിയവ സ്ഥാപിക്കുക. ഇത് വലിയ ഒരു ഇൻഡസ്ട്രിയൽ യൂണിറ്റായിരിക്കും.

21. പഞ്ചായത്ത് പ്രദേശത്തുള്ള ചെമ്മീൻ സംസ്ക്കരണ ഫാക്ടറികളിൽ നിന്ന് മലിനീകരണമുണ്ടാകാതിരിക്കുവാനുള്ള സത്വരനടപടികൾ സ്വീകരിക്കുക.

# വികസന റിപ്പോർട്ട് ഗതാഗതം

വയലാർ പഞ്ചായത്തിൻെറ വികസനത്തിന് ഏറ്റവും തടസ്സമായ ഘടകമാണ് റോഡുകളുടെ അഭാവം നിലവിലുള്ള റോഡുകളുടെ ശോചനീയത, പുതിയ റോഡു കളുടെ അഭാവം. ഇതിൽ ഒന്നാതത്തെ പ്രശ്നത്തിൽ പഞ്ചായത്തും രണ്ടാമത്തേതിൽ ജനങ്ങളുടെ നിസ്സഹകരണവും എന്നത് എടുത്ത് കാട്ടേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൻെറ അധീനതയിൽ 16 K.Mഓളം റോഡുകളാണ് ഉള്ളത്. ഇതിൽ 3.42 K.M. മാത്രമാണ് ടാർ ചെയ്തത് ബാക്കി 12.606 K.M. ഗ്രാവൽ നിരത്തി യതുമാണ്. ഗ്രാവൽ റോഡുകൾ മഴക്കാലത്തു കുത്തൊഴുക്കിലും മഴയിലും തോടായി മാറാറുണ്ട് ഇതിലും കരാറുകാരുടെ ഉത്തരവാദിത്വമില്ലായ്മ പകൽ വെളിച്ചം പോലെ നമുക്കു കാണാം ഇക്കാര്യത്തിൽ തന്നെ ജനകിയാസുത്രണം അത്യന്താപേക്ഷിതമാണെന്നു എടുത്തു പറയേണ്ടിയിരിക്കുന്നു. നമ്മുടെ ഗ്രാമങ്ങളുടെ വികസനം ഗതാ ഗതത്തെ നല്ലൊരു പങ്കും അശ്രയിച്ചിരിക്കുന്നു എന്നതിൽ പഞ്ചായത്തിലെ ജനങ്ങൾ അഞ്ജരാണ്. ഇക്കാര്യത്തിൽ ഒരു ബോധവൽക്കരണം തന്നെ ആവശ്യമാണ്. കാ ലാകാലങ്ങളിൽ ഓരോ പ്രത്യേക സ്കീമുകളിൽ പെട്ട 100 ഉം 200 ഉം മിറ്റർ മാത്രം പണിതീർത്തു വർഷങ്ങളായി മുടങ്ങികിടക്കുന്ന റോഡുകളും ഇവിടെ കാണാം. അടു ത്ത ഒരു ഫണ്ടനുവദിക്കുമ്പോൾ മറ്റൊരു വാർഡിൽ വീണ്ടും മറ്റൊരു 150 മീറ്റർ. 'കഷണം ' റോഡ് പൂർത്തിയാക്കുന്നു ഇവയൊന്നും ജനോപകാരപ്രദമല്ല എന്നതു അറിയാമെങ്കി ലും ഉപകാരപ്രദമായി പ്രവർത്തിക്കുവാൻ മനസ്സു കാണിക്കുന്നില്ല എന്നതു മറച്ചു വച്ചി ട്ടു കാര്യമില്ല ഇതിനുത്തരവാദികൾ ആരൊക്കെ യാണാവോ ?

രണ്ടു വാർഡുകൾ തമ്മിൽ ബന്ധിപ്പിച്ചാൽ ജനോപകാരപ്രദമാകും വിധം അനവധി റോഡുകളുടെ സ്കിമുകൾ ഉണ്ടെങ്കിലും ജനങ്ങൾക്കു ഉപകാരപ്രദമായി അതു നിർമ്മിച്ചു നൽകുവാൻ അധികാരികൾ മെനക്കെടാറില്ല. 'രാമേശ്വരം ക്ഷൗരം' പോലെ നടപ്പിലാക്കുന്ന റോഡുകൾ കുട്ടായ നല്ല തിരുമാനങ്ങളുടെ വെളിച്ചത്തിൽ ഒരു നല്ല റോഡ് പഞ്ചായത്തിൽ ആകമാനം ഉപകരിക്കുമാറ് നടപ്പിലാക്കുവാൻ മനസ്ഥിതികാട്ടണം. പല റോഡുകളുടെയും നിർമ്മാണം പുരോഗമിക്കാത്തതും തു ടങ്ങാതിരിക്കുന്നതും ജനങ്ങളുടെ സഹകരണമില്ലായ്മ എന്നു പറയാതെ വയ്യ പഞ്ചായത്ത് ഏകാധിപത്യപരമായി പ്രവർത്തിക്കുന്നു എന്ന അപവാദ പ്രചരണവുമായി ചി ലർ സ്വന്തം സ്ഥലം നഷ്ടപ്പെടാതെ തൻെറ സ്ഥലത്തിൻെറ അരികി ലൂടെ റോഡു കൾ നിർമ്മിച്ചു കാണുവാൻ പെടുന്ന പെടാപ്പാടും കുറവല്ല. ഗ്രാമങ്ങൾക്കും കാർഷിക മേഘലയ്ക്കും ആകമാനം, പാരമ്പര്യ നടപ്പാതയ്ക്ക് അനുസരിച്ച് റോഡുകളുടെ റൂട്ടുകൾ നിശ്ചയിക്കു മ്പോൾ ചില കൈകടത്തലുകൾ മൂലം പല റോഡുകളും നഷ്ടപ്പെടുന്നതു കാണാം.

കുടാതെ പല റോഡുകളും P.W.D യെ കൊണ്ട് ഏറ്റെടുപ്പിക്കുവാൻ പഞ്ചാ യത്ത് അധികാരികൾ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇങ്ങനെ ചെയ്താൽ റോഡുകളു ടെ വികസനം സുഗമമാകും.

റോഡുവക പുറംപോക്കു സ്ഥലം കൈയേറി പ്രശ്നം സൃഷ്ടിക്കുന്നതും ഇവി ടെ കുറവല്ല. ഇതുപോലുള്ള കൈയ്യേറ്റങ്ങൾ ഉടനുടൻ നീക്കേണ്ടതാണ്. റോഡിൽ നിന്ന് നിശ്ചിത മീറ്റർ അകലെ മാത്രം കെട്ടിടം നിർമ്മിക്കാൻ ഗവൺമെൻറ് നിഷ്കർ ഷിച്ചിട്ടുണ്ടെങ്കിലും അതൊന്നും പാലിക്കാതെ കെട്ടിട നിർമ്മാണം, മതിൽ പണി എന്നിവ നടത്തുന്നത് പഞ്ചായത്തിൽ സാധാരണമാണ്. റോഡുകളുടെ നാശത്തിൻെറ പ്രധാന മറ്റൊരു കാരണം സൈഡുകളിൽ നിന്ന് ഉയരത്തിൽ നില്ക്കുന്ന റോഡ് ഭാഗങ്ങൾ കല്ല് കെട്ടി സംരക്ഷിക്കുന്നതിന് അധികൃതർ ഗൗരവം കാട്ടാറില്ല എന്നതാണ്. ഇതി ൻെറ പിന്നിലും ഒരു ലാഭ കണ്ണ് ഇല്ലാതില്ല ഉദ്യോഗസ്ഥൻമാരും കോൺട്രാക്ടർമാരും തമ്മിലുള്ള ഒത്തുകളിയുടെ പരസ്യമായ രഹസ്യ മാണ് ഇന്നുള്ള റോഡുകളുടെ ശോ ച്യാവസ്ഥ.

ഗതാഗത സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഒരു പരിധി വരെ പല ചെറുകിട വ്യവസായങ്ങളും പഞ്ചായത്തിൽ നടപ്പിലാക്കാതെ വന്നിട്ടുണ്ട്. ഭവന നിർമ്മാണ രം ഗത്ത് സ്തംഭനം, ഭവന നിർമ്മാണ ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവും, കുടിൽ വ്യവസാ യമായ കയർ, ചകിരി രംഗത്ത് പ്രതിസന്ധി, കാർഷീകരംഗത്തെ പ്രതി

സന്ധി, മൈലുകൾ താണ്ടി പാടങ്ങൾ തോടുകൾ ചുറ്റി സ്ക്കുൾ കുട്ടികൾ സ്ക്കുളിൽ എത്തേണ്ട ഗതികേട് ഇവയുടെ എല്ലാം കാരണം റോഡുകളുടെ അപര്യാപ്തതയാണ്.

വാഹന സൗകര്യം കുറെയൊക്കെ ഉണ്ടെങ്കിലും മീനപ്പള്ളി കവലയിൽ നിന്നും (മുക്കണ്ണം കവല) വടക്കോട്ട് ഇടക്കാലത്ത് നിർത്തിവച്ച കാവിൽപ്പിള്ളി ബസ്സ് സർവ്വിസ് പുനഃരാരംഭിക്കുകയും നാഗം കുളങ്ങര- എട്ടു പുരയ്ക്കൽ പഴയ സർവ്വീസ് പുനഃരാരംഭിക്കുകയും, ഇന്ദിര ജംഗ്ഷനിൽ നിന്നും (മുശാരിചിറ) കിഴക്കോട്ട് വയലാർപള്ളി വഴി പഞ്ചായത്ത് ഓഫിസിൻെറ വാതില്ക്കലുടെ നാഗം കുളങ്ങര ടച്ച് ചെയ്ത് ബസ്സ് സർ വ്വിസ് ആരംഭിക്കുകയും, വെട്ടയ്ക്കൽ നിന്ന് പുതിയകാവ് കൊല്ലപ്പിള്ളി വഴി ചേർത്തല തവണക്കടവ് ബസ്സ് സർവ്വിസ് ആരംഭിക്കുകയും വേണം.

റോഡിൻെറ ആയുസ്സ് കുറയുന്നതിന് പ്രധാനകാരണം കാനകൾ വേണ്ടിടത്ത് ഇല്ലാത്തതാണ്

തോടുകളിലൂടെ വള്ളത്തിൽ മാത്രം സാധനങ്ങൾ കൊണ്ടുവന്നിരുന്ന കാലം പലരും മറന്നിരിക്കുന്നുവെങ്കിലും ഇന്നു തോടുകൾക്ക് സമീപപ്രദേശത്ത് താമസക്കാരായവരുടെ സ്ഥിതി ശോചനിയമാണ്. പ്രധാന ഗതാഗതം ഉണ്ടായിരുന്ന വെളുത്തേടത്ത് തോട്, പുത്തൻ തോട്, വേലപ്പൻ തോട്, പൊന്നാംവെളിത്തോട്, പു ത്തൻ തോട്ടിൽ നിന്നും പുല്ലൻ ചിറവഴി പ്ലാശേരി വരെ വയലാറിൻെറ ഹൃദയഭാഗത്തി ലൂടെ കിടക്കുന്ന തോട്, ഗതാഗത സൗകര്യമുള്ള കൈത്തോടുകളും, കൈയ്യേറ്റവും, കെട്ടുചകിരി ഇട്ടിരിക്കുന്നതിനാലും ഇന്ന് ഇവയിലൂടെയൊന്നും നൗക ഉപയോഗിച്ചു ള്ള ഗതാഗതത്തിന് ഒട്ടും തന്നെ സൗകര്യം ഇല്ലാതായിരിക്കുന്നു. മാത്രമല്ല ഇവ മലിനജല വാഹിനികളുമായിമാറി; ഇതിനൊക്കെ പരിഹാരം എന്നോണം ചകിരികെട്ടു കൾ തോട്ടിൽ നിക്ഷേപിക്കുന്നത് തടയുകയും മണ്ണും ചെളിയും കോരി തോടുകൾ താഴ്ത്തി തോട് സൈഡ് അളന്ന് തിട്ടപ്പെടുത്തി കൈയ്യേറിയത് ഒഴുപ്പിച്ച് കരിങ്കല്ല് കെട്ടി സംക്ഷിക്കേണ്ടതും അത്യന്ത്യാപേക്ഷിതമാണ്.

നിലവിലുള്ള റോഡുകളുടെ റിപ്പയറിംഗ്, ടാറിംഗ്, പണിനിർത്തിവച്ചിരിക്കുന്ന റോഡുകളുടെ പണിപു നഃരാരംഭിക്കൽ, കലുങ്കും കാനയും കെട്ടി നിലവിലുള്ള റോഡു കൾ സംരക്ഷിക്കുകയും, ബസ്സ് സർവ്വീസ് പുനഃ രാരംഭിക്കുകയും മേൽപ്പറഞ്ഞ തോടുകളുടെ കാര്യം പൂർണ്ണമാക്കുകയും ചെയ്താൽ പഞ്ചായത്തിലെ ഗതാഗത പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണുവാൻ സാധിക്കും.

നിലവിലുള്ള റോഡുകളുടെ വിശദവിവരവും ടാറിംഗ് ഉദ്ദേശിക്കുന്ന റോഡു കളുടെ വിശദവിവരവും പുതിയ റോഡുകൾ, പാലങ്ങൾ , കലിങ്കുകൾ ഇവയുടെ വിശദരൂപങ്ങൾ താഴെ വിവരിക്കുന്നു.

## ഗതാഗതം പോരായ്മകളും പരിഹാര നിർദ്ദേശങ്ങളും

| പോരായ്മകൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|
| 1. റോഡുപണി തുടങ്ങി അല്പദൂരം ചെന്ന് പണി നിറുത്തുന്നു. | 1. സ്ഥലത്തിനുള്ള സറണ്ടർ ഫാറങ്ങൾ മുഴുവൻ ലഭിച്ച ശേഷം മാത്രം പണി തുടങ്ങുകയും പണിയാരംഭിച്ച റോഡുകളുടെ പണിപൂർത്തികരിക്കുകയും ചെയ്യുക. |
| 2. കിട്ടുന്ന തുക എല്ലാ വാർഡിലേക്കും വീതിച്ചു ചെലവിടുന്ന രീതി | 2. ഒരു പഞ്ചായത്തിന് റോഡ് മെയിൻറൻസിന് കിട്ടുന്ന തുക എടുക്കുന്ന റോഡുകളുടെ പണിതീർക്കുവാൻ പറ്റും വിധം വീതിക്കുക |
| 3. ഉപയുക്തമല്ലാത്ത സ്ഥലങ്ങൾ റോഡിനു വേണ്ടി എടുക്കുന്നു | 3. കുളം, തോട്, കായൽ സ്ഥലങ്ങൾ എന്നിവ നികത്തി റോഡുണ്ടാക്കുന്നതു കഴിവതും ഒഴിവാക്കുക. ഒഴിവാക്കാൻ പറ്റാത്ത സാഹചര്യങ്ങളിൽ മാത്രം സ്ഥലം എടുക്കുക |

| | |
|---|---|
| 4. സൈഡു ലവലല്ലാത്ത റോഡുകൾ | 4. വയൽ, കായൽ, തോട്, കുളം, റോഡുയർന്നതും വസ്തു താഴ്ന്നും കിടക്കുന്ന ഭാഗങ്ങൾ എന്നിവിടങ്ങളിൽ കല്ലുകെട്ടിയോ, പുല്ലു വച്ചോ സംരക്ഷിക്കുകയും, റോഡ് സൈഡിൽ നിന്ന് മണ്ണെടുക്കുന്നത് തടയുകയും ചെയ്യുക |
| 5. വസ്തു കയ്യേറ്റം | 5. റോഡു സൈഡുകൾ കൈയ്യേറുന്നതു തടയുക, മറ്റെല്ലാ വസ്തു കയ്യേറ്റങ്ങളും തടയുക |
| 6. കുണ്ടും കുഴിയുമായ റോഡുകൾ | 6. എല്ലാ റോഡുകളും ടാർ ചെയ്യുക ആവശ്യമുള്ളടത്തെല്ലാം റോഡു സൈഡിൽ കാണകെട്ടുക |
| 7. വാട്ടർ അതോറിട്ടി, ടെലിഫോൺസ് ഇലക്ട്രിസിറ്റി എന്നി വകുപ്പുകൾ വരുത്തുന്ന നഷ്ടം തുടങ്ങിയവ | 7. വിവിധാവശ്യങ്ങൾക്കായി ഡിപ്പാർട്ടുമെൻറുകളും, സാമൂഹ്യ രാഷ്ട്രിയ സാമുദായിക സംഘടനകളും റോഡു സൈഡു കുഴിക്കുകയും, റോഡു വെട്ടിപ്പൊളിക്കുകയും മറ്റും ചെയ്യുന്നു. ആവശ്യം കഴിഞ്ഞ് ഇവർ റോഡു പഴയ രുപത്തിലാക്കാറില്ല. ക്രമേണ റോഡു മോശമാകുന്നു. ഇത്തരം സാഹചര്യങ്ങൾ നേരിടുക |
| 8. തോടുകളും കായലുകളും സ്വന്തം മുതൽ പോലെ കയ്യടക്കിവച്ചിരിക്കുന്നു | 8. കായലുകളും, തോടുകളും തടി, ചകിരി, തൊണ്ട് ഇവകൾ കൊണ്ട് നിറച്ച് മറ്റാർക്കും ഉപയോഗിക്കുവാൻ പറ്റാത്ത വിധം തടഞ്ഞും, ചിറകെട്ടിയും മറ്റും ഉപയോഗിക്കുന്നു. ഇതു കർശനമായി തടയണം സൗകര്യമുള്ള സ്ഥലം ആവശ്യക്കാർക്ക് ഹൃസ്വകാലത്തേക്കു പാട്ടത്തിനു നല്കുക |
| 9. മലിനീകരണം | 9. ജലാശയങ്ങളിലേക്കു നിട്ടിവച്ചിരിക്കുന്ന അഴുക്കു ചാലുകളും, തോട്ടിലും കായലുകളിലും വെള്ളത്തിലേക്കു നീട്ടി ഉണ്ടാക്കിയിട്ടുള്ള കക്കുസുകളും യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യുക. ചകിരിചോർ മുതലായവ കായലിലും, തോടുകളിലും നിക്ഷേപിക്കുന്നവർക്കെതിരെ നടപടികളെടുക്കുക. |
| 10. ആവശ്യങ്ങൾ | 10. റിപ്പോർട്ടിൽ പറയുന്ന എല്ലാ ആവശ്യങ്ങളുംഉടൻ പരിഹരിക്കുവാനുള്ള നടപടികളെടുക്കുക. |
| 11. ഉൾനാടൻ ജലാശയങ്ങളിൽ പായൽ തിങ്ങികൂടുന്നു | 11. ഉൾനാടൻ ജലാശയങ്ങളിൽ തിങ്ങികൂടുന്ന പായൽ, ജലഗതാഗതത്തിന് സഹകരണത്തോടുകൂടി പായൽ നശീകരണത്തിനുള്ളയത്ഞ്ഞം നടത്തേണ്ടതാണ് |

| വാർഡ് | NO. | വാർഡുകളിൽ പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ വിവരവും എണ്ണവും |
|---|---|---|
| I | 1. | പതിനാറാം മൈലിൽ നിന്നും മനപ്പള്ളി ലക്ഷം വീട് കോളനി വഴി ശക്തീശ്വരം റോഡിൽ SCB 895 ൻെറ മുൻവശം എത്തിച്ചേരുന്ന റോഡ്. |
| | 2. | മുനിസിപ്പൽ 1-ാം വാർഡിൽ മാപ്പേത്തുചിറയിൽ വന്നു നില്ക്കുന്ന റോഡ് വടക്കോട്ട് അന്താനാട്ടുപാലം വരെ നീട്ടുക. |
| | 3. | കളവംകോടം SCB 895 ൻെറ തെക്കുവശത്തുകൂടി കിഴക്കോട്ട് കായൽ തീരം വരെയുള്ള റോഡ് |
| | 4. | ശക്തീശ്വരം ക്ഷേത്രത്തിന് മുൻവശത്തുകൂടി കിഴക്കോട്ട് കായിപ്പള്ളിവഴി തെക്കോട്ട് കയറി ദേവസ്വം ചിറവഴി കിഴക്കോട്ട് കായൽ തീരം വരെ. |
| | 5. | പാലചുവട് തങ്കി കവല റോഡിൽ നിന്നും വടക്കോട്ട്-ആനത്തോട് പുറം പോക്കിലൂടെ 16-ാം മൈൽ SCB 895 റോഡുമായി ബന്ധിപ്പിക്കുന്നലിങ്ക് റോഡ്. |
| | 6. | ശക്തീശ്വരം റോഡിൽ നിന്നും വെളുത്തേടത്തുപാലത്തിന് വടക്കുവശംകൂടി കിഴക്കോട്ട് കായൽ തീരം വരെ. |
| | 7. | പുന്നചുവട് കോൺഗ്രസ്സ് ഹൗസിന് മുൻവശത്തുനിന്ന് കിഴക്കോട്ട് കായൽ തീരം വരെ. |
| | 8. | C. S. 240ന് തെക്കുവശത്തുക്കൂടി കിഴക്കോട്ട് നിലവിലുള്ള കായൽ തീരം വരെയുള്ള നടപ്പാത നിർമ്മിക്കുക. |
| II | 1. | പിണ്ഡനമുറ്റത്ത് നിന്നും തെക്കോട്ടുള്ള നിർദ്ദിഷ്ട റോഡ്. |
| | 2. | കുഴുപ്പള്ളിയിൽ നിന്നും വടക്കോട്ട് പുതിയ റോഡ് നിർമ്മിച്ചു പുല്ലൻച്ചിറ പാലത്തിന് പടിഞ്ഞാറുവശത്തു ക്കൂടി വടക്കോട്ടുള്ള റോഡിൽ എത്തുന്ന പുതിയ റോഡ്. |
| | 3. | അന്താനാട്ട് പാലത്തിൽ നിന്നും കുന്നത്തറ കോളനി വഴി വടക്കോട്ട് ചൂപ്രത്ത് കിഴക്കുവശം CMS ശക്തീശ്വരം റോഡിൽ ടച്ചുചെയ്യുന്ന റോഡ്. |
| | 4. | ഉഴുവ ആശുപത്രിയുടെ വടക്കുവശത്തുള്ള റോഡ്-കീറ്റുപറമ്പുറോഡുമായി ബന്ധിക്കുന്ന ലിങ്ക് റോഡ്. |
| | 5. | ശാസ്താങ്കൽ പായിക്കാട്ടു റോഡ്. |
| III | 1. | വരേകാട്ടു നിന്നും കിഴക്കോട്ട് കുളത്തും തറയിൽ ചാൽതീരം വരെയുള്ള റോഡ് (പുതുവൻ നികർത്ത്.) |
| | 2. | തണ്ണിപ്പം തറയിൽ നിന്നു തെക്കോട്ട് തുടങ്ങി വച്ച കരുവേലി റോഡ്. |
| | 3. | പിണ്ഡനിമുറ്റം-യക്ഷിക്കൽ റോഡിൻെറ പൂർത്തികരിക്കേണ്ടബാക്കി റോഡ്. |
| | 4. | പട്ടശ്ശേരി-പുത്തൻ വെളി റോഡ് പടിഞ്ഞാറോട്ട് തട്ടാടിക്കൽ വരെയുള്ള പുതിയ റോഡ്. |
| | 5. | തണ്ടാൻ മുരളിയുടെ തെക്കുവശത്തു നിന്ന് ലിങ്ക് റോഡ് നിർമ്മിച്ചു കിഴക്കോട്ടു ചെന്ന് കാട്ടുതറ - കിഴക്കേ മാലിത്തോട്ടിൽ എത്തുന്ന റോഡ്. |
| | 6. | പൊരുന്നിമപ്പള്ളി നിന്നും കിഴക്കാട്ട് മുരളീ നിവാസിന് കിഴക്കുവശത്തുക്കൂടി കുചേലത്ത് റോഡിൽ എത്തുന്ന റോഡ്. |
| IV | 1. | പട്ടണക്കാട് കൊറ്റനാട്ട് കവല റോഡ്. |
| | 2. | കുന്നുകുഴി ലക്ഷം വീട് കോളനിയിൽ നിന്ന് പടിഞ്ഞാറോട്ട് പനച്ചിക്കൽ പ്രദേശം വരെ |
| | 3. | ഹെൽത്തു സെൻറർ പ്രദ്ദേശത്തു നിന്നും പടിഞ്ഞാറോട്ട് പണ്ടാരപാട്ടം വരെ. |
| | 4. | പണ്ടാരപ്പാട്ടത്തിൽ നിന്നും വെള്ളാച്ചിറ വരെ-മാലിത്തോടിന് സമാന്തരമായി റോഡ്. |
| | 5. | കാരിക്കുഴി മുതൽ കാട്ടുവെട്ടിത്തറ വരെ. |
| | 6. | വെള്ളാഴത്തു കവലയിൽ നിന്ന് കിക്കോട്ടു കൈതവേലിയുമായി ബന്ധിക്കുന്ന റോഡ്. |
| | 7. | ഒളതല വെള്ളാഴത്തു കവലയിൽ നിന്ന് പടിഞ്ഞാറോട്ട് പൊന്നാം വെളിയുമായി ബന്ധിക്കുന്ന റോഡ്. |
| V | 1. | കാവിൽ സ്കൂളിൽ നിന്ന് കിഴക്കോട്ട് കഴുന്നാരത്തിലേയ്ക്ക്. |
| | 2. | പാലങ്ങാമുറിയിൽ നിന്ന് കിഴക്കോട്ട് കായൽ തീരം വരെയുള്ള റോഡ്. |
| | 3. | പാട്ടച്ചിറ-കൊടിയനാട് റോഡ്. |
| VI | 1. | എട്ടുപുര-കുട്ടൻചാൽ റോഡ്. |
| | 2. | വെളിയിൽ ഹരിജൻ കോളനി റോഡ്. |

|  |  |  |
|---|---|---|
|  | 3. | അംബേദ്ക്കർ പ്ലാശ്ശേരിൽ റോഡ്. |
|  | 4. | കടുങ്ങാതുരുത്തിൽ പ്ലാശ്ശേരിൽ റോഡ് |
|  | 5. | വേലം മഠം പുതുമന റോഡ് |
|  | 6. | മേക്കട ചിറയകം റോഡ് |
| VII | 1. | മനപ്പള്ളി പ്രദേശത്തു നിന്ന് കിഴക്കോട്ട് ഹരിജൻ കോളനി വരെയുള്ളത്. |
|  | 2. | കേളമംഗലം കടവിൽ നിന്ന് വടക്കോട്ട് ഹരിജൻ കോളനി വരെ. |
|  | 3. | പഞ്ചായത്ത് ഓഫീസിന് കിഴക്കുവശത്തു നിന്ന് വടക്കോട്ട് മുസ്ലിം പള്ളി വരെ. |
|  | 4. | മുസ്ലിം പള്ളി മുതൽ കേളമംഗലം കടത്ത് കടവ് വരെ എത്തുന്ന റോഡ്. |
|  | 5. | അയ്യനാട് കോളനിയുടെ വടക്കുഭാഗത്തുകൂടി ഇട്ടേഴത്തു ക്ഷേത്രത്തിൽ എത്തിച്ചേരുന്ന റോഡ്. |
|  | 6. | നാഗം കുളങ്ങര - കൊല്ലാറ റോഡ്. |
|  | 7. | കേളമംഗലം കടവു മുതൽ വടക്കോട്ട് ഹരിജൻ കോളനി വരെ. |
| VIII | 1. | വയലാർ നാഗം കുളങ്ങര മാർക്കറ്റിൻെറ പടിഞ്ഞാറ് റോഡിൽ നിന്നു ഷാഫിയുടെ ഓയിൽ മില്ലിന് പരിസരത്തുകൂടി പടിഞ്ഞാറോട്ട് കോതാട് പുരയിടത്തിൽ എത്തുന്ന റോഡ്. |
|  | 2. | കോർപ്പറേഷൻ ബാങ്കിന് പടിഞ്ഞാറുവശത്തുനിന്ന് പൂപ്പള്ളി പുരയിടത്തിലൂടെ കോതാട്ട് പുരയിടത്തിൽഎത്തുന്ന ലിങ്ക് റോഡ്. |
|  | 3. | പനമ്പാറ്റ് കോളനി റോഡ് വടക്കോട്ട് നീട്ടി കോതാട് പുരയിടത്തിലൂടെ പടിഞ്ഞാറോട്ട്, കോടാരത്തിൽ നിന്ന് പൂത്തറ വടക്കു ഭാഗത്ത് പാലത്തിന് കിഴക്കുവശം എത്തുന്ന റോഡ്. |
|  | 4. | കോടാരത്തിൻ പുരയിടത്തിൽ നിന്ന് തെക്കോട്ട് മീന്തറ - കൊച്ചുചിറ പാലത്തിൽ എത്തുന്ന ലിങ്ക് റോഡ്. |
|  | 5. | മെഡിക്കൽ ജംഗ്ഷനിൽ നിന്ന് ഹരിജൻ സംഘത്തിൻെറ മുൻവശത്തുകൂടി പടിഞ്ഞാറോട്ട് കായൽ തീരം വരെ. |
|  | 6. | പനമ്പാറ്റ് കോളനി റോഡിൽ നിന്നും തെക്കോട്ടുള്ള ലിങ്ക് റോഡ്. |
|  | 7. | രാഘവപ്പറമ്പിൽ കിഴക്കുവശത്തുക്കൂടി തെക്കോട്ട് വടകരശ്ശേരി കോളനി റോഡ്. |
|  | 8. | കെ. ആർ. ജംഗ്ഷനിൽ നിന്ന് തെക്കോട്ടുള്ള റോഡ് പൂർത്തീകരിക്കുക. |
|  | 9. | 8-ാം വാർഡിൻെറ തെക്കേ അറ്റം മുതൽ ചാത്തൻ ചിറ പാലംവരെയുള്ള തീരദേശ റോഡ്. |
|  | 10. | പണിക്കവീട്ടിൽ നിന്ന് പടിഞ്ഞാറോട്ട് നിലവിലുള്ള റോഡ് കായൽ തീരം വരെഎത്തിക്കുക. |
|  | 11. | S. CB 1428-ന് വടക്ക് ഭാഗത്തുകൂടി പടിഞ്ഞാറോട്ട് ലിങ്ക് റോഡ്. |
|  | 12. | വടകരശ്ശേരി കോളനിയിൽ നിന്ന് പടിഞ്ഞാറോട്ട് തളിയാപറമ്പ് കരിവഴി പാമ്പുതറവരെ. |
|  | 13. | നിലവിലുള്ള R. D. ഓയിൽ മില്ലിന് സമീപത്തുകൂടി പോകുന്ന റോഡ് കണ്ണേക്കാട്ട് ചാത്തൻചിറ തീരദേശ റോഡുമായി ബന്ധിപ്പിക്കുക. |
| IX | 1. | വല്ലേത്തുരുത്തിൻെറ വടക്കേ അറ്റത്തു നിന്ന് നെടുംമ്പ്രക്കാട്ട് ഭാഗത്തു മുട്ടുന്ന റോഡ്. |
|  | 2. | ഗണപതി ക്ഷേത്രം മുതൽ കപ്പോളപ്പള്ളി വരെയുള്ള റോഡ്. |
|  | 3. | തട്ടാം വെളി കോളനി റോഡ് |
|  | 4. | പൈറ്റിക്കാട്ടു നിന്ന് ഗണപതി ക്ഷേത്രം, കപ്പേളപ്പള്ളി റോഡുമായി മുട്ടുന്ന ലിങ്ക് റോഡ് |
|  | 5. | ചെട്ടികുളം ഭാഗത്തു നിന്നു കിഴക്കോട്ട് കായൽ തീരം വരെയുള്ള റോഡ്. |
| X | 1. | ബാറ്ററി വളവു മുതൽ N. S.S. കരയോഗം വരെയുള്ള റോഡ് |
|  | 2. | ജോയി ഭവൻ കോളനി റോഡ് കിഴക്കോട്ട് നീട്ടി തെക്കോട്ടു തിരിഞ്ഞ് ഗൗരി ഗാർഡൻസ് റോഡുമായി മുട്ടുക. |
|  | 3. | പണിയ്ക്ക വീട്ടിൽ പബ്ലിക്ക് സ്കൂളിന് വടക്കുവശമുള്ള റോഡിന് തെക്കോട്ട് ഗൗരി ഗാർഡൻസ് റോഡുമായും വടക്കോട്ട് ജോയി ഭവൻ റോഡുമായി ബന്ധിക്കുന്ന റോഡ്. |
|  | 4. | താജൂതിൻെറ പടിഞ്ഞാറു ഭാഗത്തുകൂടി തെക്കോട്ട് ലക്ഷം വീടു കോളനി റോഡ്. |
|  | 5. | ബാറ്ററി മുക്കിൽ നിന്നും വടക്കോട്ടുള്ള റോഡിൽ നിന്നും കിഴക്കോട്ട് കായൽ തീരം വരെ റോഡ്. |

| വാർഡ് | നമ്പർ | റോഡിൻെറ പേര് | റിപ്പയറിംഗ് നിർദ്ദേശങ്ങൾ |
|---|---|---|---|
| I | 1<br>2 | പാലച്ചുവടുമുതൽ തങ്കികവല വരെയുള്ള റോഡ് പൂർത്തീകരിച്ച് ടാറിംഗ് നടത്തുക.<br>പോസ്റ്റ് ഓഫീസ് കുട്ടത്തി വീട് റോഡ് പൂർത്തീകരിച്ചു റിപ്പയർ ചെയ്യുക. | (1) 16-ാം മൈൽ പാലത്തിന് സമീപം ചീപ്പിന് വേണ്ടി സ്ഥാപിച്ചിട്ടുള്ള കോൺക്രീറ്റ് പില്ലർ നീക്കി ഗതാഗതയോഗ്യമാക്കുക. (നൗകകൾക്ക്)<br>(2) 16-ാം മൈൽ തോടുമുതൽ കായൽ തീരം വരെ ഇരുവശവും കരിങ്കൽകെട്ടി സംരക്ഷിക്കുക. |
| II | 1<br>2. | കൊല്ലപ്പള്ളി-പുതിയകാവ് റോഡ്, ശക്തീശ്വരം-മീനപ്പള്ളി റോഡ് റിപ്പയറിംഗ്<br>ശക്തീശ്വരം - സി.എം.എസ്. റോഡ് ടാറിംഗ് ഉഴുവ പള്ളിയ്ക്ക് പടിഞ്ഞാറു വശം കുട്ടോത്ത് - പാടത്തേക്കുള്ള മൂന്നു തോടുകളിൽ ഒരു ബണ്ട്. | 1. മൂന്നു കലിങ്കുകൾ നിർമ്മിക്കണം, കരുത്തല ജംഗ്ഷന് പടിഞ്ഞാറുവശം പിണ്ടനമുറ്റം, ശാസ്തങ്കൽ കിഴക്കുവശം.<br>2. പുത്തൻ തോട്, വേലപ്പാൻ തോടുകൾ കോരി ആഴം കൂട്ടുക. തോടിനു ഇരുവരവും കരിങ്കൽ കെട്ടുക. പുല്ലൻചിറ പാലത്തിൻെറ പണി പൂർത്തീകരിക്കണം.<br>3. കുഞ്ഞൻ വീടു പാലം റിപ്പയർ, വട്ടത്തറ പുതിയപാലം, കുഴിപ്പള്ളിത്തറ വടക്ക് പുറംപോക്ക് തോട്ടിലെ പാലം, കോതകരിതെക്ക്ഭാഗത്തും, മഞ്ചാടിത്തറ വടക്കും പാലങ്ങൾ. |
| III. | 1. | മീനപ്പള്ളി - വയലാർ കവല(NH) റോഡ് റിപ്പയറിങ്ങ് | 1. ശാസ്താം കുളത്തിൻെറ ആഴംകൂട്ടി സൈഡ് കെട്ടുക.<br>2. വരെകാട് ക്ഷേത്രക്കുളത്തിൻെറ സൈഡ് കരിങ്കല്ല്കെട്ടുക.<br>3. പോളക്കുളത്തിൻെറ വടക്കുംഭാഗം പള്ളിക്കുളത്തിൻെറ കിഴക്ക് ഭാഗവും കൽഭിത്തി കെട്ടുക.<br>4. വെള്ളാച്ചിറ - മാലിത്തോട്ടിൽ ഷട്ടർ ഉറപ്പുവരുത്തുക.<br>5. കൊച്ചു ചിറ പാലം പണിയുക.<br>6. നീലിമംഗലത്തു 1നിന്നും വടക്കോട്ടും ഈ തോടിൻെറ വീതി കൂട്ടുകയും പിച്ചിംഗ് കെട്ടുകയും ചെയ്യുക. |
| IV | 1. | കാവിൽ സ്കൂളിൻെറ വടക്കു വശമുള്ള റോഡ് - റിപ്പയറിംഗ് | 1. മുക്കണ്ണൻ കവല - വെള്ളാഴത്തുകവല റോഡിന് ഓട നിർമ്മിക്കണം.<br>കാവിൽ പാലം, വെള്ളാച്ചിറ പാലം, പണ്ടാര പാട്ടത്തിൽ പാലം, കറുകന്തറപാലം, കൈതവേലി പാലം, ആറുകണ്ടത്തിൽ പാലം, പൈപ്പും വാതുക്കൽ പാലം, പനത്തറ പാലം, തുരുത്തേൽ പാലം, കറുകന്തറ കിഴക്കേപാലം ഇവകൾ നിർമ്മിക്കണം. |

| | | | |
|---|---|---|---|
| V | 1 | ഹെൽത്ത് സെൻറർ- അന്നപൂർണ്ണേശ്വരിക്ഷേത്രം റോഡ്. പാലങ്ങാമുറി-പെരുമാത്തു റോഡ്, മീനപള്ളികവല - കാവിപ്പള്ളി റോഡ് | 1 കഴുന്നാരത്തിലേയ്ക്ക് പാലം, നിലവിലുള്ള റോഡുകളിൽ കാണകൾ, കാവിൽ പള്ളി കഴുന്നാരം പാലം റിപ്പയർ. |
| VI | 1 | | 1 എട്ടുപുരപ്പാലം, പ്ലാശ്ശേരിച്ചിറ പാലം, ചിറയകം - ഒളതല പാലം റിപ്പയർ ചെയ്യുക.<br>2. കുട്ടംചാൽ - എട്ടുപുരയ്ക്കൽ തോടിന് മീതേ 8 സ്ഥലത്ത് കോൺക്രീറ്റ് സ്ലാബുകൾ, അംപേദ്കർ മുതൽ വടക്കോട്ട് 4 സ്ലാബുകൾ, ചിറയകം പ്രദേശത്ത് 20 സ്ലാബുകൾ.<br>3. ചാത്തൻചിറയ്ക്കൽ പ്ലാശ്ശേരിച്ചിറ വടക്കോട്ട് എട്ടുപുര കുട്ടംചാൽ പ്രദേശത്ത് കരിങ്കല്ല് കെട്ടി മണ്ണൊലിപ്പ് തടയുക.<br>4. തൈപ്പറമ്പ് പാലം വേണം, ജലഗതാഗതത്തിന് ഉയർത്തി കോൺക്രീറ്റ് നിർമ്മിക്കുക. |
| I V | 1 | | 1 കേളമംഗലം കടവിനു സമീപവും, 7-ാം വാർഡിൻെറ വടക്ക് ബണ്ടിനു സമീപവും ലാൻറിംഗ് പ്ലേയിസ് വേണം.<br>2. എട്ടുപുരപ്പാലം മുതൽ നാഗം കുളങ്ങര ക്കടവുവരെ കരിങ്കല്ല് കെട്ടി (കായലോരം) സംരക്ഷിക്കുക. |
| VIII | | വാർഡിലെ എല്ലാറോഡുകളും റിപ്പയർ ചെയ്യുകയും ഗ്രാവൽ റോഡുകൾ ടാറിങ്ങ് | 1. ബാറ്ററിജംഗ്ഷൻെറ പടിഞ്ഞാറുവശത്തുള്ള കലിങ്ക് പൊളിച്ചു പണിയുക.<br>2. പുല്ലൻ ചിറപ്പാലം മുതൽ - വയലാർ പാലം വരെ പടിഞ്ഞാറുവശം കായലിനോട് ചേർന്ന തീരം കരിങ്കല്ല്കെട്ടി സംരക്ഷിക്കുക. ചാത്തൻചിറ പാലംമുതൽ പുല്ലൻചിറ തീരസംരക്ഷണം (കരിങ്കല്ല്കെട്ട്) കേരളാദിത്യപുരം ക്ഷേത്രകുളം കരിങ്കല്ലു കെട്ടി സംരക്ഷിക്കുക. |
| IX | | കുണ്ടത്തിക്കടവ് - നാഗംകുളങ്ങര റോഡ് റിപ്പയറിംഗ് | കായലോരപ്രദേശമായ വാർഡിലെ നടപ്പാതയിലുള്ള തോടിനു മീതേ കോൺക്രീറ്റ് പലകകൾ നിർമ്മിക്കുക; വല്ലേതുരുത്ത് - നെടുമ്പ്രക്കാട്ട് പാലം പണിയുക.<br>വല്ലത്തുരുത്ത് - നെടുമ്പ്രക്കാട് കടത്ത്, കുണ്ടത്തിക്കടവു മുതൽ നാഗം കുളങ്ങര വരെയുള്ള കായലോരപ്രദേശവും വല്ലത്തുരുത്തിൻെറ കിഴക്കും വടക്കും, പടിഞ്ഞാറും ഭാഗങ്ങൾ കരിങ്കൽചിറ കെട്ടി സംരക്ഷിക്കുക. |
| X | | ഗൗരി ഗാർഡൻസിൻെറ കിഴക്കോട്ടുള്ള റോഡ്, ജോയിഭവൻ ലക്ഷം വീട് റോഡ് റിപ്പയർ, ടാറിംഗ്. | കുറിയമുട്ടം പാലത്തിൻെറ വടക്കേക്കരയിൽ നിന്ന് കുണ്ടത്തിക്കടവുവരെ കരിങ്കൽകെട്ടി മണ്ണൊലിപ്പ് തടയുക. വാർഡിലെ എല്ലാ റോഡിനും ഓടനിർമ്മിക്കുകയും ഗൗരിഗാർഡൻസിൻെറ തെക്കേ അറ്റത്ത് കിഴക്ക് വശമുള്ള പുറംപോക്ക് തോട് കൈയ്യേറ്റം ഒഴിവാക്കി ഗതാഗതയോഗ്യമാക്കുക. |

| വാർഡ് | നമ്പർ | നിലവിലുള്ള റോഡുകളുടെ വിവരം | നീളം കി. മീ. | വീതി മീ. | ടാർ | പൂഴി | ടാറിംഗ് നിർദ്ദേശം |
|---|---|---|---|---|---|---|---|
| | 1. | നാഗംകുളങ്ങര റോഡ് | 0.320 | 4.50 | ✓ | | |
| | 2. | കുണ്ടത്തിൽ കടവ് റോഡ് | 0.800 | 4.50 | ✓ | | |
| | 3. | മീനപ്പള്ളി റോഡ് | 1.500 | 4.50 | ✓ | | |
| | 4. | ചർച്ച് റോഡ് | 0.800 | 4.50 | ✓ | | |
| | 5. | ക്ലേമംഗലം ഫെറി റോഡ് | 0.310 | 3.40 | | ✓ | ✓ |
| | 6. | പ്ലാശ്ശേരിച്ചിറ റോഡ് | 0.400 | 3.00 | | ✓ | ✓ |
| | 7. | കാവിൽ പള്ളിമുതൽ പടിഞ്ഞാറോട്ടുള്ള റോഡ് | 0.300 | 5.00 | | ✓ | ✓ |
| | 8. | ഹെൽത്ത് സെൻറർ–പ്ലാശ്ശേരിൽ റോഡ് | 0.450 | 3.50 | | ✓ | |
| | 9. | ശക്തീശ്വരം സി. എം. എസ്. റോഡ് | 1.100 | 4.00 | | ✓ | ✓ |
| | 10. | കൊല്ലപ്പള്ളി – ദേവുങ്കൽ റോഡ് | 0.750 | 5.00 | | ✓ | ✓ |
| | 11. | കേരളാദിത്യപുരം – പുല്ലംചിറ റോഡ് | 0.600 | 3.50 | | ✓ | ✓ |
| | 12. | ഒളതല – ഘണ്ടംകർണ്ണൻ റോഡ് | 0.300 | 3.50 | | ✓ | |
| | 13. | മണ്ഡപം – ജോയിഭവൻ ലക്ഷംവീട്കോളനി റോഡ് | 0.500 | 4.00 | | ✓ | |
| | 14. | പ്ലാശ്ശേരിച്ചിറ – കുമ്പളം റോഡ് | 0.300 | 3.60 | | ✓ | |
| | 15. | ഉഴുവപ്പിള്ളി – പുല്ലൻചിറ റോഡ് | 0.700 | 4.00 | | ✓ | ✓ |
| | 16. | പെരുമ്പാത്ത് – പൂത്തറ റോഡ് | 0.235 | 3.50 | | ✓ | |
| | 17. | യക്ഷിക്കൽ – പിണ്ടനിമുറ്റം റോഡ് | 0.176 | 3.50 | | ✓ | |
| | 18. | പോത്തനാട്ട് – മണിയേഴത്ത് റോഡ് | 0.400 | 4.00 | | ✓ | |
| | 19. | കോൺഗ്രസ്സ് ഹൗസ് – തങ്കി ആശുപത്രി റോഡ് | 1.000 | 3.50 | | ✓ | |
| | 20. | കുണ്ടത്തിൽക്കടവ് – കുറവരുകടവ് റോഡ് | 0.625 | 4.00 | | ✓ | |
| | 21. | ബാറ്റിമുക്ക് മുതൽ കിഴക്കോട്ടുള്ള റോഡ് | 0.120 | 3.00 | | ✓ | |
| | 22. | കൊച്ചുകരി റോഡ് | 0.200 | 3.30 | | ✓ | |
| | 23. | ഗൗരി ഗാർഡൻ മുതൽ കിഴക്കോട്ടുള്ള റോഡ് | 0.120 | 3.00 | | ✓ | ✓ |
| | 24. | വി.ആർ.വി.എം. പനമ്പാറ്റു കോളനി റോഡ് | 0.200 | 3.00 | | ✓ | |
| | 25. | തട്ടാചിറ ബണ്ടുറോഡ് | 0.300 | 3.30 | | ✓ | |
| | 26. | തണ്ണിപ്പംതറ കരിവേലി റോഡ് | 0.090 | 4.00 | | ✓ | |
| | 27. | കൈതവേലി ആളശ്ശേരി റോഡ് | 0.300 | 3.50 | | ✓ | |
| | 28. | ആളാശ്ശേരി – നീലിമംഗലം റോഡ് | 0.200 | 3.50 | | ✓ | |
| | 29. | പട്ടശ്ശേരി കൈതളായി റോഡ് | 0.400 | 3.50 | | ✓ | |
| | 30. | ഉഴുവപ്പള്ളി – പുതിയകാവ് റോഡ് | 0.900 | 3.40 | | ✓ | ✓ |
| | 31. | കളവംകോടം പോസ്റ്റാഫീസു മുതൽ പടിഞ്ഞാറോട്ടുള്ള റോഡ് | 0.050 | 3.50 | | ✓ | |
| | 32. | പട്ടണക്കാട് കരിവേലിറോഡ് (കൊടാനാട്ട് കവല റോഡ്) | 0.165 | 3.50 | | ✓ | |
| | 33. | വടകരശ്ശേരി കോളനി റോഡ് | 0.130 | 3.50 | | ✓ | ✓ |
| | 34. | ഞാറക്കാട്ട് – എട്ടുപുരം റോഡ് | 0.780 | 4.00 | | ✓ | |
| | 35. | പാലങ്ങമുറികഴുന്നാരം റോഡ് | 0.500 | 3.50 | | ✓ | |

# വികസന റിപ്പോർട്ട്

## ഊർജ്ജം

വയലാർ ഗ്രാമപഞ്ചായത്തിൽ ഒരു രംഗവും വേണ്ടത്ര വികസനം കൈവരിച്ചി ട്ടില്ല എന്ന് ഊർജ്ജ രംഗം പരിശോധിച്ചാൽ മനസ്സിലാക്കാം. 10 വാർഡുകളിലായി ഏകദേശം 14.5 ചതുരശ്ര കിലോമീറ്റർ ചു റ്റളവുള്ള ഈ പഞ്ചായത്തിലാകെ, വീട്ടാവശ്യത്തി നും, ചെറുകിട വ്യവസായസ്ഥാപനങ്ങൾക്കും, തെരു വിളക്കുകൾക്കും നല്കുന്ന വൈദ്യു തി നിയന്ത്രണത്തിനും വിതരണത്തിനുമായി 8 ട്രാൻസ്ഫോർമറുകളാ ണുള്ളത്. ശക്തി ശ്വരം, കൊല്ലപ്പള്ളി, മിനപ്പള്ളികവല, നാഗം കുളങ്ങര കവല, വയലാർ നോർത്ത് L.P.S. പറയൻ പറമ്പ്, കുറിയമുട്ടം പാലത്തിന് സമീപം, കേരളാദിത്യപുരം എന്നിവടങ്ങിലാ ണ്. ഇവ സ്ഥാപിച്ചിട്ടു ള്ളത്. വിറകാണ് ഇവിടുത്തെ മറ്റൊരു ഊർജ്ജസ്രോതസ്. പഞ്ചാ യത്തിലെ വിറകിൻെറ ലഭ്യത തെങ്ങിൽ നിന്നും കിട്ടുന്ന ഉപോൽപ്പന്നങ്ങളാണ്.

ഇന്ന് തെങ്ങു കൃഷി നശിച്ചതോടെ വിറകാവശ്യത്തിനുവേണ്ടി കോട്ടയം, എറണാകുളം, തൃശൂർ എന്നീ മറ്റു ജില്ലകളെ ആശ്രയിക്കുന്നു.

ഏകദേശം 36% ആൾക്കാർ ഗ്യാസ്, പുകയില്ലാത്ത അടുപ്പുകൾ എന്നീ ശ്രോ തസ്സുകളെ കൊണ്ട് ഊർജ്ജാവശ്യം സാധിക്കുന്നു. മരങ്ങളുടെ അഭാവം പഞ്ചായത്തിൽ ഗൗരവമുള്ളതാണ് പൊതുവെ മരങ്ങൾ കുറവാണെന്നിരിക്കെ ഭവന നിർമ്മാണത്തി നായി പണ്ട് തെങ്ങ് ഉപയോഗിച്ചിരുന്നു എങ്കിൽ, ഇന്നത് നശി ച്ച സാഹചര്യത്തിൽ മറ്റു മരങ്ങൾ വെട്ടി മേൽപ്പറഞ്ഞ വീട്ടാവശ്യത്തിന് ഉപയോഗിക്കുന്നു. അതുകൊണ്ട് മരത്തി ൻെറ ലഭ്യത കുറയുന്നു. ജലസമ്പത്തായ കക്ക സംസ്ക്കരിച്ച് ഇറച്ചി എടുക്കുന്ന പ്രക്രിയക്കായി ചില മരത്തിൻെറ ഇലകൾ ഊർജ്ജാവശ്യത്തിന് കണ്ടെത്തുന്നു. അ ത്രയ്ക്ക് ശോചനീയമാണ് പഞ്ചാ യത്തിലെ ഊർജ്ജ രംഗത്തെ പ്രതിസന്ധി; വീട്ടാവശ്യത്തിനായി ബൾബുകൾ, ട്യൂബുകൾ, ഫാൻ, മിക്സി അയൺ ബോക്സ്, ഫ്രിഡ്ജ്, വാഷിംഗ് മെഷിൻ, ഹീറ്റർ, ടെലിവിഷൻ, പമ്പ് സെറ്റ്, ഇവയ്ക്കും കൂടാതെ ഏതാണ്ട് പതി നഞ്ചിനടുത്ത് തൊണ്ടുതല്ലു മില്ലുകൾ, ചെമ്മീൻ സംസ്ക്കരണ യൂണിറ്റ്, ഒരു സിനിമാ തി യറ്റർ എന്നിവ പ്രവർത്തിക്കുന്നതിന് ആകെ മേൽപറഞ്ഞ 8 ട്രാൻസ്ഫേർമറുകളിൽ നിന്നുള്ള വൈദ്യുതി യാണുള്ളത്. പഞ്ചായത്തിൽ ആകമാനം 68 KM ദൈർഘ്യത്തിൽ ഇലക്ട്രിക്ക് ലൈൻ ഉണ്ട്. പുതുതായി ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുവാനും നിർദ്ദേശം ഉണ്ട്. തെരുവ് വിളക്കുകൾ ഏതാണ്ട് 247 എണ്ണവും ട്യൂബുകൾ 6 എണ്ണവും ആണ് പൊതുനിരത്തുകളിൽ ഉള്ളത്. ഇതിൽ ഭൂരിഭാഗവും ബൾബ് ഇല്ലാതെയും മറ്റുമായി കത്തുന്നില്ല. എന്നാൽ സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പഞ്ചായത്ത് കഴിഞ്ഞ വർഷം 42786 രൂപ അടച്ചു. 14 കുടിൽ ജ്യോതി കണക്ഷൻ ഇവിടെ നല്കിയിട്ടുണ്ട്. ഗൈവയർ കണക്ഷൻ അപേക്ഷിച്ച് കാത്തിരിക്കു ന്നവർ ഏതാണ്ട് 109 പേരും പോസ്റ്റ് ഇട്ട് കണക്ഷനുവേണ്ടി കാത്തിരിക്കുന്നവർ 178 ഉം ആണ്. ഇതിനൊ ക്കെ K.S.E.B. പറയു ന്ന തടസ്സം മീറ്റർ, വയർ, കമ്പി, പോസ്റ്റ് എന്നിവയുടെ അഭാവമാണ് കൺസൻറ് തടസ്സവും പഞ്ചായത്തിൽ ആകമാനം ഉണ്ട്. പലരും തന്നെ പുരയിടം ക്രോസ്സ് ചെയ്ത് ലൈൻ വലിക്കാനും, ഗൈവയർ വലിക്കാനും അനുവവദം കൊടുക്കാത്ത കഥകളും ധാരാളമുണ്ട്. പഞ്ചായത്തിൻെറ തന്നെ പല റോഡുകളിലെയും തെരുവു വിളക്കുകൾ കത്താതെ നില്ക്കുമ്പോൾ തന്നെ പുതിയ തെരുവു വിളക്ക് ലൈൻ പൂർത്തിയാക്കി പഞ്ചായത്തും വൈദ്യുതി ബോർഡും തമ്മിലുള്ള ധാരണാപത്രം ഒപ്പു വെയ്ക്കാൻ കാത്തിരിക്കുന്നതും വിരളമല്ല. വോൾട്ടേജ് ക്ഷാമം പറയാതിരിക്കുകയാണ് ഭേദം. മെഴു കുതിരി വെളിച ത്തെയും തോൽപിക്കാൻ കഴിയാത്ത ബൾബുകളും ട്യൂബുകളും ഇന്ന് ഒരു നിത്യ കാഴ്ചയാണ്. വിദ്യാർ ത്ഥികൾ ഹോംവർക്ക് ചെയ്യുകയും പഠിക്കുയും ചെയ്യുന്ന രാത്രി 10 മണി വരെ ബൾബുകൾ മിന്നാമിനുങ്ങാ കുന്നു. ട്യൂബുകൾ കത്തുകയുമി ല്ല. റേഷൻ ഷോപ്പുകളിൽ നിന്ന് കൃത്യമായി മണ്ണെണ്ണ ലഭിക്കാതെ വരു ന്നത് മറ്റൊരു പ്രതിസന്ധിയാണ്. ഈ മണ്ണെണ്ണ വിളക്കുകൾ മൂലം മനുഷ്യരാശിയ്ക്കാകെ വരുത്തി വയ്ക്കു ന്ന മാരകരോഗം വേറൊരു സമ്പാദ്യവുമാണ്. പഞ്ചായത്തിലെ ഇരുപതോളം വരുന്ന വിവിധ കോളനികളിൽ പലതിലും വൈദ്യുതി എത്തിയിട്ടില്ല എന്നത് ദു:ഖകരമാണ്. പഞ്ചായത്തിൽ പരിഷ്കൃത അടുപ്പുകളുടെ അഭാവം ഉണ്ടെന്നുള്ളതും എടുത്തുപറയേണ്ടിയിരിക്കുന്നു. മൂന്നു കല്ലുകൾ കൊണ്ട് അടുപ്പ് കൂട്ടുന്ന നമ്മു

ടെ പഴയ സമ്പ്രദായം 65 %ത്തോളം വീടുകളിൽ ഇന്നുകാണാം. ഇതുമൂലം തിയൂതുന്ന അമ്മമാർ ഏറ്റുവാങ്ങുന്ന പുകയിലൂടെയുള്ള മാരകരോഗം വലുതാണ്. ഇതിനാതി പരിഷ്കൃത അടുപ്പു കളുടെ പ്രചരണം അത്യന്താപേക്ഷിതവും കുട്ടായ ബോധവൽക്കരണവും അത്യാവശ്യമാണ്.

ഒരു ബൾബ് കത്തുന്ന 1/3 ഭാഗം വൈദ്യുതിയെ ചെറിയ ട്യൂബുകൾക്ക് ആവശ്യ മുള്ളു. ബൾബുകളുടെ സ്ഥാനത്ത് ട്യൂബുകൾ ഉപയോഗിച്ചാൽ അധിക വെളിച്ചവും, വെളിച്ചത്തിനായി നാം ചെലവാക്കുന്ന വൈദ്യുതിയുടെ 2/3 ഭാഗം ലാഭിക്കാനും കഴിയും. ബൾബുകൾ അനാവശ്യമായി തെളിച്ചിടുക, ടി.വി., പമ്പുസെറ്റുകൾ, ഫ്രിഡ്ജ്, ഫാൻ, ഹീറ്റർ, എന്നിവയുടെ ധാരാളിത്ത വൈദ്യുത ചെലവുകൾ സ്വയം തന്നെ നിയന്ത്രിക്കേണ്ടത് അത്യന്താപേഷിതമാണ്.

### പ്രശ്നങ്ങൾ

1. വോൾട്ടേജ് ക്ഷാമം
2. തെരുവു വിളക്കുകളുടെ പ്രവർത്തനക്ഷമത ഇല്ലായ്മ
3. വൈദ്യുതിയുടെ ദുരുപയോഗം
4. പ്രസരണ നഷ്ടം
5. കൺസെൻറ് ലഭ്യതയുടെ പ്രശ്നം
6. പുതിയ കണക്ഷനു വേണ്ടിയുള്ള ബോർഡിൻെറ (K.S.E.B) തടസ്സം
7. വിറക് ക്ഷാമം
8. മൂന്ന് കല്ല് കുട്ടിയുള്ള അടുപ്പുകളുടെ ദൂഷ്യം
9. പുകയില്ലാത്ത അടപ്പുകളെ കുറിച്ചുള്ള അറിവില്ലായ്മ
10. കുറഞ്ഞ വോൾട്ടേജിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങളുടെ വില കൂടുതൽ
11. സൗരോർജ്ജ ഉപകരണങ്ങളുടെ വില കൂടുതലും ലഭ്യത കുറവും

### പരിഹാര നിർദ്ദേശം

പഞ്ചായത്തിൽ ആകമാനം വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തി രമായി കൂടുതൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക. പുതിയ സംവിധാനങ്ങൾ ഉപയോഗിച്ച് പ്രക്രൃതി ശക്തികളിൽ നിന്ന് വൈദ്യൂതി ഉല്പാദിപ്പിക്കുവാൻ കാറ്റാടി യ ന്ത്രം, സോളാർ പാനൽ തുടങ്ങിയവ പ്രചരിപ്പിക്കുക കൊല്ലപ്പള്ളി-ദേവങ്കൽ CMS - ശക്തിശ്വരം തുടങ്ങി സ്ട്രീറ്റ് ലൈറ്റ് ഇല്ലാത്ത എല്ലാ റോഡുകളിലും സ്ട്രീറ്റ് ലൈറ്റു കൾ സ്ഥാപിക്കുക, റോഡു സൈഡുകളിൽ ഇപ്പോഴുള്ള ഹൗസ് കണക്ഷൻ ലൈനു കൾ ഒന്നു പുനഃക്രമീകരിച്ചാൽ തന്നെ തന്നെ പകുതി ഭാഗങ്ങൾ കവർ ചെയ്യുവാൻ സാധിക്കും

കൺസെൻറ് പ്രശ്നം പരിഹരിക്കുന്നതിന് പഞ്ചായത്തിന് അധികാരം നൽകുക. പഞ്ചായത്തിൽ സൗകര്യമുള്ളടത്ത് ഗ്രാമവനങ്ങൾ – നടപ്പാക്കുകയും സ്വകാര്യ വ്യക്തികൾ വനങ്ങൾ വച്ചു പിടിപ്പിക്കുകയും ചെയ്യുക. മുഴുവൻ റോഡുസൈഡിലും ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുവാൻ പിൻവശത്ത് താമസിക്കുന്ന വീട്ടുകാർക്ക് അനു വാദം നല്കുകയും 10 വർഷം അതിൻെറ ആദായം എടുക്കുകയും ചെയ്യുവാൻ അവർക്ക് അധികാരം നൽകുകയും വേണം പിന്നിട് അത് പഞ്ചായത്തു വകയായി തിരുകയും ചെയ്യണം O.Y.E.C സമ്പ്രദായം നിർത്തലാക്കുകയും പുതിയ കണക്ഷനുകൾക്ക് താ മസംവിനാ അനുവാദം കിട്ടുമെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ പോസ്റ്റ്, കമ്പി , മീറ്റർ ഇവകളുടെ ക്ഷാമം പരിഹരിക്കുക. അനർട്ട് അതിൻെറ പ്രവർത്തനം കുറച്ചു കൂടി വികസിപ്പിക്കുകയും, IRE പ്രൊജക്ടുകൾ വഴി നവീന രിതിയിലുള്ള അടുപ്പു കൾ, ഊർജ്ജ ഉപകരണങ്ങൾ, ഇലക്ട്രോണിക്ക് ചോക്ക്, ട്യൂബ് ലൈറ്റുകൾ മുതലായ ഇന്ധന ക്ഷമതയുള്ള ഉപകരണങ്ങൾ ഉയർന്ന സബ്സിഡിയോടുകൂടി വളരെയധികം വിതരണം ചെയ്യാൻ ശ്രമിക്കണം. വയറുകൾ കൂട്ടി യോജിപ്പിച്ചും, ഫിലമെൻറ് കൂട്ടിപി ടിപ്പിച്ചും ബൾബുകൾ വീണ്ടും കത്തിക്കുക വഴി ധാരാളം വൈദ്യുതി പാഴായിപോകുന്നു, വളരെ നീളത്തിലുള്ള വയറുകൾ ചുരുട്ടി വച്ചുകൊണ്ട് ഹ്രസ്വദൂരത്തിൽ വൈദ്യുതി ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പ്രസരണ നഷ്ടം നാം ഒഴിവാക്കണം. ആവശ്യ ത്തിന് ലൈറ്റ് ഇടുകയും ആവശ്യം കഴിഞ്ഞാലുടൻ അണക്കുകയും ചെയ്യുന്ന സ്വഭാവം നാം പരിശീലിക്കേണ്ടിയിരിക്കുന്നു.

# വികസന റിപ്പോർട്ട് - മാർക്കറ്റ്

വയലാർ ഗ്രാമ പഞ്ചായത്ത് അവികസിത പഞ്ചായത്താണെന്ന് ഏതുരംഗം എടുത്തു പരിശോധിച്ചാലും മൂക്കത്ത് വിരൽ വച്ചുപോകും. 'ഒട്ടും സംശയിക്കേണ്ട'.

മനുഷ്യാവശ്യത്തിന് ദൈനംദിനം ബന്ധപ്പെടുന്ന, ബന്ധപ്പെടേണ്ട ഒരു മേഖലയാണ് മാർക്കറ്റ്. ഇക്കാര്യത്തിലും വയലാർ ഒട്ടും മുന്നിലല്ല. ദിനംപ്രതി വീട്ടാവശ്യത്തിന് ഉപ്പുതൊട്ട് കർപ്പൂരംവരെ വാങ്ങുവാൻ മാർക്കറ്റിൽ പോകേണ്ട കുടുംബങ്ങളാണ് അധികവും. എന്നാൽ പഞ്ചായത്തിലെ 10 വാർഡുകളിലേയും ജനങ്ങൾക്ക് ആവശ്യമുള്ള സാധനങ്ങൾ എല്ലാം ലഭിക്കണമെങ്കിൽ അയൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ മാർക്കറ്റുകളെ സമീപിക്കണം. കാരണം പഞ്ചായത്ത് വക ഒരേഒരു മാർക്കറ്റാണ് നാഗംകുളങ്ങര മാർക്കറ്റ്. മറ്റൊന്ന് സ്വകാര്യ മാർക്കറ്റായ വയലാർ കവല മാർക്കറ്റ്. ഈ രണ്ട് മാർക്കറ്റുകളിൽ ചെന്നാലും കുടുംബാവശ്യത്തിനുതകുന്ന എല്ലാ സാധനവും കിട്ടാറില്ല. വയലാർ പഞ്ചായത്തിന് രണ്ട് മാർക്കറ്റുകളുടെ വരുമാനം 11,078 രൂപയാണ്. ഇക്കഴിഞ്ഞ കാലമത്രയും ഇക്കാര്യത്തിൽ ഒട്ടും തന്നെ വികസനം ഉണ്ടായിട്ടില്ല. എങ്കിലും മാസങ്ങൾക്കുമുമ്പ് നാഗംകുളങ്ങര മാർക്കറ്റിൽ അതിന്റെ വികസനത്തിനായി ചില കെട്ടിടം പണികൾ നടന്നുവരുന്നു.

ഇവിടുത്തെ മണ്ണിൽ ഉണ്ടാക്കുന്ന എല്ലാ കാർഷിക വിഭവങ്ങളും ഈ മാർക്കറ്റുകളിൽ എത്തിക്കുവാൻ പറ്റുന്നില്ലാ എങ്കിലും തൊട്ടടുത്ത 3, 4, 6, 7, 8, 9 എന്നീ വാർഡുകളിൽ നിന്നുള്ള വിളകൾ ഇവിടെ എത്തിച്ചാൽ ജനങ്ങൾക്ക് ന്യായവിലക്ക് സാധനം കിട്ടുവാൻ ഒരു പരിധിവരെ സാധിക്കുമെങ്കിലും ആരും ഇതിനായി മെനക്കെടാറില്ല. ഇക്കാര്യങ്ങൾകൊണ്ടുതന്നെ അന്തിയാവോളം പണിയെടുക്കുന്ന പാവപ്പെട്ടവർ കിട്ടുന്ന വേതനവുമായി പഞ്ചായത്തിനു പുറത്തുള്ള മാർക്കറ്റ് തേടി പോകേണ്ടിവരുന്നു എന്നത് ആരും ഇപ്പോൾ കാര്യമാക്കാറില്ല. മറ്റ് പോംവഴി ഇല്ലാത്തതിനാൽ നിത്യോപയോഗ സാധനങ്ങൾ വിലപേശി വാങ്ങുവാൻ സൗകര്യം കിട്ടുമാറ് മാർക്കറ്റ് സൗകര്യങ്ങൾ പഞ്ചായത്തിലെ 10 വാർഡുകളിലും പഞ്ചായത്തുതന്നെ മുൻകൈ എടുത്ത് സ്ഥാപിക്കുക എന്നത് ഇവിടുത്തെ ജനങ്ങളുടെ ജീവിത അഭിവൃദ്ധിക്ക് അത്യന്താപേക്ഷിതമാണ്. പഞ്ചായത്ത് അംഗീകാരമുള്ള ഒരറവുശാലയാണ് ഇവിടെയുള്ളത്. ഇതിന്റെ ലൈസൻസിൽ പ്രവർത്തിക്കുന്ന മറ്റു ചില അറവുശാലകളും വാർഡുകളിൽ കാണാം. അറവുശാലയിൽ നിന്ന് പഞ്ചായത്തിന്റെ വരുമാനം 33,850 രൂപയാണ്. പഞ്ചായത്തിലെ 10 വാർഡുകളിലും പഞ്ചായത്ത് മുൻകൈ എടുത്ത് മാർക്കറ്റ് തുടങ്ങിയാൽ വലിയൊരു തുക മാർക്കറ്റ് ഫീയായും, അതുമൂലം ഇവിടുത്തെ ജനങ്ങൾക്ക് ആകമാനം ലാഭകരമായും സൗകര്യപ്രദമായും നിത്യോപയോഗ സാധനങ്ങൾ കിട്ടുമെന്നതും ശുഭോദാർഹമാണ്. ഇതിനായി പല വാർഡിലും ചന്ത സ്ഥാപിക്കുവാനും പുറമ്പോക്കു ഭൂമി ഉണ്ടെന്നത് (പഞ്ചായത്ത് വക) ഇത്തരുണത്തിൽ സ്മരിക്കേണ്ടതാണ്.

കായലിന്റേയും കടലിന്റേയും സാമീപ്യം ഒരു പരിധിവരെ പഞ്ചായത്തിന് ഉണ്ടെങ്കിലും മൽസ്യം ആവശ്യത്തിന് കിട്ടുന്നതിന് പുറം മാർക്കറ്റിനെ ആശ്രയിക്കേണ്ടി വരുന്നത് ഇവിടുത്തെ മാർക്കറ്റിന്റെ അഭാവമാണ്. ഇവിടെ പിടിക്കുന്ന മൽസ്യവും മറ്റ് ജലസമ്പത്തും ഉടനുടൻ കയറ്റി പോകുന്നതിനാൽ ഇവിടുത്തെ ജനങ്ങൾക്ക് അപൂർവം ചില മൽസ്യങ്ങൾ കിട്ടിയെന്നു വരാം. പച്ചക്കറിക്കും മറ്റും ഇവിടെ ഉൽപാദനക്കുറവ് ഉണ്ടെങ്കിലും ഉള്ളവ മാർക്കറ്റിൽ എത്തിച്ചാൽ കർഷകർക്കും വാങ്ങുന്നവർക്കും ഗുണകരമാവും. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ടു നടത്തുന്ന ഒരു മാവേലി സ്റ്റോറും, സഹകരണ ബാങ്കുകൾ നടത്തുന്ന ചെറിയ രണ്ട് സ്റ്റോറുകളും ആണ് പഞ്ചായത്തിലുള്ളത്. മേൽപ്പറഞ്ഞ മാർക്കറ്റിന്റെ പോരായ്മക്കായി പത്തു വാർഡുകളിലും മാർക്കറ്റ് തുടങ്ങുവാൻ നിയമനിർമാണം നടത്തുക വഴി ജനങ്ങൾക്കും, പഞ്ചായത്തിന്റെ വികസനത്തിനും ഇത് ഗുണകരമാവും.

## പ്രശ്നങ്ങൾ

1. അന്യ മാർക്കറ്റുകളെ നിത്യോപയോഗ സാധനങ്ങൾക്കായി ആശ്രയിക്കുന്നു.
2. കാർഷിക വിളകളായ പഴം, പച്ചക്കറി ഇവയ്ക്ക് കർഷകർക്ക് ഇവിടെ കുറഞ്ഞ വില ലഭിക്കുന്നു.
3. ശാസ്ത്രീയ അറവുശാലയുടെ അഭാവം. അല്ലാതുള്ള ഇറച്ചിവിൽപന, സാംക്രിമിക രോഗങ്ങൾ പരത്തുവാൻ ഇടയാക്കുന്നു.

## പ്രശ്നപരിഹാരങ്ങൾ

1. നിത്യോപയോഗ സാധനങ്ങൾ, പഴം, പച്ചക്കറി എന്നിവ ന്യായമായ വിലയ്ക്ക് വില്പന നടത്തുന്ന സഹകരണ സംഘങ്ങൾ എല്ലാ വാർഡിലും ആരംഭിക്കുക.
2. മാവേലിസ്റ്റോർ മുഴുവൻ വാർഡിലും സ്ഥാപിക്കുക. എല്ലാ നിത്യോപയോഗ സാധനങ്ങളുടേയും ശേഖരണവും വിപണനവും ക്രമപ്പെടുത്തുന്ന സ്റ്റാളുകൾ വാർഡുതോറും സ്ഥാപിക്കുക. പഞ്ചായത്ത് ലൈസൻസോടുകൂടി ഹെൽത്ത് ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ ശാസ്ത്രീയ അറവുശാലകൾ സ്ഥാപിക്കുക.
3. ആഴ്ച ചന്തകൾ നടത്തുക. എല്ലാ ഉൽപന്നങ്ങളും ഈ ചന്തയിൽ കൊണ്ടുവന്ന് വിൽക്കുക.
4. കരിഞ്ചന്തയും പൂഴ്ത്തിവയ്പും കർക്കശമായി തടയുക. ഇതിന് വാർഡുതല വിജിലൻസ് കമ്മിറ്റി ഉണ്ടാക്കുക.
5. ഉപഭോക്താക്കൾ അമിതമായി സാധനങ്ങൾ വാങ്ങി സ്റ്റോക്ക് ചെയ്യാതിരിക്കുക.
6. കുടുംബ ബജറ്റ് തയ്യാറാക്കുക.
7. അളവുകളും തൂക്കങ്ങളും വിജിലൻസ് കമ്മിറ്റി ചെക്കുചെയ്യുക.
8. റേഷൻകടകൾ വിജിലൻസ് കമ്മിറ്റി പരിശോധിക്കുക.
9. എല്ലാ കടകളിലും വിലവിവര പട്ടിക നിർബന്ധമാക്കുക.

# വനിതാക്ഷേമം

കേരളത്തിലെ നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ലയിക്കുന്നതിനുമുമ്പ് ഈ പഞ്ചായത്ത് ഉൾപ്പെടുന്ന ഗ്രാമം തിരുവിതാംകൂർ എന്ന നാട്ടുരാജ്യത്തിലുൾപ്പെടുന്നതായിരുന്നു. ആ കാലഘട്ടത്തിൽ റാണി ഗൗരീലക്ഷ്മീബായി, റാണി സേതുപാർവ്വതീബായി എന്നിവർ ഭരണസാരഥ്യം വഹിച്ചിരുന്നെങ്കിലും ഗ്രാമങ്ങളിലെ ചുരുക്കം ചില വിഭാഗങ്ങളിൽപെട്ട സ്ത്രീകൾക്ക് മാത്രമേ മാറുമറക്കുവാനുള്ള സ്വാതന്ത്ര്യംപോലും ഉണ്ടായിരുന്നുള്ളൂ. പിൽക്കാലത്ത് ശ്രീനാരായണഗുരു, ശ്രീ അയ്യൻകാളി, സഹോദരൻ അയ്യപ്പൻ, മന്നത്തു പത്മനാഭൻ എന്നീ സാമൂഹിക പരിഷ്കർത്താക്കളുടെ ആഗമനവും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ രൂപീകരണവും, അന്നു നിലനിന്നിരുന്ന സാമൂഹിക വ്യവസ്ഥിതിയിൽ സാരമായ മാറ്റം വരുത്തി. എന്നാൽ പോലും സ്ത്രീകൾക്ക് സമൂഹത്തിലേയ്ക്കിറങ്ങി പ്രവർത്തിവാനുള്ള സ്വാതന്ത്ര്യം ഇല്ലായിരുന്നു. ഈ ഘട്ടത്തിൽ സ്ത്രീസ്വാതന്ത്ര്യത്തിനും, സമത്വത്തിനും, സ്ത്രീകളുടെ അവകാശത്തിനും വേണ്ടി സമൂഹത്തിലിറങ്ങി പ്രവർത്തിച്ചവരിൽ നമ്മുടെ പഞ്ചായത്തിലെ പ്രമുഖയായിരുന്നു ശ്രീമതി ദേവകീ കൃഷ്ണൻ. എന്നാൽ സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പ് വീടിൻെറ അടുക്കളയിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീകൾ നവോത്ഥാനപ്രസ്ഥാനങ്ങളുടെ ഉടലെടുപ്പോടുകൂടി സാമൂഹിക ചുറ്റുപാടുകളെക്കുറിച്ച് ബോധമതികളാവുകയും, സമൂഹത്തിലേയ്ക്കിറങ്ങി പ്രവർത്തിക്കുവാനും തുടങ്ങി. ഇതിൻെറ ഫലമായി 1910 ൽ പെൺകുട്ടികൾക്ക് സ്കൂളുകളിൽ പ്രവേശനം ലഭിച്ചു. ഇതിൻെറ ഭാഗമായി നമ്മുടെ പഞ്ചായത്തിലെ മൂന്നാം വാർഡിലുൾപ്പെടുന്ന പുതിയകാവ് ദേവുങ്കൽ ക്ഷേത്രത്തിനു പടിഞ്ഞാറുവശം ഒരു പെൺപള്ളിക്കൂടം നിലവിൽ വന്നു. ഇതാണ് നമ്മുടെ പഞ്ചായത്തിൽ ആദ്യമായി നിലവിൽവന്ന പെൺപള്ളിക്കൂടം. 1917 ൽ വിമൻസ് ഇന്ത്യാ അസോസിയേഷൻ നിലവിൽവരുകയും 1956 ൽ കേരള മഹിളാസംഘവും, മഹിളാ ഫെഡറേഷനും നിലവിൽ വരുകയും ചെയ്തു. അനന്തരഫലമായി പുരുഷന്മാർക്കൊപ്പം സ്ത്രീകൾക്കും വിദ്യഭ്യാസം ചെയ്യുവാൻ കഴിഞ്ഞു. പരമ്പരാഗത തൊഴിലുകൾ മാത്രം ചെയ്തുപോന്ന സ്ത്രീകൾക്ക് വിദ്യാഭ്യാസം ലഭിച്ചതുകൊണ്ടുമാത്രം സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ തൊഴിലവസരങ്ങൾ ലഭിക്കുകയും അതുവഴി കുടുംബവരുമാനം വർദ്ധിപ്പിക്കുവാനും കഴിഞ്ഞു. സ്ത്രീകളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനു വേണ്ടി സഹകരണ സ്ഥാപനങ്ങളുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ സംവരണ മേർപ്പെടുത്തുകയും അതുവഴി ഭരണപങ്കാളിത്വത്തിൽ സ്ത്രീകൾക്കെത്തിപ്പെടുവാനും കഴിഞ്ഞു എന്ന വസ്തുത വിസ്മരിക്കുവാനാവില്ല.

1993 ൽ ഭരണഘടനയുടെ 73-74 എന്നീവകുപ്പുകൾ ഭേദഗതി ചെയ്തതിലൂടെ ത്രിതലപഞ്ചായത്തുകൾ നിലവിൽ വരുകയും, അതിലൂടെ മൂന്നിലൊരുഭാഗം സീറ്റുകളിലേയ്ക്ക് സ്ത്രീകൾ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. സ്ത്രീകൾക്ക് കൂടുതൽ പരിഗണന ലഭിച്ചു എന്നുള്ളതിൻെറ പ്രകടമായ തെളിവാണ് നമ്മുടെ പഞ്ചായത്തിൻെറ ഭരണസാരഥ്യം ഒരു സ്ത്രീയിൽ നിക്ഷിപ്തമായിരിക്കുന്നത്. കൂടാതെ നിയമസഭ, പാർലമെൻറ് എന്നീ ഭരണസിരാകേന്ദ്രങ്ങളിലേയ്ക്ക് മൊത്തം ജനസംഖ്യയുടെ മൂന്നിലൊന്നു ശതമാനം സ്ത്രീകൾക്ക് സംവരണം ലഭിക്കുന്നതിനുള്ള ഒരു ബില്ല് പാർലമെൻറിലവതരിപ്പിച്ചത് ഭാരതത്തിലെ 50% ലേറെ വരുന്ന സ്ത്രീ സമൂഹത്തിന് പ്രതീക്ഷയുണർത്തുന്ന കാര്യമാണ്.

നമ്മുടെ പഞ്ചായത്തിലെ ജന സംഖ്യ പരിശോധിച്ചാൽ ഇതിൽ അൻപത്തൊന്നു ശതമാനവും സ്ത്രീകളാണ് പഞ്ചായത്തിൻെറ 1, 2, 3, 8, 9, 10 എന്നീ വാർഡുകളിൽ സ്ത്രീകളുടെ നിയന്ത്രണത്തിലുള്ള സഹകരണ-വ്യാവസായിക സ്ഥാപനങ്ങൾ നിലവിലുണ്ട്. എല്ലാ വാർഡുകളിലും അംഗൻവാടികളും അതോടനുബന്ധിച്ചു നടക്കുന്ന മാതൃസംഗമവും എം. എസ്. എസ്. യൂണിറ്റിൻെറ പ്രവർത്തനവും പഞ്ചായത്തിലെ മാതൃശിശു സംരക്ഷണത്തിന് ആക്കംകൂട്ടുന്നു. പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളിലും, ഒരു യു.പി. സ്കൂളിലും രണ്ട് എൽ.പി.

സ്കൂളിലും താരതമ്യേന പെൺകുട്ടികളുടെ തിരക്കാണ് കൂടുതൽ. പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളിലേയും പ്രധാനാദ്ധ്യാപകർ സ്ത്രീകളാണെന്നുള്ളതും, പി. എച്ച്. സെൻററിൻെറ ഓഫീസർ ഒരു വനിതയാണെന്നുള്ളതും ഈ ഗ്രാമത്തിലെ സ്ത്രീകൾക്കഭിമാനിക്കാവുന്ന കാര്യമാണെങ്കിലും ഇന്നും പല മേഖലകളിലും പുരുഷമേധാവിത്വം നിലനിൽക്കുന്നു. തൊഴിൽരംഗം എടുത്തു പരിശോധിക്കുകയാണെങ്കിൽ കഴിഞ്ഞ കാലങ്ങളിൽ പുരുഷന്മാർ മാത്രം ചെയ്തിരുന്ന പാറചുമട്പോലുള്ള അദ്ധ്വാനഭാരമുള്ള ജോലികൾ പുരുഷന്മാർക്കൊപ്പം നിന്ന് സ്ത്രീകൾ ചെയ്യുന്നുണ്ടെങ്കിലും വേതന വ്യവസ്ഥയിൽ ഇന്നും വിവേചനം നിലനിൽക്കുന്നു. കയർ, കാർഷിക മേഖലകളിൽ തൊഴിൽ ചെയ്തുപോന്ന നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾക്ക് കൃഷിപണി ഇന്ന് താൽപര്യമില്ലാത്ത ഒന്നായി മാറിയിരിക്കുന്നു. പഞ്ചായത്തിലെ 9-ാം വാർഡിൽ വിലവിലുള്ള ഒരു D.W.C.R.A. യൂണിറ്റ് വനിതകൾക്ക് ഗ്രൂപ്പടിസ്ഥാനത്തിൽ തൊഴിലവസരം നൽകുന്ന കാര്യമാണ്. എന്നാൽ അത്തരത്തിലുള്ള സംരംഭങ്ങൾ പഞ്ചായത്തിൻെറ എല്ലാ വാർഡിലും തുടങ്ങിയാൽ നന്നായിരിക്കും. സ്വയം തൊഴിൽ ചെയ്യാൻ തയ്യാറായിവരുന്ന സ്ത്രീകൾക്ക് അതിനുള്ള സംവിധാനം ചെയ്തുകൊടുക്കുന്നതിനാൽ വനിതകൾ പൊതുവേ ഈ രംഗത്ത് കുറവാണ്. 7-ാം വാർഡിൽ രണ്ടു വനിതാ സമാജങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സമാജത്തിന് തൊഴിലവസരങ്ങൾ ഉണ്ടാകുന്ന തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിന് വനിതാവികസന കോർപ്പറേഷൻ വഴിയും മറ്റു സർക്കാർ ഏജൻസിയിലൂടെയും ധനസഹായമാവശ്യമാണ്. മത്സ്യസംസ്കരണരംഗത്ത് സ്ത്രീകൾ തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.

എന്നാൽ വെള്ളത്തിൽ മുങ്ങി മത്സ്യം പിടിക്കുന്ന സ്ത്രീകൾക്ക് ഇൻഷ്വറൻസും, ക്ഷേമനിധിയും ഏർപ്പെടുത്തിയിട്ടില്ലായെന്നത് ശ്രദ്ധേയമാണ്. മത്സ്യവിപണരംഗത്ത് സ്ത്രീകൾ നല്ല പങ്ക് വഹിക്കുന്നുണ്ട് എങ്കിലും ദൂരെ സ്ഥലങ്ങളിൽ നിന്ന് മത്സ്യം കൊണ്ടുവരുന്നതിനും മറ്റും വേണ്ടയാതൊരു സൗകര്യങ്ങളില്ലാ. രാഷ്ട്രത്തിൻെറ പുരോഗതിക്കുതകുന്ന കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന ചെമ്മീൻ വ്യവസായ രംഗത്ത് വനിതകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ഈ പഞ്ചായത്തിൽ സാങ്കേതിക രംഗത്ത് പരിശീലനം ലഭിച്ച സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. സ്ത്രീധന സമ്പ്രദായം നിയമം മൂലം നിരോധിച്ചെങ്കിലും അത് മറ്റൊരു രൂപത്തിൽ ഇന്നും നിലനിൽക്കുന്നു. അതുകൊണ്ട് മാത്രം ചില വീടുകളിൽ പ്രായം കഴിഞ്ഞിട്ടും സ്ത്രീകൾ അവിവാഹിതകളായി കഴിയുന്ന ദുഃഖകരമായ കാഴ്ച പഞ്ചായത്തിൻെറ വിവധഭാഗങ്ങളിൽ കാണുവാൻ കഴിയും. കായിക രംഗം പരിശോധിക്കുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിൽ പി. ആർ. സി. എന്ന ഒരു ക്ലബ്ബുമാത്രമാണ് സ്ത്രീകൾക്കുവേണ്ടി ബോളിബോൾ പരിശീലനമെങ്കിലും കൊടുക്കുന്നത്. പഞ്ചായത്തിൻെറ സമ്പൂർണ്ണസാക്ഷരതായജ്ഞ പരിപാടിയിൽ സ്ത്രീകൾ വഹിച്ച പങ്ക് വളരെ വലുതായിരുന്നു. അതുകൊണ്ട് തന്നെ ഇവിടുത്തെ നിരക്ഷരരിൽ 99 ശതമാനം സ്ത്രീകളും സാക്ഷരരായി എന്നുള്ളത് അഭിമാനകരമാണ്. നമ്മുടെ സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുന്നതിനുവേണ്ടി പഞ്ചായത്തിലെ എല്ലാ ക്ലബ്ബുകളിലേയും സന്നദ്ധ സംഘടനകളുടേയും നേതൃത്വനിരയിലേയ്ക്ക് സ്ത്രീകളെ കൈപിടിച്ചുയർത്തേണ്ടത് വളരെ അത്യാവശ്യമാണ്.

## പ്രശ്നങ്ങൾ

1. കുടുംബഭാരം
2. ജോലിഭാരം
3. വേതനക്കുറവ്
4. വിദ്യഭ്യാസത്തിന് പ്രതിബന്ധമുണ്ടാക്കുന്ന ചുറ്റുപാടുകൾ
5. പുരുഷ മേധാവിത്വം
6. വീട്ടിലെ കാര്യങ്ങളിൽപോലും തുല്ല്യപങ്കാളിത്തമില്ലായ്മ.
7. സ്ത്രീ-പുരുഷ സമത്വമില്ലായ്മ
8. പലകാര്യങ്ങളിലുമുള്ള വിലക്ക്

9. ലൈംഗീക ചൂഷണം
10. സ്ത്രീകളെ പ്രദർശന വസ്തുവാക്കുന്ന പ്രവണത
11. ഇളം പ്രായത്തിലുള്ള വിവ്വാഹം
12. സ്ത്രീധന സമ്പ്രദായം
13. ആഭരണഭ്രമം
14. പോഷകാഹാരക്കുറവ്
15. ഗർഭഛിദ്രം
16. മാധ്യമങ്ങളുടേയും പൈങ്കിളിക്കഥകളുടേയും അതിപ്രസരം
17. പുരുഷന്മാരിൽ നിന്നുള്ള ക്രൂരതകൾ
18. തൊഴിൽ സാധ്യതക്കുറവ്
19. കുട്ടികളെക്കൊണ്ട് ജോലിചെയ്യിക്കൽ
20. കുടുംബനാഥൻെറ മദ്യപാനം
21. മഹിളാസമാജങ്ങളുടെ പ്രവർത്തനശേഷിക്കുറവ്
22. തൊഴിലധിഷ്ഠിത വിദ്യഭ്യാസത്തിൻെറ കുറവ്
23. പരമ്പരാഗത തൊഴിലിൻെറ പതനം
24. കായിക രംഗത്തെ പിന്നോക്കാവസ്ഥ
25. കലാ-സാംസ്കാരിക രംഗത്തെ പങ്കാളിത്തക്കുറവ്

## പരിഹാരമാർഗ്ഗങ്ങൾ

1. കുടുംബഭരണകാര്യങ്ങളിൽ കുടുംബത്തിലെ മുഴുവൻ പേരും കൂട്ടായ്മയോടെ പ്രവർത്തിക്കുക.
2. കൂലിപ്പണിപോലുള്ള രംഗങ്ങളിൽ (ചുമട്, മൈക്കാഡ്) ജോലി സമയം ആറ് മണിക്കൂറായി ചുരുക്കി നിശ്ചയിക്കുക. പീലിങ്ങ് ഷെഡിലെ ജോലിസമയം വൈകീട്ട് നാല്വരെയാക്കി ക്ലിപ്തപ്പെടുത്തുക, നൈറ്റ് ഷിഫ്ടിൽ നിന്നും സ്ത്രീകളെ പൂർണ്ണമായും ഒഴിവാക്കുക.
3. വീടുകളിൽ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും നൽകുന്ന ഭക്ഷണവ്യത്യാസം ഇല്ലാതാക്കുക.
4. സ്ത്രീ തൊഴിലാളികൾ കൂടുതൽ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ ആരോഗ്യരക്ഷാപ്രവർത്തനങ്ങൾ അനുസരിച്ച സൗകര്യങ്ങളേർപ്പെടുത്തണം. സ്കൂളുകളിൽ പെൺകുട്ടികൾക്കുള്ള ടോയ്ലറ്റുകൾ വൃത്തിയുള്ളതും സുരക്ഷിതത്വമുള്ളതുമാക്കുക.
5. വീട്ടിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ സ്ത്രീയും പുരുഷനും കൂട്ടായിരുന്ന് തീരുമാനമെടുക്കുക.
6. സ്ത്രീയും പുരുഷനും ജോലിചെയ്തു കൊണ്ടുവരുന്ന പണത്തിൽ വീട്ടുകാര്യങ്ങൾക്കായി സ്ത്രീയുടെ ശമ്പളം മുഴുവൻ ചിലവാക്കുകയും പുരുഷൻെറ ശമ്പളം തൻെറ വ്യക്തിപരമായ കാര്യങ്ങൾക്കും വേണ്ടി ഉപയോഗിക്കുന്നത് ഒഴിവാക്കുക.

   കുടുംബ ബഡ്ജറ്റ് ഉണ്ടാക്കണം.
7. കുടുംബകാര്യങ്ങളിലും, പൊതുകാര്യങ്ങളിലും, വിനോദങ്ങളിലും സ്ത്രീ-പുരുഷന്മാർ ഒരേ പോലെ പങ്കെടുക്കുക. സ്ത്രീകളുടെ അഭിപ്രായങ്ങൾ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
8. സ്ത്രീ ഒറ്റയ്ക്കെങ്ങും പോകരുത്, ഒരു കാര്യത്തിലും അഭിപ്രായം പറയരുത് എന്നൊക്കെയുള്ള പഴഞ്ചൻ വിലക്കുകൾ ഉപേക്ഷിക്കുക. വിധവ; വന്ധ്യ എന്നൊക്കെപറഞ്ഞ് പുഛിക്കുന്നതവസാനിപ്പിക്കുക.
9. കുട്ടികളുൾപ്പെടെയുള്ള സ്ത്രീ സമൂഹത്തിനുമേൽ നടക്കുന്ന ലൈംഗിക ചൂഷണം അവസാനിപ്പിക്കുക.

അങ്ങിനെയുള്ളവർക്ക് കഠിന ശിക്ഷ നൽകുക.

10. സ്വകാര്യസ്ഥാപനങ്ങളുൽപ്പാദിപ്പിക്കുന്ന ആഡംബര വസ്തുക്കൾ ഉൾപ്പെടെയുള്ള സാധനങ്ങൾ വിറ്റഴിക്കുവാനുള്ള പരസ്യത്തിലും സിനിമാ പോസ്റ്ററിലും സ്ത്രീകളുടെ നഗ്നത പ്രദർശിപ്പിക്കുവാറുണ്ട് ഇവ കൾനമായി നിരോധിക്കുക.

11. ചിലവിഭാഗങ്ങളിലിപ്പോഴും 16 വയസ്സാകുന്നതിന് മുമ്പ് വിവാഹം നടത്താറുണ്ട്. പെൺകുട്ടികളുടെ വിവാഹപ്രായം ഇരുപത്തൊന്നെങ്കിലുമാക്കി ക്ലിപ്തപ്പെടുത്തുക.

12. സ്ത്രീധനപീഡനം മൂലം ഒട്ടേറെ ജീവിതങ്ങൾ തകർന്നുപോകുന്നു. സ്ത്രീധനസമ്പ്രദായം ആവർത്തിക്കാതിരിക്കാൻ പുഷന്മാർക്ക് ബോധവൽക്കരണം നടത്തുക.

13. ഒരു വീട്ടിൽത്തന്നെ ആഭരണത്തിൻെറ കാര്യം പറഞ്ഞ് വിവാഹം ചെയ്തുകൊണ്ടുവരുന്ന സ്ത്രീകളെ രണ്ടു രീതിയിൽ കാണുന്നവരുണ്ട്. അതുകൊണ്ട് സ്ത്രീകൾക്ക് സ്വർണ്ണാഭരണത്തോടുള്ള ഭ്രമം ബോധവൽക്കരണത്തിലൂടെ ഇല്ലാതാക്കുക.

14. കുടുംബനാഥൻ പുറത്തുപോയി ഭക്ഷണം കഴിക്കുന്ന പ്രവണത ഗ്രാമങ്ങളിൽ വളരെ കൂടുതലാണ്. അതുകൊണ്ട്തന്നെ പോഷകഗുണമുള്ള ആഹാരങ്ങൾ കുടുംബാംഗങ്ങൾക്ക് അന്യംനിൽക്കുന്നു. ആയതിനാൽ കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ചിരുന്ന് ആഹാരം കഴിക്കുക.

15. ബാലികാ വിവാഹവും, ഭ്രൂണഹത്യയും നിയമം മൂലം നിർത്തലാക്കുക.

16. ടെലവിഷൻ പോലുള്ള മാധ്യമങ്ങളിലും, വാരികകളിൽ പൈങ്കിളിക്കഥകളിലൂടെയും സെക്സിൻെറ അതിപ്രസരം നിലവിലുണ്ട്. ഇത് സെൻസർ ചെയ്യുക.

17. ബസ്സിൽ യാത്രചെയ്യുമ്പോഴും, സിനിമാശാലകളിലും പുരുഷന്മാർ സ്ത്രീകളെ ശല്യംചെയ്യുന്നത് നിർത്തലാക്കുക.

18. DWCRA വനിതാ വ്യവസായ യൂണിറ്റുകൾ എന്നിവയ്ക്ക് മുൻഗണന നൽകി കൂടുതൽ തൊഴിലവസരങ്ങൾ നൽകുക.

19. 18 വയസ്സിനു താഴെയുള്ള പഠിക്കാതെ നിൽക്കുന്ന പെൺകുട്ടികളെക്കൊണ്ട് തൊഴിലെടുപ്പിക്കുന്നവർക്കെതിരെ നടപടിയെടുക്കുക.

20. സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക, വ്യാജചാരായത്തിൻെറ വിപത്തുകൾ ഗ്രാമത്തിലുണ്ടാകാതിരിക്കാൻ വാർഡുതല സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുക.

21. എല്ലാ വാർഡിലും മഹിളാസമാജങ്ങൾ രൂപീകരിക്കുക.

22. നമ്മുടെ സ്കൂളുകളിൽ സാങ്കേതികവിദ്യയുൾപ്പെടെയുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസം തുടങ്ങുക.

23. ഗ്രാമങ്ങളിലെ സ്ത്രീകളുടെ പരമ്പരാഗതതൊഴിലിലൂടെ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

24. പഞ്ചായത്തിൻെറ കീഴിൽ നെഹ്റു യുവക് കേന്ദ്രം സ്ഥാപിക്കുകയും, അതിലൂടെ കലാ-കായിക ഇനങ്ങളിൽ സ്ത്രീകൾക്ക് പരിശീലനം നൽകുകയും ചെയ്യുക.

25. എല്ലാ വാർഡുകളിലേയും കലാപരമായികഴിവുള്ള പെൺകുട്ടികളെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം നൽകുക. വായനശാലയിൽ സ്ത്രീകൾക്ക് പ്രത്യേകസമയവും സൗകര്യവും ഏർപ്പെടുത്തുക.

26. സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുക.

27. കുടിൽ വ്യവസായം പ്രോത്സാഹിപ്പിക്കുക.

28. പോസ്റ്റ് ഗ്രാജുവേഷനും മറ്റു സാങ്കേതിക മേഖലകളിലും പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് പഞ്ചായത്ത് പ്രോത്സാഹനം നൽകുക.

29. തൊഴിൽജന്യരോഗങ്ങൾ ചികിൽസിക്കുവാൻ സാമ്പത്തിക സഹായം നൽകുക.

30. അനാശാസ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സ്ത്രീകൾക്ക് ശിക്ഷനൽകുക.

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

*'' തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ*
*ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ*
*കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ*
*ഒട്ടല്ലഹോ ജാതിക്കോമരങ്ങൾ''*

ഈ പദ്യശകലങ്ങൾ, മൺമറഞ്ഞുപോയ രാജാവിന്റെ കൈകളിൽ നിന്ന് പട്ടും വളയും വാങ്ങിയ, കവിതിലകൻ കുമാരനാശാന്റെ വളരെ പ്രശസ്തമായ കൃതി 'ദുരവസ്ഥ' യിലേതാണ്. ആശാനുമുമ്പുണ്ടായിരുന്ന സാമൂഹ്യ ഉച്ചനീചത്വങ്ങളിലേക്ക് എത്തിനോക്കുവാൻ പോലും നാം അറച്ചു നിന്നു പോകും. ഈഴവരാതി പിന്നോക്കവി ഭാഗത്തിന്റെ ഉയർച്ച ലാക്കാക്കി പടപൊരുതിയ മഹാനായ ശ്രീനാരായണ ഗുരുദേവ ന്റെ '' ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്'' എന്ന മഹത്തായ സന്ദേശവും അധ:സ്ഥിത വർഗ്ഗത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി അഹോരാത്രം പണിയെടുത്ത ഭരണഘടന ശില്പികളിൽ പ്രധാനിയായ മഹാൻ ശ്രീ ഭീം റാം അംബേദ്കറിനെയും അടി സ്ഥാന വർഗ്ഗത്തിന്റെ സാമൂഹ്യമോചനത്തിനുവേണ്ടി പണിയെടുത്ത മഹാനായ അയ്യൻകാളി എന്നിവരുടെയും സേവനം നിസ്തൂലമാണ്.

നമ്മുടെ രാജ്യത്തെ മനുഷ്യരിൽ നിലനിന്നിരുന്ന, അപരിഷ്കൃതമായ ജാതിവ്യ വസ്ഥയുടെ ചരിത്രം പരിശോധിച്ചാൽ രസകരവും അത്ഭുതാവഹവുമാണ് എന്ന് കാ ണാൻ കഴിയും. സവർണ്ണ മേധാവിത്വത്തി ന്റെ ചവിട്ടടിയിൽ നിന്ന് പിന്നോക്കജനവി ഭാഗങ്ങളെ മോചിപ്പിക്കുവാൻ നമ്മുടെ സാമൂഹ്യപരിഷ്കർത്താ ക്കൾ ത്യാഗോജ്ജ്വലമാ യ പ്രവർത്തനങ്ങൾ കേരളത്തിന്റെ സാമൂഹ്യ നഭോമണ്ഡലത്തിൽ മഹത്തായ ഒരേട് എഴുതിചേർത്തിട്ടുണ്ട്.

ബ്രാഹ്മണരിൽ നിന്ന് നായൻമാർ പതിനാറടിയും മറ്റു പിന്നോക്കജാതിക്കാർ 32 അടിയും അകലത്തിൽ നില്ക്കണമെന്നും, മറ്റു വർണ്ണ ജനവിഭാഗങ്ങൾ ദൃഷ്ടിയിൽ പെടാനെ പാടില്ലാ എന്ന തീണ്ടികൂടായ്മ നിലനിന്നിരുന്നു. ഈഴവരാതി പിന്നോക്ക ജനവിഭാഗങ്ങളിലെ സ്ത്രീകൾക്ക് മാറുമറയ്ക്കുന്നതിനുപോലും അവകാശമുണ്ടായിരുന്നില്ലത്രെ. റാണി ലക്ഷ്മി പാർവ്വതിഭായിയുടെ 1818 ലെ വിളംബരത്തോടുകൂടിയാ ണ് ഈഴവർക്കു മാറുമറയ്ക്കുവാനും സ്വർണ്ണാഭരണങ്ങൾ ധരിക്കുവാനും അനുവാദം ഉണ്ടായത്. എന്നാൽ പട്ടികജാതിക്കാർക്ക് ഈ അവകാശം പോലും നിക്ഷേധിക്കപ്പെട്ടിരുന്നു. 1915 ൽ കൊച്ചി യിലെ ഒരു നിയമമനുസരിച്ച് കിഴക്കുപടിഞ്ഞാറ് പന്തലിടുക, വലിയ പപ്പടം കാച്ചി സദ്യകൊടുക്കുക എന്നീ പദവികൾക്ക് സർക്കാരിൽ നിന്ന് പ്രത്യേകാനുവാദം വേണമായിരുന്നു. 1829 മുതൽ തെക്കൻ തിരുവി താംകൂറിലെ ചാന്നാർ സ്ത്രികൾക്ക് മാറു മറയ്ക്കുവാനുള്ള അവകാശത്തിനു വേണ്ടി നിവേദനങ്ങളും നി രന്തര സമരങ്ങളും നടത്തിയതിന്റെ ഫലമായി 1859-ൽ മാറു മറയ്ക്കുവാനുള്ള അനുവാദം സിദ്ധിച്ചു. അഹിന്ദുക്കൾക്ക് ക്ഷേത്ര സങ്കേതപരിധികളിലൂടെ സഞ്ചാര സ്വാതന്ത്ര്യം അനുവദിച്ചിരുന്നു. എന്നാൽ പിന്നോക്ക ജാതിക്കാരായ ഹിന്ദുക്കൾക്ക് സഞ്ചാര സ്വാതന്ത്ര്യം ഇല്ലായിരുന്നു. ഈയൊരവസ്ഥ അവർണ്ണ ജനവിഭാഗങ്ങളെ മത പരിവർത്തനത്തിന് പ്രേരിപ്പിക്കുവാൻ നിദാനമായി ഇതിനെതിരെ നടത്തിയ സമരങ്ങളുടെ ഫലമായി 1936 ൽ ക്ഷേത്ര പ്രവേശന വിളംബരമുണ്ടായി.

ശ്രീ നാരായണ ഗുരുദേവൻ 1888 ൽ അരുവിപ്പുറത്ത് ശിവലിംഗ പ്രതിഷ്ഠ നടത്തിയ സംഭവം സവർണ്ണ മേധാവിത്വത്തെ കിടിലം കൊള്ളിച്ചു. ശ്രീ. സി. വി. കുഞ്ഞുരാമന്റെ നേതൃത്വത്തിൽ നടത്തിയ സമരത്തിന്റെ ഫലമായി അന്നത്തെ ദിവാനായിരുന്ന ശ്രീ. വി.പി. മാധവൻനായർ മുൻകൈ എടുത്തു നടത്തിയ ചർച്ചയെത്തുടർന്ന് മഹാരാജാവ് ഇറക്കിയവിളംബരത്തിന്റെ അടിസ്ഥാനത്തിലാണ് ഈഴവർക്ക് വിദ്യാലയങ്ങളിൽ പ്രവേശനം ലഭിച്ചത്. ശ്രീ നാരായണഗുരു, ഡോക്ടർ പൽപ്പു, സഹോദരൻ അയ്യപ്പൻ,

ടി.കെ.മാധവൻ എന്നിവരുടെ നേതൃത്വത്തിൽ ഈഴവരാദി പിന്നോക്ക വിഭാഗങ്ങളുടെ അവശതകൾക്കും ദുരിതങ്ങൾക്കും പരിഹാരം കാണുന്നതിനുവേണ്ടി 1903 ൽ ''ശ്രീ നാരായണ ധർമ്മ പരിപാലന യോഗം എന്ന സംഘന രൂപീകരിച്ചു. 1905 ൽ ശ്രീ അയ്യൻകാളിയുടെ നേതൃത്വത്തിൽ അയിത്ത ജാതിക്കാരുടെ മോചനത്തിനായി സാധുജനപരിപാലന സംഘം രൂപീകരിച്ചു. ശ്രീ. അയ്യൻകാളിയുടെ നേതൃത്വത്തിൽ എണ്ണമറ്റ സമരങ്ങൾ അയിത്തജാതിക്കാരുടെ മേൽ സവർണ്ണ മേധാവിത്വം അടിച്ചേൽപിക്കുന്ന പീഡനത്തിനെതിരായി നടന്നു. 'സഞ്ചാര സ്വാതന്ത്രത്തിനുവേണ്ടി അദ്ദേഹം പടപൊരുതി. ഈ കാലയളവിൽ തന്നെയാണ് ഐതി ഹാസികമായ കർഷക തൊഴിലാളി സമരം ശ്രീ. അയ്യൻകാളിയുടെ നേതൃത്തിൽ 1907 ൽ നടത്തിയത്. ശ്രീ. അയ്യൻകാളിയും സാധുജന പരിപാലന സംഘവും നടത്തിയ സമരങ്ങൾ കേരളത്തിൻെറ സാമൂഹ്യ ഘടനയിൽ പരിവർത്തനത്തിൻെറ പടഹധ്വനി സൃഷ്ടിക്കുവാൻ പര്യാപ്തമായി. അന്നത്തെ തിരുവിതാം കൂർ രാജാവ് ശ്രീ. അയ്യൻകാളിയെ പ്രജാസഭയിൽ അംഗമായി നിയമിച്ച് അംഗീകരിക്കുകയുണ്ടായി. ഇതു മൂലം അവശജനസമുദായത്തിനുവേണ്ടി അനവധികാര്യങ്ങൾ പ്രജാസഭയിൽ ഉന്നയിക്കുവാനും നേടിയെടു ക്കുവാനും കഴിഞ്ഞിട്ടുണ്ട് ഇതിൻെറ ഫലമായി ചരിത്രത്തിലാദ്യമായി അയിത്തജാതിയിൽപെട്ട ''പഞ്ചമി'' എന്നപെൺകുട്ടിക്ക് വിദ്യാലയത്തിൽ പ്രവേശനം ലഭിച്ചു.

ശ്രീനാരായണഗുരു, ശ്രീ. അയ്യൻകാളി, ഡോക്ടർ പൽപ്പു, കുമാരനാശാൻ സഹോദരൻ അയ്യപ്പൻ , സി. വി. കുഞ്ഞുരാമൻ എന്നിവർ തുടങ്ങിവച്ച സാമൂഹ്യവികാസ ചരിത്രപശ്ചാത്തലത്തിൽ പട്ടിക ജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക നിലവാരത്തെ സംബന്ധിച്ച് സമഗ്രവും സത്യസന്ധവുമായ പരിശോധനയുടെ ആകെ തുകയാണ് ഈ റിപ്പോർട്ട്. ഭാരതത്തിലെ ദളിത്-പിന്നോക്ക ജനവിഭാഗങ്ങൾ ഇന്നും സമൂഹത്തിൻെറ അടിത്തട്ടിൽ തന്നെയാണ് എന്ന വസ്തുത നമ്മുക്ക് വിസ്മരിക്കാനാവില്ല. എന്നാൽ കേരളത്തിൽ ഈ ജനവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതാണെന്ന് പറയാം.

നമ്മുടെ പഞ്ചായത്തിൽ ഒന്നുമുതൽ പത്തുവരെയുള്ള വാർഡുകളിലായി ഏകദ്ദേശം 545 പട്ടിക ജാതി കുടുംബങ്ങളും പതിനൊന്ന് പട്ടിക വർഗ്ഗ കുടുംബങ്ങളും നിലവിലുണ്ട്. ഈ വിഭാഗത്തിൻെറ പൊതുസ്ഥിതി അത്ര മെച്ചമല്ല. ഇവരുടെ മുഖ്യതൊഴിൽ കൃഷിപ്പണിയും മത്സ്യബന്ധനവുമാണ്. ചില പ്രദ്ദേശങ്ങളിൽ കക്ക വാരിയും ഉപജീവനം നടത്തുന്നവരുമുണ്ട്. കാർഷിക രംഗത്തെ തകർച്ചയുടെ ഫലമായി ആ മേഖലയിലെ പണികുറഞ്ഞുവരുന്നു. മത്സ്യബന്ധനരംഗത്ത് ചിലപ്രതിസന്ധികൾ നിലനിൽക്കുന്നു .മാക്ഡവൽ കമ്പനിയിൽ നിന്ന് ഒഴുക്കിവിടുന്ന രാസമാലിന്യങ്ങൾ അടങ്ങിയ വെള്ളം കായലിലെ മത്സ്യ സമ്പത്തിൻെറ വംശവർദ്ധനവ് തടയുകയും മത്സ്യ-കക്കാ സമ്പത്ത് നശിക്കുവാൻ ഇടയാകുന്നു. ഇതു പോലെയുള്ള മറ്റൊരുപ്രശ്നമാണ് കായലോരങ്ങളിലുള്ള തൊണ്ടു തല്ലുശാലകളിൽ നിന്നുള്ള ചകിരിച്ചോറ് കായലിലേക്ക് തള്ളുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ. മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്ന ഈ വിഭാഗത്തിൻെറ ജീവിതത്തിന് ഭീക്ഷണിയായി തീരുന്നു. ജല മലിനീകരണം പരമ്പരാഗത തൊഴിൽ രംഗങ്ങളിലെ തകർച്ചയിൽ നിന്ന് ഈ വിഭാഗത്തെ രക്ഷിക്കുന്നതിന് ചെറുകിടവ്യവസായങ്ങൾ സ്ഥാപിച്ച് പരിശീലനം നൽകി തൊഴിൽ സാധ്യത വർദ്ധിപ്പിക്കേണ്ടതുണ്ട്. സാങ്കേതിക വിദ്യ നേടിയ ഈ വിഭാഗത്തിലെ യുവതീ യുവാക്കളെ സംഘടിപ്പിച്ച് PMRY പോലുള്ള ഘടകപദ്ധതികളിൽ ഉൾപ്പെടുത്തി ഗ്രൂപ്പ് അടിസ്ഥാനത്തിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കേണ്ടതാണ്.

ബഹുഭൂരിപക്ഷം പട്ടികജാതി കുടുംബങ്ങൾക്കും സുരക്ഷിതമായ വീടുകളില്ല. ഉള്ളവ തന്നെ ഗവൺമെൻറിൻെറ വിവിധ ഡിപ്പാർട്ടുമെൻറുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ധനസഹായത്തോടെ പണികഴിപ്പിച്ചവയാണ്. മിക്ക വീടുകളുടെയും പണിപൂർത്തീകരിച്ചിട്ടില്ല. ധനസഹായത്തിൻെറ അപര്യാപ്തത , നിർമ്മാണ വസ്തുക്കളുടെ വമ്പിച്ച വിലവർദ്ധനവ് എന്നിവമൂലമാണ് ഈ അവസ്ഥ സംജാതമായിട്ടുള്ളത്. ഈ വീടുകളുടെ പണിപൂർത്തീകരിക്കുന്നതിന്, അറ്റകുറ്റ പണികൾക്കുമായി അടിയന്തിരസഹായം ആവശ്യമാണ്. കായൽ തീരങ്ങളിലും ചാലിൻെറ ഓരങ്ങളിലുമുള്ള പുറമ്പോക്കു നികത്തി വർഷങ്ങളായി കുടിൽ കെട്ടി താമസിക്കുന്നവർക്ക് പട്ടയമില്ലാത്തതിനാൽ കെട്ടുറപ്പുള്ള വീടുകൾ

നിർമ്മിക്കുവാൻ കഴിയുന്നില്ല. ഈ അവസ്ഥയ്ക്ക് ശാശ്വതമായ പരിഹാരം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

പട്ടികജാതി - വർഗ്ഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം ഒട്ടുംതന്നെ മെച്ചമല്ല. കുട്ടികൾ അംഗൻവാടി കളിലും അടുത്തുള്ള സ്കൂളുകളിലും കോളേജിലും പഠിച്ചുവരുന്നു. കൂടുതൽ വിദ്യാർത്ഥികളും വിദ്യാഭ്യാസം പൂർത്തിയാക്കാതെ കൊഴിഞ്ഞു പോകുന്നതായികാണാം. പഠനോപകരണങ്ങളുടെ അഭാവം കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുള്ളവ കാരണമാണ് മിക്ക കുട്ടികളും ഇടയ്ക്കുവച്ച് വിദ്യാഭ്യാസം നിർത്തു ന്നത്. S.S.L.C., P.D.C വരെ പഠിച്ചവർപോലുംപഠനം പൂർത്തികരിക്കുവാൻ കഴിയാതെ പോകുന്നു. ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ്, പൊതുവേ കുറവാണെന്നു തനെന പറയാം. ഈ വിഭാഗത്തിൻെറ വിദ്യാ ഭ്യാസ നിലവാരം ഉയർത്തുവാൻ പ്രത്യേക പരിഗണനയും ശ്രദ്ധയും അനിവാര്യമാണ്. ഇന്നും ഈ വിഭാ ഗത്തിൻെറ ഇടയിൽ നിരക്ഷരത ഭാഗീകമായി നിലനില്ക്കുന്നു. ആയതിനാൽ തുടർവിദ്യാഭ്യാസ പ്രവർത്തനം തുടരുന്നത് നന്നായിരിക്കും.

ഭൂരിപക്ഷം പട്ടിക ജാതി-പട്ടിക വർഗ്ഗകുടുംബങ്ങളിലും സേഫ്റ്റി ടാങ്കോടുകൂടിയ കക്കൂസുകളില്ല. ഉള്ളവ തന്നെ മിക്കവാറും ഉപയോഗ ശൂന്യമാണ്. ഈ അവസ്ഥ ഇവരുടെ ആരോഗ്യ ജീവിതത്തെ സാരമാ യി ബാധിക്കുന്നു. മിക്കവാറും കുടുംബങ്ങളിൽവൈദ്യുതി എത്തിയിട്ടില്ല. ഇവർ കൂട്ടമായി താമസിക്കുന്ന പ്രദേശങ്ങളെ ഉൾകൊള്ളിച്ചുകൊണ്ട് I.H.D.P അംബേദ്കർ കോളനിയായി പ്രഖ്യാപിച്ച് റോഡ്, പൈപ്പ് ലൈൻ, വൈദ്യുതി, സാനിറേഷൻ എന്നിവയ്ക്കു മുൻതൂക്കം കൊടുത്തു ഇവരെ പരിരക്ഷിക്കേണ്ടതാണ്.

സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ നേതൃത്വസ്ഥാനത്തു പ്രവർത്തിക്കുന്ന പട്ടികവിഭാഗക്കാർ നമ്മു ടെ പഞ്ചായത്തിൽ പൊതുവേ കുറവാണെന്നു പറയാം. എന്നാൽ ഈ രംഗത്തുനേതൃത്വസ്ഥാനത്തേയ്ക്ക് ഉയർന്നു വരുന്നവരെ നിഷ്ക്രിയരാക്കുന്ന പ്രവണത ഏറി വരികയാണ് ഇതിന് മാറ്റം അനിവാര്യമാണ്.

നമ്മുടെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു പികജാതി സഹകരണസംഘം പ്രവർത്തിച്ചുവരുന്നു.. ഇത്തരം സംഘങ്ങൾക്ക് ഗവൺമെൻറ് കൂടുതൽ ധനസഹായം നൽകുകയും ജീവനക്കാരെ സർക്കാർ ജീവനക്കാരായി പരിഗണിച്ചു ഇന്നുള്ള ശോചനീയാവസ്ഥ പരിഹരിക്കേണ്ടതായിട്ടുണ്ട്. കൂടാതെ ഗവൺ മെൻറ് നടപ്പാക്കിവന്നിരുന്ന പലിശ സബ്സിഡി പൂർണ്ണതോതിൽ നടപ്പാക്കിഅംഗങ്ങൾക്ക് അവരുടെ വായ്പാവശ്യത്തെ സഹായിക്കേണ്ടതായിട്ടുണ്ട്. ഗവൺമെൻറ് വിവിധ ഏജൻസികളിലൂടെ നടപ്പാക്കുന്ന പദ്ധതികൾ പട്ടികജാതി സഹരണസംഘം വഴിയാക്കിയാൽ വളരെ പ്രയോജനകരമായിരിക്കും. വിവിധ ആവശ്യങ്ങൾക്കു പട്ടികജാതി-പട്ടികവർഗ്ഗക്കാർ എടുത്തു തിരിച്ചടക്കാത്ത വായ്പയുടെ മുതൽ അടച്ചു തീർ ക്കുന്നവരുടെ പലിശയും മറ്റു ചിലവുകളും ഒഴിവാക്കി കൊടുത്തു സംഘത്തിൻെറ പ്രവർത്തനത്തെ സഹാ യിക്കുന്നത് ഈ വിഭാഗത്തോടു കാണിക്കുന്ന ഏറ്റവും വലിയതും മഹത്തരവുമായ സംഗതിയാണ്.

പട്ടികജാതി - വർഗ്ഗങ്ങൾക്കിടയിൽ പണ്ടു നിലനിന്നിരുന്ന തെയ്യം, മുടിയാട്ടം, കുറവൻപാട്ട്, വേലൻ പാട്ട്, തുടങ്ങിയ പരമ്പരാഗത കലകൾ പരിപോഷിപ്പിച്ചെടുക്കുകയും അവയെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ നമ്മുടെ പഞ്ചായത്തിൽ പട്ടികജാതി - വർഗ്ഗ വിഭാ ഗങ്ങളുടെയിടയിൽ എണ്ണമറ്റ കലാകാരന്മാർ ഇപ്പോൾ നിലവിലുണ്ട്. അവരെ കണ്ടെത്തി അഭിരുചിക്കനു സരിച്ച് ഉയരുവാനുള്ള സാഹചര്യം സൃഷ്ടിച്ച് പട്ടികജാതിക്കാരായ കലാകാരന്മാരുടെ കഴിവിനെ പൂർണ്ണതയിൽ എത്തിക്കേണ്ടതായിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ പട്ടികജാതിക്കാരുടെ സാംസ്ക്കാരിക ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് പ്രവർ ത്തിക്കുന്ന ഏക സാംസ്ക്കാരിക കേന്ദ്രമാണ് 6-ാം വാർഡിൽ നിലകൊള്ളുന്ന ''അംബേദ്കർ മെമ്മോറി യൽ വായനശാലയാണ് വയോജന വിദ്യാഭ്യാസകേന്ദ്രം''. ഇതിൻെറ പ്രവർത്തനത്തിന് ആവശ്യമായ പുസ്തകങ്ങളും പഠനോപകരണങ്ങളും ഗ്രാൻറുകളും നൽകി സഹായിക്കേണ്ടത് അത്യാവശ്യമാണ്. മാത്രമല്ല വായനശാല നിലനിൽക്കുന്ന സ്ഥലത്തിന് കൈവശാവകാശ രേഖ നൽകുന്നുതിന് പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ ഏകദേശം 11 ഓളം പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട് അവരുടെ ജീവിത സാഹചര്യം പഴയതിൽ നിന്നും ഒട്ടും ഭിന്നമല്ല. ഒന്നു രണ്ടു കുടുംബങ്ങൾ ഒഴിച്ചാൽ മറ്റാർക്കും തന്നെ സുരക്ഷിതമായി വീടുകളില്ല. ഇവരുടെ മറ്റു ചുറ്റുപാടുകൾ ആശാവഹമല്ല. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇവരുടെയിടയിൽ ഇന്നു കാണാം. നിരന്തരമായ ബോധവൽക്കരണത്തിലൂടെ മാത്രമേ സമൂഹത്തിൻെറ മുഖ്യധാരയിലേയ്ക്ക് ഇവരെ ഉയർത്തികൊണ്ടുവരുവാൻ സാധിക്കുകയുള്ളു.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തെ സംബന്ധിച്ച ഈ സംക്ഷിപ്ത റിപ്പോർട്ട് ചർച്ചയിലൂടെ സംപുഷ്ടമാക്കുമെന്ന പ്രതീക്ഷയോടെ പര്യവസാനിപ്പിക്കുന്നു.

**പ്രശ്നങ്ങൾ**

1. സുരക്ഷിതമായ വീടുകളുടെ അഭാവം
2. പണിപൂർത്തിയാകാത്ത വീടുകൾ
3. കൈവശഭൂമിയ്ക്കു പട്ടയമില്ലായ്മ
4. വിദ്യാഭ്യാസം ഇടയ്ക്കു വച്ചു നിർത്തുന്നു.
5. നിരക്ഷരത
6. സാനിറ്റേഷൻെറ കുറവ്
7. ശുദ്ധ ജലം, വൈദ്യുതി, റോഡ് എന്നിവകളുടെ അഭാവം
8. താരതമ്യേന ഇളം പ്രായത്തിലുള്ള വിവാഹം
9. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും
10. സാമൂഹ്യ ബോധവൽക്കരണത്തിൻെറ അഭാവം
11. അമിതമായ മദ്യപാനം
12. കാർഷീകരംഗത്തെ തകർച്ച
13. പരമ്പരാഗത ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യതക്കുറവ്
14. സാങ്കേതിക വിദ്യാഭ്യാസത്തിൻെറ പോരായ്മ.
15. കുടുംബ സംവിധാനത്തിൻെറ പോരായ്മ.
16. എല്ലാകാര്യങ്ങളും ഗവൺമെൻറ് സൗജനയമായി ചെയ്തു കൊടുക്കണമെന്ന നിലപാട്.

**പരിഹാര നിർദ്ദേശങ്ങൾ**

1. ഈ വിഭാഗത്തിൽ പെട്ടവരുടെ വീടുനിർമ്മിക്കുന്നത് ഗുണഭോക്താവിന് ഇഷ്ടമുള്ള മാത്രകയിൽ ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുള്ള ചുറ്റളവിന് മാറ്റം വരാതെ പഞ്ചായത്തു നേരിട്ട് പണിയിച്ചു കൊടുക്കുക. തുകയുടെ പരിധി എടുത്തുകളയുക. കൂടാതെ വീടുകളുടെ എണ്ണം ഇത്ര എന്നതുമാറ്റി ഗുണനിലവാരമുള്ള വീടുകൾ എന്നാക്കി ഭവനനിർമ്മാണത്തെ നിർവചിക്കുക.

2. പട്ടികജാതിക്കാർക്കു വീടുനിർമ്മിക്കുവാൻ നൽകുന്ന ധനസഹായം യഥാസമയം കിട്ടാനുള്ള നടപടി ത്വരിതപ്പെടുത്തുക. ഇതിനു നടക്കുന്ന ഇടനിലക്കാരെ ഒഴിവാക്കാൻ ഗവൺമെൻറും രാഷ്ട്രീയ പാർട്ടികളും ശ്രമിക്കണം.

3. ന്യായമായ സാഹചര്യങ്ങളിൽ പട്ടികജാതി-വർഗ്ഗക്കാർക്ക് ഉടൻ പട്ടയം നൽകുക. അനധികൃത കയ്യേറ്റക്കാരെ മെറിറ്റ് അടിസ്ഥാനത്തിൽ പരിശോധിച്ച് ഒഴിപ്പിക്കുകയോ, പട്ടയം നൽകുകയോ ചെയ്യുക, ഒഴിപ്പിക്കുന്നവരെ പുന:രധിവസിപ്പിക്കുക.

4. 18 വയസുവരെ വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കുക, സൗജന്യ ഹോസ്റ്റൽ, പുസ്തകം, വസ്ത്രം ചികിത്സാ, യാത്രപ്പടി എന്നിവ സർക്കാർ നൽകുക. ഇത്തരം സന്ദർഭങ്ങളിൽ ലംപ്സംഗ്രാൻറ് പിൻവലിക്കുക.

5. പട്ടികജാതി വർഗ്ഗക്കാരുടെയിടയിൽ പൊതുവേ നിരക്ഷരത കൂടുതലാണ് ആയതിനാൽ തുടർ സാക്ഷരതാ പ്രവർത്തനം നടത്തുക.

6. പട്ടികജാതി-വർഗ്ഗ വിഭാഗക്കാരുടെ വീടുകളിൽ സേഫ്റ്റിടാങ്കോടുക്കൂടിയ കക്കൂസുകൾ ഇല്ല. ആയതിനാൽ ഇവരുടെ ആരോഗ്യത്തെ ഇതു സാരമായി ബാധിക്കുന്നു. സേഫ്റ്റിടാങ്കുകൾ നിർമ്മിച്ചു നൽകുക.

7. പട്ടികജാതിക്കാർ കൂടുതലും താമസിക്കുന്ന പ്രദേശങ്ങളിൽ ഗതാഗതത്തിനാവശ്യമായറോഡ്, ശുദ്ധജലം, വൈദ്യുതി എന്നിവ സമയബന്ധിതമായി ലഭ്യമാക്കി ജീവിതനിലവാരം ഉയർത്തുക. അനുബന്ധ സൗകര്യങ്ങൾ (ഭൂമി ലവൽചെയ്യുക, ഓട നിർമ്മിക്കുക, പൂന്തോട്ടം നിർമ്മിക്കുക എന്നിവ) കോളനികളിൽ ബഹുനില കെട്ടിടങ്ങൾ പരീക്ഷിക്കാവുന്നതാണ്.

8. ഈ വിഭാഗക്കാരുടെ ഇടയിൽ ബാലിക വിവാഹം ഇല്ലെങ്കിലും താരതമ്യേന ഇളം പ്രായത്തിലുള്ള വിവാഹം നടത്താറുണ്ട്. അതുകൊണ്ട് അപക്വമതികളായ ദമ്പതികളുടെ കുടുംബജീവിതം പില്ക്കാലത്ത് അലോസരത നിറഞ്ഞതായിമാറും.

9. മറ്റു ജനവിഭാഗങ്ങളെ അപേക്ഷിച്ചു പട്ടികജാതി-വർഗ്ഗവിഭാഗങ്ങളിൽ നിന്നും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും പേറിനടക്കുന്നു. യാഥാർത്ഥ്യങ്ങൾ ബോദ്ധ്യപ്പെട്ടു വിലയിരുത്തുവാനും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉപേക്ഷിക്കുവാനും തയ്യാറാകണം.

10. സാമൂഹ്യ രംഗത്ത് അച്ചടക്കം പാലിക്കുവാനോ, കാര്യങ്ങൾ കാത്തിരുന്നു കാണുവാനോ ഉള്ള സഹിഷ്ണത പൊതുവേ കുറവാണ്. എന്തും ന്യായീകരിക്കുവാനും നേരും നുണയും തിരച്ചറിയും മുമ്പ് എടുത്തു ചാടുവാനുമുള്ള താല്പര്യം കുറച്ച് കാര്യങ്ങൾ ശരിയായി പഠിക്കുവാനും മറ്റുള്ളവരുമായി ചർച്ചചെയ്യുവാനും നല്ല നല്ല ആശയങ്ങളും ഉപദേശങ്ങളും അംഗീകരിച്ചുകൊണ്ട് അഭിപ്രായമുള്ള ഒരാളായി രൂപാന്തരപ്പെടുവാനും ഓരോരുത്തരും ശ്രദ്ധിക്കണം.അപകർഷതാബോധം ഉപേക്ഷിക്കുക.

11. സമൂഹത്തിൽ മറ്റുള്ളവർക്കുള്ളതിനേക്കാൾ മദ്യപാനാസക്തി കൂടുതലായി ഈ വിഭാഗങ്ങൾക്ക് കാണുന്നു. സന്തോഷം വരുമ്പോഴും സന്താപം വരുമ്പോഴും മദ്യത്തിൽ സുഖം കണ്ടെത്തുന്ന രീതി മാറ്റി കുടുംബത്തോടു കൂറുപ്രഖ്യാപിക്കണം.

12. കാർഷിക മേഖലയെ പുനരുദ്ധരിക്കുക ഇതിന് കർഷകരുടെയും കർഷക തൊഴിലാളികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെയും സംയുക്ത യോഗം വിളിച്ചുകൂട്ടി ആവശ്യമായ തീരുമാനങ്ങൾ എടുക്കണം. അതുവഴി കാർഷിക രംഗത്തെ തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുക.

13. ഈ വിഭാഗക്കാർ പരമ്പരാഗത തൊഴിലിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഗവൺമെൻറ് ഏറ്റെടുത്ത് വിപണന സൗകര്യങ്ങൾ ഉണ്ടാക്കി ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുക.

14. പട്ടികജാതി-വർഗ്ഗ വിഭാഗക്കാർ പൊതുവേ കടന്നുചെല്ലാൻ കഴിയാത്ത മേഘലയാണ് കംപ്യൂട്ടർ രംഗം, ഇതിന് ആ വിഭാഗക്കാർക്ക് മറ്റുള്ളവരെപോലെ പഠന സൗകര്യം സാമ്പത്തിക പിന്നോക്കാവസ്ഥമൂലം ലഭ്യമാകുന്നില്ല. അതുകൊണ്ട് ഈ വിഭാഗക്കാർക്കായി പട്ടികജാതി സഹകരണ സംഘത്തിന് ഒരു കംപ്യൂട്ടർ പഠനകേന്ദ്രംഅനുവദിക്കുക. കൂടാതെ ഇന്ന് പട്ടിക ജാതി വികസന വകുപ്പിന്റെ കീഴിൽ നടത്തുന്ന ITC കളെ കേന്ദ്രഗവൺമെൻറിന്റെ NCVT (National Council for vocational Training) സിലബസിനു തുല്യമായി അംഗീകരിക്കുകയും ITC കളിലെ വിദ്യാർത്ഥികൾക്ക് Post metric hostal പ്രവേശനം നൽകുകയും ചെയ്യുക.

15. കുടുംബത്തിലെ നാഥനും, കുടുംബനായികയും മക്കളും ഒത്തൊരുമിച്ചു കുടുംബപ്രശ്നങ്ങൾ ആലോചിക്കാതെ ഓരോരുത്തരും തോന്നിയ വിധം പ്രവർത്തിക്കുന്നു. ആ സംവിധാനം ഒഴിവാക്കുകയും എല്ലാവരും സഹകരിച്ചു പ്രവർത്തിക്കുകയുംവേണം.

16. സാമാന്യ വിദ്യാഭ്യാസമുള്ളവനായാലും ഡിഗ്രി എടുത്തവനായാലും ബിരുദാനന്തര ബിരുദം എടുത്തവനായാലും ഒരു പ്യൂണിൻെറ ജോലി കിട്ടിയാൽ മതി ആയാൾ അതിലൊതുങ്ങുന്നു. എനിക്ക് ക്ലർക്ക് ആകണമെന്നോ സുപ്രണ്ടാകണമെന്നോ ഓഫീസർ ആകണമെന്നോ മനസ്സിൽ ആശയുണ്ടാകുമെങ്കിലും ഉയരുവാൻ വേണ്ടി യാതൊരു ശ്രമവും സാധാരണയായി ചെയ്യാറില്ല. ആ സ്ഥിതി മാറ്റണം ഉന്നതമായ ലക്ഷ്യം മനസ്സിൽ വളർത്തിയെടുക്കണം.

17 പട്ടികജാതി – വർഗ്ഗ വിഭാഗങ്ങളിൽ ധാരാളം അളുകൾ കലാവാസന ഉള്ളതായികാണുന്നു. പാട്ടു പാടുവാൻ കഴിവുള്ളവർ ഒന്നു രണ്ടു പാട്ടുകൾ എങ്ങിനെയെങ്കിലും പഠിക്കുന്നു. എന്നാൽ ഇതു ശാസ്ത്രീയമായി പഠിക്കുവാനോ, ശ്രുതിലയതാളങ്ങളിൽ സമന്വയിപ്പിക്കുവാനോ മെനക്കെടാറില്ല. ക്രമേണ ആ കലാകാരൻ രംഗത്തുനിന്നും അപ്രത്യക്ഷനാകുന്നു. ഈ സ്ഥിതി മാറ്റി വാസനയുള്ള ശാഖകളിൽ കൂടുതൽ പ്രാവീണ്യം നേടുവാൻ ശ്രമിക്കണം.

18. പട്ടികജാതി – വർഗ്ഗ മറ്റു സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് മേശ, കസേര, ടേബിൾ ലാംബ്ബ് എന്നീ പഠനോപകരണങ്ങൾ സൗജന്യമായി നൽകണം.

19. പട്ടികജാതി – വർഗ്ഗ വിദ്യാർത്ഥികളിൽ ഹൈസ്ക്കൂൾ നിലവാരത്തിൽ 8,9,10, എന്നീ ക്ലാസുകളിൽ പഠിക്കുന്നവർക്ക് പ്രത്യേക ട്യൂഷൻ സൗകര്യം ഏർപ്പെടുത്തുക. കൂടാതെ ലോവർ പ്രൈമറി അപ്പർ പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി – വർഗ്ഗ വിദ്യാർത്ഥികളെ വളരെ ചെറുപ്പം മുതലെ മത്സരപരീക്ഷകളിൽ പങ്കെടുപ്പിക്കുന്നതിനും മറ്റുള്ളവരെ പോലെ പ്രാപ്തരാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തി സഹായിക്കുക. ഇതിനായി സ്ക്കൂളുകളിൽ 8.30 മുതൽ 9.30 വരെ ഒരു മണിക്കൂർ SC/ST വിദ്യാർത്ഥികൾക്കു ക്ലാസു നടത്തുക.

20. ഒരു കുടുംബത്തിൽ നിന്നു മാറിത്താമസിക്കേണ്ടിവരുന്ന മറ്റൊരു കുടുംബത്തിന് 10 സെൻറ് സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിന് വരുന്ന ചെലവിൻെറ 50% തുക പഞ്ചായത്തു നല്കുക.

21. പുകയില്ലാത്ത അടുപ്പുകൾ സൗജന്യമായി എല്ലാവർക്കും കൊടുക്കുക.

22. ചെറുതും വലുതുമായ കുടിൽ വ്യവസായങ്ങളും കരകൗശല പരിശീലന കേന്ദ്രങ്ങളും തുടങ്ങുകയും തൊഴിൽ പഠിപ്പിച്ചു പുനരധിവസിപ്പിക്കുകയും ചെയ്യുക.

23. പൊതുവെ ആരോഗ്യ പരിപാലന നിയമങ്ങൾ എന്ന് ഒന്നുണ്ടെന്നുപോലും അറിയാത്ത പട്ടികജാതി വർഗ്ഗക്കാർ ഇന്നും ഇല്ലാതില്ല. ഉള്ള സാഹചര്യങ്ങളിൽ കഴിയുന്നത്ര ആരോഗ്യ സംവിധാനങ്ങൾ ഓരോരുത്തരും കൈ കൊള്ളണം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. തിളിപ്പിച്ചാറ്റിയ വെള്ളം ഉപയോഗിക്കുകയും ഭക്ഷണം ഈച്ച കയറാതെയും പഴകാതെയുംഉപയോഗിക്കുവാൻ ശ്രമിക്കുക. ഇതിനായി ബോധവൽക്കരണം നടത്തുക.

24. പട്ടികജാതി – വർഗ്ഗകോളിനി നിർമ്മാണ പരിപാടി ഉപേക്ഷിക്കുക. സമൂഹത്തിൽ ഇവരെ ഇടകലർന്ന് ജീവിക്കാൻ അനുവദിക്കുന്നതാണ് ഉത്തമം. ഒരു മിങ്കിംഗ് സംസ്ക്കാരം ഇവരുടെ ജീവിതനിലവാരം ഉയർത്തും കോളനിവാസം ഒറ്റപ്പെട്ട സമൂഹമായി മാറും അതു ആശാവഹമല്ല.

25. പട്ടികജാതി – വർഗ്ഗ വിഭാഗത്തിൻെറതായി പ്രവർത്തിക്കുന്ന അംബേദ്കർ വായനശാലയ്ക്ക് ആവശ്യം വേണ്ടുന്ന ധനസഹായം, ഗ്രാൻറ് എന്നിവ ഗവൺമെൻറിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടി പഞ്ചായത്തു ചെയ്തുകൊടുക്കുക. വായന കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്തു നൽകുക.

## മത്സ്യബന്ധനവും മൃഗപരിപാലനവും

10 വാർഡുകൾ ഉൾപ്പെടുന്ന വയലാർ ഗ്രാമത്തിൻെറ വടക്കും, കിഴക്കും, ഭാഗികമായി തെക്കും പ്രദേശങ്ങളിലെ മിക്ക പട്ടികജാതി ക്കാരുടേയും, മറ്റു സമൂഹത്തിലെ 15-16 ശതമാനം ആളുകൾ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലുകൾ ചെയ്യുന്നുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട മൃഗപരിപാലനം, മത്സ്യബന്ധനം, കോഴിവളർത്തൽ എന്നീ ഘടകങ്ങളിലൂടെ ധാരാളം കുടുംബങ്ങൾ ജീവനമാർഗ്ഗം തേടുന്നവരുണ്ട്. 7593 വളർത്തുമൃഗങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉള്ളതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതുകൂടാതെ 275 വളർത്തു നായകളും ഇവിടെയുണ്ട്. പാലുല്പാദനം, മത്സ്യോല്പാദനം എന്നിവ ആവശ്യം നിറവേറ്റത്തക്ക രീതിയിൽ നമ്മുടെ പഞ്ചായത്തിലില്ല. പ്രതിശീർഷ വരുമാനം വർദ്ധിപ്പിക്കുന്നതിന് മൃഗപരിപാലനം, മത്സ്യബന്ധനമേഖല ഇവ പരിപോഷിപ്പിക്കേണ്ടതാണ്. ഈ വഴി ചിന്തിക്കുമ്പോൾ നമ്മുടെ നാടിന് ശോഭനമായ ഒരു ഭാവി ഉറപ്പായും പ്രതീക്ഷിക്കാം.

മൂന്നു വശവും കായലുകളാൽ ചുറ്റപ്പെട്ട ഈ പഞ്ചായത്തിൽ ഉൾനാടൻ ജല സംഭരണികളും ഉണ്ട്. ഇതിലെല്ലാം ധാരാളം മത്സ്യങ്ങൾ ഉണ്ടാവുകയും വളരുകയും ചെയ്യുന്നു. ഈ നാട്ടിലെ പ്രധാന മത്സ്യ ഇനങ്ങളായ വരാൽ, കരിമീൻ, കണമ്പ്, കൊഞ്ച്, ചെമ്മീൻ, കാരി, സിലോപ്പിയ, ഞണ്ട്, ചെമ്പല്ലി, പള്ളത്തി, പരൽ തുടങ്ങി പോഷകപ്രധാനമായ അനേകം മത്സ്യയിനങ്ങൾ ഇവിടെയുണ്ട്. താരതമ്യേന രോഗപ്രതിരോധ ശേഷിയുള്ളവയിൽ പലതിൻെറയും വംശം നാമാവശേഷമായി ക്കൊണ്ടിരിക്കുന്നു എന്നുള്ള ദുഖ സത്യം അവശേഷിക്കുന്നു. വംശനാശത്തെ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന മത്സ്യ ഇനങ്ങളെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.

ഉൾനാടൻ ജലാശയങ്ങൾ യഥാകാലം സംരക്ഷിച്ചും, തീരങ്ങൾ മണ്ണൊലിപ്പില്ലാതെ തടഞ്ഞും, ജലാശയമലിനീകരണം നിയന്ത്രിച്ചും, സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടും കൂടുതൽ മത്സ്യക്കുഞ്ഞുങ്ങളെ പ്രസ്തുത ജലാശയങ്ങളിൽ വളർത്തുകയും സമീകൃതാഹാരം ഇവക്കു നൽകിയും, മത്സ്യോത്പാദനം ഒരു പരിധി വരെ വർദ്ധിപ്പിക്കാവുന്നതാണ്.

മൃഗസംരക്ഷണമേഖലകളിൽ കുറച്ചുകൂടി ശാസ്ത്രീയമായ കാഴ്ചപ്പാട് നമുക്കുണ്ടാകേണ്ടതാണ്. നമ്മുടെ കാലാവസ്തക്കും പരിസ്ഥിതിക്കും അനുയോജ്യമായ ജനിസ്സുകളുടെ ആവിഷ്കരണം അത്യന്താപേക്ഷിതമാണെന്നതുപോലെതന്നെ, ശാസ്ത്രീയമായ പരിചരണവും അനിവാര്യമാണ്. വയലാർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഏകദേശം എല്ലാ വാർഡുകളിലും തരിശുഭൂമികളും, ചതുപ്പുനിലങ്ങളും ഉള്ളതുകൊണ്ട് മിക്കവാറും എല്ലാ കാലാവസ്ഥകളിലും പച്ചപ്പുല്ല് സുലഭമാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിനാവശ്യമുള്ള വൈക്കോൽ കുട്ടനാട്, വെച്ചൂർ എന്നീ സ്ഥലങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നവയാണ്. ശാസ്ത്രീയമായ തൊഴുത്തുകളുടെ അഭാവവും, പോഷകസമൃദ്ധമായ ആഹാരത്തിൻെറ കുറവും, പുതിയ ഇനം പശുക്കൾ കാലാവസ്ഥയോട് ഇണങ്ങിച്ചേരുവാനുള്ള കാലതാമസവും ഉത്പാദനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. രോഗനിവാരണത്തിനുള്ള നടപടികളും കൃത്യമായ പ്രതിരോധ ഔഷധങ്ങൾ നൽകായ്കയും, പരിചരണക്കുറവും, പ്രതിരോധ കുത്തിവയ്പുകൾ യഥാസമയം നടത്താതിരിക്കുകയും, മൃഗങ്ങളോടുള്ള ക്രൂരമായ പെരുമാററവും ഉത്പാദനത്തെ കാര്യമായി ബാധിക്കുന്നു.

ഈ മേഖലയിൽ ഊന്നൽ കൊടുത്ത് നടപ്പാക്കേണ്ട മറ്റൊരു പരിപാടിയാണ് കോഴി, താറാവ് വളർത്തൽ. വളരെയധികം സാധ്യതകളുള്ള ഈ കൃഷിയിൽ ഇന്ന് ആവശ്യത്തിന് കൃഷിക്കാരില്ല. കൂടുതൽ

ഇറച്ചിക്കോഴിവളർത്തൽ കേന്ദ്രങ്ങളും, മുട്ടയുടെ ആവശ്യത്തിനുള്ള കോഴിവളർത്തൽ കേന്ദ്രങ്ങളും, ഓരോ വാർഡിലും പ്രവർത്തനമാരംഭിക്കുകയും, ഇത് സഹകരണ അടിസ്ഥാനത്തിൽ വികസിപ്പിക്കേണ്ടതുമാണ്. വിപണനസൗകര്യത്തിന് ആവശ്യമായ സംവിധാനങ്ങൾ കണ്ടുപിടിക്കേണ്ടതുമാണ്.

ഇതോടൊപ്പം തന്നെ പന്നിവളർത്തൽ, മുയൽവളർത്തൽ, റാബിറ്റ് റെയറിംഗ് കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുകയും ചെയ്താൽ ഈ പഞ്ചായത്തിന് ആവശ്യമായ പോഷകപ്രധാനവും, സംശുദ്ധവുമായ മാംസം ഇവിടെത്തന്നെ ഉത്പാദിപ്പിക്കാവുന്നതുമാണ്. മത്സ്യബന്ധനമേഖല, മൃഗപരിപാലനം, മറ്റുമേഖലകൾ എന്നിവയെ സംബന്ധിച്ച പോരായ്മകളും പരിഹാരനിർദ്ദേശങ്ങളും സാമാന്യമായി താഴെ കൊടുക്കുന്നു.

## മത്സ്യബന്ധനമേഖല

**പ്രശ്നങ്ങൾ**

1. മത്സ്യവിഭാഗങ്ങളുടെ പരമ്പര നിലനിർത്തുന്നതിന് മത്സ്യത്തൊഴിലാളികൾ ശ്രദ്ധിക്കാറില്ല.
2. മത്സ്യം വളരുന്ന പ്രദേശങ്ങളിൽ ജലസേചനത്തിനും, ജലനിർഗ്ഗമനത്തിനും സാധ്യതകുറവ്.
3. മത്സ്യങ്ങൾക്ക് ശാസ്ത്രീയമായ ഭക്ഷണത്തിൻെറ കുറവ്.
4. ജലമലിനീകരണം.
5. ശുദ്ധജലതടാകത്തിലേക്ക് ഉപ്പുവെള്ളം കയറുക, മത്സ്യങ്ങളുടെ സ്വതന്ത്രമായ സഞ്ചാരത്തിൻെറ കുറവ്.
6. ശത്രുക്കളുടെ ആക്രമണം.
7. ഷോക്കുകൊടുത്തും, തോട്ടപൊട്ടിച്ചും. നഞ്ചുകലക്കിയും ഉള്ള മത്സ്യബന്ധനം.
8. കൊല്ലിവല, പൊടിവല, പറ്റ് കണ്ണിവല എന്നിവയുടെ അമിതമായ ഉപയോഗം.
9. മത്സ്യപ്രജനനകാലങ്ങളിലെ മത്സ്യബന്ധനം.
10. സ്റ്റോറേജ് സൗകര്യങ്ങളുടെ അഭാവം.
11. വർദ്ധിച്ച കയറ്റുമതി.
12. മത്സ്യരോഗങ്ങൾ.
13. കീടനാശിനികളുടെ അമിതമായ ഉപയോഗം.
14. പായലുകളുടേയും, കളകളുടേയും ദ്രുതഗതിയിലുള്ള വളർച്ച.
15. മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യത കുറവ്.
16. ശക്തിയായ നീരൊഴുക്ക്.

**പരിഹാരനിർദ്ദേശങ്ങൾ**

1. മത്സ്യപ്രജനനകാലത്ത് മത്സ്യബന്ധനം ഒഴിവാക്കുകയും, മറ്റവസരങ്ങളിൽ വലകളിൽ പെട്ടുപോകുന്ന മത്സ്യക്കുഞ്ഞുങ്ങളെ ജലാശയങ്ങളിൽ നിക്ഷേപിക്കുക.
2. മത്സ്യം വളരുന്ന തോടുകളിലേക്കും മറ്റും ഇടക്കിടെ ശുദ്ധജലം കയറ്റിവിടുകയും മലിനജലം പുറത്തേക്കു വിടുകയും ചെയ്യുക.
3. ധാരാളം മത്സ്യങ്ങൾ വളരുന്ന ജലതടാകങ്ങളിൽ മത്സ്യത്തിന് ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനു വേണ്ടി പിണ്ണാക്ക്, ചാണകം തുടങ്ങിയവ ഇട്ടുകൊടുക്കുക. വെന്ത കക്കാ, മുട്ടയുടെ മഞ്ഞ മുതലായവയും നല്കാവുന്നതാണ്.
4. കായലുകളിലേക്കും, തോടുകളിലേക്കും മറ്റും നീട്ടിവെച്ചിട്ടുള്ള കക്കൂസിന്റെ ഔട്ട്ലെറ്റുകൾ, ചകിരി വ്യവസായത്തിൽ നിന്നുണ്ടാകുന്ന ചകിരിച്ചോർ, മറ്റു വ്യവസായ സ്ഥാപനങ്ങൾ വഴി ഉണ്ടാകുന്ന ജലമലിനീകരണവസ്തുക്കൾ എന്നിവ കർക്കശമായി തടയുക.
5. മത്സ്യങ്ങൾക്ക് യഥേഷ്ടം വിഹരിക്കത്തക്ക രീതിയിൽ ജലാശയങ്ങൾ വിസ്തൃതിപ്പെടുത്തുകയോ, മത്സ്യങ്ങളുടെ എണ്ണം നിയന്ത്രിക്കുകയോ ചെയ്യുക.
6. മത്സ്യങ്ങളെ വളർത്തുന്ന ജലാശയത്തിനു മുകളിൽ വലകൾ ഇട്ടു സംരക്ഷിക്കുകയും, ആമ, കഴുന്ന, നീർക്കക്ക, ചേര തുടങ്ങിയ ജീവികളുടെ ഉപദ്രവം ഇല്ലാതാക്കുകയും വേണം.
7. തോട്ടപൊട്ടിച്ചും. നഞ്ചുകലക്കിയും, ഷോക്കു കൊടുത്തും മത്സ്യം പിടിക്കുന്നത് തടയുകയും, അങ്ങനെ ചെയ്യുന്നവർക്കെതിരെ നടപടികൾ കൈക്കൊള്ളുകയും ചെയ്യുക.
8. വളരെ ചെറിയ കണ്ണികളോടുകൂടിയ വല ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരുത്സാഹപ്പെടുത്തുക.
9. മത്സ്യം മുട്ടയിടുന്ന കാലയളവുകളിൽ പ്രത്യേകിച്ച് മേയ് പകുതിമുതൽ ജൂലൈ പകുതിവരെ മത്സ്യബന്ധനം നിരുത്സാഹപ്പെടുത്തുകയോ, ക്രമീകരിക്കുകയോ ചെയ്യുക.
10. പഞ്ചായത്തു തലത്തിൽ മത്സ്യം സൂക്ഷിക്കുന്നതിനും സംസ്കരിച്ച് വിപണനം നടത്തുന്നതിനുമുള്ള ഒരു സഹകരണ സ്ഥാപനം തുടങ്ങുക.
11. മത്സ്യരോഗത്തിന് യഥാസമയം പ്രതിവിധി കണ്ടെത്തുക.
12. വയലുകളിലും മറ്റും രാസ, കീടനാശിനികളുടെ ഉപയോഗവും ക്രമീകരിക്കുക.
13. ജലാശയങ്ങളിൽ അടിഞ്ഞുകൂടുന്ന പായലും, കളകളും ഉടനുടൻ പൊതുജനസഹകരണത്തോടെ നീക്കം ചെയ്യുക.
14. എല്ലാ ഇനങ്ങളിലും പെട്ട മത്സ്യക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് ജലാശയങ്ങളിൽ നിക്ഷേപിക്കുകയും, ആവശ്യമുള്ള വ്യക്തികൾക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്യുകയും വേണം.
15. ശക്തിയായ നീരൊഴുക്ക് ഉണ്ടാകുന്ന സ്ഥലങ്ങളിൽ ശക്തികുറക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
16. കറുത്ത കക്കാ സംഭരണവും, പ്രക്രിയയും കുറ്റമറ്റതാക്കുകയും കക്കാ അധിഷ്ഠിതമായ വ്യവസായം ആരംഭിക്കുകയും ചെയ്യുക.
17. മുങ്ങിത്തപ്പുന്നവർക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുക. പ്രീമിയത്തിന്റെ 50 ശതമാനം പഞ്ചായത്ത് വഹിക്കുക.
18. കൊല്ലി ഉപയോഗിച്ചുള്ള കക്കാവാരൽ നിരോധിക്കുകയും അത് അനുസരിക്കാത്തവർക്കെതിരെ നിയമ നടപടികൾ എടുക്കുകയും വേണം.

# മൃഗസംരക്ഷണം

## പ്രശ്നങ്ങൾ

1. ശാസ്ത്രീയമായ കന്നുകാലി സംരക്ഷണത്തിലുള്ള അറിവില്ലായ്മ.
2. ഭൂപ്രകൃതിക്കും, കാലാവസ്ഥക്കും അനുസൃതമായ ജനുസുകളുടെ ലഭ്യതകുറവ്.
3. പരിചരണത്തിലുള്ള പോരായ്മ.
4. സമീകൃതാഹാരത്തിൻെറ കുറവ്.
5. ചികിത്സാ സംവിധാനങ്ങളുടെ അപര്യാപ്തത.
6. മൃഗാശുപത്രികളുമായുള്ള അകലം.
7. ശാസ്ത്രീയ സംവിധാനങ്ങളുള്ള തൊഴുത്തിൻെറ അഭാവം.
8. മുടക്കുമുതലുമായി താരതമ്യപ്പെടുത്തുമ്പോൾ പാലിന് ലഭിക്കുന്ന കുറഞ്ഞ വില.
9. ഉരുവിൻെറ വർദ്ധിച്ച വില.
10. പോഷക പ്രധാനമായ പുല്ലിനങ്ങളുടെ ലഭ്യത കുറവ്.
11. കന്നുകാലിത്തീറ്റയുടെ വർദ്ധിച്ചവില.
12. കന്നുകാലിത്തീററയിലെ മായം ചേർക്കൽ.
13. കറവക്കും, ഉപോൽപന്നങ്ങളും മറ്റും നിർമ്മിക്കാനുള്ള ഉപകരണങ്ങളുടെ കുറവ്.
14. പാലുല്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തന ശേഷിക്കുറവ്.
15. പാലുത്പ്പന്ന യൂണിറ്റുകളുടെ അഭാവം.
16. ഇൻഷ്വറൻസ് സേവനം ഉപയോഗപ്പെടുത്തായ്ക.
17. മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കുള്ള അംഗീകാരക്കുറവ്.
19. മരുന്നുകളുടെ വിലവർദ്ധനവ്.

## പരിഹാരനിർദ്ദേശങ്ങൾ

1. പശുവളർത്തുന്ന കർഷകർക്ക് മൃഗപരിപാലനത്തിൽ അവബോധം വളർത്തുക. ഇതിനുള്ള ക്യാമ്പുകൾ സംഘടിപ്പുക്കുക. ഇതിലേക്കായി കാൽ ലക്ഷം രൂപാ വകയിരുത്തുക.
2. പണ്ട് ഇവിടെ പ്രചാരത്തിലിരുന്ന വെച്ചൂർ പശു പോലുള്ള ഇനങ്ങളെ പ്രചരിപ്പിക്കണം.
3. സമയബന്ധിതമായി തീറ്റകൊടുക്കുക, പശുവിനെ കറക്കുക, കുളിപ്പിക്കുക, തൊഴുത്തു വൃത്തിയാക്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾ കൃത്യമായി കൃഷിക്കാർ ചെയ്യേണ്ടതാണ്.
4. പശുക്കൾക്ക് തീറ്റകൊടുക്കുമ്പോൾ പുല്ല്, വൈക്കോൽ, പിണ്ണാക്ക്, മിനറൽ മിക്സ്ചർ തുടങ്ങിയ ഘടകങ്ങൾ ശരീരത്തിൻെറ തൂക്കത്തിന് അനുസൃതമായി നല്കുവാനുള്ള ശ്രദ്ധ ചെലുത്തണം. അതുപോലെ തന്നെ ഗർഭ കാലങ്ങളിലും, പാൽ കറന്നു കൊണ്ടിരിക്കുന്ന കാലങ്ങളിലും പശുവിന് കൂടുതൽ ആഹാരം നൽകേണ്ടതാണ്.

5. കന്നുകാലികൾക്കും മറ്റും ഉണ്ടാകുന്ന രോഗങ്ങൾക്ക് യഥാസമയം ചികിത്സ കിട്ടുവാനുള്ള അപര്യാപ്തത നീക്കം ചെയ്യുകയും, പരമാവധി ഒരു കിലോമീറ്ററിനുള്ളിൽ മൃഗചികിത്സാ ഡിസ്പൻസറികൾ സ്ഥാപിക്കുക.

6. നമ്മുടെ നാട്ടിലെ കന്നുകാലികൃഷിക്കാർ തൊഴുത്തു നിർമ്മിക്കുമ്പോൾ ശാസ്ത്രീയ സംവിധാനങ്ങളോടുകൂടി നിർമ്മിക്കാറില്ല.

7. തൊഴുത്തിനു പുൽതൊട്ടി, പശുവിന് നിൽക്കുവാനുള്ള സ്ഥലം, ചാണകവും മൂത്രവും നിക്ഷേപിക്കുവാനുള്ള കുഴി എന്നിവ ഉണ്ടായിരിക്കുകയും, മുന്നിൽ നിന്ന് പുറകോട്ട് അല്പം ചരിവോടുകൂടി നില്കുവാനുള്ള സ്ഥലവുമാണ് ഉണ്ടാകേണ്ടത്. മാതൃകാ തൊഴുത്തിന് സമ്മാനം നൽകേണ്ടതാണ്.

8. നമ്മുടെ കന്നുകാലികൃഷിക്കാരിൽ 80 ശതമാനം വരുന്ന ആളുകൾ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരാണ്. മാർക്കറ്റിൽ ഇന്ന് കുതിച്ചുയരുന്ന പശുവിൻെറ വില ഈ വിഭാഗം പശുകർഷകർക്ക് താങ്ങാനാകുന്നില്ല. അതുകൊണ്ട് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വർദ്ധിപ്പിച്ച രീതിയിലുള്ള ധനസഹായം നൽകുകയും സബ്സിഡി തോത് വർദ്ധിപ്പിക്കുകയും വേണം.

9. നമ്മുടെ നാട്ടിൽ ചെല്ലി, കറുക, കൊഴുപ്പ, ബ്രഹ്മി, ചൊവ്വേലി, കടകൽ എന്നിവയാണ് പശുവിന് പച്ചപ്പുല്ലായി കൊടുക്കുന്നത്. കൂടുതൽ പോഷക ഗുണമുള്ള ഗിനി, നേപ്പിയർ, കാംഗോ സിഗ്നൽ, സ്റ്റൈലോസാഞ്ചസ് എന്നീ തരം പുല്ലു വർഗ്ഗങ്ങൾ ധാരാളമായി കൃഷി ചെയ്തു പശുവിന് കൊടുക്കണം. പുല്ലു വളർത്തുന്ന കൃഷിക്കാർക്ക് പ്രോത്സാഹന സമ്മാനം കൊടുക്കേണ്ടതാണ്.

10. പച്ചപ്പുല്ലുകൾക്കും, വ്യവസായിക ഉൽപന്നങ്ങളായ കാലിത്തീറ്റകൾക്കുള്ള വർദ്ധിച്ച വില ക്രമീകരിക്കുന്നതിന് വേണ്ടി കൃത്രിമ കാലിത്തീറ്റകൾക്കു കൂടിയ സബ്സിഡി അനുവദിക്കുകയും, പച്ചപ്പുല്ലുകൾ ധാരാളമായി കിട്ടുന്ന സമയത്ത് ശാസ്ത്രീയമായി ഉണക്കിയെടുക്കുന്ന പ്രക്രിയ മുതലായവ നടപ്പിലാക്കുകയും വേണം.

11. സാധാരണയായി കടകളിൽ നിന്ന് വാങ്ങുന്ന പിണ്ണാക്കുകളിൽ പലതരം കൃത്രിമങ്ങൾ കാണുന്നു. റബ്ബർ കുരു മുതലായവ ചേർത്ത പിണ്ണാക്കുകളാണ് പലപ്പോഴും മാർക്കറ്റിൽ നിന്നും ലഭിക്കുന്നത്. ഇത്തരം മായം ചേർക്കലുകൾ കർശനമായും നിരോധിക്കേണ്ടതാണ്.

12. വർദ്ധിച്ചുവരുന്ന കന്നുകാലികളുടേയും, പാലുല്പാദനത്തിൻെറയും സാഹചര്യങ്ങളിൽ പശുവിനെ കറക്കുവാനുള്ള ആധുനിക ഉപകരണങ്ങളുടേയും, പാൽ ശാസ്ത്രീയമായി സൂക്ഷിക്കുകയും, പാലുത്പ്പന്നങ്ങൾ നിർമ്മിക്കുവാനും, പാലിൻെറ ഉപോൽപന്നങ്ങൾ നിർമ്മിക്കുവാനും, പാത്രങ്ങളും ഉപകരണങ്ങളും യന്ത്രസാമഗ്രികളും സൗജന്യനിരക്കിൽ വിതരണം ചെയ്യുവാനുള്ള നടപടികളുണ്ടാവണം.

13. ഈ പഞ്ചായത്തിൽ മിൽമയുമായി സംയോജിപ്പിച്ച 4 പാലുൽപാദക സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും ഗവൺമെൻറിൽ നിന്നും കിട്ടുന്ന ആനുകൂല്യങ്ങൾ യഥാസമയം ഗുണഭോക്താവിനെ അറിയിക്കുന്നതിനോ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനോ, നവീന സംവിധാനങ്ങൾ പ്രചരിപ്പിക്കുന്നതിനോ ഇവക്ക് കഴിയുന്നില്ല. മുഴുവൻ പാലുൽപാദകരേയും ഈ സൊസൈറ്റികൾ ഉൾക്കൊണ്ടിട്ടുമില്ല. അംഗത്വം നൽകുന്നതിൽ സഹകരണ സ്ഥാപനങ്ങൾ കാണിക്കുന്ന വിവേചനം ഏതു തരത്തിലുള്ളതായാലും അവസാനിപ്പിക്കണം.

14. വയലാർ പഞ്ചായത്ത് 6, 7 വാർഡുകളും, പാർശ്വപ്രദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് മിൽമയുമായി സംയോജിപ്പിച്ച് ഒരു ക്ഷീരോൽപാദക സംഘം പ്രവർത്തനം തുടങ്ങണം.

15. പാലളക്കുന്ന ഗുണഭോക്താക്കളിൽ ആവശ്യമുള്ളവർക്ക് പാൽവില 7 ദിവസത്തിനുള്ളിൽ നിർബന്ധമായും കൊടുക്കുവാനുള്ള ഒരു സംവിധാനം പാൽ സഹകരണ സംഘവും മിൽമയും ഉണ്ടാക്കണം. പാൽ വില വർദ്ധിപ്പിക്കണം.

16. പാലിൽ നിന്ന് മിൽക്ക്പേട, ചോക്ക്ലേറ്റ്, റോസ്മിൽക്ക്, ക്രീം തുടങ്ങിയവയും, പാൽ ഉപയോഗിച്ചുകൊണ്ടുള്ള സൗന്ദര്യവർദ്ധക ഉൽപന്നങ്ങൾ ഉണ്ടാക്കുവാനുള്ള യൂണിറ്റുകൾ സൊസൈറ്റി അടിസ്ഥാനത്തിൽ ആരംഭിക്കുക. ഇതിന് രൂപാ വകയിരുത്തുക.

17. നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതി പഞ്ചായത്തിലുള്ള കോഴി, താറാവ് എന്നിവക്കും ഏർപ്പെടുത്തുക.

18. മാംസ്യാഹാരത്തിനു വേണ്ടി പശുക്കളേയും മറ്റും നിർദ്ദാക്ഷിണ്യം അറുക്കുന്ന പ്രവണത നിർത്തലാക്കുക.

19. മൃഗങ്ങളോടുള്ള ക്രൂരത അവസാനിപ്പിക്കുക.

20. വാർഡിലെ ഓരോ നല്ല പാലുത്പാദകനും, ആട് കൃഷിക്കാരനും, കോളി കൃഷിക്കാരനും ഓരോവർഷവും അവാർഡുകളും, സമ്മാനങ്ങളും നൽകുക. ഇതിനായി 2 ലക്ഷം രൂപ വകയിരുത്തുക.

21. പുറത്തുനിന്നും മരുന്നുകൾ വാങ്ങുമ്പോൾ കൊടുക്കേണ്ടിവരുന്ന വില സാധാരണക്കാരന് താങ്ങാവുന്നതല്ല. അതുകൊണ്ട് മൃഗാശുപത്രികളിൽ ആവശ്യത്തിനുള്ള മരുന്നുകൾ സ്റ്റോക്ക് ചെയ്യേണ്ടതാണ്. അതിന് അൻപത് ലക്ഷം രൂപാ വകയിരുത്തുക.

## ആടുവളർത്തലും – കോഴിവളർത്തലും

**പ്രശ്നങ്ങൾ**

1. ഉൽപാദനശേഷികുറഞ്ഞ നാടൻ ഇനങ്ങളല്ലാതെ അത്യുത്പാദന ശേഷിയുള്ള സങ്കരയിനം ആടുകളുടെ ലഭ്യതകുറവ്.
2. ആടുകളിൽ കൃത്രിമ ബീജസങ്കലനത്തിൻെറ അപര്യാപ്തത.
3. പെട്ടെന്നു രോഗം ബാധിക്കുന്ന ആടുകളുടെ പ്രത്യേകത.
4. ചതുപ്പും, ഈർപ്പവും കലർന്ന ഭൂപ്രകൃതി.
5. ആടിനുള്ള തീറ്റയുടെ കുറവ്.
6. പാലിനുള്ള മാർക്കറ്റ് കുറവ്.
7. തുകൽ ഉപയോഗിച്ചുള്ള വ്യവസായ സംരംഭങ്ങൾ ഇല്ലായ്ക.
8. കോഴിവളർത്തലിനെ സംബന്ധിച്ചിടത്തോളം കുറഞ്ഞ കൈവശഭൂമി.
9. അത്യുത്പാദന ശേഷിയുള്ള കോഴിക്കുഞ്ഞിൻെറ ലഭ്യത കുറവ്.
10. ദ്രുതഗതിയിൽ സാംക്രമിക രോഗങ്ങൾ പിടിക്കുന്നു.
11. മുട്ടയുടെ ഉപഭോഗം കുറവ്.
12. വിപണനസൗകര്യക്കുറവ്.
13. ചെറിയ ചെറിയ യൂണിറ്റുകളായുള്ള കോഴിവളർത്തൽ.
14. അശാസ്ത്രിയമായ തീറ്റക്രമം.

## പരിഹാരമാർഗ്ഗങ്ങൾ

1. നമ്മുടെ നാട്ടിൻ ഉൽപാദനശേഷികുറഞ്ഞ പരമ്പരാഗത വർഗ്ഗത്തിൽപെട്ട ആടുകളാണ് ഇപ്പോഴുള്ളത്. മലബാറി, ജാനാവരി മുതലായ ആട്ടിൻ കുട്ടികളേയും വിത്തു മുട്ടൻമാരേയും ലഭ്യമാക്കുക.
2. ആടുകൾക്ക് ഹൈബ്രിഡേസേഷൻ ഉതകത്തക്കവിധം കൃത്രിമ ബീജസങ്കലനകേന്ദ്രങ്ങൾ വികസിപ്പിക്കുക.
3. ആടുകളെ സംബന്ധിച്ചിടത്തോളം അതിന് പ്രതികൂലസാഹചര്യങ്ങളെ അതിജീവിപ്പിക്കുവാനുള്ള കരുത്ത് വളരെ കറവ് ആകയാൽ രോഗമുണ്ടാകുന്ന സാഹചര്യങ്ങളിൽ നിന്ന് ആടുകളെ ഒഴിവാക്കേണ്ടതാണ്. താരതമ്യേന ഈർപ്പരഹിതമായ അന്തരീക്ഷത്തിൽ തണുപ്പേൽക്കാതെ ആടുകളെ പാർപ്പിക്കേണ്ടതും, ആട്ടിൻകൂടുകൾ സിമൻറു ചെയ്തോ, പലകനിരത്തിയോ ഉള്ള സംവിധാനങ്ങൾ ചെയ്യേണ്ടതുമാണ്. അതുപോലെതന്നെ ചീഞ്ഞഴുകിയതും, മൃദുത്വമേറിയതും വളരെ തണുത്തതുമായ ആഹാര സാധനങ്ങൾ കൊടുക്കാതിരിക്കുകയും വേണം.
4. ആടുകൾ തിന്നുന്ന പച്ചിലകൾ -തൂപ്പ്, പ്ലാവില, ഒതളത്തിൻെറ ഇല, പൂവരശിൻെറ ഇല കിട്ടുവാൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് സാധാരണയായി പുല്ലുകളും മറ്റും ആടുകൾക്കുകൊടുക്കുന്നു. ഇത് ആടുകൾക്ക് പത്യാഹാരമല്ല. അതിനാൽ തിന്നാതിരിക്കുകയോ, തിന്നാൽ അസുഖം ബാധിക്കുകയോ ചെയ്യുന്നു. ആയതിനാൽ ആടിനെ വളർത്താൻ തുടങ്ങുന്നതിന് മുൻപായി വേലിപ്പത്തലായിട്ടെങ്കിലും ഒതളം മുതലായ പച്ചിലകൾ വെച്ചു പിടിപ്പിക്കേണ്ടതാണ്.
5. നമ്മുടെ നാട്ടിലെ ആളുകൾ ആട്ടിൻപാൽ വളരെക്കുറച്ച് മാത്രമേ ഉപയോഗിക്കാറുള്ളു. എന്നാൽ ആയുർവ്വേദ വിധി അനുസരിച്ച് വളരെയധികം ഔഷധഗുണമുള്ളതാണ്. ആട്ടിൻപാൽ. അതിനാൽ ആട്ടിൻപാലിൻെറ ഉപഭോഗം വർദ്ധിപ്പിക്കേണ്ടതാണ്.
6. തുകൽ സംഭരിക്കുന്നതിനും, കേടുകൂടാതെ സൂക്ഷിച്ച് ക്രയവിക്രയം നടത്തുന്നതിനുമുള്ള സംവിധാനങ്ങൾ ജില്ലാ പഞ്ചായത്തുതലത്തിലെങ്കിലും ഉണ്ടാകേണ്ടതാണ്.
7. വയലാർ പഞ്ചായത്തിലുള്ള ബഹുഭൂരിപക്ഷം വീട്ടുകാരും പത്തുസെൻറോ അതിൽതാഴെയോ ഭൂമികൈവശമുള്ളവരാണ്. അതുകൊണ്ടു തന്നെ, വിജയകരമായി നടപ്പാക്കാവുന്ന ഒരു കോഴിവളർത്തൽ യൂണിറ്റിന് സാധ്യതകുറവുണ്ട്. ഇങ്ങനെയുള്ളിടത്ത് നൂറോ, ഇരുന്നൂറോ കോഴികൾ ഉൾക്കൊള്ളുന്ന ഡീപ്‌ലിറ്റർ മാതൃകയിലുള്ള കോഴിവളർത്തൽ സങ്കേതങ്ങൾ ആരംഭിക്കാവുന്നതാണ്.
8. കോഴിവളർത്തൽ തുടങ്ങുവാനുദ്ദേശിക്കുന്നയരാളിന് കോഴിക്കുഞ്ഞിനെ ലഭിക്കുകയെന്നുള്ളത് ഇന്ന് ബുദ്ധിമുട്ടാണ്. ലഭ്യത കുറവും, ഉയർന്ന വിലയും, സാധാരണക്കാരന് ഈ പരിപാടിയോട് വിയോജിപ്പുണ്ടാക്കുന്നു.
9. കോഴിവളർത്തൽ യൂണിറ്റിൽ കഴിയുന്നതും ഒരാൾ മാത്രം പ്രവേശിക്കുകയും പുറത്തുനിന്നുള്ള ഇടപെടലുകൾ പരമാവധി ഇല്ലാതാക്കുകയും പരിചരണത്തിനു നിൽക്കുന്നയാൾ ശുചിയായി നിലകൊള്ളുകയും, പൂപ്പൽ പിടിച്ചതും പഴകിയതുമായ ഉച്ഛിഷ്ട വസ്തുക്കൾ കോഴിക്ക് കൊടുക്കാതെയും, കൃത്യമായ വാക്സിനേഷൻ നടത്തി കോഴികളുടെ രോഗാതുരതയെ ഒരുപരിധിവരെ നിയന്ത്രിക്കാവുന്നതാണ്.

10. നമ്മുടെ നാട്ടിൽ ആളോഹരി മുട്ട ഉപഭോഗം നാലിലൊന്നിനു താഴെയാണ്.ഒരാൾ ഒരു ദിവസം ഒരു മുട്ടയെങ്കിലും എന്ന നിരക്കിൽ മുട്ടയുടെ ഉപഭോഗം വർദ്ധിപ്പിക്കേണ്ടതാണ്. സബ്സിഡിനിരക്കിൽ കോഴിതീറ്റ ലഭ്യമാക്കണം.

11. മുട്ട ഉൽപാദനത്തിനും, വിപണനത്തിനുമായി മുട്ട ഉൽപാദക സഹകരണ സംഘങ്ങൾ ഉണ്ടാക്കുക.

12. ഒന്നോ, രണ്ടോ, നാലോ, അഞ്ചോ കോഴികളെ വളർത്തുന്നതിനുപകരം 25 കോഴികളെയെങ്കിലും വളർത്താവുന്ന വിധം കൂടുകളിലാക്കി വീട്ടുമുറ്റത്തുതന്നെ കോഴിവളർത്തൽ ആരംഭിക്കുക.

13. കിട്ടുമ്പോഴൊക്കെ തീറ്റകൊടുക്കുന്ന സമ്പ്രദായം അവസാനിപ്പിക്കുകയും, സമയനിഷ്ഠയോടുകൂടി തീറ്റയും ശുദ്ധജലവും കൂട്ടിൽ എത്തിച്ചുകൊടുക്കുകയും ചെയ്യുക. കോഴിക്കാഷ്ഠം ദിവസത്തിലൊരു പ്രാവശ്യമെങ്കിലും കൂട്ടിൽ നിന്നും നീക്കം ചെയ്യുക.

# സഹകരണ മേഖല

ബ്രിട്ടീഷ് കാരനായ ഡോ: റോബർട്ട് ഓവനാണ് സഹകരണ പ്രസ്ഥാനത്തിന്റെ പിതാവ്. 1895 ൽ 63 രാഷ്ട്രങ്ങളിൽ നിന്നായി നൂറു പ്രതിനിധികൾ ലണ്ടനിൽ സമ്മേളിച്ച് ചർച്ചചെയ്തു രൂപം നൽകിയ സാർവ്വദേശീയ സംഘടനയാണ് ഇൻറർനാഷ്ണൽ കോ-ഓപ്പറേറ്റീവ് അലയൻസ് (I.C.A.) ഇൻഡ്യയിൽ നിന്നും ഈ സമ്മേളനത്തിൽ പ്രതിനിധികൾ പങ്കെടുത്തിരുന്നു. 1904 ൽ ആണ് ഇൻഡ്യയിൽ സർക്കാർ മുൻകൈ എടുത്ത് സഹകരണപ്രസ്ഥാനത്തിന് രൂപം കൊടുത്തുതുടങ്ങിയത്. 1913 ൽ കൊച്ചിയിലും 1914 ൽ തിരുവതാംകൂറിലും സഹകരണ നിയമങ്ങൾ പാസ്സാക്കിയിരുന്നു. താമസംവിനാ അഞ്ചുവർഷങ്ങൾക്ക് ശേഷം നമ്മുടെ നാട്ടിൻപുറങ്ങളിലും സഹകരണ സംഘങ്ങൾ പ്രവർത്തനങ്ങളാരംഭിച്ചു.

ശ്രീനാരായണ ധർമ്മ പരിപാലനയോഗം, നായർ സർവ്വീസ് സൊസൈറ്റി തുടങ്ങിയ സാമൂഹിക നവോത്ഥാന പ്രസ്ഥാനങ്ങളുടെ ചൂടും വെളിച്ചവും സ്വാംശീകരിച്ച് നമ്മുടെ പഞ്ചായത്തിലും സഹകരണപ്രസ്ഥാനങ്ങൾ ആവിർഭവിച്ചു. ഈ കാലഘട്ടത്തിൽ നിലനിന്ന സാമൂഹ്യ-സാമ്പത്തികാസമത്വങ്ങളും എണ്ണമറ്റ ദുരിതങ്ങളും കഷ്ടപ്പാടുകളും കണ്ട് ആയതിന് ഒരുപരിധിവരെയെങ്കിലും പരിഹാരം കാണുന്നതിനുവേണ്ടി ഒരുപറ്റം പുരോഗമനവാദികളായ ബുദ്ധിജീവികൾ സംഘടിപ്പിച്ചതാണ് സഹകരണപ്രസ്ഥാനം. 1950 കളുടെ മദ്ധ്യത്തോടുകൂടി നമ്മുടെ നാട്ടിൻപുറങ്ങളിലും സഹകരണപ്രസ്ഥാനം സാർവ്വത്രികമായി വളർച്ച പ്രാപിച്ചു. ഇന്ന് സഹകരണ മേഖല ജനജീവിത്തിന്റെ എല്ലാ തുറകളിലും കടന്നുചെന്നു ജനങ്ങൾക്ക് ആശയും ആവേശവുമായി മാറിക്കഴിഞ്ഞിക്കുകയാണ്.

നമ്മുടെ പഞ്ചായത്തിൽ എഴുപത്തിയഞ്ച് വർഷങ്ങൾക്കുമുമ്പ് നായർ പരസ്പര സഹായസഹകരണ സംഘം എന്ന പേരിൽ, 233-ാം നമ്പർ സംഘം പ്രവർത്തനമാരംഭിച്ചു. അന്നത്തെ സംഘാംഗങ്ങളിൽ ജീവിച്ചിരിക്കുന്ന വല്യപ്പാട്ടിൽ ശിവരാമപ്പണിക്കർ സാർ, പൂപ്പാത്ത് കുഞ്ഞൻ മേനോൻ എന്നിവരാണ്. ഈ സംഘം നായർ സമുദായത്തിന്റെ പുരോഗതി ലക്ഷ്യം വച്ചാണ് ആദ്യകാലങ്ങളിൽ പ്രവർത്തിച്ചിരുന്നത്. ഇതിന് സമാന്തരമായി മറ്റൊരു പരസ്പര സഹായസഹകരണ സംഘം കളത്തിവെളിക്ഷേത്രത്തിന് സമീപം പ്രവർത്തിച്ചിരുന്നു. (പലക സംഘം) ഈഴവരാദി പിന്നോക്ക വിഭാഗങ്ങൾ ഇതിൽ അംഗങ്ങളായിരുന്നു. പിൽക്കാലത്ത് ഈ രണ്ട് സംഘങ്ങളും സംയോജിച്ചുണ്ടായതാണ് ഇന്നു പ്രവർത്തിച്ചുവരുന്ന S.C.B.A. 305 ഉഴുവ. ഇതുപോലെതന്നെ പ്രവർത്തിച്ചു വന്നിട്ടുള്ള സംഘങ്ങളാണ് വയലാർ കിഴക്ക് സർവ്വീസ് സഹകരണ സംഘം നമ്പർ 1328, SCB 1428, SCB 2093,- SCB 895 എന്നിവ.

നമ്മുടെ പഞ്ചായത്തിൽ അഞ്ചു ക്രെഡിറ്റ് സംഘങ്ങളും, രണ്ട് പ്രമുഖ കയർ വ്യവസായസഹകരണ സംഘങ്ങളും, ഏഴു വനിതാവ്യവസായ സഹകരണ സംഘങ്ങളും അഞ്ച് കയർ വ്യവസായസഹകരണ സംഘങ്ങളും മൂന്നു ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങളും പ്രവർത്തിച്ചുവരുന്നു. മാത്രമല്ല. പഞ്ചായത്ത് തലത്തിൽ പ്രവർത്തിച്ചുവരുന്ന ഒരു പട്ടികജാതിസഹകരണസംഘവും ഉണ്ട്. ഇവയിൽ ഒട്ടാകെ 11,875 അംഗങ്ങൾ നിലവിലുണ്ട്.

ഇവ കൂടാതെ സ്കൂൾ തലത്തിൽ രണ്ട് സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്.

## സംഘങ്ങളുടെ ഇന്നത്തെ സ്ഥിതി

ക്രെഡിറ്റ് സഹകരണസംഘങ്ങളിൽ SCS1328 ഒഴിച്ച് മറ്റു സംഘങ്ങൾ സാമാന്യം തൃപ്തികരമായി പ്രവർത്തിച്ചുവരുന്നു. കയർ വ്യവസായമേഖലയിൽ നമ്മുടെ പഞ്ചായത്തിൽ രണ്ടു സ്ഥാപനങ്ങളും മാതൃകാപരമായി

പ്രവർത്തിക്കുന്നു. വനിതാ വ്യവസായ സഹകരണസംഘങ്ങളിൽ കളവംകോടം കൈത്തറിയൂണിറ്റും ഉഴുവ ഖാദിയൂണിറ്റും ഒഴികെ മറ്റുള്ളവ പ്രവർത്തനക്ഷമമല്ല. കയർ സഹകരണസംഘങ്ങളിൽ ഒന്നൊഴികെ മറ്റുള്ളവ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലെ ഏക പട്ടികജാതി സർവ്വീസ് സഹകരണസംഘം നല്ല നിലയിൽ പ്രവർത്തിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീരസഹകരണസംഘങ്ങൾ സാമാന്യം തൃപ്തികരമായിതന്നെ പ്രവർത്തിക്കുന്നു. സ്കൂൾ തലത്തിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾ മാതൃകാപരമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്നു. 4,5,6,7 വാർഡുകൾ കേന്ദ്രീകരിച്ചു മിൽമായുടെ കീഴിൽ ഒരു ക്ഷീരോൽപ്പാദക സഹകരണസംഘം രൂപികരിക്കേണ്ടത് അത്യാവശ്യമാണ്.

# സഹകരണസംഘങ്ങളിലൂടെ

## 1. ഉഴുവ സർവ്വീസ് സഹകരണസംഘം A 305

6-12-1972 ൽ രജിസ്റ്റർ ചെയ്തു 1-1-1973 ൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ നിലവിൽ 5500 അംഗങ്ങൾ ഉണ്ട്. ഇന്ന് ചേർത്തല താലൂക്കിൽ ഏറ്റവും കൂടുതൽ SB അക്കൗണ്ടുകളുള്ള ബാങ്കായി വളർന്നു കഴിഞ്ഞിരിക്കുന്നു. ബാങ്കിൻെറ പരിധിയിൽ വരുന്ന മൊത്തം ജനസംഖ്യയുടെ 25% മാത്രമേ ഇപ്പോഴും സഹകരണസംഘവുമായി ബന്ധപ്പെടുന്നുള്ളൂ. അംഗങ്ങളുടെ വായ്പ ആവശ്യം പരിമിതമായ തോതിലെങ്കിലും പരിഹരിക്കുവാൻ കഴിയുന്നുണ്ട്.

കാർഷീക-വ്യാവസായിക വായ്പകൾ അംഗങ്ങളുടെ ജീവിത നിലവാരത്തെ ഗണ്യമായി ഉയർത്തുവാൻ സഹായിച്ചിട്ടുണ്ട്. ശ്രീ. ശിവൻകുട്ടി സെക്രട്ടറിയും, കെ. ആർ. രാജേന്ദ്രപ്രസാദ് പ്രസിഡൻറുമാണിപ്പോൾ.

## 2. S.C.B. 895 കളവംകോടം

1924 ൽ സ്ഥാപിച്ച ഈ സഹകരണ സംഘത്തിൽ ഇന്ന് 3900 അംഗങ്ങൾ ഉണ്ട്. 1986 വരെ ലാഭകരമായി പ്രവർത്തനം നടത്തിയിരുന്നു. ഈ സംഘത്തിൻെറ കീഴിൽ റേഷൻകട, കൺസ്യൂമർ സ്റ്റോർ, ലൈബ്രറിയും അംഗങ്ങൾക്ക് വളരെ ഗുണകരമായി പ്രവർത്തിക്കുന്നു. തുടർന്നുള്ള വർഷങ്ങൾ നഷ്ടത്തിൻെറ ചിത്രങ്ങളാണ് കാഴ്ചവച്ചത്. റേഷൻകടയും, കൺസ്യൂമർ സ്റ്റോറും ലൈബ്രറിയും ഇന്ന് പ്രവർത്തനരഹിതമാണ്.

| | |
|---|---|
| വായ്പ | 37 ലക്ഷം |
| കാർഷീകം | 12 " |
| കാർഷീകേതര വായ്പ | 25 " |
| നിക്ഷേപം | 38 " |

ഒരേക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന സ്വന്തം കെട്ടിടത്തിൽ ബാങ്ക് പ്രവർത്തിക്കുന്നു.

95-96 ൽ 12 ലക്ഷം കാർഷീക വായ്പ കൊടുത്ത സ്ഥാനത്ത് 96-97 ൽ വായ്പ ആവശ്യക്കാർ ഇല്ലാത്തതിനാൽ തുക ലാപ്സാകുകയാണ് ചെയ്തത്.

കൃഷിഭവൻ വഴി കേരകർഷകർക്ക് രാസവളം സബ്സിഡിറേറ്റിൽ വിതരണം ചെയ്തുവരുന്നു.

യശശരീരനായ എം.സി. എബ്രഹാം ആണ് ഈ സഹകരണ പ്രസ്ഥാനത്തിൻെറ സംഘാടകരിൽ പ്രമുഖൻ.

സ്ഥാപനവും പ്രദേശത്തെ സഹകാരികളുമായി സഹകരിച്ച് പ്രവർത്തിച്ചാൽ കൂടുതൽ മുന്നേറുവാൻ

കഴിയുന്ന സാഹചര്യം നിലവിലുണ്ട്. ബാബു നെയ്യാരപ്പള്ളി പ്രസിഡനറും, ചൂഴാറ്റ് സി. ആർ. ജയപ്രകാശൻ സെക്രട്ടറിയുമാണിപ്പോൾ.

## വയലാർ കിഴക്ക് സർവ്വീസ് സഹകരണ സംഘം 1328

ഈ സൊസൈറ്റിയിൽ 2095 അംഗങ്ങൾ ഉണ്ട്. ആരംഭത്തിൽ സഹകാരികൾ വൻ പ്രതീക്ഷ ഉണർത്തിയിരുന്നുവെങ്കിലും പിൽക്കാലത്തെ തകർച്ചയിൽ നിന്നും ഇന്നും പൂർണ്ണമായി കരകയറുവാൻ കഴിഞ്ഞിട്ടില്ല. വീണ്ടും സഹകാരികളിൽ പ്രതീക്ഷഉണർത്തികൊണ്ട് വിവിധ രംഗങ്ങളിൽ കേന്ദ്രീകരിച്ചു പ്രവർത്തനം മുന്നേറുവാനുള്ള പരിശ്രമത്തിലാണ് സംഘം. ശ്രീ. ബി. സോമനാഥൻ പ്രസിഡൻറും, അന്നക്കുട്ടി ജോൺ തോട്ടാപ്പള്ളി സെക്രട്ടറിയുമാണിപ്പോൾ.

| | |
|---|---|
| നിക്ഷേപം | 2,00,000 രൂപ |
| വായ്പ | 6,08,000 രൂപ |

വടക്കേ മഠത്തിൽ എം. ദാമോദരൻ പിള്ളയാണ് ഈ സ്ഥാപനത്തിൻെറ സംഘാടകരിൽ പ്രമുഖൻ.

## S.C.B. 1428 വയലാർ തെക്ക്

ഈ സഹകരണസ്ഥാപനത്തിൻെറ സ്ഥാപകരിൽ പ്രമുഖൻ ജില്ലയിലെ പ്രശസ്ത സഹകാരിയായിരുന്ന അന്തരിച്ച ശ്രീ. എം.കെ.കൃഷ്ണനാണ്. 1102 ൽ (1926) സ്ഥാപിതമായ ഈ സംഘം വളർച്ചയുടെ പടവുകൾ കടന്ന് ഇന്ന് 6000 അംഗങ്ങളുള്ള സ്ഥാപനമായി വളർന്നുകഴിഞ്ഞിരിക്കുന്നു. സഹകാരികളുടെ ആശാഭിലാഷങ്ങൾക്ക് അനുസൃതമായി പ്രവർത്തനം രൂപപ്പെടുത്തുവാൻ സംഘം ഭാരവാഹികൾക്ക് കഴിഞ്ഞിട്ടുണ്ട്.

30-6-96 ലെ സ്റ്റേറ്റുമെൻറ് പ്രകാരം 7,16,461 രൂപ ഓഹരി മൂലധനവും 60,000 രൂപ സർക്കാർ ഓഹരി മൂലധനവും ഉണ്ട്.

71 ലക്ഷം രൂപ നിക്ഷേപമുള്ള ഈ ബാങ്ക് 47 ലക്ഷം രൂപ കാർഷീക വായ്പയും ഉൾപ്പെടെ 67,72,000 രൂപ വായ്പ നൽകിയിട്ടുണ്ട്. ബാങ്കിന് സ്വന്തമായി ഓഫീസുകെട്ടിടം ഉണ്ട്. അതിൽ തന്നെ സംഘം വക റേഷൻ കടയും പ്രവർത്തിച്ചുവരുന്നു.

സഹകരണരംഗത്ത് പ്രതീക്ഷകൾ ഉണർത്തികൊണ്ട് മാതൃകാപരമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണെങ്കിലും അംഗത്വം നൽകുന്നതിൽ ചില വിവേചനം നിലനിൽക്കുന്നതായി പരാതിയുണ്ട്. ഇത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. ശ്രീ. ലക്ഷ്മണൻപിള്ള സെക്രട്ടറിയും, പ്രസിഡൻറ് അഡ്വ: എം. കെ. ജിനദേവുമാണിപ്പോൾ.

## S.C.B.2093 ഒളതല കാവിൽ

നമ്മുടെ പഞ്ചായത്തിലെ 4,5,6,7 എന്നീ വർഡുകളും തുറവൂർ പഞ്ചായത്തിലെ 4,7, വാർഡുകളും, പട്ടണക്കാടു പഞ്ചായത്തിലെ കുറച്ചു ഭാഗങ്ങളും ഉൾക്കൊള്ളുന്ന പ്രദേശമാണ് ബാങ്കിൻെറ പ്രവർത്തന മേഖല. 1938 ൽ ആണ് ഈ സഹകരണസംഘം സ്ഥാപിതമായത്. കാവിൽ സെൻറ് മിഖായേൽ പള്ളി ഇടവക അംഗങ്ങളുടെ പുരോഗതി ലക്ഷ്യം വച്ചാണ് ആദ്യകാലങ്ങളിൽ ഇതിൻെറ പ്രവർത്തനം ആരംഭിച്ചത്.

ഇന്ന് എല്ലാ വിഭാഗം ആളുകൾക്കും പ്രാതിനിധ്യമുള്ള ഈ സൊസൈറ്റിയിൽ 4315 അംഗങ്ങളുണ്ട്. 1972 വരെ വളരെ നല്ലനിലയിൽ പ്രവർത്തിച്ചുവന്നിരുന്ന സംഘം വായ്പയുടെ തിരച്ചുവരവിലുള്ളതായ കുറവ്, മതിയായ

ഡെപ്പോസിറ്റ് ഇല്ലായ്മ, ഇവ മൂലം വായ്പാവിതരണ രംഗത്തും മറ്റു സേവന മേഖലകളിലും ഫലപ്രദമായ പ്രവർത്തനം കാഴ്ചവയ്ക്കുവാൻ സാധിച്ചിട്ടില്ല. നാളീകേരത്തിൻെറ വിലയിടിവും തെങ്ങിൻെറ രോഗങ്ങളുംകൊണ്ടാണ് ഇടക്കാലത്ത് സംഘം പ്രവർത്തനം പിന്നോട്ട് പോകുവാൻ കാരണം. സംഘത്തിൻെറ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവന്നിരുന്ന റേഷൻ കട, മാവേലി സ്റ്റോർ, വളം ഡിപ്പോ എന്നിവ പ്രവർത്തിക്കുന്നില്ല. 'സി' ക്ലാസ്സിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സംഘം 'എ' ക്ലാസ്സിലേയ്ക്ക് ഉയർത്തണമെന്നും അംഗങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽപോലും സഹകരണ നിയമങ്ങളും കീഴ്വഴക്കങ്ങളും പാലിക്കുന്നതോടൊപ്പം സഹകാരികളുടെ ആത്മാർത്ഥമായ സഹകരണം ഒന്നുകൊണ്ടു മാത്രമേ സാധിതപ്രായമാകുകയുള്ളൂ.

25,01,070 രൂപ നിക്ഷേപമുള്ള ഈ ബാങ്കിൽ നിന്ന് 18,56,655 രൂപ വിവിധ ഇനങ്ങളിൽ വായ്പയായി അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എ. ജി. അശോകൻ പ്രസിഡൻറും, ടി.ഡി. ജോസഫ് സെക്രട്ടറിയുമാണിപ്പോൾ.

# കയർവ്യവസായ സഹകരണ സംഘങ്ങൾ

## <u>ചേർത്തല കയർ മാറ്റ്സ് മാറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലിപ്തം) 240, കളവംകോടം.</u>

കയർവ്യവസായ രംഗത്ത് ഷിപ്പ്മെൻേറാടുകൂടി സഹകരണമേഖലയിൽ രൂപീകൃതമായ ഒരു സ്ഥാപനമാണ് ചേർത്തല കയർ മാറ്റ്സ് മാറ്റിംഗ് കമ്പനി 29-1-1958 ൽ രജിസ്റ്റർ ചെയ്ത സ്ഥാപനം 28-3-1958 ൽ പ്രവർത്തനമാരംഭിച്ചു. ശ്രീ. സി.കെ. കുമാരൻ വക്കീൽ പ്രസിഡൻറ് ആയി പ്രവർത്തനം ആരംഭിച്ച സംഘം ഇന്ന് 245 അംഗങ്ങളും, കളവംകോടത്തും, കഞ്ഞിക്കുഴിയിലും രണ്ട് വർക്കിങ്ങ് യൂണിറ്റും, ചേർത്തലയിൽ ഒരു ഷിയറിംഗ് ഫാക്ടറിയും, ബാംഗ്ലൂരിൽ രണ്ട് ഷോറൂമുകളും ഉള്ള ഈ സ്ഥാപനം ഒരു വമ്പിച്ച വ്യവസായ ശൃംഖലയായി വളർന്നുകഴിഞ്ഞിരിക്കുന്നു. എങ്കിലും മുഴുവൻ അംഗങ്ങൾക്കും തൊഴിൽ നൽകുവാൻ ഈ വളർച്ചയുടെ ഘട്ടത്തിലും സാധിക്കുന്നില്ലെന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു.

## <u>കരപ്പുറം കയർമാറ്റ്സ് ആൻറ് മാറ്റിംഗ് സഹകരണസംഘം (ക്ലിപ്തം) A889 , കളവംകോടം</u>

വയലാർ പഞ്ചായത്ത് 2-ാം വാർഡുകേന്ദ്രീകരിച്ച് 1988 ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ 300 അംഗങ്ങൾ ഉണ്ട്. 10-2-88 ൽ രജിസ്റ്റർ ചെയ്തു. ഇതേവരേയുള്ള ലാഭം 8,75,000 രൂപയാണ്. ഗവൺമെൻറ് ഏജൻസികളിൽ നിന്നുമാത്രമല്ല, മറ്റു സ്വകാര്യ ഏജൻസികളുടെ ഓർഡറുകൾ സ്വീകരിച്ചും സാധനങ്ങൾ ഉൽപ്പാദിപ്പിച്ചു നൽകുന്നുണ്ട്. മുഴുവൻ അംഗങ്ങൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ വികസന പാതയിലാണ് കമ്പനി. വിദേശഓർഡറുകളുടെ ലഭ്യതക്കുറവും മാർക്കറ്റിലെ മത്സരവും കമ്പനിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. എസ്. സുഷമ സെക്രട്ടറിയും, ജി. ബാഹുലേയൻ പ്രസിഡൻറുമാണിന്ന്.

C.V.C.S. 554 കളവംകോടം, C.V.C.S.818 നീലിമംഗലം, C.V.C.S. 568 വയലാർ വടക്ക് C.V.C.S. A 567, C.V.C.S - A. 820 എന്നീ അഞ്ചുകയർ സംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനത്തിലുണ്ട്. എന്നാൽ ചില സംഘങ്ങൾ സജീവമായി പ്രവർത്തനം നടത്തുന്നില്ല. C.V.C.S. 554 മാത്രമാണ് കുറെയെല്ലാം തൊഴിലവസരം നൽകിക്കൊണ്ട് ലാഭകരമായി പ്രവർത്തിച്ചുവരുന്നത്. മറ്റു കയർ സംഘങ്ങളിൽ പ്രവർത്തനം കാര്യക്ഷമമല്ല.

# ക്ഷീരോൽപ്പാദന സഹകരണസംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ 3,4,9 എന്നീ വാർഡുകൾ കേന്ദ്രീകരിച്ചു മൂന്നു ക്ഷീരോൽപ്പാദന സഹകരണ സംഘം പ്രവർത്തിച്ചുവരുന്നു. നമ്മുടെ സാദ്ധ്യതയ്ക്ക് അനുസരിച്ച് ഇനിയും കൂടുതൽ ക്ഷീരോൽപ്പാദന സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന

സംഘങ്ങൾ തന്നെ ചില രാഷ്ട്രീയ പരിഗണനകൾവച്ചു അംഗത്വം നൽകുന്നതു മൂലം യഥാർത്ഥക്ഷീരകർഷകരെ ഒഴിവാക്കുന്ന സമീപനം തുടർന്നുവരുന്നു. ഈ സമീപനം ഒഴിവാക്കി യഥാർത്ഥ ക്ഷീരകർഷകരെ അംഗങ്ങളാക്കി കൂടുതൽ സജീവമാക്കുവാൻ കഴിയും.

എന്നാൽ കാലിത്തീറ്റയുടേയും മറ്റും ക്രമാതീതമായ വിലവർദ്ധനവിന് അനുസരിച്ച് മിൽമാപാൽ വിലവർദ്ധിപ്പിക്കുന്നില്ല. മിതമായ വിലയ്ക്ക് സംഘങ്ങളിലൂടെ കാലിത്തീറ്റ വിതരണം ചെയ്യുകയും പാൽവില വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് ഈ രംഗത്ത് ക്ഷീരകർഷകരെ സംരക്ഷിക്കവാൻ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

# വനിത വ്യവസായ യൂണിറ്റുകൾ

കൈത്തറി സംഘം കളവംകോടം, വരേകാടു വനിത ഗാർമെൻറ് മേക്കിങ്ങ് സഹകരണസംഘം, വനിത ഖാദിയൂണിറ്റ്, ഹരിജൻ വനിത വ്യവസായ യൂണിറ്റ്, D.W.C.R.A. ഗാർമെൻറ് മേക്കിങ്ങ് സഹകരണസംഘം എന്നിങ്ങനെ അഞ്ചു വനിതാ വ്യവസായ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. ഈ സംഘങ്ങളിൽ ഒന്നുപോലും സജീവമായി പ്രവർത്തിക്കുന്നില്ല. ഇതിന് ബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാരുടെ യഥാസമയമുള്ള പരിശോധനയുടേയും നിർദ്ദേശങ്ങളുടേയും അഭാവം ഒരു പ്രധാന കാരണമാണ്. മിസ്സ് മാനേജ്മെൻ റ് മറ്റൊരു കാരണമാണ്.

എന്നാൽ വരേകാട് വനിത ഗാർമെൻറ് മേക്കിങ്ങ് സഹകരണസംഘം നല്ല നിലയിൽ പ്രവർത്തിക്കുവാൻ സാധ്യതയുള്ള ഒരു സ്ഥാപനമാണ്. ആധുനീക യന്ത്രങ്ങൾ ഉപയോഗിച്ചു നിർമ്മിക്കുന്ന റെഡിമെയ്ഡു വസ്ത്രങ്ങൾ വിദേശ കമ്പോളത്തിൽപോലും പ്രിയമുള്ളവയാണ്. വർഷങ്ങളായി നാമമാത്രമായി പ്രവർത്തിക്കുന്നു. സംഘാംഗങ്ങൾക്ക് മുഴുവൻ (50 പേർ) തൊഴിൽ നൽകുവാൻ സാധ്യതയുള്ള സ്ഥാപനമാണിത്. ബന്ധപ്പെട്ടവർ ശ്രദ്ധിച്ചാൽ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ കഴിയും.

# പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘം

നമ്മുടെ പഞ്ചായത്തിൻെറ 1 മുതൽ 10 വരെയുള്ള വാർഡുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 11-1-1983 ൽ രജിസ്റ്റർ ചെയ്തു A.777-ാംനമ്പരായി 8-3-83 ൽ സംഘം പ്രവർത്തനം ആരംഭിച്ചു. വി.കെ. തേവൻ പ്രസിഡൻറ്, ശ്രീ. ബാഹുലേയൻ സെക്രട്ടറിയായി ആദ്യം പ്രവർത്തനം തുടങ്ങി തുടർന്ന് ശ്രീ. കൃഷ്ണൻ കെ. വയലാറും പ്രസിഡൻറായിട്ടുണ്ട്. ഇപ്പോൾ ശ്രീ. പി.സി. കുട്ടപ്പൻ പ്രസിഡൻറായും പ്രവർത്തിച്ചുവരുന്നു. സംഘത്തിൽ ഇപ്പോൾ 1078 അംഗങ്ങൾ നിലവിലുണ്ട്.

കാർഷീകവും കാർഷികേതരവും സ്വയം തൊഴിൽ പദ്ധതിയിലുമായി ഗവണമെൻറ് ധനസഹായം ഉൾപ്പെടെ 6,60,366 രൂപ അംഗങ്ങൾക്ക് വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. സംഘത്തിൻെറ മേൽനോട്ടത്തിൽ ഒരു ബുക്ക് ബൈൻറിംഗ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ ഇരുപത് വനിതകൾ ജോലിചെയ്തുവരുന്നു. ഈ യൂണിറ്റിൻെറ വിജയകരമായ പ്രവർത്തനത്തിന് ഗവൺമെൻറ് സബ്സിഡി നിരക്കിലോ, നേരിട്ടോ SC/ST കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ മുഖേനയോ പേപ്പർ നൽകുന്ന സംവിധാനം ഉണ്ടാകുന്നത് സഹായകരമായിരിക്കും.

1986 വരെ സംഘാംഗങ്ങൾ എടുക്കുന്ന വായ്പയ്ക്ക് പലിശ സബ്സിഡി ലഭിച്ചിരുന്നു. വായ്പതുകയുടെ നാലിലൊന്ന് അടയ്ക്കുന്നവർക്കായി പലിശ സബ്സിഡികുറവു ചെയ്തതിൻെറ ഫലമായി ഈ ആനുകൂല്യം വളരെ കുറച്ചുപേർക്കുമാത്രമേ ലഭിക്കുന്നുള്ളൂ. പഴയ നില പുന:സ്ഥാപിച്ചാൽ കൂടുതൽ അംഗങ്ങൾക്ക് സഹായകരമായിരിക്കും. സംഘം ആവിഷ്ക്കരിക്കുന്ന സ്കീമുകൾക്ക് യഥാസമയം S.C.A. ഫണ്ടിൽ നിന്ന് ആവശ്യമായ തുക അനുവദിച്ചു സഹായിക്കുക.

ആലപ്പുഴ ജില്ലയിൽ ഏറ്റവും നല്ലനിലയിൽ പ്രവർത്തിക്കുന്ന പട്ടികജാതി സംഘങ്ങളിൽ ഒന്നാണ് വയലാർ പട്ടികജാതി സംഘം എന്നുള്ളത് എടുത്തുപറയാവുന്നതാണ്. മറ്റു ക്രഡിറ്റ് മേഖലയിലെ സർവ്വീസ് സഹകരണസംഘങ്ങളിലെപ്പോലെ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘങ്ങളിലെ ജീവനക്കാർക്ക് ഒരു ഏകീകരിച്ച ശമ്പള വ്യവസ്ഥ ഉണ്ടാകുന്നത് നന്നായിരിക്കും. സംഘങ്ങളിലെ അംഗങ്ങൾക്കും ഭരണസമിതിയ്ക്കും സഹകരണബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിച്ച് സംഘത്തിൻെറ പ്രവർത്തനത്തെ സജീവമാക്കേണ്ടതാണ്.

ക്രഡിറ്റ് മേഖല വളരെ വിപുലപ്പെട്ടുവരുന്ന സഹകരണ മേഖല ഈ കാലയളവിലും ഇരുപത്തിയഞ്ചു ശതമാനം ആളുകളെ മാത്രമേ ഉൾക്കൊള്ളുന്നുള്ളൂ എന്നത് ഈ റിപ്പോർട്ട് വ്യക്തമാക്കുന്നു. അംഗത്വം നൽകുന്നതിൽ കാണിക്കുന്ന ചില വിവേചനപരമായ സമീപനം, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ വന്ന മാറ്റം, ശരിയായ ബോധവൽക്കരണത്തിൻെറ അഭാവം എന്നീ കാരണങ്ങളാൽ ബഹു ഭൂരിപക്ഷം ആളുകളേയും സഹകരണ മേഖലയിൽ അണിനിരത്തുവാൻ നമുക്ക് കഴിയുന്നില്ല. കാലോചിതമായി ഈ സമീപനം തിരുത്തിക്കുറിച്ചാൽ മാത്രമേ മുഴുവനാളുകളേയും നമുക്ക് ഉൾകൊള്ളുവാൻ കഴിയുകയുള്ളൂ.

# സ്കൂൾ സഹകരണസംഘങ്ങൾ

വയലാർ രാമവർമ്മ മെമ്മോറിയൽ ഹൈസ്ക്കൂൾ, കാവിൽ സെൻറ് മൈക്കിൾസ് ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. ഇത് അദ്ധ്യാപകരിലും, കുട്ടികളിലും സഹകരണബോധം വളർത്തുവാൻ സഹായിക്കുന്നു.

വ്യവസായ സഹകരണസംഘങ്ങളിൽ C.S. 240 ഉം A 889 സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുവാൻ കഴിയുന്നുണ്ടെങ്കിലും മുഴുവൻ അംഗങ്ങൾക്കും തൊഴിൽ നൽകുവാൻ കഴിയുന്ന സ്ഥാപനമായി ഉയരേണ്ടിയിരിക്കുന്നു. അതിനു ആവശ്യമായസൗകര്യം ഉണ്ടാകുവാൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറും സംഘം ഭാരവാഹികളും കഠിനമായി പ്രവർത്തനം നടത്തിയാലേ സാധിക്കുകയുള്ളൂ.

കയർ സഹകരണസംഘങ്ങളിൽ ഒന്നൊഴികെ മറ്റെല്ലാം തന്നെ പ്രവർത്തനരഹിതമോ, പ്രവർത്തനക്ഷമമോ അല്ല. ഈ രംഗത്ത് പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾ മറ്റുതൊഴിൽ മേഖലകണ്ടെത്തുവാനും നിർബന്ധിതരായിരിക്കുന്നു. ബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറും യഥാസമയം പരിശോധിച്ചു നിർദ്ദേശങ്ങൾ നൽകാത്തതിൻെറ ഫലമായി ഒട്ടുമുക്കാൽ സംഘങ്ങളു തകർച്ചയെ നേരിടുകയാണ്. ഈ സ്ഥിതി അതിവേഗം മാറ്റിയെടുക്കുവാൻ കഴിഞ്ഞാൽപ്രവർത്തനം കാര്യക്ഷമമാക്കുവാൻ കഴിയും.

വനിത വ്യവസായ യൂണിറ്റുകൾ എല്ലാംതന്നെ ഇന്നു തകർച്ചയിലാണ്. പുനഃസംഘടിപ്പിച്ചു കാര്യക്ഷമമായി പ്രവർത്തിച്ചാൽ വിജയകരമായി മുന്നേറുവാൻ സാധ്യതയുള്ള യൂണിറ്റുകളാണ് ഇവ. ബന്ധപ്പെട്ടവർ മനസ്സുവച്ചാൽ പരിഹരിക്കാവുന്നതേയുള്ളൂ.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീരോൽപ്പാദകസഹകരണസംഘങ്ങൾക്ക് മുഴുവൻ ക്ഷീരകർഷകരെ ഉൾക്കൊള്ളുവാൻ കഴിയുന്നില്ല. മുഴുവൻ ക്ഷീരകർഷകരേയും ഉൾക്കൊള്ളുവാൻ കഴിയുന്ന വിധത്തിൽ പുനഃസംവിധാനം ചെയ്തു പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുവാൻ ബന്ധപ്പെട്ടവർ അവസരം ഉണ്ടാക്കണം. 1,2 വാർഡുകളും 5,6,7 വാർഡുകളും ചേർന്നു മിൽമയുമായി അഫിലിയേറ്റുചെയ്തു ക്ഷീരോൽപ്പാദകസഹകരണസംഘം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നതിന് അവസരം ഉണ്ടാക്കി ക്ഷീരകർഷകരെ സഹായിക്കേണ്ടത് അടിയന്തിര പ്രാധാന്യം അർഹിക്കുന്നതാണ്.

വയാലർ പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം ഇന്നുള്ള സാധ്യത വിപുലപ്പെടുത്തി പുതിയ മേഖലകൾ കണ്ടെത്തി പ്രവർത്തിച്ചാൽ മുന്നേറുവാൻ വളരെ സാധ്യതയുണ്ട്. അതിനു ബന്ധപ്പെട്ടവർ തയ്യാറാകണം.

# പോരായ്മകളും പരിഹാരനിർദ്ദേശങ്ങളും

## പോരായ്മകൾ

1. സഹകരണസംഘത്തിന്റെ പ്രവർത്തനമേഖലയിൽ എല്ലാ പ്രദേശങ്ങളും പെടുന്നില്ല.
2. ഒരു സംഘത്തിന്റെ പ്രവർത്തന പരിധിയിൽ നിന്ന് ഏരിയവിട്ടുകിട്ടുവാനുള്ള നിയമതടസ്സം.
3. അംഗത്വം ലഭിക്കുന്നതിൽ കാട്ടുന്ന അനീതി
4. വിവിധയിനം വായ്പ കിട്ടുന്നതിനുള്ള തടസ്സം.
5. ഷെയർ ലിങ്കിങ്ങ്
6. വ്യക്തിയ്ക്ക് വിശ്ചയിച്ചിട്ടുള്ള പരമാവധി വായ്പതുകയുടെ പോരായ്മ
7. ഭൂമിയുടെ വിലയ്ക്ക് ആനുപാതികമായി വായ്പ കൊടുക്കുന്ന രീതി.
8. കെട്ടുതെങ്ങ് വ്യവസ്ഥ
9. തൊഴിലാളി പ്രശ്നങ്ങൾ
10. വായ്പേതര പ്രവർത്തനങ്ങളോടുള്ള താൽപര്യക്കുറവ്
11. നിയമത്തിന്റെ നൂലാമാലകൾ
12. വർദ്ധിച്ച പലിശ നിരക്ക്

## പരിഹാര നിർദ്ദേശങ്ങൾ

1. ഒരു പ്രദേശത്ത് പണ്ട് ഒരു സംഘം പത്തു വാർഡും പ്രവർത്തന മേഖലയായി രജിസ്റ്റർ ചെയ്തിട്ടുണ്ടാകാം. ഇന്ന് മറ്റൊരു സംഘം രജിസ്റ്റർ ചെയ്യേണ്ടിവരുമ്പോൾ പ്രവർത്തനമേഖല തർക്കം വരുന്നു. ഇത് പരിഹരിക്കാനെളുപ്പമാർഗ്ഗം ഉണ്ടാകണം.
2. ഒരു സംഘത്തിൽ അംഗത്വം നൽകുന്നതിൽ ബോർഡ്കൾ കാട്ടുന്ന വിവേചനം പര്യവസാനിപ്പിക്കണം.
3. സഹകരണസംഘങ്ങളിൽ നിന്നു പ്രധാനമായും കാർഷീകവായ്പകളാണ് വിതരണം ചെയ്യുന്നത്. അതുകൊണ്ട് കാർഷികേതര ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാത്തതിനാൽ കാർഷികവായ്പ എടുക്കുവാൻ നിർബന്ധിതനാകുകയും, വായ്പ ദുരുപയോഗപ്പെടുത്തുകയും ചെയ്യുന്നു. ഇത് കാർഷീക രംഗത്ത് പുരോഗതിയുണ്ടാക്കുന്നുമില്ല. ആകയാൽ കാർഷീകേതര ആവശ്യങ്ങൾക്ക് സഹകരണ സ്ഥാപനങ്ങൾ കൂടുതൽ മുതലിറക്കണം.
4. സഹകരണസ്ഥാപനങ്ങളിൽ നിന്നു വായ്പ അനുവദിക്കുമ്പോഴുള്ള ഷെയർ ലിങ്കിങ്ങ് കുറയ്ക്കണം 1:100 എന്ന അനുപാതത്തിലേയ്ക്ക് ഇതു കുറച്ചുകൊണ്ടുവരണം.
5. ഒരു വ്യക്തിക്ക് നൽകുന്ന പരമാവധി സാധാരണ വായ്പ 50,000 രൂപയും പ്രത്യേകവായ്പകൾ 1 ലക്ഷവുമായി ഉയർത്തണം. (ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ)
6. ഈടുവസ്തുവിന്റെ വിലയ്ക്കനുസരണമായി വായ്പ ക്ലിപ്തപ്പെടുത്തുന്ന രീതി അവസാനിപ്പിച്ചുകൊണ്ട് വസ്തുവിന്റെ മാർക്കറ്റുവിലയുടെ 80%വരെ വായ്പ തുകനൽകുക.
7. വസ്തു പണയം, കെട്ടുതെങ്ങ് വ്യവസ്ഥകളില്ലാതെയും വായ്പ നൽകുക.
8. വായ്പ നൽകലല്ലാതെ കൺസ്യൂമർ സ്റ്റോർ നടത്തുക, കെട്ടിടനിർമ്മാണ സാമഗ്രികൾ വിൽക്കുക, തുടങ്ങിയ മേഖലകളിലേയ്ക്കും സംഘങ്ങൾ വളരെ കുറച്ചേ കടക്കുന്നുള്ളൂ. അതുപോര, സമൂഹത്തിന്റെ വിവിധമണ്ഡലങ്ങളിലേയ്ക്ക് സംഘങ്ങൾ ഇറങ്ങി വരണം.
9. സഹകരണ സ്ഥാപനങ്ങളിലെ വർദ്ധിപ്പിച്ച പലിശ നിരക്ക് കുറയ്ക്കണം.
10. വാർഡ് 7 ൽ വാർഡ് 6, 7 എന്നിവ യോജപ്പിച്ചു ഒരു പാൽഉൽപ്പാദകസംഘം രൂപീകരിക്കണം.
11. 6,7 വാർഡുകൾ കേന്ദ്രീകരിച്ച് വ്യവസായ മേഖലയിൽ പട്ടിക വിഭാഗക്കാർക്കായി ഒരു കയർ മാറ്റ്സ് ആൻറ് മാറ്റിംഗ് സഹകരണസംഘം രൂപീകരിച്ചു പ്രവർത്തിപ്പിക്കുക.
12. കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ശേഖരിച്ചു വിപണനം നടത്തുന്നതിന് സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്ത് തലത്തിൽ ഒരു വിപണനകേന്ദ്രം തുറക്കുക.
13. പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ഗവൺമെൻറ് നേരിട്ടു ശമ്പളം കെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
14. പഞ്ചായത്ത് പ്രദേശത്ത് ഒരു ഉൾനാടൻ മത്സ്യത്തൊഴിലാളിസഹകരണസംഘം രൂപീകരിച്ച് പ്രവർത്തിപ്പിക്കണം.
16. പട്ടികജാതി-പട്ടിക വിഭാഗക്കാർക്കായി ഒരു മോട്ടോർ സഹകരണസംഘം പഞ്ചായത്തുതലത്തിൽ രൂപീകരിച്ചു പ്രവർത്തിപ്പിക്കണം.

# സംസ്ക്കാരം

കേരളീയ സംസ്ക്കാരം ഏകദേശം സമന്വയിപ്പിക്കപ്പെട്ടിട്ടുള്ള ഒരു പഞ്ചായത്താണ് ഇന്നു വയലാർ. ഇരുപത്തിയേഴ് ഏഴങ്ങളും വളരെയധികം മനകളും, കാവുകളോടു കൂടിയ ഉന്നത തറവാട്ടുകാരുമുണ്ടായിരുന്ന നാടണത്രേ ഇത്. സാംസ്കാരിക നവോദ്ധാനത്തിനുവേണ്ടി പ്രവർത്തിച്ച അനേകം പേരുണ്ടിവിടെ. വായനശാലയുടെ പ്രവർത്തനം തുടങ്ങിയത് എല്ലാംതന്നെ സന്നദ്ധ പ്രവർത്തകരുടെ ശ്രമഫലമായിട്ടാണ്. ശ്രീ വയലാർ രാമവർമ്മ, എൻ.കെ.എൻ നമ്പൂതിരിപ്പാട് (നാനം തിരുമേനി) ശ്രീമംഗലത്ത് രാമകൃഷ്ണക്കുറുപ്പ്, കെ കൃഷ്ണൻനായർ എന്നിവർ പത്രാധിപസമിതി അംഗങ്ങളായി 1128 ൽ 'നവസാഹിതി' എന്ന ഒരു കൈയ്യെഴുത്തു മാസിക പ്രസിദ്ധീകരണമാരംഭിച്ചു. ഇതിൻെറ കോപ്പി ഇന്നും പഞ്ചായത്ത് വായനശാലയിലുണ്ട്. സമുദായത്തിൽ തന്നെ പല വിഭാഗങ്ങൾതമ്മിൽ ഐത്തം നിലനിന്നിരുന്ന കാലത്ത് പന്തിഭോജനം നടത്തി എന്നതിന് സമൂഹം ശ്രീ. എം.കെ. കൃഷ്ണനു ഭൃഷ്ടു കൽപിച്ചിരുന്നുവത്രേ. അതേനാട്ടിൽ അതേകാലത്ത് മേൽപറഞ്ഞ എൻ.കെ. എൻ. നമ്പൂതിരിപ്പാടിൻെറ അന്തർജനം നാനാജാതി മതസ്ഥർക്കും ചോറുവെച്ചു വിളമ്പിക്കൊടുത്തിരുന്നു എന്നത് നമ്മുടെ നാടിൻെറ സാംസ്കാരത്തെ എടുത്തുകാണിക്കുന്നു. ഉഴുവ ശ്രീ ചിത്രാ റീഡിങ് റൂം, കളവങ്കോടം സഹകരണ ബാങ്കിനോടനുബന്ധിച്ചുള്ള വായനശാല, വയലാർ നവസാഹിതി ഗ്രന്ഥശാല എന്നിവ വയലാറിലെ വളരെപ്പഴക്കംചെന്ന സരസ്വതി ക്ഷേത്രങ്ങളാണ്. ഈ നാടിനെ ലോകത്തിനുമുന്നിൽ എടുത്തുകാട്ടിയ ശ്രീ. വയലാർ രാമവർമ്മയെ ആദരവോടുകൂടി മാത്രമേ വയലാറിനു സ്മരിക്കാനാവൂ. കലാ-സാഹിത്യ-സാംസ്കാരിക മേഖലകൾക്ക് വിലപ്പെട്ട സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന അനേകം പ്രതിഭകൾ ഇന്നും വയലാറിൻെറ സമ്പാദ്യമാണ്. കഥകളി ഭാഗവതരായി ലോകാരാധ്യനായിത്തീർന്ന ശ്രീ കാരോക്കര കുട്ടപ്പക്കുറുപ്പ് വയലാർ പഞ്ചായത്തുകാരനായിരുന്നു. ഓട്ടൻതുള്ളൽ, ശീതങ്കൻ തുള്ളൽ, നൃത്തകലാരംഗം, ഉടക്കുപാട്ടുകാർ, വിൽപ്പാട്ടുകാർ, പുള്ളുവൻപാട്ടുകാർ ഇവരെല്ലാം വയലാറിൽ സുലഭമാണ്. അതുപോലെതന്നെ ചെണ്ടവാദ്യം, തിരുവാതിരകളി, കോൽക്കളി എന്നീ കലാപ്രസ്ഥാനങ്ങളും, ഗരുഡൻതൂക്കം, അമ്മൻകുടം, കാവടിയാട്ടം തുടങ്ങിയ കലാരൂപങ്ങളും പ്രദർശിപ്പിക്കുന്നവർ ഇവിടെയുണ്ട്. ഈ വക കലാകാരന്മാർക്ക് അർഹിക്കുന്ന പരിഗണനയോ, അംഗീകാരമോ ലഭിക്കുന്നില്ലായെന്ന വേദനാജനകമായ അവസ്ഥ നിലനിൽക്കുന്നു.

ധാരാളം ആർട്സ്, സ്പോർട്സ് ക്ലബുകൾ വയലാറിലുണ്ട്. ഇതിൽ 80 ശതമാനവും ഓണാഘോഷവും, വാർഷികാഘോഷവുംകൊണ്ട് പ്രവർത്തനം നിർത്തുന്നുവെങ്കിൽ, പി.ആർ.സി, യംഗ് ചലഞ്ചേഴ്സ്, വയലാർ സൃഷ്ടി, വൈ.എം.സി.എസ് കളവങ്കോടം, പ്രോഗ്രസ്സീവ് ആർട്സ് ക്ലബ് വരേകാട്, പഞ്ചമി ഒളതല, ബ്ലൂഡയമണ്ട് കളവങ്കോടം തുടങ്ങിയ ക്ലബുകൾ നാനാവിധമായ പ്രവർത്തനങ്ങൾ നടത്തി വയലാറിനെ ഉന്നതിയിലേക്കു നയിക്കുന്നു. ഇതിനു പുറമെ മൂന്ന് എൻ.എസ്.എസ്. കരയോഗങ്ങളും, എട്ട് എസ്.എൻ.ഡി.പി ശാഖാ യോഗങ്ങളും, കെ.പി.എം.എസ്, ധീവരസഭ, കെ.വി.എം.എസ്, മദ്രസകൾ തുടങ്ങി പല സംഘടനകളും ഓരോ വിഭാഗം ജനങ്ങളേയും സംഘടിപ്പിച്ച് സാമൂഹിക കാര്യങ്ങളിൽ ഉത്ബുദ്ധരാക്കുന്നു.

സർവ്വോപരി ഇത് മതസൗഹാർദ്ദത്തിനും ഏകതയ്ക്കും ഉപകരിക്കുന്നു എന്നത് അധികം ആശ്വാസമാണ്. കൃസ്ത്യൻ പള്ളികളോടനുബന്ധിച്ചുള്ള വിവിധ സംഘടനകളും ഇതിൽ പങ്കുചേരുന്നു. വയലാർ പഞ്ചായത്തിൽ ഇന്നുവരെ ഒരു വർഗീയ സംഘടനം നടന്നിട്ടില്ല എന്നത് എടുത്തുപറയേണ്ട ഒരു കാര്യമാണ്. ഞങ്ങളതിൽ അഭിമാനം കൊള്ളുന്നു. ഞങ്ങൾ വയലാറുകാരാണ്. ഞങ്ങൾ അതിൽ അഭിമാനം കൊള്ളുന്നു.

### സാംസ്കാരികരംഗത്തെ പോരായ്മകളും (പ്രശ്നങ്ങൾ) മാർഗനിർദ്ദേശങ്ങളും

1. കലാ, കായിക, സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നവർക്ക് മതിയായ അംഗീകാരം ലഭിക്കുന്നില്ല.
2. ജനങ്ങൾ വേണ്ടത്ര പ്രോൽസാഹനം നൽകുന്നില്ല
3. നാമമാത്രമായി പ്രവർത്തിക്കുന്ന സംഘടനകൾ ജനങ്ങളുടെ ജീവിതസാഹചര്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നില്ല.

4. സാധാരണക്കാരന് ഈ പ്രവർത്തനങ്ങളിൽ നിന്ന് ഒരു ഗുണവും കിട്ടുന്നില്ല.
5. കൂണുപോലെ ജനിക്കുന്ന സംഘടനകൾ.
6. അമിതമായയ സംഭാവന പിരിക്കൽ.
7. പണത്തിൻെറ ധൂർത്തും, ദുരുപയോഗവും.
8. കലാകാരന്മാർക്ക് കിട്ടുന്ന തുശ്ചമായ പ്രതിഫലം.
9. അലങ്കാര, ആഡംബര വസ്തുക്കളുടെ അമിതവില.
10. വാസനാവൈഭവത്തെ പരിപോഷിക്കായ്ക.
11. അക്കാദമിക് വിദ്യാഭ്യാസത്തോടുള്ള അമിതമായ ആഗ്രഹം.
12. പാശ്ചാത്യ സംസ്ക്കാരത്തിൻെറ കടന്നുകയറ്റം.
13. സിനിമ, ടിവി തുടങ്ങിയ മാധ്യമങ്ങളുടെ കടന്നുകയറ്റം.
14. പൈങ്കിളികഥകളുടെ അതിപ്രസരം.
15. പഠനസാഹചര്യങ്ങളുടെയും, വേദികളുടേയും കുറവ്.
16. പഞ്ചായത്ത് തുടങ്ങി ഗവൺമെൻറ് ഏജൻസികളുടെ സഹായമില്ലായ്മ.
17. സ്കൂൾ വിഷയങ്ങളിൽ കലാ-സാംസ്കാരിക വിഷയങ്ങൾക്കുണ്ടായിരുന്ന പ്രധാന്യം നഷ്ടമായത്.

## പരിഹാരനിർദ്ദേശങ്ങൾ

1. നമ്മുടെ നാട്ടിൽ കലാ-കായിക-സാംസ്ക്കാരിക രംഗങ്ങളിൽ ധാരാളം സംഭാവന നൽകിയിട്ടുള്ള സാംസ്കാരിക നായകന്മാരെ ജനങ്ങളും മാധ്യമങ്ങളും അവരുടെ സംഭാവനകളെ നമ്മുടെ അമൂല്യ സമ്പത്തായി കാണുവാൻ വിമുഖത കാട്ടാതെ, അവരെ ആദരിക്കുകയും, അഭിനന്ദിക്കുകയും ചെയ്യേണ്ടതാണ്.
2. പഞ്ചായത്തിൽ ധാരാളം സാംസ്കാരിക സംഘടനകൾ ചില പ്രത്യേക കാലങ്ങളിൽ മുളച്ചുവരാറുണ്ടെങ്കിലും ഒന്നോ രണ്ടോ വാർഷികം നടത്തി പിരിയുന്ന സ്ഥിതി മാറ്റി ജനനന്മയ്ക്കായി നാടിൻെറ പുരോഗതിക്കായി, വികസനത്തിനായി സാംസ്കാരികരംഗം പരിപോഷിപ്പിക്കുന്നതിനായി പ്രതിജ്ഞയെടുത്ത് അവരുടെ ലക്ഷ്യം കെടാത്ത കൈതിരിയായി കൈമാറി മുന്നോട്ട് പോകേണ്ടതാണ്. പല ക്ലബുകളും രസീതുകുറ്റികളുമായി ജനങ്ങളെ സമീപിച്ച് സംഭാവന പിരിച്ച് കണക്ക് വെയ്ക്കാതെ തല്ലിപിരിയുന്ന കാഴ്ചയും കുറവല്ല. മറിച്ച് പിരിക്കുന്ന പണം പാവപ്പെട്ടവന്, നിർദ്ധനരായ വിദ്യാർത്ഥികൾക്ക്, രോഗികൾക്ക്, വികസനപ്രവർത്തനങ്ങൾക്ക്, ഇവയ്ക്കൊക്കെ ഉതകുമാറുള്ള സൃഷ്ടിപരമായ പ്രവർത്തനമാണ് മേൽ പറഞ്ഞ ക്ലബുകൾ നാടിനായി സംഭാവന ചെയ്യേണ്ടത്.
3. വാസനാപരമായ പുത്തൻ തലമുറയെ ഈ രംഗത്തേക്ക് കടത്തിവിടാൻ നാം ശ്രമിക്കുന്നില്ല. ഇതിനും ഒരു മാറ്റം ഉണ്ടായേ പറ്റു.
4. തൻെറ മക്കൾ പുസ്തകങ്ങൾ മുഴുവൻ കാണാപാഠം പഠിച്ച്, ഡോക്ടറും, എഞ്ചിനീയറും, കളക്ടറും ഒക്കെ ആകണമെന്ന് ശഠിച്ച് പുസ്തകപ്പുഴുക്കളായി വളർത്തുന്ന മാതാപിതാക്കൾ ഒരു പരിധിവരെ സാംസ്കാരിക അധ:പതനത്തെ പ്രോൽസാഹിപ്പിക്കുകയാണ്. പകരം കുട്ടിയുടെ സർഗ്ഗചേതനയെ ഉണർത്തുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനമാണുണ്ടാകേണ്ടത്.
5. വിദേശവുമായി ബന്ധപ്പെട്ടിട്ടുള്ള നമ്മുടെ ഗ്രാമീണ സംസ്കാരം, വിദേശത്തെ ഉൽപ്പന്നങ്ങളോടുള്ള അഭിവാഞ്ച, ഇതെല്ലാം കേരള സംസ്കാരത്തിൻെറ അധ:പതനത്തിന് കാരണമായിട്ടുണ്ട്. കേരളത്തിൻെറ തനിമയാർന്ന നാടൻ കലാരൂപങ്ങളെ സംരക്ഷിക്കാനും വളർത്താനുമുള്ള ജനകീയ വേദികൾ ഉണ്ടാവണം.
6. സിനിമ, ടെലിവിഷൻ തുടങ്ങിയ ദൃശ്യമാധ്യമങ്ങൾ കേരളീയ സംസ്ക്കാരത്തെ അധ:പതിപ്പിച്ചുകൊണ്ടിരിക്കുന്നു. അനുകരണഭ്രമമുള്ള നാം അറിയാതെ കേരളീയത നഷ്ടമാക്കുന്ന പൈങ്കിളികഥകൾ, വലിയൊരളവുവരെ സാംസ്ക്കാരിക രംഗത്തെ അധ:പതിപ്പിക്കുന്നു.
7. നാടൻകലകൾ, അഭ്യാസങ്ങൾ തുടങ്ങിയ പഠിപ്പിക്കുവാൻ അപൂർവം വിദ്യാലയങ്ങളെ കേരളത്തിലുള്ളു. അതു പരിഹരിക്കുകയും, അഭിരുചിക്ക് അനുസരിച്ച് ധാരാളം ആളുകളെ പഠിപ്പിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും, പഠിച്ച വിദ്യകൾ പ്രചരിപ്പിക്കുന്നതിനു

പ്രചരിപ്പിക്കുന്നതിനു യോജ്യമായ വേദികൾ ഉണ്ടാക്കുകയും വേണം.

8. കലാസാംസ്കാരിക രംഗങ്ങളിൽ പഞ്ചായത്തും, ഗവൺമെൻറും വലിയ തുക വകകൊള്ളിച്ച് ശക്തമായ പ്രവർത്തന ശൃംഖല നടപ്പിലാക്കണം. നമ്മുടെ നാട്ടിലെ എഴുത്തുകാർ, കലാ-സാംസ്ക്കാരിക പ്രവർത്തകർ ഇവർക്കായി പഞ്ചായത്തു തലത്തിൽ പ്രോൽസാഹന സമ്മാനങ്ങൾ ഏർപ്പെടുത്തണം.

9. വായനശാലകൾ വാർഡുതോറും പഞ്ചായത്തുവക കെട്ടിടങ്ങളോടു കൂടിയും പ്രവർത്തന വിപുലീകരണം നടത്തണം. യുവജനമേള, കലാപരിപാടികൾ, ഓണാഘോഷം, സ്പോർട്സ് തുടങ്ങിയ പരിപാടികൾ പഞ്ചായത്തിലെ വാർഡ് അടിസ്ഥാനത്തിൽ നടത്തുവാനും, അവർക്കായി സമ്മാനം ഏർപ്പെടുത്തുവാനും പഞ്ചായത്ത് മുൻകൈ എടുക്കുകയും ഇതിലൂടെയെല്ലാം സാംസ്ക്കാരിക കേരളത്തിൻെറ തനതായ സംസ്ക്കാരം ഉയർത്തിപ്പിടിക്കുവാൻ പ്രതിജ്ഞയെടുക്കേണ്ടതാണ്.

## പരിഹാര നിർദ്ദേശങ്ങൾ

1. കലാ-കായിക-സാംസ്കാരികരംഗങ്ങളിൽ പ്രവർത്തിക്കുന്ന കലാകായിക സാംസ്കാരിക നായകന്മാരെ ഗ്രാമീണരിൽ ഭൂരിഭാഗവും ശ്രദ്ധിക്കാറില്ല. മറ്റു പണികളൊന്നും ചെയ്യാതെ വെറുതെ നടക്കുന്നവരാണെന്നേ അവരെപ്പറ്റി ജനം പറയാറുള്ളു. അവരുടെ സേവനത്തിൻെറ പ്രയോജനത്തെപ്പറ്റി മാധ്യമങ്ങൾ ആവശ്യമായ പ്രചരണം നടത്തണം.

2. കലാ-കായിക-സാംസ്കാരിക പരിപാടികൾക് ഗ്രാമീണർ എന്തെങ്കിലും സാമ്പത്തിക സഹായം നൽകുന്നതല്ലാതെ അവരുടെ കുട്ടികളെകൂടി അങ്ങിനെയുള്ള പരിപാടികളിൽ പങ്കെടുപ്പിക്കാറില്ല. അയലത്തെ കുട്ടികളെ നിരുൽസാഹപ്പെടുത്തുകയും ചെയ്യുന്നത് ഒഴിവാക്കണം.

3. ഗ്രാമത്തിലുള്ള ക്ലബുകളും, സാംസ്കാരിക സ്ഥാപനങ്ങളും ഗ്രാമീണനാവശ്യമുള്ള ഒന്നും കൊണ്ടുചെന്നു കൊടുക്കുന്നില്ല. അവരുടെ പ്രവർത്തനഫലങ്ങൾ കുറേക്കാലം കഴിഞ്ഞേ അനുഭവവേദ്യമാകുന്നുള്ളു. തത്ക്കാലം ലഭിക്കുന്ന സഹായങ്ങളാണ് പാവപ്പെട്ടവർക്ക് നോട്ടം.

4. ഗ്രാമീണൻെറ ദൈനംദിന ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ പലപ്പോഴും ഉണ്ടാകുന്നില്ല. പുര കെട്ടിമേയുക, ജലസ്രോതസ് ശുചിയാക്കികൊടുക്കുക, കുട്ടികൾക്കു സൗജന്യ ട്യൂഷൻ തുടങ്ങിയവ നൽകുക തുടങ്ങി ചെയ്യാവുന്ന പലതും ഒരു സംഘടനയും നന്നായി ചെയ്യുന്നില്ല.

5. കൂണുപോലെ പെട്ടെന്നു ജനിക്കുകയും ഉദ്ഘാടനത്തോടെ നശിക്കുകയും ചെയ്യുന്ന സംഘടനകൾ ഗ്രാമീണർക്കു ചിരപരിചിതമാകയാൽ ഓരോ സംരംഭം തുടങ്ങുമ്പോഴും ആളുകൾ അതിനെ സംശയദൃഷ്ടിയോടെയാണ് വീക്ഷിക്കുന്നത്.

6. ഏതു സംഘടനയും ആലോചനാ യോഗം മുതൽ സംഭാവന പിരിക്കുവാൻ കാണിക്കുന്ന വ്യഗ്രത, സാമ്പത്തികശേഷി കുറഞ്ഞ ബഹുഭൂരിപക്ഷത്തെ പ്രസ്ഥാനങ്ങളുമായി അകന്നു നിൽക്കുവാൻ പ്രചോദനം നൽകുന്നു.

7. പിരിച്ചെടുക്കുന്ന പണം അത്യാവശ്യത്തിനും പരിമിതവുമായി ചെലവഴിക്കേണ്ടതിനു പകരം, ആഡംബരത്തിനും സുഖഭോഗങ്ങൾക്കുമായി ചെലവഴിക്കുന്നത് കാണുന്ന ജനത്തിന് ഈ പ്രസ്ഥാനങ്ങളോട് വെറുപ്പു തോന്നുന്നു.

8. നാട്ടിൽ പ്രാസംഗികർ, കലാകാരന്മാർ, സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവർക്ക് യാതൊരു പ്രതിഫലവും കിട്ടാറില്ല. മറ്റു സ്ഥലങ്ങളിലേക്കു പോകേണ്ടിവരുന്ന യാത്രാചെലവുപോലും സ്വന്തം പായ്ക്കറ്റിൽ നിന്നു ചെലവാക്കിയാണ് സാമൂഹ്യപ്രവർത്തകർ ഇന്നു പ്രവർത്തിക്കുന്നത്.

9. കലാരൂപങ്ങളുടെ സൃഷ്ടിക്ക്- ഉദാഹരണത്തിന് കഥകളി കിരീടം- ധാരാളം സാധനങ്ങൾ വേണം. വിവിധയിനത്തിൽപ്പെട്ട അസംസ്കൃത സാധനങ്ങൾ വേണ്ടുന്ന ഈ ഉപകരണ നിർമ്മിതിക്ക് വരുന്ന ചെലവ് ഭാരിച്ചതാണ്.അതുപോലെതന്നെ കാവടി തുടങ്ങിയ എല്ലാ ഉപകരണങ്ങളും, ഡാൻസ്, ബാലെ, മോഹിനിയാട്ടം, കുച്ചുപ്പുടി തുടങ്ങിയ എല്ലാ ഇനങ്ങൾക്കും ധാരാളം ചെലവുവരും. ഇതൊന്നും പൊതുവിപണിയിൽ കിട്ടുന്നതുമല്ല. ഇവകൾ ലഭ്യമാക്കണം.

10. വാസനാ വൈഭവമുള്ള പുത്തൻ തലമുറയെ രംഗത്തേക്കു കടത്തിവിടുവാൻ രക്ഷകർത്താക്കൾ തയ്യാറല്ല. കലാ-സാംസ്കാരിക പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്ന ആളുകളെ പ്രോൽസാഹിപ്പിക്കുവാൻ മറ്റുള്ളവർ മെനക്കെടാറില്ല. ആ നിലക്ക് മാറ്റമുണ്ടാവണം.

11. തൻെറ മക്കൾ അച്ചടി പുസ്തകങ്ങൾ മുഴുവൻ കാണാതെപഠിച്ച് ഡാക്ടറും, എഞ്ചിനീയറും, കളക്ടറുമാകണമെന്ന് ശഠിച്ച് പുസ്തകപുഴുക്കളായി വളർത്തുന്ന അമ്മമാർ ഒരു പരിധിവരെ സാംസ്കാരികാധപതനത്തെ പ്രോൽസാഹിപ്പിക്കുന്നു. പകരം കുട്ടിയുടെ സർഗ ചേതനയെ ഉണർത്തുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഉണ്ടാവണം.

12. വളരെ കുറച്ചാണെങ്കിലും വിദേശവുമായി ബന്ധപ്പെട്ടിട്ടുള്ള നമ്മുടെ ഗ്രാമീണർ അവിടെനിന്നു കൊണ്ടുവന്ന് ഈ നാട്ടിൽ പ്രചരിപ്പിച്ച വിദേശസംസ്ക്കാരം കേരള സംസ്കാരത്തിൻെറ അധഃപതനത്തിനു കാരണമാക്കിയിട്ടുണ്ട്. കേരളത്തിൻെറ തനിമയാർന്ന നാടൻ കലാരൂപങ്ങളെ സംരക്ഷിക്കുവാനും വളർത്താനുമുള്ള ജനകീയവേദികളുണ്ടാവണം.

13. സിനിമ, ടെലിവിഷൻ തുടങ്ങിയ ദൃശ്യമാധ്യമങ്ങൾ കേരളീയ സംസ്കാരം അധഃപതിപ്പിക്കുന്ന രീതിയിലേക്കു കുതിച്ചുയരുകയാണ്. അനുകരണഭ്രമമുണർത്തുന്ന നമ്മുടെ യുവജനത അറിയാതെ കേരളീയത നഷ്ടമാകുന്നു.

14. സിനിമയും ടെലിവിഷനും പോലെതന്നെ പ്രചുരപ്രചാരം ലഭിച്ചിട്ടുള്ള പൈങ്കിളിക്കഥകൾ വലിയൊരളവുവരെ സംസ്കാരിക രംഗത്തെ അധഃപതിപ്പിച്ചിട്ടുണ്ട്.

15. നാടൻകലകൾ, അഭ്യാസങ്ങൾ തുടങ്ങിയവ പഠിപ്പിക്കുവാൻ വിരലിലെണ്ണാവുന്ന വിദ്യാലയങ്ങൾ മാത്രമേ കേരളത്തിലുള്ളു. അതു പരിഹരിക്കുകയും, അഭിരുചിയനുസരിച്ച് ധാരാളം ആളുകളെ പഠിപ്പിക്കുവാനുള്ള സംവിധാനം ഉണ്ടാവണം. അതുപോലെതന്നെ പഠിച്ച വിദ്യകൾ പ്രചരിപ്പിക്കുന്നതിനനുയോജ്യമായ ധാരാളം വേദികളുണ്ടാവുകയും വേണം.

16. കലാ-കായിക-സാംസ്കാരിക രംഗങ്ങളിൽ ഓരോ വർഷവും ഗവൺമെൻറും, പഞ്ചായത്തും വളരെകുറച്ച പ്രധാന്യമേ നൽകുന്നുള്ളു എന്നുമാത്രമല്ല, വളരെകുറുച്ചു തുക മാത്രമേ വക കൊള്ളിക്കുകയുള്ളു. അതു മാറണം. പഞ്ചായത്തു ബജറ്റിൽ സംസ്കാരം എന്ന വിഷയത്തിന് കൂടുതൽ തുക വകയിരുത്തണം.

17. കലാകായിക മൽസരങ്ങൾ പഞ്ചായത്തു തലത്തിൽ നടത്തുന്നതിനു മുമ്പ് വാർഡ് തലത്തിൽ നടത്തുകയും, അതിലെ വിജയികൾക്ക് പഞ്ചായത്തിൽ നടത്തുന്ന മൽസരങ്ങളിൽ പങ്കെടുക്കുവാൻ അവസരമുണ്ടാക്കുകയും ചെയ്യണം.

18. നമ്മുടെ നാട്ടിലെ എഴുത്തുകാർ നിർമ്മിക്കുന്ന കൃതികൾക്ക് പഞ്ചായത്തുതലത്തിൽ സമ്മാനമേർപ്പെടുത്തണം.

19. വായനശാലകളെ പുനരുജീവിപ്പിച്ച് കെട്ടിടം, പ്രവർത്തന വിപുലീകരണം എന്നിവയ്ക്കു ഗ്രാൻറു നൽകണം. വായനശാലാ കെട്ടിടം പണിയുവാൻ പുറംപോക്ക് പതിച്ചു നൽകണം.

20. യുവജന, സ്പോർട്സ് ക്ലബുകൾ നാട്ടിൽ സംഭാവന പിരിക്കുന്നത് തടയുകയും, അത്യാവശ്യമായ സാഹചര്യങ്ങളിൽ പഞ്ചായത്ത് സീലുള്ള രസീതോടെ പണം പിരിക്കുകയും, പിരിഞ്ഞ പണത്തിൻെറ 20 ശതമാനം പഞ്ചായത്ത് നികുതിയായി പഞ്ചായത്തിലടക്കുകയും ചെയ്യണം.

21. യുവജനമേള, സ്പോർട്സ്, കലാപരിപാടികൾ, ഓണാഘോഷം തുടങ്ങിയ പരിപാടികൾ പഞ്ചായത്ത്, വാർഡ് അടിസ്ഥാനത്തിൽ നടത്തുക.

22. സ്കൂളുകളിൽ സാഹിത്യസമാജങ്ങൾ ആരംഭിക്കുക.

23. ലൈബ്രറികൾ, പഞ്ചായത്തുകൾ എന്നിവയിലുള്ള മുഴുവൻ പാർട്ട്ടൈം ജീവനക്കാരെയും ഫുൾടൈം ആക്കുക.

ശ്രീ കളവംകോടം ബാലകൃഷ്ണൻ, വി.കെ.എൻ പോറ്റി എന്നിവരുടെ നേതൃത്വത്തിൽ വയലാറിൽ 'അഭിവീക്ഷണ' സാഹിത്യസായാഹ്നം ഒരു പുത്തൻ പരീക്ഷണമായിരുന്നു. വയലാർ രാമവർമ്മ ഈ പ്രസ്ഥാനത്തെ വളരെയധികം പ്രോൽസാഹിപ്പിച്ചിരുന്നു. പുതിയ എഴുത്തുകാർക്ക് തങ്ങളുടെ സൃഷ്ടികളെ ജനങ്ങൾക്ക് നേരിട്ടു പരിചയപ്പെടുത്തി കൊടുക്കാൻ കിട്ടിയ ഈ വേദിയാണ് പുതിയ തലമുറയിലെ കരുത്തരായ വയലാർ മാധവൻകുട്ടി, എം.എൻ. ഗോപാലകൃഷ്ണൻ, വയലാർ ഗോപാലകൃഷ്ണൻ തുടങ്ങിയ സാഹിത്യകാരന്മാർക്ക് ജന്മം കൊടുത്തത്.

ആശംസകൾ

കന്നുകാലികളുടെ ആരോഗ്യത്തിനും

കൂടുതൽ കൊഴുപ്പുള്ള പാലിനും

# ആഗ്രോ - കൈരളി

കാലിത്തീറ്റ തന്നെ ചോദിച്ചുവാങ്ങുക



ഉൽപാദകർ :- കർണ്ണാടക സ്റ്റേറ്റ് ആഗ്രോകോൺ പ്രൊഡക്റ്റ്സ് ലിമിറ്റഡ്

വിതരണക്കാർ :- **M/s. സീതാറാം പ്രൊവിഷൻ സ്റ്റോഴ്സ്!**

കോടതി കവല, ചേർത്തല

**M/s. സീതാറാം ട്രേഡേസ്**

ടി.ഡി. റോഡ്, ചേർത്തല

**PHONE : 812199**

ആശംസകൾ

# കളവംകോടം സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ-895

**കളവംകോടം പി.ഒ.**

**ഫോൺ : 813282**

**നിങ്ങളുടെ നിക്ഷേപങ്ങൾക്ക് ഏറ്റവും കൂടിയ "പലിശ", "ഭദ്രത", "സൗകര്യം" എന്നിവ ഞങ്ങൾ ഉറപ്പു നൽകുന്നു.**

**നിക്ഷേപങ്ങൾ**

**5 വർഷം കൊണ്ട് ഇരട്ടിയിലധികമാകുന്ന ക്യാഷ് സർട്ടിഫിക്കറ്റ് 10 രൂപായും അതിന്റെ ഗുണിതങ്ങളായും മാസം തോറും അടക്കാവുന്ന റെക്കറിംഗ് നിക്ഷേപം**

**"സ്വർണ്ണ പണയവായ്പാ പദ്ധതി ഉടൻ ആരംഭിക്കുന്നു"**

N.V. ബാബു നെയ്യാരപ്പള്ളി
പ്രസിഡൻറ്

C.R. ജയപ്രകാശൻ
സെക്രട്ടറി

അധിക ഫലം - അധിക ലാഭം

**ഗോൾഡ് മൊഹർ കാലിത്തീറ്റയും കോഴിത്തീറ്റയും**





ലോക പ്രസിദ്ധി ആർജ്ജിച്ച

**ബ്രൂക്ക് ബോണ്ട് ലിപ്ടൺ ഇന്ത്യ ലിമിറ്റഡിന്റെ**

ഒരു വിശിഷ്ഠ ഉത്പന്നം.

മൊത്ത വിതരണക്കാർ :-

**കണ്ടനാട് ഏജൻസീസ**

പൂച്ചാക്കൽ, ചേർത്തല

ഫോൺ : 522263

**വയലാർ പഞ്ചായത്തു സെമിനാറിന് ആശംസകൾ**

# പട്ടണക്കാട് കോ - ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി

**ക്ലിപ്തം നമ്പർ എം 130, പട്ടണക്കാട് പി.ഒ.**



**ഏതൊരു കുടുംബത്തിൻെറയും സുന്ദര സ്വപ്നങ്ങളിലൊന്നാണല്ലോ സ്വന്തമായി ഒരു വീട്.**

**ഇന്നത്തെ സാഹചര്യത്തിൽ പാവപ്പെട്ടവന് - സാധാരണക്കാരന് - ഇതൊരു പ്രശ്നമാണ്.**

**നിങ്ങളെന്തിനു വിഷമിക്കണം, ഞങ്ങളുണ്ട് നിങ്ങളുടെ അത്താണിയായി-**

**ഉദാരമായ വ്യവസ്ഥകളിൽ**

**കുറഞ്ഞ പലിശ നിരക്കിൽ**

**ദീർഘകാലാവധിക്ക്**

**3 ലക്ഷം രൂപാ വരെ ഞങ്ങൾ വായ്പ നൽകുന്നു.**

കൂടുതൽ വിവരങ്ങൾക്കും നിർദ്ദേശങ്ങൾക്കും, പുതിയ കാവിലുള്ള ഓഫീസുമായി ബന്ധപ്പെടുക.

വി.കെ. പ്രഭാകരൻ, പ്രസിഡൻറ് — വി.എം. ജേക്കബ്, സെക്രട്ടറി

ആശംസകൾ

# കാവിൽ സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ-2093

**പട്ടണക്കാട് പി.ഒ.**

**ഫോൺ : KTD 343**

## ആകർഷകമായ പലിശ നിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു സ്വർണ്ണ പണയവും

**പുതിയ ലേല ചിട്ടികളും ഉടൻ ആരംഭിക്കുന്നു.**

T.D. ജോസഫ്
സെക്രട്ടറി

A.G. അശോകൻ
പ്രസിഡൻറ്

ആശംസകളോടെ............

കരപ്പുറം കയർ മാറ്റ്സ് ആൻറ് മാറ്റിംഗ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി
ലിമിറ്റഡ് ക്ലിപ്തം നമ്പർ - A 889

**കളവംകോടം പി.ഒ.**

**ഫോൺ : 542243**

*All kinds of quality coir products......................*

Please contact Karappuram coir matts and matting
Co-operative Society

**ജി. ബാഹുലയൻ**
**പ്രസിഡൻറ്**

**എസ്. സുഷമ**
**സെക്രട്ടറി**

# ഉപസംഹാരം

ഭാരതം സ്വതന്ത്രയായിട്ട് നാൽപത്തി ഒമ്പത് വർഷം പിന്നിട്ടിരിക്കുന്നു. ഭാരതത്തിലെ ഓരോ പൗരനും നല്ലൊരു ജീവിതം ഭരണഘടന വാഗ്ദാനം ചെയ്യുന്നു. ഈ ലക്ഷ്യം മുൻനിർത്തിയാണ് നാം പഞ്ചവൽസരപദ്ധതികൾക്ക് രൂപം നൽകിയത്. ഏഴുപഞ്ചവൽസര പദ്ധതികളും നാല് വാർഷീക പദ്ധതികളിലും കൂടി അനേകകോടി രൂപ ചെലവഴിച്ച് പല രംഗങ്ങളിലും വമ്പിച്ച പുരോഗതി കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞു. ലോകരാഷ്ട്രങ്ങളുടെ മുൻനിരയിൽ സ്ഥാനം നേടുവാൻ ഭാരതത്തിന് കഴിഞ്ഞെങ്കിലും ഗ്രാമീണ ജനതയുടെ ജീവിതം ഇന്നും ആശാവഹമായി പുരോഗമിച്ചില്ലെന്ന വസ്തുതയും നാം കാണാതിരിന്നുകൂട. "ഭാരതത്തിൻെറ ആത്മാവ് കുടികൊള്ളുന്ന ഗ്രാമങ്ങളിലാണെന്ന" മഹാത്മജിയുടെ ആപ്തവാക്യം സാക്ഷാൽക്കരിക്കുവാൻ ഇക്കാലമത്രയും നമുക്ക് കഴിഞ്ഞിട്ടില്ല. നമ്മുടെ രാജ്യത്തിൻെറ ആസൂത്രണവികലതയിലേയ്ക്കാണോ ഇത് വിരൽ ചൂണ്ടുന്നത്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ പ്രസക്തി ഏറുന്നതും ഇവിടെയാണ്. നമ്മുടെ പഞ്ചായത്തിൻെറ വിവധമേഖലകളിലെ പിന്നോക്കാവസ്ഥയ്ക്ക് പ്രത്യേക പരിഗണന നൽകി ജനകീയപങ്കാളിത്തത്തോടെ കൂട്ടായി യത്നിച്ചാൽ വികസനത്തിൻെറ പാതയിൽ നമുക്ക് വളരെ വേഗം മുന്നേറുവാൻ സാധിക്കും. മഹാത്മജിയുടെ ഗ്രാമസ്വരാജ് എന്ന സ്വപ്നം സാക്ഷാൽക്കരിക്കും. ഈ കാഴ്ചപ്പാടോടുകൂടിയാണ് വിസന രേഖ തയ്യാറാക്കിയിട്ടുള്ളത്. പോരായ്മകൾ വസ്തുനിഷ്ഠമായി പരിശോധിച്ച് വിലയിരുത്തി ക്രിയാത്മകമായ നിർദ്ദേശങ്ങൾ നിങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന പ്രതീക്ഷയോടെ, ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു.



**അനശ്വരകവി വയലാർ രാമവർമ്മ**



"വയലാറിന്നൊരു കൊച്ചു ഗ്രാമമല്ലാർക്കുമേ
വില കാണാനാകാത്ത കാവ്യമത്രെ
മലയാളത്തിരുമാറിൽ മർദ്ദിതൻമാർ സ്വന്തം
ഹൃദയ രക്തത്താൽ കുറിച്ച കാവ്യം."

ആശംസകൾ

# "എ.വി.എം. കാലിത്തീറ്റകൾ"

ആദായകരമായ ഉൽപാദനത്തിനും കന്നുകാലികളുടെ
ആരോഗ്യകരമായ വളർച്ചക്കും

നിർമ്മാതാക്കൾ :-

**A.V.M. Cattle & Poultry Feeds**

**Manufacturing Industries**
**Coimbatore - 1**

**Grams - Cattle Food**
**Telex - 855 - 8320 AVM P.N.**
**Fax - 0422 - 430923**
**Phone - 449517 - 394483**
**- 396215 - 395862**

ആശംസകൾ

# വയലാർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം

നമ്പർ 1428, വയലാർ

ഫോൺ 813083

അംഗങ്ങൾക്കും നിക്ഷേപകർക്കും മഹത്തായ

സേവനം നൽകുന്ന വയലാറിലെ സ്ഥാപനം

നിക്ഷേപകർക്കു ആകർഷകമായ

പലിശ നിരക്കുകൾ

ചിട്ടി, വായ്പാ സൗകര്യങ്ങൾ

അംഗങ്ങൾക്കു മരണാനന്തര സഹായനിധി

സി. ആർ. ലക്ഷ്മണൻപിള്ള
സെക്രട്ടറി

അഡ്വ. എം.കെ. ജിനദേവ്
പ്രസിഡൻറ്